ഏപ്രിൽ 2008

# പഞ്ചായത്ത് രാജ്

പുസ്തകം 48 | പ്രത്യേകപതിപ്പ് | ലക്കം 1



## എഴുപത്തിമൂന്ന്, എഴുപത്തിനാല് ഭരണഘടനാഭേദഗതി പതിനഞ്ചുവർഷം പിന്നിടുമ്പോൾ

## ഊടും പാവും

വികസനത്തിന്റെ



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ
പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

അധികാരം ജനങ്ങളിലേക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്


## പഞ്ചായത്ത് രാജ്

വെബ്സൈറ്റ്
www.localgovkerala.net

**ഏപ്രിൽ 2008**
**പുസ്തകം 48**
**ലക്കം 1**
**വാർഷിക വരിസംഖ്യ 90 രൂപ**



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**പി. വേണുഗോപാൽ**, ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.എസ്. പ്രസന്നൻ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ**, IAS
Ph: 0471-2323286

**അസിസ്റ്റന്റ് എഡിറ്റർ**
**ജി. ഹരികൃഷ്ണൻ**
Ph: 0471-2321054

കവർ ഡിസൈൻ & ലേ ഔട്ട്
**പി.വി. കൃഷ്ണൻ**



**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**


# പേജുകളിൽ


4 എഡിറ്ററുടെ പേജ്

5 വികേന്ദ്രീകരണ വിരുദ്ധപ്രവണതകളെ എതിർത്തു തോൽപ്പിക്കുക
- പാലോളി മുഹമ്മദ്കുട്ടി

8 അധികാരവികേന്ദ്രീകരണത്തിന്റെ ഒരു വ്യാഴവട്ടം
- വി.ജെ. തങ്കപ്പൻ എം.എൽ.എ

13 അധികാരവികേന്ദ്രീകരണം - ഇനിയെന്ത്?
- കുട്ടി അഹമ്മദ് കുട്ടി എം.എൽ.എ

15 അധികാരവികേന്ദ്രീകരണം നേരിടുന്ന വെല്ലുവിളികൾ
- സി. പി. നാരായണൻ

18 പ്രാദേശിക സർക്കാരുകൾക്ക് അധികാരത്തോടൊപ്പം ധനവും
ധനവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ അനുഭവങ്ങൾ
-എസ്. എം. വിജയാനന്ദ് ഐ.എ.എസ്

23 ജില്ലാ ആസൂത്രണസമിതി - പരിമിതികളും പ്രതീക്ഷകളും
- എം.വി. ബാലകൃഷ്ണൻ മാസ്റ്റർ

26 പ്രാദേശിക സാമ്പത്തിക വികസനവും സദ്ഭരണവും
ഉത്തരവാദിത്വ ടൂറിസത്തിന്റെ പശ്ചാത്തലത്തിൽ
- ശാരദാ മുരളീധരൻ ഐ.എ.എസ്

30 അധികാരവികേന്ദ്രീകരണവും കാര്യശേഷിയും
- ഡോ. ജോയ് ഇളമൺ

33 പഞ്ചായത്ത്‌രാജ് സംവിധാനവും സ്ത്രീ ശാക്തീകരണവും
- ഏലിയാമ്മ വിജയൻ

36 അധികാരവികേന്ദ്രീകരണവും സാക്ഷരതാ പ്രസ്ഥാനവും കേരളത്തിൽ
- പ്രൊഫ: കെ. ശ്രീധരൻ

40 തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ
- വി.എൻ. ജിതേന്ദ്രൻ, എൻ. ജഗജീവൻ

45 വികേന്ദ്രീകരണപ്രക്രിയ സുസ്ഥിരമാക്കുന്നതിൽ ജനപ്രതിനിധികളുടെ പങ്കും പ്രാധാന്യവും
- പ്രൊഫ. എൻ. രമാകാന്തൻ

50 തദ്ദേശഭരണം ഇ - ഗവേർണൻസിലേയ്ക്ക്
- പ്രൊഫ. എം. കെ. പ്രസാദ്

52 കേരളപഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ചട്ടങ്ങളും പരിസ്ഥിതി സംരക്ഷണവും
- ഡോ. ആർ. അജയകുമാർ വർമ്മ

54 പഞ്ചായത്തീരാജ് പരിഷ്ക്കരണങ്ങൾ ത്വരിതപ്പെടുത്തിയ സുപ്രധാന റിപ്പോർട്ടുകൾ
- കെ. രാജശേഖരൻ

58 നെൽകൃഷിയിലൊരു ഉണർവ്വ്
- പ്രൊഫ. ടി.പി. ശ്രീധരൻ

61 സ്വരാജിലേക്ക് ഇനി എത്ര ദൂരം?
- അജിത് വെണ്ണിയൂർ

64 നിർഭയം മുന്നോട്ട്
- എസ്. നാസറുദ്ദീൻ

66 വികേന്ദ്രീകരണത്തിന്റെ വിജയമുകുളങ്ങൾ
- (വിജയകഥകൾ)

69 സ്വരുമയിലൂടെ ഒരു നിശബ്ദ വിപ്ലവം
- (വിജയകഥകൾ)

71 ഗ്രാമലക്ഷ്മിക്ക് ഒരു പുതിയ പ്ലാന്റ്
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

72 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

76 ഒന്നാം കർഷകശാസ്ത്ര കോൺഗ്രസ്സ്
- ഡോ. സുബ്രഹ്മണ്യ അയ്യർ

# ഒന്നര ദശാബ്ദം: മാറ്റങ്ങളും നേട്ടങ്ങളും



സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിന് പഞ്ചായത്തീരാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് ഭരണഘടനാപരിരക്ഷ നൽകിയ 73,74 ഭരണഘടനാഭേദഗതികൾ നിലവിൽ വന്നിട്ട് പതിനഞ്ച് വർഷം ഈ ഏപ്രിലിൽ പിന്നിടുകയാണ്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും ഭേദഗതിക്കനുസൃതമായി നിയമനിർമ്മാണം നടത്തിയെങ്കിലും കേരളം, കർണ്ണാടക, പശ്ചിമബംഗാൾ തുടങ്ങി വിരലിലെണ്ണാവുന്ന സംസ്ഥാനങ്ങളിലൊഴികെ മറ്റെല്ലായിടത്തും ഭേദഗതി വിഭാവനം ചെയ്ത അധികാരകൈമാറ്റം ഇന്നും അവ്യക്തമാണ്.

സുതാര്യ ഭരണം ഉറപ്പാക്കുന്നതിന് അധികാരം ജനങ്ങളിലേയ്ക്ക് എന്ന ആശയം നടപ്പിലാക്കാൻ, ഭരണഘടനയിൽ 1993 ൽ വരുത്തിയ ഭേദഗതികൾ വിപ്ലവകരമായ മാറ്റങ്ങളാണ് കേരളത്തിലെ പഞ്ചായത്ത് ഭരണ സംവിധാനത്തിൽ വരുത്തിയത്. ഒന്നര ദശാബ്ദത്തിന് ശേഷം തിരിഞ്ഞുനോക്കുമ്പോൾ കേരളസംസ്ഥാനത്തിന്റെ ഭരണപ്രക്രിയയിൽ 1996ൽ, ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണം എന്ന നവ്യമായ പരിപാടി തികച്ചും വ്യത്യസ്തമായ ഒരനുഭവമായി രുന്നു. പദ്ധതി വിഹിതത്തിന്റെ 30–40% തുക ഗ്രാമസഭകളിലൂടെ ഉരുത്തിരിയുന്ന പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കൈമാറി എന്നത് ഭാരതത്തിന് തന്നെ ഒരു അവിശ്വസനീയമായ കാര്യമായിരുന്നു. എന്നും പരീക്ഷണങ്ങളുടെ ഈറ്റില്ലമായ കേരളം തന്നെ അതിന് മാതൃക കാണിച്ചു. ജനങ്ങൾ കൂടുതൽ കർമ്മോത്സുകരായി പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളായി.

പദ്ധതി തുകയുടെ മൂന്നിലൊന്നോളം പ്രാദേശിക വികസനാസൂത്രണത്തിന് കൈമാറിയപ്പോൾ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളും കർഷകരും ബഹുജന പ്രസ്ഥാനങ്ങളും ഒന്നു ചേർന്ന് പ്രാദേശികതല ആസൂത്രണത്തെ സാധാരണക്കാരനു പങ്കുള്ള ഒരു കർമ്മമാക്കി മാറ്റി. ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം എന്ന ആശയം പ്രായോഗികവത്കരിക്കപ്പെട്ടു. വർണ്ണ വർഗ്ഗാടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ട നമ്മുടെ സമൂഹത്തിൽ സാംസ്കാരികവും വികസനപരവുമായ മാറ്റങ്ങൾ ഉണ്ടായി. പശ്ചാത്തല സേവന മേഖലകളിൽ വൻ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു.

ജനകീയാസൂത്രണം സൃഷ്ടിച്ച ഗതിവേഗം തുടർന്നും നിലനിർത്തുന്നതിന് നമുക്ക് കഴിഞ്ഞില്ലായെന്ന സത്യം മൂടിവയ്ക്കുന്നില്ല. എന്നാൽ പതിനൊന്നാം പദ്ധതിയിൽ പ്രാദേശികതല ആസൂത്രണത്തിലെ കേരള മാതൃക മറ്റു സംസ്ഥാനങ്ങൾക്ക് കൂടി അനുകരണീയമാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് കേന്ദ്രം നടത്തുന്നുവെന്നത് നമുക്ക് ലഭിച്ച അംഗീകാരമാണ്. തകർച്ചയെ അഭിമുഖീകരിക്കുന്ന കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് ഊന്നൽ നൽകി വികേന്ദ്രീകൃതാസൂത്രണത്തിന്റെ നേട്ടങ്ങൾ ക്രോഡീകരിച്ചും, നിലവിലുള്ള പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണം സ്ഥായീകരിക്കുന്നതിനാണ് പതിനൊന്നാം പദ്ധതിയിൽ സംസ്ഥാനം ലക്ഷ്യമിടുന്നത്.


സ്വാതന്ത്ര്യത്തിന് മുൻപും പിൻപും അധികാരവികേന്ദ്രീകരണം സജീവ ചർച്ചയ്ക്ക് വിധേയമായിരുന്നു. സ്വതന്ത്ര റിപ്പബ്ലിക്കുകളായ ഗ്രാമങ്ങളായിരുന്നു മഹാത്മജിയുടെ സ്വപ്നം. അധികാര വികേന്ദ്രീകരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പ്പിന് സ്വാതന്ത്ര്യം ലഭിച്ച് നാലരപതിറ്റാണ്ട് കാത്തിരിക്കേണ്ടി വന്നു. ഒന്നര പതിറ്റാണ്ടു കൂടി കഴിഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ, ദാരിദ്ര്യം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനപ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണേ ണ്ടിയിരിക്കുന്നു. അംഗീകാരത്തിൽ ആഹ്ലാദചിത്തരാകുമ്പോൾ തന്നെ നേട്ട കോട്ട വിശകലനത്തിലൂടെ കൂടുതൽ വളർച്ചയ്ക്കുള്ള ഇച്ഛാശക്തിയോടെ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കട്ടെ.

**എഡിറ്റർ**





# വികേന്ദ്രീകരണ വിരുദ്ധ പ്രവണതകളെ എതിർത്തു തോൽപ്പിക്കുക



**പാലോളി മുഹമ്മദ്കുട്ടി**

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി

73,74 ഭരണഘടന ഭേദഗതികൾക്ക് പതിനഞ്ചാണ്ടുകളുടെ പഴക്കമാവുകയാണ്. പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമാക്കുന്നതിന് ശക്തമായ ഒരടിത്തറ നൽകാൻ 1992ൽ ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച ഭരണഘടന ഭേദഗതികൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളമടക്കമുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്നു നിലവിലുള്ള ത്രിതല പഞ്ചായത്തു സംവിധാനം ഈ ഭരണഘടനാ ഭേദഗതികളുടെ തുടർച്ചയാണ്. നഗരസഭകളേയും പഞ്ചായത്തുകളേയും അധികാരവൽക്കരിച്ചുകൊണ്ട് അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കാനാണ് ഭരണഘടനാ ഭേദഗതികൾ ലക്ഷ്യമിട്ടത്. എന്നാൽ പതിനഞ്ചു വർഷങ്ങൾക്കു ശേഷവും ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പഞ്ചായത്തുകൾക്ക് നാമമാത്രമായ അധികാരങ്ങൾ മാത്രമേ കൈമാറികൊടുത്തിട്ടുള്ളൂ എന്നത് അധികാരവികേന്ദ്രീകരണം മുഖ്യ രാഷ്ട്രീയ അജണ്ടയായി ഈ സംസ്ഥാനങ്ങൾ ഭരിക്കുന്ന രാഷ്ട്രീയ കക്ഷികൾ കണ്ടിട്ടില്ല എന്നതിന് തെളിവാണ്. സംസ്ഥാന സർക്കാരുകൾ അവരുടെ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് നൽകണമെന്നാണ് ഭരണഘടന ഭേദഗതികൾ ആവശ്യപ്പെട്ടത്. എന്നാൽ ഇതിനനുസൃതമായ രീതിയിൽ കേന്ദ്രഭരണകൂടത്തിന്റെ അധികാരങ്ങളൊന്നും വികേന്ദ്രീകരിക്കാനുള്ള ശ്രമം കേന്ദ്ര ഭരണം കയ്യാളിയ മുഖ്യ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തു നിന്നുണ്ടായില്ല എന്നത് അധികാരവികേന്ദ്രീകരണം സംബന്ധിച്ച് ഇക്കൂട്ടർ നടത്തുന്ന ഗിരിപ്രഭാഷണങ്ങളുടെ പൊള്ളത്തരം വ്യക്തമാക്കുന്നതാണ്.

ഭരണഘടനാ ഭേദഗതിയെ തുടർന്ന് 1994ൽ കേരളത്തിലും പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങൾ നിയമസഭ നിർമ്മിക്കുകയുണ്ടായി. നിരവധി ചുമതലകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറാൻ ഈ നിയമങ്ങൾ കാരണമായി. 1995 ഒക്ടോബർ 2 ന് അധികാരമേറ്റെടുത്ത പഞ്ചായത്ത് നഗരസഭാ ഭരണസമിതികൾ ഒരു പുതിയ തലമുറയിൽപെട്ടവരായിരുന്നു. നിരവധി അധികാരങ്ങൾ ഇവർക്ക് കൈമാറിക്കിട്ടിയിരുന്നു. എന്നാൽ ഈ ചുമതലകൾ നിർവ്വഹിക്കാൻ വേണ്ട പണവും ചുമതലക്കാരെയും ഇവർക്ക് നൽകിയിരുന്നില്ല. നാമമാത്രമായ ഉപാധിരഹിത ഫണ്ടു മാത്രമേ സർക്കാർ നൽകിയിരുന്നുള്ളൂ.

ആഗോളവൽക്കരണ സമീപനങ്ങളുടെ ഭാഗമായി
ദാരിദ്ര്യ നിർമ്മാർജ്ജനമടക്കമുള്ള ഗ്രാമ വികസന പരിപാടികൾ
സർക്കാരിതര സംഘടനകളെ ഏൽപ്പിച്ച്
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കി
മാറ്റുന്ന പ്രവണത കണ്ടു വരുന്നുണ്ട്.
സംസ്ഥാനങ്ങളും ത്രിതലപഞ്ചായത്തുകളും വഴി
നടത്തേണ്ട പ്രവർത്തനങ്ങളെല്ലാം തന്നെ
കേന്ദ്ര സ്കീമുകളാക്കുകയും തദ്ദേശ ഭരണസ്ഥാപനങ്ങളെ
ഇവയുടെ നടത്തിപ്പുകാർ
മാത്രമാക്കുകയും ചെയ്തു വരികയാണ്.

ഭരണഘടനാ ഭേദഗതിയുടെ
പതിനഞ്ചാം വാർഷികം
ആഘോഷിക്കുന്ന വേളയിൽ
അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങളെ
കൂടുതൽ ശക്തമായി
മുന്നോട്ടു കൊണ്ടുപോകാൻ
തയ്യാറെടുക്കുന്നതോടൊപ്പം
വികേന്ദ്രീകരണവിരുദ്ധ പ്രവണതകളെ
എതിർത്തു തോൽപ്പിക്കാനും
ജനാധിപത്യ വിശ്വാസികൾ തയ്യാറാകേണ്ടതുണ്ട്.



1996ൽ അധികാരമേറ്റ ഇടതുമുന്നണി സർക്കാരാണ് അധികാരവികേന്ദ്രീകരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയത്. അധികാരവികേന്ദ്രീകരണത്തിന്റെ വിളിപ്പേരായി മാറിയ ജനകീയാസൂത്രണം നടപ്പിലാക്കുക വഴി തദ്ദേശ ഭരണസ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റാനും ആസൂത്രണം വികേന്ദ്രീകരിക്കാനുമാണ് കഴിഞ്ഞത്. ലക്ഷങ്ങൾ പങ്കെടുത്ത ഗ്രാമസഭകളും വികസന സെമിനാറുകളും നാടിന് പുതിയ അനുഭവമായിരുന്നു. സ്വന്തം പ്രദേശത്തിന്റെ വികസനാവശ്യങ്ങളെയും അവയ്ക്കു വേണ്ട പരിഹാരങ്ങളെയുംകുറിച്ച് സാധാരണക്കാരായ ഗ്രാമീണർ ചർച്ച ചെയ്യുന്നതും ജനകീയ പങ്കാളിത്തത്തോടെ ഇവയിൽ പലതും നടപ്പിലാക്കുന്നതും ലോകമെമ്പാടുമുള്ള അക്കാദമിക പണ്ഡിതരും സാമൂഹ്യ പ്രവർത്തകരും അത്ഭുതത്തോടെ നോക്കി നിന്നു. ഈ മഹാപരീക്ഷണത്തെക്കുറിച്ച് പഠിക്കാൻ അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പഠനസംഘങ്ങൾ ഇന്നും എത്തിക്കൊണ്ടിരിക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിന്റെ പരിമിതികൾ പഠിക്കാനും വികേന്ദ്രീകരണം ഫലപ്രദമാക്കാനുമുള്ള നിർദേശങ്ങൾ സമർപ്പിക്കാനും ചുമതലപ്പെടുത്തിയ സെൻകമ്മിറ്റി ശുപാർശകളെ അടിസ്ഥാനപ്പെടുത്തിയാണ് 1999ൽ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങളിൽ ഭേദഗതികൾ വരുത്തിയത്. കേരളത്തിൽ നടന്ന അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് സമാനമായ പ്രവർത്തനങ്ങൾ പശ്ചിമ ബംഗാളിൽ മാത്രമേ നടന്നിട്ടുള്ളൂ എന്നത് ഇടതുപക്ഷത്തിന് വികേന്ദ്രീകരണവും ജനാധിപത്യവും ശക്തമാക്കുന്നതിനുള്ള പ്രതിബദ്ധതയ്ക്ക് തെളിവായി നിലനിൽക്കുന്നു.


ജനകീയാസൂത്രണത്തിന്റെ അഞ്ചു വർഷങ്ങളിൽ കേരളത്തിലെ ഗ്രാമങ്ങളിൽ അഭൂതപൂർവ്വമായ വികസന പ്രവർത്തനങ്ങളാണ് നടന്നത്. സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷമുള്ള അൻപതു വർഷങ്ങളിൽ നടന്നതിനേക്കാൾ കൂടുതൽ വികസന പ്രവർത്തനങ്ങൾ ഈ അഞ്ചുവർഷങ്ങളിൽ നടന്നതായി ജനങ്ങൾക്ക് അനുഭവപ്പെട്ടു. ഗ്രാമീണ റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, കുടിവെള്ള പദ്ധതികൾ, വൈദ്യുതീകരണ പദ്ധതികൾ എന്നിങ്ങനെ അടിസ്ഥാന സൗകര്യ മേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായത്. സർക്കാർ സ്കൂളുകൾക്കും ആശുപത്രികൾക്കും കെട്ടിടങ്ങളും ഉപകരണങ്ങളും ലഭ്യമായതിന്റെ ഫലമായാണ് പൊതുവിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ ഒരു പുതുജീവൻ ഉണ്ടായത്. മൂന്നരലക്ഷത്തിലേറെ വീടുകളാണ് ഭവന രഹിതർക്ക് നിർമ്മിച്ച് നൽകിയത്.

ഇതൊക്കെയാണെങ്കിലും ആശിച്ചത്ര മുന്നേറ്റം ഉൽപാദന മേഖലയിൽ ഉണ്ടായില്ല. കാർഷിക മേഖലയെ അനാകർഷകമാക്കുന്ന മറ്റു നിരവധി ഘടകങ്ങൾ കൂടി ചേർന്നാകാം കാർഷിക മേഖലയിലെ വളർച്ച അസാധ്യമാക്കിയത്. ഒറ്റപ്പെട്ട നിരവധി പരീക്ഷണങ്ങൾ നടന്നെങ്കിലും സംസ്ഥാന വ്യാപകമായി മാറ്റമുണ്ടാക്കാൻ കഴിഞ്ഞില്ല.

2001ൽ അധികാരത്തിലേറിയ യു.ഡി.എഫ്. സർക്കാർ മുൻഗണനകൾ തന്നെ മാറ്റിമറിച്ചു. ഉല്പാദന മേഖലയ്ക്കുള്ള പ്രാമുഖ്യം കുറച്ചു. ജനകീയ പങ്കാളിത്തം ഇല്ലായ്മ ചെയ്തു. ആസൂത്രണം ഉദ്യോഗസ്ഥ കേന്ദ്രിതമാക്കി. ഗ്രാമസഭകളെ നിർജീവമാക്കി. ജനകീയാസൂത്രണം എന്ന പേരു പോലും ഉപേക്ഷിച്ചു. എന്നാൽ വികേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ അടിസ്ഥാന ചട്ടക്കൂടും ജനകീയ ഇടപെടലിനുള്ള സാധ്യതയും ഇല്ലായ്മ ചെയ്യാൻ അവർക്കായിട്ടില്ല.

ഈ സാഹചര്യത്തിലാണ് 2006 ൽ അധികാരമേറ്റ് ഇടതുപക്ഷ സർക്കാർ പതിനൊന്നാം പദ്ധതിയെ ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചത്. തദ്ദേശ ഭരണസ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്ന പ്രക്രിയ പൂർത്തിയാക്കാനുണ്ട്. ഇതിനാവശ്യമായ രീതിയിൽ ഭരണസംവിധാനം ചിട്ടപ്പെടുത്തണം. ജനപങ്കാളിത്തം വർദ്ധിപ്പിക്കണം. ഭരണം കാര്യക്ഷമവും സുതാര്യവുമാക്കണം. സേവനപ്രദാന സംവിധാനങ്ങൾ ജനസൗഹൃദമാക്കണം. ഉൽപാദന മേഖലയിൽ ശക്തമായ ഇടപെടൽ സാധ്യമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന കാര്യങ്ങളിൽ പ്രത്യേക താൽപര്യമെടുക്കണം. ഇത്തരത്തിൽ വിപുലമായ ഒരു പ്രവർത്തന പരിപാടിയാണ് ലക്ഷ്യമിടുന്നത്.

പഞ്ചായത്തീരാജ് മന്ത്രാലയം അധികാരവികേന്ദ്രീകരണം മറ്റു സംസ്ഥാനങ്ങളിലേയ്ക്കും ഫലപ്രദമാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നതു ശരിയാണ്. എന്നാൽ കേന്ദ്ര ഭരണ കൂടത്തിന്റെ നയപരിപാടികൾ വികേന്ദ്രീകരണത്തിന് എതിരാണെന്നതു പറയാതിരുന്നു കൂടാ. ആഗോളവൽക്കരണ സമീപനങ്ങളുടെ ഭാഗമായി ദാരിദ്ര്യ നിർമ്മാർജ്ജനമടക്കമുള്ള ഗ്രാമ വികസന പരിപാടികൾ സർക്കാരിതര സംഘടനകളെ ഏൽപ്പിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കി മാറ്റുന്ന പ്രവണത കണ്ടു വരുന്നുണ്ട്. സംസ്ഥാനങ്ങളും ത്രിതലപഞ്ചായത്തുകളും വഴി നടത്തേണ്ട പ്രവർത്തനങ്ങളെല്ലാം തന്നെ കേന്ദ്ര സ്കീമുകളാക്കുകയും തദ്ദേശ ഭരണസ്ഥാപനങ്ങളെ ഇവയുടെ നടത്തിപ്പുകാർ മാത്രമാക്കുകയും ചെയ്തു വരികയാണ്. ഇത് വികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്കനുസൃതമല്ല. ഭരണഘടനാ ഭേദഗതിയുടെ പതിനഞ്ചാം വാർഷികം ആഘോഷിക്കുന്ന വേളയിൽ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ തയ്യാറെടുക്കുന്നതോടൊപ്പം വികേന്ദ്രീകരണവിരുദ്ധ പ്രവണതകളെ എതിർത്തു തോൽപ്പിക്കാനും ജനാധിപത്യ വിശ്വാസികൾ തയ്യാറാകേണ്ടതുണ്ട്.





**വി. ജെ. തങ്കപ്പൻ**
**എം.എൽ.എ**

# അധികാര വികേന്ദ്രീകരണത്തിന്റെ ഒരു വ്യാഴവട്ടം

**വീരപ്പ മൊയ്‌ലി ചെയർമാനായുള്ള രണ്ടാം ഭരണപരിഷ്ക്കാര സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ 6-ാം വാല്യം പ്രാദേശിക സർക്കാരുകളെക്കുറിച്ചാണ് പരാമർശിക്കുന്നത്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രസക്തിയില്ലായ്മയെക്കുറിച്ചു ചർച്ച ചെയ്യുന്നിടത്തു റവന്യൂ ജില്ലയ്ക്ക് ഒരു ജില്ലാ ഗവൺമെന്റ് എന്ന ആശയം വീണ്ടും ഉയർന്നു വരുന്നു. ഭരണഘടനാ ഭേദഗതി ആവശ്യമാണെങ്കിലും ഭാവി ഭാരതം ജില്ലാ ഗവൺമെന്റുകളുടേതായിരിക്കുമെന്ന നിഗമനത്തിൽ എത്തുമെന്നതിൽ തെറ്റില്ല.**



*രാജസ്ഥാനിലെ നാഗൗറിൽ, 1959 ഒക്ടോബർ 2 ന്, രാജ്യത്തെ പ്രഥമ പഞ്ചായത്ത് സമിതിയുടെ ഉദ്ഘാടനം അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നിർവഹിക്കുന്നു.*



2007 ഒക്ടോബർ രണ്ടിനു കേരളത്തിൽ രണ്ടാം തലമുറ പഞ്ചായത്തീരാജ് ഭരണസംവിധാനം നിലവിൽ വന്നിട്ട് ഒരു വ്യാഴവട്ടം കഴിഞ്ഞു. അതോടൊപ്പം പ്രാദേശിക ആസൂത്രണത്തിന്റെയും. പ്രാദേശിക വികസനത്തിന് പ്രാദേശിക ആസൂത്രണം അനിവാര്യമായി കണക്കാക്കപ്പെടുന്നു. ഭരണഘടനാ ഭേദഗതിയിലൂടെ ആർട്ടിക്കിൾ 243, 243 A മുതൽ 243 ZG വരെയുള്ള വകുപ്പുകൾ കൂട്ടിച്ചേർക്കപ്പെട്ടു. കേരള നിയമസഭ 1994ൽ ഭരണഘടനാനുസൃതമായ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ പാസാക്കി. പഞ്ചായത്തീരാജ് എന്നാണു പുതിയ ഭരണസംവിധാനം അറിയപ്പെടുന്നത്. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമയത്തു തന്നെ പഞ്ചായത്തീരാജ് ചർച്ച ചെയ്യപ്പെട്ടിരുന്നു. ഭരണാധികാരം താഴേത്തലത്തിലേയ്ക്കു വിന്യസിക്കപ്പെട്ടാൽ, പ്രാദേശിക ഗുലാക്കുകളുടെ കയ്യിൽ അധികാരം എത്തിപ്പെടുമെന്നും, അപ്രകാരം ലഭിക്കുന്ന അധികാരത്തിൽ അയിത്തജാതിക്കാരും ഭൂമിയിൽ അവകാശമില്ലാത്ത വിഭാഗങ്ങളും വമ്പിച്ച തരത്തിൽ ചവിട്ടി അമർത്തപ്പെടുമെന്നുമായിരുന്നു ഡോ. അംബേദ്ക്കർ എടുത്ത നിലപാട്. ഭരണഘടനയുടെ കരടിൽ പഞ്ചായത്ത് എന്നൊരു വാക്കിനുപോലും ഇടമില്ലായിരുന്നു. ഗ്രാമസ്വരാജ് ഒരു സ്വപ്നമായി വച്ചുപുലർത്തിയിരുന്ന മഹാത്മജിയെ ചൊടിപ്പിച്ചതിൽ അതിശയിക്കേണ്ടതില്ല. ഒരു ഒത്തുതീർപ്പെന്ന നിലയിൽ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഗ്രാമസ്വരാജ് ഇടംകണ്ടു. അന്നു മുതൽ തുടങ്ങിയതാണ് അധികാരവികേന്ദ്രീകരണത്തെക്കുറിച്ചുള്ള രാജ്യവ്യാപകമായ ചർച്ചകൾ. ഭരണഘടന നിലവിൽ വന്ന് ഒൻപതു വർഷം കഴിഞ്ഞ് 1959 ഒക്ടോബർ രണ്ടിന് ഭാരതത്തിൽ ആദ്യമായി രാജസ്ഥാനിൽ പഞ്ചായത്തീരാജ് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഉദ്ഘാടകൻ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ തന്നെയായിരുന്നു. പഞ്ചായത്ത് രാജ് വിജയിക്കാനിടയുണ്ടോയെന്ന സംശയം അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് ഉദ്ഘാടന പ്രസംഗത്തിലെ ഒരു വാചകം തെളിയിക്കുന്നതായി തോന്നുന്നു. ഉദ്ധരിക്കട്ടെ. “പഞ്ചായത്തീരാജ് ഭരണസംവിധാനം വിജയിപ്പിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞാൽ, ജനാധിപത്യത്തെ ശക്തമായ അടിത്തറയിൽ ഉറപ്പിക്കുന്നതിനു നിങ്ങൾക്കു കഴിഞ്ഞുവെന്ന് ഭാവിതലമുറ അഭിമാനപൂർവ്വം നിങ്ങളെ നോക്കി പറയും.” ഒന്നു കൂടി കൂട്ടിച്ചേർത്തു “ഇതു വിജയിക്കണമെങ്കിൽ രാജസ്ഥാനിലെ മുഴുവൻ ജനങ്ങളെയും ഇതിനു പിന്നിൽ അണിനിരത്തേണ്ടതുണ്ട്.” രാജസ്ഥാനിൽ നടപ്പിലായതരത്തിലുള്ള പഞ്ചായത്ത് രാജ് ഭരണസംവിധാനങ്ങൾ ഭാരതത്തിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും നിലവിൽ വന്നു. നിലവിൽ വന്ന അതേ വേഗതയിൽ തന്നെ ദുർബലപ്പെട്ടു നിലവിലില്ലാതെയുമായി. പഞ്ചായത്തു സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് അനന്തമായി നീട്ടിവെയ്ക്കപ്പെടുകയും ഉദ്യോഗസ്ഥഭരണം പുനസ്ഥാപിക്കപ്പെടുകയുമായിരുന്നു. ഒന്നാം തലമുറ ജനാധിപത്യ സ്ഥാപനങ്ങൾ നിലവിൽ വരുന്നതിനു മുമ്പുള്ള ദേശീയ ചർച്ച നടക്കുമ്പോൾ തന്നെ കേരളത്തിലും അതിന്റെ അല ഉയരാതിരുന്നില്ല. 1957 ലെ ഒന്നാം ഇ. എം. എസ്സ്. സർക്കാർ നിയോഗിച്ച ഭരണ പരിഷ്ക്കാര സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1959ൽ തന്നെ കേരള പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങളും ജില്ലാ കൗൺസിൽ നിയമവും നിയമസ



ഭയിൽ അവതരിപ്പിക്കപ്പെട്ടു. പ്രാദേശിക ഗവൺമെന്റും, ജില്ലാ ഗവൺമെന്റും എന്നതായിരുന്നു സഖാവ് ഇ. എം. എസ്സിന്റെ ആശയം. അത്തവണ നിലവിലുണ്ടായിരുന്നതും, വിജയകരമായി നടപ്പിൽ വന്നതുമായ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ വിജയകരമായ പ്രവർത്തനമായിരിക്കാം ജില്ലാ ഗവൺമെന്റ് എന്ന ആശയത്തിന്റെ ബീജം. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിൽ 1991ൽ കേരളത്തിൽ നിലവിൽ വന്നു. സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്ന ഒരു പിടി അധികാരങ്ങൾ ജില്ലാ കൗൺസിലിലേക്കു കൈമാറി. 30% വനിതാ സംവരണം നടപ്പിലാക്കിയ ആദ്യത്തെ സംസ്ഥാനം കേരളമായി. 73, 74 ഭരണഘടനാ ഭേദഗതിയും തുടർന്നു 1994ലെ പഞ്ചായത്തു രാജ് നിയമവും നിലവിൽ വന്നപ്പോൾ ജില്ലാ കൗൺസിൽ നിയമം അസാധുവാക്കപ്പെട്ടു. രാജ്യത്തെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിൽ ഇല്ലാതായി.

വീരപ്പ മൊയ്‌ലി ചെയർമാനായുള്ള രണ്ടാം ഭരണപരിഷ്ക്കാര സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ 6-ാം വാല്യം പ്രാദേശിക സർക്കാരുകളെക്കുറിച്ചാണ് പരാമർശിക്കുന്നത്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രസക്തിയില്ലായ്മയെക്കുറിച്ചു ചർച്ച ചെയ്യുന്നിടത്തു റവന്യൂ ജില്ലയ്ക്ക് ഒരു ജില്ലാ ഗവൺമെന്റ് എന്ന ആശയം വീണ്ടും ഉയർന്നു വരുന്നു. ഭരണഘടനാ ഭേദഗതി ആവശ്യമാണെങ്കിലും ഭാവി ഭാരതം ജില്ലാ ഗവൺമെന്റുകളുടേതായിരിക്കുമെന്ന നിഗമനത്തിൽ എത്തുമെന്നതിൽ തെറ്റില്ല. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകൾ, ജില്ലാ സർക്കാരുകളും പ്രാദേശിക ഗവൺമെന്റുകളും-ഏറ്റവും താഴെതലത്തിൽ ഗ്രാമ വാർഡു സഭകളും അടങ്ങുന്ന ഒരു ഭരണക്രമമായിരിക്കും ഭാവിയിൽ ഉണ്ടാവുക. നഗരസഭകളിൽ നഗര അധിപനെ നേരിട്ടു തെരഞ്ഞെടുക്കുന്നതാണുചിതമെന്നൊരു കാഴ്ചപ്പാടും രണ്ടാം ഭരണപരിഷ്ക്കാരസമിതി മുമ്പോട്ടു വയ്ക്കുന്നുണ്ട്. കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകൾക്കയച്ചുകൊടുത്തിട്ടുള്ള മോഡൽ ബില്ലിൽ, ഗ്രാമപഞ്ചായത്തധിപനെയും നേരിട്ടു തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചു അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഭാവി ഭാരത ഭരണസംവിധാനത്തിന്റെ ഘടന മുകളിൽ പറഞ്ഞതരത്തിൽ ആയിരിക്കുമെന്ന് കരുതുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

പഞ്ചായത്ത് രാജ് ഭരണരീതികൾ ജീർണ്ണിക്കുകയും ഭരണസമിതിയിലേയ്ക്കു തെരഞ്ഞെടുപ്പു ഒഴിവാക്കപ്പെടുകയും ചെയ്തപ്പോഴാണ് പ്രാദേശികഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ സംരക്ഷണം അത്യാവശ്യമാണെന്ന തീരുമാനത്തിലെത്തിച്ചേർന്നത്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് പഞ്ചായത്തീ രാജ് ഭരണ സംവിധാനത്തിന്റെ സ്ഥിരതയ്ക്കു വേണ്ട ഭരണഘടനാ ഭേദഗതി അവതരിക്കപ്പെട്ടത്. പ്രസ്തുത ഭേദഗതിയനുസരിച്ച് ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പും ഓഡിറ്റും കേന്ദ്രീകരിക്കപ്പെടുന്നതിനെ സംബന്ധിച്ച് ഇടതുപക്ഷ പാർട്ടികൾ വിയോജിച്ചതിനാൽ പ്രസ്തുത ഭേദഗതികൾക്കു രാജ്യസഭയിൽ കടന്നുകൂടാൻ കഴിയാതെ പോയി. ഇടതുപാർട്ടികളുടെ അഭിപ്രായങ്ങൾക്ക് 1991ൽ അധികാരത്തിൽ വന്ന നരസിംഹറാവു ഗവൺമെന്റ് അംഗീകാരം നൽകിയതിനാൽ 73, 74 ഭേദഗതികൾ അംഗീകരിക്കപ്പെട്ടു.

ഭേദഗതി ചെയ്യപ്പെട്ട ഭരണഘടനയുടെ ഏറ്റവും വലിയ സംഭാവന തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനത്തിലേയ്ക്കും, അതിന്റെ അധികാര സ്ഥാനത്തേയ്ക്കും വനിതകൾക്കും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും നൽകപ്പെടുന്ന സംവരണമാണ്. ഇന്ത്യൻ രാഷ്ട്രീയ ശരീരത്തിൽ ഗുണപരമായതും ദൂരവ്യാപകവുമായ ഫലം ഉളവാക്കുന്നതാണ് സംവരണ വ്യവസ്ഥ. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ അവസരം ലഭിക്കാത്ത സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ആദ്യമായി ഏറ്റവും കൂടുതൽ അവസരങ്ങൾ നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്കു കൂടി അധികാര സ്ഥാനങ്ങൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ കഴിഞ്ഞ ഒരു വ്യാഴവട്ടത്തിലേറെക്കാലം കൊണ്ട് അപ്രതീക്ഷിതവും അത്ഭുതകരവുമായ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. ചൂണ്ടിക്കാണിക്കപ്പെടുന്ന ഒരേ ഒരു ന്യൂനത ഭരണത്തിലെ പരിചയക്കുറവാണ്. മനസ്സുണ്ടെങ്കിൽ ആറു മാസക്കാലം കൊണ്ട് അവർക്ക് പരിശീലനം നൽകാവുന്നതേയുള്ളൂ. പരിശീലനം, പദ്ധതിക്കു രൂപം നൽകുന്നതിൽ നിന്നു മാറി ഭരണശേഷി വർദ്ധിപ്പിക്കുന്നതിനാവണമെന്നു മാത്രം. ജനങ്ങളോട് നേരിട്ടുത്തരവാദിത്ത്വമുള്ള ജനപ്രതിനിധികളുടെ കൈയ്യിൽ ഭരണം എത്തിച്ചേർന്നപ്പോൾ രണ്ടു തരത്തിൽ സമൂഹത്തിനു പ്രയോജനമുണ്ടായി. ഞങ്ങൾക്കു നാഥനുണ്ടെന്നു ജനങ്ങൾക്കൊരു സുരക്ഷാബോധം, എന്തിനും പരാതി കേൾക്കാനൊരാൾ, ചിലതിലെങ്കിലും പരിഹാരം കാണുന്നതിനും, എന്റേതാണീ പ്രദേശം അവരെ സംരക്ഷിക്കേണ്ട ചുമതല എനിയ്ക്കുണ്ടെന്ന ബോധമുള്ള ജനപ്രതിനിധി. ഇതു രണ്ടിനും ദൈനംദിന പ്രാധാന്യമേറിക്കൊണ്ടിരിക്കുന്നു. ഇതു കാണുമ്പോൾ സംതൃപ്തി തോന്നാറുണ്ട്. ആരംഭത്തിൽ കുറ്റവും, കുറവുകളും ഏറെപ്പറയാറുണ്ടെങ്കിലും പ്രാദേശിക ഭരണം സുസ്ഥിരമാവുന്നതു കാണുമ്പോൾ സന്തോഷം തോന്നുന്നു.

73, 74 ഭരണഘടനാ ഭേദഗതിയനുസരിച്ച് കേരളത്തിൽ നിയമം നിർമ്മിക്കപ്പെട്ടത് 1994ലാണ്. ഏറെ സവിശേഷതകളുള്ളതു തന്നെയാണ് മൂലനിയമം. മൂലനിയമത്തിലെ ഏറ്റവും വലിയ പ്രത്യേകത സർക്കാർ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങളും പദ്ധതികളും ഉദ്യോഗസ്ഥന്മാരും നിയമം മൂലം താഴെ തലത്തിലേയ്ക്കു കൈമാറ്റം ചെയ്യപ്പെട്ടുവെന്നതാണ്. കൂടാതെ പദ്ധതി വിഹിതവും ബഡ്ജറ്റ് വിഹിതവും പൂർണ്ണമായി താഴെ തലങ്ങളിലേയ്ക്ക് ഉപാധിരഹിതമായി കൈമാറണമെന്നതാണ്. കൂട്ടി വായിക്കേണ്ട മറ്റൊന്ന്, കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും മേൽ പ്രാദേശിക ഗവൺമെന്റുകൾക്ക് അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ലഘു ശിക്ഷ ചുമത്തുന്നതിനും നിയമത്തിൽ അന്നേ വ്യവസ്ഥയുണ്ടെന്നതാണ്. വിഷയങ്ങൾ കൈമാറ്റം ചെയ്യുന്നതിൽ ഗ്രാമ, പട്ടണ വ്യത്യാസം കണക്കിലെടുക്കാതെ 11ഉം 12ഉം പട്ടികകളിൽ ചേർത്തിട്ടുള്ള വിഷയങ്ങൾ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും ഒരേ പോലെ നൽകുന്നുവെന്നതാണ്. 1994 വരെ നിലനിന്നിരുന്ന പഞ്ചായത്തു മുനിസിപ്പൽ നിയമങ്ങൾ തന്നെ സ്വയം ഭരണം വലിയൊരളവിൽ നൽകപ്പെട്ടിരുന്നു. അതോടൊപ്പം മുകളിൽ വിവരിച്ചവ കൂടി ചേർത്തപ്പോൾ 94 ലെ നിയമം തന്നെ സ്വയം പര്യാപ്തമായിരുന്നുവെന്ന് പറയാൻ കഴിയും.

1996ൽ അധികാരത്തിൽ എത്തിയ നായനാർ ഗവൺമെന്റ് കുറെ കൂടി മുമ്പോട്ടുപോയി. പ്രാദേശിക ഗവൺമെന്റുകളെക്കുറിച്ചോ, അംഗങ്ങളെ സംബന്ധിച്ചോ, അവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചോ ഉള്ള പരാതികൾ പരിശോധിച്ചു തീർപ്പു കല്പിക്കുന്നതിനുള്ള പരമാധികാരം സംസ്ഥാന സർക്കാരിനായിരുന്നു. സംസ്ഥാനം ഭരിക്കുന്ന പാർട്ടിയോ, പാർട്ടികളുടെ മുന്നണിയോ തന്നെ പ്രാദേശിക സർക്കാരിൽ അധികാരത്തിൽ വരണമെന്നില്ല.

വ്യത്യസ്ത പാർട്ടികളോ, മുന്നണികളോ സംസ്ഥാന, പ്രാദേശിക തലത്തിൽ എത്തുക സ്വാഭാവികം. അപ്രകാരമൊരവസ്ഥയിൽ പരാതികൾക്കും, തീർപ്പിനും രാഷ്ട്രീയ നിറം കലരുന്നതിനു സാദ്ധ്യത കൂടുതലുള്ളതിനാൽ പരാതികൾ പരിശോധിക്കുന്നതിനും അതിന്മേൽ തീർപ്പു കല്പിക്കുന്നതിനുമുള്ള സർക്കാരിന്റെ അധികാരങ്ങൾ പരിപൂർണ്ണമായി എടുത്തുമാറ്റി, രണ്ടു ജുഡീഷ്യൽ സ്ഥാപനങ്ങൾക്കു നൽകിക്കൊണ്ടുള്ള നിയമനിർമ്മാണം സമാനതകളില്ലാത്തതാണ്. ഭാരതത്തിൽ കേരളം മാതൃകയാവുന്നു വെന്നത് അതിരുകടന്ന അവകാശവാദമേ അല്ല.

ചട്ടങ്ങൾക്കും, നിയമങ്ങൾക്കും വിധേയമായി കെട്ടിട നികുതി, തൊഴിൽ നികുതി, പ്രദർശന നികുതി, പരസ്യ നികുതി, വിനോദ നികുതി എന്നിവ നിർണ്ണയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പരമാധികാരം ഗ്രാമപഞ്ചായത്തു സമിതിക്കും-നഗരസഭകൾക്കുമാണ്. ധനവിനിയോഗം അനുവദിക്കുന്നതിന് (Authorisation of payment) പഞ്ചായത്തു പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ, മേയർ എന്നീ രാഷ്ട്രീയ അധികാരികൾക്കു മാത്രമേ നിയമം അനുമതി നൽകുന്നുള്ളൂ. (സംസ്ഥാനത്തെ ഒരു മന്ത്രിക്കുമില്ലാത്തൊരധികാരമാണിത്.)

ഒരു പ്രാദേശിക ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ വരുന്ന വീഴ്ചകൾ, അധികാര ദുർവിനിയോഗം, ധനദുർവ്വിനിയോഗം, ധനാപഹരണം, അഴിമതി എന്നിവ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും അനന്തരം നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന് യാതൊരധികാരവും ഇന്നില്ല. ആയതിന്റെ പൂർണ്ണമായ അധികാരവും ചുമതലയും ഓംബുഡ്സ്മാൻ എന്ന സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ഒരു ഹൈക്കോടതി ജഡ്ജിയാണ് അതിന്റെ അധിപൻ. അന്വേഷിക്കുന്നതിനും, തീർപ്പു കൽപ്പിക്കുന്നതിനും ശിക്ഷിക്കുന്നതിനും അധികാരമുള്ള സ്ഥാപനമാണ് ഓംബുഡ്സ്മാൻ. പഞ്ചായത്തു സമിതിയുടെയോ, നഗരസഭയുടെയോ ഒരു പ്രമേയം റദ്ദാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. ഓംബുഡ്സ്മാന്റെ അനുവാദമുണ്ടെങ്കിലേ അതിനുകഴിയുകയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയെ പിരിച്ചു വിടുന്നതിനും ഓംബുഡ്സ്മാന്റെ അനുവാദം ആവശ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന്റെ അംഗത്വം റദ്ദാക്കുന്നതിനും സർക്കാരിന് അവകാശമില്ല. അതിനുള്ള അവകാശം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഒരു പ്രാദേശിക ഗവൺമെന്റിന്റെ പ്രവർത്തനത്തിലും, പ്രവർത്തനമില്ലായ്മയിലും, തീരുമാനത്തിലും തീരുമാനമില്ലായ്മയിലും പരാതിയുണ്ടെങ്കിൽ അതിന് പരാതി സമർപ്പിക്കേണ്ടത് ഗവൺമെന്റിലേക്കല്ല. അതിനു വേണ്ടി നിയോഗിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെയാണ്. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമവും. ഒരു ജില്ലാ ജഡ്ജിയാണ് ട്രൈബ്യൂണലായി നിയമിക്കപ്പെടുന്നത്.

ഓംബുഡ്സ്മാനെ നീക്കം ചെയ്യണമെങ്കിൽ ഒരു ഹൈക്കോടതി ജഡ്ജിയെ നീക്കം ചെയ്യുന്നതിനു ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കപ്പെടണമെന്നതാണ് വ്യവസ്ഥ.

ഇതൊക്കെ ഉയർത്തിപ്പിടിക്കുന്നൊരു മൂല്യമുണ്ട്. 'സുശക്തവും സ്വതന്ത്രവും പരമാധികാരവുമുള്ള ഒരു പ്രാദേശിക ഗവൺമെന്റ്.'

ഇത്രത്തോളം ഉയർന്ന മൂല്യം ഉള്ളടക്കം ചെയ്തിട്ടും ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപം കൊടുത്ത ഭേദഗതി നിയമമെന്ന് ഇരുപതിനായിരത്തിലധികം ജനപ്രതിനിധികളിൽ എത്ര പേർക്കറിയാം. അവരെ ഭരണം പഠിപ്പിക്കുന്ന 'കില' എന്ന സ്ഥാപനത്തിനെങ്കിലും അറിയാമോ? അറിയാമെങ്കിൽ അതു തന്നെ വലിയ ഭാഗ്യമാണ്.

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ

വെളിച്ചത്തിൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തെ പ്രാദേശിക ഭരണവും അതിന്റെ ജയപരാജയങ്ങളും നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇത്രയും അധികാരങ്ങളും, സമ്പത്തും, ഉദ്യോഗസ്ഥരും താഴെത്തട്ടിലേക്ക് വിന്യസിക്കപ്പെടുമ്പോൾ ഉണ്ടായിരുന്ന വമ്പിച്ച പ്രതീക്ഷ എത്രത്തോളമായിരുന്നു. എവിടെ എത്താൻ കഴിഞ്ഞു. എന്തു നേടി. എന്തു നേടാനായില്ല. നേടാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതല്ലേ? സ്വയം വിമർശനപരമായൊരു പരിശോധന കൊണ്ടു മാത്രമേ ലക്ഷ്യത്തോടടുക്കുവാൻ കഴിയുകയുള്ളൂ. തുടങ്ങുമ്പോൾ മാതൃകയില്ലായിരുന്നു എന്ന് വിശദീകരിച്ചിരുന്നു. ഇനി അപ്രകാരമൊരു വിശദീകരണം കൊണ്ടു തൃപ്തിയടയുവാൻ കഴിയുമോ ഉത്പാദന രംഗത്താണ് ഏറ്റവും കൂടുതൽ വീഴ്ച സംഭവിച്ചിരിക്കുന്നത്. സേവന രംഗത്തായാലും വികസന രംഗത്തായാലും നടക്കുന്ന കാര്യങ്ങൾ നേരിട്ടു ജനങ്ങൾക്കു കാണുന്നതിനും വിലയിരുത്തുന്നതിനും കഴിയും. എന്നാൽ ഉൽപ്പാദന രംഗത്തു നടക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങൾ കാണുന്നില്ല. അതുകൊണ്ടു തന്നെ വിലയിരുത്തപ്പെടുന്നുമില്ല. കൃഷിക്കാർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുവോ എന്ന് പോലും കൃഷിക്കാർക്ക് തന്നെ അറിവില്ല. കഴിഞ്ഞ 12 വർഷക്കാലത്തിനിടയിൽ ഭക്ഷ്യോൽപ്പാദന രംഗത്തു കേരളം പിറകിലോട്ടു പൊയ്ക്കൊണ്ടിരിക്കുന്നുവെന്നാണ് കണക്ക്. ഭക്ഷണത്തിന്റെ ഒരു അംശം മാത്രമാണ് അരിയും അതിന്റെ ഉപഉൽപ്പന്നങ്ങളും. പച്ചക്കറി, പഴവർഗ്ഗങ്ങൾ കിഴങ്ങുകൾ, ഇറച്ചിയും മുട്ടയും പാലും മത്സ്യവും ഇവയെല്ലാം ഭക്ഷണ പദാർത്ഥങ്ങളാണ്. ഇവയുടെ ഉൽപ്പാദനത്തിൽ വർദ്ധനയുണ്ടായെന്ന് അവകാശപ്പെടുന്നതിന് കഴിയുന്നുണ്ടോ. മത്സ്യം ഒഴിച്ചാൽ കഴിഞ്ഞ 12 വർഷത്തെ പ്രാദേശികാസൂത്രണത്തിനു ശേഷം പരിശോധിച്ചാൽ പരാശ്രയം വർദ്ധിച്ചതല്ലാതെ കുറഞ്ഞിട്ടില്ല. ഉത്പാദന വർദ്ധനവിനു വേണ്ടുന്ന പദ്ധതികൾ പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്യുന്നില്ല. അതിനു വേണ്ടുന്ന നിർദ്ദേശങ്ങളും നൽകപ്പെട്ടതായി കാണുന്നില്ല. ഭക്ഷ്യോൽപ്പാദന രംഗത്ത് കേരളത്തിന് ആകെയായി ഒരു ആസൂത്രണ നയം പ്രായോഗികമല്ല. വിവിധങ്ങളായ വിളകൾ വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്യപ്പെടുന്നു. ജില്ലകൾ തിരിച്ചും ബ്ലോക്കുകൾ തിരിച്ചും, പ്രാദേശികതലം തിരിച്ച് ഭക്ഷ്യവിളകളുടെ ഉത്പാദനത്തിന് വ്യത്യസ്തമായ നയപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

> ആസൂത്രണ പ്രക്രിയ തുടങ്ങുന്നതിനു മുമ്പ് സർവ്വെ ആവശ്യമായി വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രാദേശിക തലത്തിൽ തന്നെ എന്ത് എവിടെയൊക്കെ പ്രോത്സാഹിപ്പിക്കപ്പെടണമെന്നു തീരുമാനിക്കുന്നതിനു കഴിയുകയുള്ളൂ. 'നാട്ടറിവ്' അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതു പൂർണ്ണമായി പ്രയോജനപ്പെടുത്തണം.

ഇടുക്കിയിൽ ഉത്പാദിപ്പിക്കുന്ന തരത്തിൽ പൈനാപ്പിൾ ആലപ്പുഴയിൽ കഴിയുകയില്ല. ഇപ്പറഞ്ഞതിനർത്ഥം പ്രാദേശിക ഗവൺമെന്റ് തലത്തിൽ സമഗ്രമായൊരു സർവ്വെ ആവശ്യമായി വരുന്നുവെന്നാണ്. ആസൂത്രണ പ്രക്രിയ തുടങ്ങുന്നതിനു മുമ്പ് സർവ്വെ ആവശ്യമായി വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രാദേശിക തലത്തിൽ തന്നെ എന്ത് എവിടെയൊക്കെ പ്രോത്സാഹിപ്പിക്കപ്പെടണമെന്നു തീരുമാനിക്കുന്നതിനു കഴിയുകയുള്ളൂ. 'നാട്ടറിവ്' അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതു പൂർണ്ണമായി പ്രയോജനപ്പെടുത്തണം. വിഭവ ഭൂപടം ലഭിക്കുമ്പോൾ അതും കൂടി പ്രയോജനപ്പെടുത്താം. ഇതൊന്നും ഇല്ലാതുള്ള പോക്ക് കുരുടൻ വഴികാണിക്കുന്നതുപോലെയായിരിക്കും. കഴിഞ്ഞ 12 വർഷം കൊണ്ട് നടക്കാഞ്ഞത് ഇനിയൊരിക്കലും ആവശ്യമില്ലെന്നു തീരുമാനിക്കുന്നതിലും ഭേദം ജില്ലാടിസ്ഥാനത്തിൽ രൂപം കൊടുക്കുന്നൊരു ഫോർമാറ്റിന്റെ അടിസ്ഥാനത്തിൽ സർവ്വെ നടത്തി നിലവിലുള്ള വിവരങ്ങൾ, ഉത്പന്നങ്ങളുടെ അളവുൾപ്പെടെ ശേഖരിക്കുകയും ആസൂത്രിതമായി പദ്ധതി നടപ്പിലായതിനു ശേഷം വീണ്ടും പരിശോധിക്കുകയുമാണ്. ഉത്പാദന വർദ്ധന എത്രത്തോളമെന്ന് കൃത്യമായി അറിയുന്നതിനു ഇത് സാധിക്കും. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ശതമാനം വരുമാനമുണ്ടാക്കിയ പഞ്ചായത്തിനും, ജില്ലയ്ക്കും സംസ്ഥാനതലത്തിൽ അംഗീകാരവും നൽകാവുന്നതാണ്.

ഉത്പാദന വർദ്ധനവിന് അടിയന്തരമായി താഴെപ്പറയുന്നവ നടപ്പിലാക്കണം. തോടുകളിൽ കൂടി ഒഴുകി നഷ്ടപ്പെടുന്ന ജലം തടയണ കെട്ടി തടഞ്ഞുനിർത്തി കൊച്ചുകൊച്ചു ജലാശയങ്ങളുണ്ടാക്കി കൃഷിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ലഭ്യമായ സമ്പത്തുകൊണ്ട് കഴിയും. അതിനുള്ള മനസ്സു വേണമെന്നു മാത്രം.

ഓണക്കാലത്ത് ബ്ലോക്ക് ജില്ലാ തലങ്ങളിൽ കാർഷികോത്പന്നങ്ങളുടെ പ്രദർശനവും വില്പനയും സംഘടിപ്പിക്കുകയും മെച്ചപ്പെട്ട ഉത്പന്നങ്ങൾക്ക് ജില്ലാ സംസ്ഥാന തലത്തിൽ അംഗീകാരം നൽകുകയും ചെയ്താൽ കൃഷിക്ക് വമ്പിച്ച പ്രചോദനമുണ്ടാകുമെന്നതിൽ സംശയമില്ല. ഇക്കാര്യം മുൻകൂട്ടി പ്രഖ്യാപിച്ചാൽ കൃഷിക്കാരൻ അതിന്റെ എല്ലാവിധത്തിലുള്ള തയ്യാറെടുപ്പുകളും നടത്തുകയും ചെയ്യും. പാല്, മുട്ട, ഇറച്ചി, മത്സ്യം എന്നിവയുടെ കാര്യത്തിലും മുകളിൽ പറഞ്ഞ തരത്തിൽ ആരോഗ്യകരമായ മത്സരം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇടയാക്കും. ശാസ്ത്രീയമായ ആസൂത്രണവും പദ്ധതി നടപ്പിലാക്കുന്നതിൽ ശുഷ്കാന്തിയും ധനവിനിയോഗത്തിനനുസരണമായ വളർച്ചയുണ്ടായിട്ടുണ്ടോയെന്ന പരിശോധനയും ഒരു സുസ്ഥിര സംവിധാനമായി മാറിയാൽ മാത്രമേ പഞ്ചായത്ത് രാജ് വിജയിക്കുകയുള്ളൂ. പ്രാദേശിക ഗവൺമെന്റും ജില്ലാ ഗവൺമെന്റും രാജ്യപുരോഗതിക്ക് എന്നായിരിക്കണം മുദ്രാവാക്യം. മുകളിൽ പറഞ്ഞ വിഷയങ്ങൾ കൂടി ഗ്രാമ വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടണം. അതു വഴി മാത്രമേ ജനങ്ങളിൽ ആവേശമുണർത്തുന്നതിനും സ്ഥായിയായി നിലനിർത്തുന്നതിനും കഴിയുകയുള്ളൂ.


തടയണകളുടെ നിർമ്മിതിക്ക് തൊഴിലുറപ്പു പദ്ധതിയനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കു ലഭിക്കുന്ന മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താവുന്നതാണ്.

കഴിഞ്ഞ 12 വർഷക്കാലത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ കാണാൻ കഴിയുന്നത് ഉത്പാദനരംഗം ഒഴികേ, മറ്റെല്ലാ മേഖലകളിലും സ്ഥായിയായ വികസനം ലക്ഷ്യംകണ്ടുവെന്നതാണ്. ഓരോ സ്വയം ഭരണ സ്ഥാപനവും ഓരോ പ്രാദേശിക ഗവൺമെന്റുകളായി നിലനിൽക്കുന്നതും സമാനതകളില്ലാതെ മുൻപോട്ടു പോകുന്നതും. ഉത്പാദന മേഖലയിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞാൽ പ്രാദേശിക ഭരണം അർത്ഥപൂർണ്ണമാവുകയും സ. ഇ. എം.എസ്സിന്റെ ഭരണ പരിഷ്കാര നിർദ്ദേശങ്ങൾ യാഥാർത്ഥ്യമാവുകയും ചെയ്യും.

*(ലേഖകൻ മുൻ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയാണ്)*



# അധികാരവികേന്ദ്രീകരണം ഇനിയെന്ത്?



കുട്ടി അഹമ്മദ് കുട്ടി
എം.എൽ.എ

ഇ.എം. എസ്സിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയുടെ കാലത്ത് തന്നെ അധികാര വികേന്ദ്രീകരണശ്രമങ്ങൾ ആരംഭിച്ചിരുന്നു. തുടർന്നു വന്ന മന്ത്രിസഭയുടെ കാലത്ത് 1960 ൽ കേരള പഞ്ചായത്ത് ആക്ട് നിലവിൽ വന്നു. 1967 ലെ മന്ത്രിസഭയുടെ കാലത്ത് അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അഹമ്മദ് കുരിക്കൾ അധികാരവികേന്ദ്രീകരണത്തിനുള്ള വിപ്ലവകരമായ ഒരു ബില്ലവതരിപ്പിച്ചു. ഇന്ന് നമുക്ക് ഊഹിക്കുവാൻ പോലും കഴിയാത്ത തരത്തിലുള്ള അധികാരങ്ങൾ ജില്ലാ പരിഷത്തുകൾക്കും പഞ്ചായത്തുകൾക്കും നൽകുന്ന ഒരു ബില്ലായിരുന്നു അത്. എന്നാൽ ആ ബില്ല് നിയമമായില്ല. 1979 ൽ ജില്ല ഭരണ ബില്ല് നിയമമായി. 1990 ൽ ജില്ല കൗൺസിൽ തെരഞ്ഞെടുപ്പ് നടന്നു. 73,74 ഭരണഘടന ഭേദഗതിയെ തുടർന്ന് 1994 ൽ കേരളത്തിൽ പഞ്ചായത്തിരാജ്, മുനിസിപ്പൽ നിയമങ്ങൾ നിലവിൽ വന്നു. 1995 ഒക്ടോബറിൽ ഭരണഘടന ഭേദഗതിയിലെ 11,12 ഷെഡ്യൂളുകളിലെ 29 ഇനങ്ങളിലെ ഏതാണ്ട് എല്ലാം പഞ്ചായത്തുകൾക്ക് കൈമാറി കൊണ്ടുള്ള ഉത്തരവ് എ.കെ ആന്റണി ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായി. ആസൂത്രണ വികേന്ദ്രീകരണത്തിനായുള്ള ശ്രമങ്ങൾ 1997 മുതൽ ആരംഭിച്ചു. ജനങ്ങളെ ആസൂത്രണത്തിൽ പങ്കാളികളാക്കാൻ കാംപയിൻ പ്രോഗ്രാമായി ജനകീയാസൂത്രണ പരിപാടി ആരംഭിച്ചത് ഇക്കാലത്താണ്. പിന്നീട് വന്ന ഗവൺമെന്റ് കാംപയിൻ പ്രോഗ്രാമിൽ നിന്നും ഈ പദ്ധതിയെ വ്യവസ്ഥാപിതമാക്കി (Institutionalize) ജനവികസന പദ്ധതി എന്ന പേരിൽ ഈ പദ്ധതി തുടർന്നു. ഇന്നും ഈ പദ്ധതി ഇവിടെ നടപ്പാക്കി കൊണ്ടിരിക്കുകയാണ്. പരിശോധിച്ച് നോക്കിയാൽ കേരളം ഭരിച്ച എല്ലാ മന്ത്രിസഭകളും ആസൂത്രണ വികേന്ദ്രീകരണത്തിനും അധികാരവികേന്ദ്രീകരണത്തിനും ശക്തമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നതായി കാണാൻ കഴിയും. വീക്ഷണകോണനുസരിച്ച് ആരാണ് കൂടുതൽ ശ്രമങ്ങൾ നടത്തിയത് എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാം. യു.ഡി.എഫ്. ആണോ എൽ.ഡി.എഫ് ആണോ അധികാരവികേന്ദ്രീകരണത്തിന്റെ വക്താക്കൾ എന്ന കാര്യത്തിൽ തർക്കിച്ച് സമയം കളയേണ്ടതില്ല. അത് നമ്മെ എവിടെയും എത്തിക്കില്ല.

കഴിഞ്ഞ പതിനഞ്ച് കൊല്ലമായി നടന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് ഈ രംഗത്ത് അടുത്ത കാൽവയ്പ്പ് എന്താണെന്ന് ഗൗരവമായി നാം ആലോചിക്കുകയാണ് വേണ്ടത്. പഞ്ചായത്തു



ഒമ്പതാം പദ്ധതി ജനകീയാസൂത്രണം - ഗ്രാമസഭയുടെ സംസ്ഥാനതല ഉൽഘാടനം

കളെ ഭരണഘടന വിഭാവനം ചെയ്യുന്നത് സെൽഫ് ഗവൺമെന്റായി പ്രവർത്തിക്കാൻ കഴിയുന്ന എല്ലാവിധ അധികാരങ്ങളുമുള്ള സ്ഥാപനങ്ങളായാണ്. വീരപ്പ മൊയ്‌ലി ഭരണ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശകളിൽ പഞ്ചായത്തുകൾക്ക് എല്ലാ ചുമതലകളും നിർവ്വഹിക്കുവാൻ ഉതകുന്ന പവറും അതോറിറ്റിയും നൽകണമെന്ന് ഊന്നിപ്പറയുന്നുണ്ട്. ഇതു സംബന്ധിച്ച ഭരണഘടനയിലെ വ്യവസ്ഥ [243(G)] യിൽ ഭേദഗതി വേണമെന്നാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. എല്ലാ ചുമതലകളും നൽകണമെന്നും 'endow' എന്ന പദത്തിന് പകരം 'vest' എന്ന പദം ഉപയോഗിക്കണം എന്നുമാണ് അദ്ദേഹത്തിന്റെ ഭേദഗതി. സംസ്ഥാന ഗവൺമെന്റിനെപ്പോലെ മറ്റൊരു സ്വതന്ത്ര ഗവൺമെന്റ് എന്ന നിലയിൽ പ്രവർത്തിക്കാൻ ആവശ്യമായ അധികാരവും ചുമതലകളും സ്വയംഭരണാവകാശവും നമ്മുടെ പഞ്ചായത്തുകൾക്ക് നൽകിയോ എന്നാണ് നാം പരിശോധിക്കേണ്ടത്. ഇക്കാര്യത്തിൽ ഇനിയും ബഹുദൂരം നമുക്ക് പോകുവാനുണ്ട്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും അധികാരവും ചുമതലകളും നമ്മുടെ പഞ്ചായത്തുകൾക്ക് ഉണ്ട്. പക്ഷെ നമ്മുടെ പഞ്ചായത്തുകൾ ഇന്നും സ്വയം ഭരണഘടകമായി പ്രവർത്തിക്കാൻ കഴിയുന്ന അവസ്ഥയിൽ എത്തിയിട്ടില്ല. ബ്യൂറോക്രസിയുടെ നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായും മുക്തമായിട്ടുമില്ല. ഇപ്പോൾ ഗവൺമെന്റിന്റെയും ബ്യൂറോക്രസിയുടെയും നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു വികസന ഏജൻസി മാത്രമാണ് പഞ്ചായത്ത്.

അധികാരവികേന്ദ്രീകരണത്തിന്റെ സത്ത ജനങ്ങളെ ഭരണത്തിൽ പങ്കാളികൾ ആക്കുക എന്നതാണ്. അധികാരം ജനങ്ങൾക്ക് എന്നതാണ് അധികാരവികേന്ദ്രീകരണത്തിന്റെ മുദ്രാവാക്യം. ഒരു ജനാധിപത്യ വ്യവസ്ഥയിൽ പരമാധികാരികൾ ജനങ്ങളാണ്. എന്നാൽ ഇന്നും ജനങ്ങൾക്ക് ഭരണവും ഭരണകൂടവും തങ്ങളെക്കാൾ എത്രയോ ഉയരത്തിലും അകലത്തിലുമാണെന്ന് തോന്നുന്ന വിധത്തിലാണ്. ജനങ്ങളും ഭരണകൂടവും തമ്മിലുള്ള അകൽച്ച കുറയ്ക്കുക എന്നതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ലക്ഷ്യം. അതാത് തലങ്ങളിൽ എടുക്കേണ്ട തീരുമാനങ്ങൾ അതാത് തലങ്ങളിൽ നിന്നു തന്നെ ഉണ്ടാകണം. ഒരു ഗവൺമെന്റിൽ നിന്നും ജനങ്ങൾക്ക് ഒട്ടേറെ വിഭവങ്ങളും ആനുകൂല്യങ്ങളും ലഭിക്കേണ്ടതുണ്ട്. ഇതിനായി ഗവൺമെന്റിന്റെ ഉയർന്ന തലങ്ങളിലേയ്ക്ക് ജനങ്ങൾ പോകേണ്ട ഗതികേട് ഉണ്ടാകരുത്. ഏറ്റവും സമീപത്തുള്ള ഭരണസ്ഥാപനങ്ങളിൽ നിന്ന് തന്നെ പ്രസ്തുത സേവനങ്ങൾ ലഭിക്കേണ്ട സാഹചര്യം ഉണ്ടാകണം. ഇന്ന് പല നിസ്സാര കാര്യങ്ങൾക്കു പോലും ജനങ്ങൾക്ക് തലസ്ഥാനത്ത് വരേണ്ട അവസ്ഥയാണുള്ളത്. ഇതിനായി ഒരുപാട് ഓഫീസുകൾ കയറി ഇറങ്ങേണ്ടിയും വരുന്നു. അധികാരവികേന്ദ്രീകരണത്തിലൂടെ ഈ അവസ്ഥ മാറണം.

പഞ്ചായത്തുകൾക്ക് കിട്ടിയ പദ്ധതി വിഹിതം ഉപയോഗിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് ഉണ്ടാകണം. ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം ഉണ്ടാകണം. എന്നാൽ എല്ലാ പദ്ധതികൾക്കും ഡി.പി.സി യുടെ അംഗീകാരം വേണമെന്ന നിബന്ധന ഒഴിവാക്കുക തന്നെ വേണം. ഡി.പി.സി യുടെ ജോലി വിവിധ തലങ്ങളിലെ പദ്ധതികളുടെ ഏകോപനവും ജില്ലാ പദ്ധതി തയ്യാറാക്കലുമാണ്. ആ ചുമതല വഹിക്കുവാൻ ഡി.പി.സി കളെ പ്രാപ്തമാക്കണം. ഡി.പി.സി തയ്യാറാക്കുന്ന പദ്ധതികൾക്ക് അനുസൃതമാകണം സംസ്ഥാന പദ്ധതി.

പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതിനുള്ള സാമ്പത്തിക ശേഷി പഞ്ചായത്തുകൾക്ക് കൈവന്നിട്ടില്ല. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും തനതു ഫണ്ടില്ല. വീരപ്പ മൊയ്‌ലി റിപ്പോർട്ടിൽ സംസ്ഥാന ബഡ്ജറ്റിന്റെ 50% പഞ്ചായത്തിന് കൈമാറണമെന്ന നിർദ്ദേശം ഉണ്ട്. ഇക്കാര്യത്തിൽ കേരളം പഞ്ചായത്തുകൾക്ക് നൽകാൻ കഴിയുന്ന തുകയുടെ പരമാവധി പഞ്ചായത്തുകൾക്ക് നൽകുന്നുണ്ട്. സംസ്ഥാനം പഞ്ചായത്തിന് നൽകുന്ന തുകയ്ക്ക് തുല്യമായ തുക കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകണം. പഞ്ചായത്തിന്റെ പ്രത്യേക പദ്ധതികൾക്ക് ആവശ്യമായ പണം കേന്ദ്രം നൽകണം. അത് നേരിട്ട് നൽകുന്നതാണ് കൂടുതൽ നല്ലത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകൾ കേരളത്തിന് അനുസൃതമായ രീതിയിൽ മാറ്റം വരുത്തുവാൻ അനുവാദം ഉണ്ടാകണം.

മുൻസിപ്പാലിറ്റികൾക്ക് നഗരവികസനത്തിന് ഒട്ടേറെ പുതിയ സ്കീമുകൾ ഉണ്ട്. പഞ്ചായത്തുകൾക്ക് അത്ര വിപുലമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും തന്നെ ഇല്ല. പഞ്ചായത്തുകളുടെ വികസനത്തിന് വൻ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ കേന്ദ്ര പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തുകൾക്ക് ഒരു സ്വതന്ത്രഭരണ ഘടകം എന്ന നിലയിൽ പ്രവർത്തിക്കുവാൻ ആവശ്യമായ അധികാരവും സാമ്പത്തിക ശേഷിയും ഉത്തരവാദിത്വവും പൂർണ്ണമായും ഉണ്ടാകാൻ ഏന്തൊക്കെ ചെയ്യണമെന്ന് ഗൗരവമായി നാം ചർച്ച ചെയ്യേണ്ടതുണ്ട്. ചില നിർദ്ദേശങ്ങളാണ് ഞാനിവിടെ മുന്നോട്ട് വച്ചത്. ഭരണഘടന വിഭാവനം ചെയ്യുന്ന പോലെ മഹാത്മജിയുടെ സങ്കൽപ്പത്തിലുള്ള എല്ലാവിധ അധികാരങ്ങളും ചുമതലകളും ഉള്ള പഞ്ചായത്തുകൾ നമുക്കുണ്ടാകാൻ വേണ്ടി കൂട്ടായ പ്രവർത്തനമാണ് ഇനി വേണ്ടത്. അതുവഴി ജനങ്ങളെ ഭരണത്തിന്റെ പങ്കാളികളാക്കാൻ നമുക്ക് കഴിയും, കഴിയണം. കക്ഷി രാഷ്ട്രീയ ഭേദമന്യേ മുഴുവൻ ജനങ്ങളുടെ സഹകരണത്തോടെ നമുക്കതിന് വേണ്ടി ശ്രമിക്കാം.

*(ലേഖകൻ മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയാണ്)*





# അധികാരവികേന്ദ്രീകരണം നേരിടുന്ന വെല്ലുവിളികൾ

73, 74 ഭരണഘടനാ ഭേദഗതി 15 വർഷം പിന്നിടുമ്പോൾ

**സി.പി. നാരായണൻ**



അധികാരവികേന്ദ്രീകരണം, മൊത്തത്തിൽ പറഞ്ഞാൽ, ഇന്ത്യയിൽ പല വെല്ലുവിളികളും നേരിടുന്നുണ്ട്. ഒന്നാമത്തെ വെല്ലുവിളി രാജ്യത്ത് നിലവിലുള്ള മുതലാളിത്ത വ്യവസ്ഥയാണ്. ബ്രിട്ടീഷ് കോളനിയായിരുന്ന കാലത്ത് ഇന്ത്യയിലെ ഭരണം വളരെ കേന്ദ്രീകൃതമായിരുന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ആവശ്യങ്ങളിലൊന്ന് അധികാരവികേന്ദ്രീകരണമായിരുന്നു. അതാണ് മഹാത്മാ ഗാന്ധി പ്രകടിപ്പിച്ചത്. എന്നിട്ടും സ്വാതന്ത്ര്യാനന്തരം അംഗീകരിക്കപ്പെട്ട ഇന്ത്യയുടെ ഭരണഘടന പേരിൽ ഫെഡറൽ ആണെങ്കിലും, സാരാംശത്തിൽ യൂണിറ്ററിയായിരുന്നു. അധികാരവികേന്ദ്രീകരണമാണ് അതിന്റെ മൗലികസ്വഭാവം എന്നാണ് അത് സൂചിപ്പിക്കുന്നത്. അടിയന്തിരാവസ്ഥക്കാലത്ത് വരുത്തിയ ഭരണഘടനാ ഭേദഗതിയിലൂടെ സംസ്ഥാനങ്ങളുടെ പല അധികാരങ്ങളും കേന്ദ്രത്തിനു കൂടി പങ്കുള്ള സംയുക്താധികാരങ്ങളാക്കിമാറ്റി. പിന്നീട്, രാജീവ് ഗാന്ധിയുടെ സ്വപ്നം എന്ന പേരിൽ ഭരണഘടനയ്ക്ക് 73, 74 ഭേദഗതികൾ വരുത്തിയപ്പോൾ ചെയ്തത് സംസ്ഥാനങ്ങളുടെ പല അധികാരങ്ങളും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറാൻ നിയമസഭകളെ അധികാരപ്പെടുത്തുകയായിരുന്നു. കേന്ദ്രത്തിന്റെ ഒരു അധികാരവും സംസ്ഥാനങ്ങൾക്കോ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കോ കൈമാറുകയുണ്ടായില്ല.

അധികാരവികേന്ദ്രീകരണം കൊണ്ട് എന്താണോ അർത്ഥമാക്കുന്നത് അതിനു വിരുദ്ധമാണ് ഭരണഘടനയിൽ ആദ്യം ഉണ്ടായിരുന്ന പല വ്യവസ്ഥകളും പിന്നീട് അതിനു വരുത്തിയ ഭേദഗതികളിൽ പലതും. കോൺഗ്രസ്സായാലും, ബി.ജെ.പി.യായാലും അധികാരവികേന്ദ്രീകരണത്തെ സാർഥകമാക്കുന്ന തരത്തിലുള്ള പ്രവൃത്തികളല്ല അധികാരത്തിലിരിക്കെ ചെയ്തത്. അധികാരവികേന്ദ്രീകരണത്തിനു വേണ്ടി വാദിക്കുമ്പോൾ തന്നെ അവയുടെ ഗവൺമെന്റുകൾ ചെയ്യാറുള്ളത് സംസ്ഥാന പ്രാദേശിക ഗവൺമെന്റുകളുടെ അധികാരങ്ങളിൽ, കൈയ്യിടുകയും തങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ പ്രകാരമുള്ള പണം കിട്ടണമെങ്കിൽ തങ്ങൾ നിശ്ചയിക്കുന്ന വ്യവസ്ഥകൾ പാലിക്കാൻ അവയെ നിർബന്ധിക്കുകയുമാണ്.

കേന്ദ്രഗവൺമെന്റ് കൈമാറാൻ നിർദ്ദേശിച്ച അധികാരങ്ങൾ പലതും, അവ നടപ്പാക്കുന്നതിനു വേണ്ട ഭൗതിക-മനുഷ്യവിഭവങ്ങളും തദ്ദേശഗവൺമെന്റുകൾക്ക് കൈമാറാൻ വിസമ്മതിക്കുന്ന

സ്വഭാവമാണ് മേൽപറഞ്ഞ പാർട്ടികളുടെയും പ്രാദേശിക പാർട്ടികളുടെയും ഗവൺമെന്റുകൾ പ്രദർശിപ്പിക്കാറുള്ളത്. ഇവയെല്ലാം അധികാരവികേന്ദ്രീകരണം നമ്മുടെ രാജ്യത്ത് പൊതുവിൽ നേരിടുന്ന വെല്ലുവിളികളാണ്.

അധികാരവികേന്ദ്രീകരണം പരിമിതമായതോതിൽ മാത്രമേ ഇന്ത്യയിൽ നടപ്പാക്കപ്പെട്ടിട്ടുള്ളൂ. അത് നടപ്പാക്കുന്നതിനേക്കാൾ കൂടുതൽ ലംഘിക്കുന്നതിലാണ് ബൂർഷ്വോ പാർട്ടികൾക്ക് താൽ പര്യം എന്നു ചുരുക്കം. ഈ പൊതു സ്വഭാവത്തിന് അപവാദമാണ് സി.പി.ഐ.(എം) നയിക്കുന്ന മൂന്നു സംസ്ഥാനങ്ങളായ കേരളം, പശ്ചിമബംഗാൾ, ത്രിപുര എന്നിവിടങ്ങളിലെ അനുഭവം. 73,74 ഭരണഘടനാ ഭേദഗതികൾക്കു മുമ്പ് 1980കളിൽ തന്നെ പശ്ചിമബംഗാളിൽ ഇടതുമുന്നണി ഗവൺമെന്റ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവവും അധികാരവും നൽകാൻ നടപടികളെടുത്തിരുന്നു. ആദിവാസിമേഖലകൾക്കായി പ്രത്യേക ഭരണ സംവിധാനം ത്രിപുര ഗവൺമെന്റ് ഏർപ്പെടുത്തി. ആദിവാസികളുടെ ക്ഷേമത്തിനും പുരോഗതിക്കും അതിന്റെ സംഭാവന വലുതാണ്. അവിടങ്ങളിൽ ഇടതുമുന്നണി സംസ്ഥാന തലത്തിലും പഞ്ചായത്ത് തലത്തിലും വീണ്ടും വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നത് ജനസാമാന്യത്തിനു അവയിലുള്ള വിശ്വാസത്തിനും സംതൃപ്തിക്കും തെളിവാണ്.

കേരളത്തിൽ നടപ്പാക്കപ്പെടുന്ന അധികാരവികേന്ദ്രീകരണം അവയിൽ നിന്നൊക്കെ തുലോം വ്യത്യസ്തമാണ് എന്നു പറയേണ്ടതില്ല. ഒമ്പതാം പദ്ധതിക്കാലത്ത് നടപ്പാക്കപ്പെട്ട ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങൾ കേരളീയർ മാത്രമല്ല അന്യ സംസ്ഥാനക്കാരും അന്യരാജ്യക്കാരും താൽപര്യപൂർവ്വം വീക്ഷിച്ചതാണ്. പത്താം പദ്ധതിക്കാലത്ത് യു. ഡി. എഫ് ഭരണത്തിൽ കീഴിൽ നേരത്തെ നൽകപ്പെട്ട പല അധികാരങ്ങളും തിരിച്ചെടുക്കപ്പെട്ടു. വിഭവങ്ങളുടെ തോത് വെട്ടിച്ചുരുക്കപ്പെട്ടു. ജനകീയാസൂത്രണത്തിൽ ഉണ്ടായിരുന്നതും വലിയ ആവേശം പകർന്നതും പരക്കെ പ്രശംസിക്കപ്പെട്ടതുമായ ജനകീയ പങ്കാളിത്തത്തെയും യു.ഡി. എഫ്. സർക്കാർ പാടെ ഇല്ലാതാക്കി. പ്രാദേശിക ഗവൺമെന്റുകൾക്ക് വേണ്ടത്ര ഉദ്യോഗസ്ഥർ കൈമാറ്റപ്പെടാത്തതിന്റെയും സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമല്ലാത്തതിന്റെയും കുറവ് പരിഹരിക്കാനാണ് എൽ. ഡി. എഫ് ഗവൺമെന്റ് കർമ്മസമിതികളും വിദഗ്ദ്ധ സമിതികളും അനുഭവസമ്പത്തുള്ള നാട്ടുകാരുടെയും വിദഗ്ദ്ധരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് രൂപീകരിച്ചിരുന്നത്. അവയിൽ രാഷ്ട്രീയം ആരോപിച്ചാണ് യു.ഡി.എഫ് ഗവൺമെന്റ് പിന്നീട് അവയെ ഇല്ലാതാക്കിയത്.

എൽ.ഡി.എഫിനും യു.ഡി.എഫിനും അവരവരുടേതായ വികസനനയങ്ങൾ ഉണ്ടാകുന്നതും അവ നടപ്പാക്കുന്നതിനു അതത് ഗവൺമെന്റുകൾ ശ്രമിക്കുന്നതും മനസ്സിലാക്കാം. എന്നാൽ ആ നയങ്ങൾ കടകവിരുദ്ധമായാൽ വികസനം വട്ടം കറങ്ങുകയേ ഉള്ളൂ. എൽ.ഡി.എഫ് ഗവൺമെന്റ് ജനകീയാസൂത്രണത്തിനു പ്രധാനമായി മൂന്നു തലങ്ങളാണ് ആവിഷ്കരിച്ചത്.

സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ ഏതാണ്ട് മൂന്നിലൊന്ന് പ്രാദേശിക ഗവൺമെന്റുകൾക്ക് കൈമാറുക, അതോടൊപ്പം അവയ്ക്കു കൂടുതൽ ഉദ്യോഗസ്ഥരെ പുനർവിന്യാസം വഴി ലഭ്യമാക്കുക, പദ്ധതി ആവിഷ്കരണവും നടത്തിപ്പും കൂടുതൽ അർത്ഥവത്തും ഊർജസ്വലവുമാക്കാൻ വിദഗ്ദ്ധരുടെയും അനുഭവസമ്പത്തുള്ള ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുക. യു.ഡി.എഫ് 2001 ൽ അധികാരത്തിൽ വന്നതിനെ തുടർന്ന് പദ്ധതി വിഹിതം വെട്ടിക്കുറച്ചു. നൽകിയിരുന്ന പല അധികാരങ്ങളും തിരിച്ചെടുത്തു. പ്രാദേശിക ഗവൺമെന്റുകൾക്ക് കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ വകുപ്പുകൾ നിയന്ത്രിച്ച് അവരുടെ സേവനം പോലും പ്രാദേശിക ഗവൺമെന്റുകൾക്ക് പൂർണമായി ലഭ്യമല്ലാതാക്കി. കർമ്മസമിതികൾ, വിദഗ്ദ്ധസമിതികൾ എന്നിവയിൽ പങ്കെടുക്കുന്ന വിദഗ്ദ്ധരും വികസനാനുഭവങ്ങൾ ധാരാളമായുള്ള ബഹുജന സംഘടനാപ്രവർത്തകർ ഉൾപ്പെടെ ഉള്ളവരും രാഷ്ട്രീയക്കാരാണെന്ന് പറഞ്ഞ് അധികാരവികേന്ദ്രീകരണത്തെ കർമ്മനിരതമാക്കിയ അവരടങ്ങുന്ന സംവിധാനത്തെ ആകെ പൊളിച്ചു.

എൽ.ഡി.എഫിനും യു.ഡി.എഫിനും
അവരവരുടേതായ
വികസനനയങ്ങൾ ഉണ്ടാകുന്നതും
അവ നടപ്പാക്കുന്നതിനു
അതത് ഗവൺമെന്റുകൾ
ശ്രമിക്കുന്നതും മനസ്സിലാക്കാം.
എന്നാൽ ആ നയങ്ങൾ
കടകവിരുദ്ധമായാൽ
വികസനം
വട്ടം കറങ്ങുകയേ ഉള്ളൂ.

ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങളും നടപടികളും അവയുടെ അടിസ്ഥാനത്തിൽ ജനകീയമായ അധികാരവികേന്ദ്രീകരണത്തെ തികച്ചും ഉദ്യോഗസ്ഥമേധാവിത്വപരമാക്കലുമാണ് പത്താം പദ്ധതിക്കാലത്ത് യു.ഡി.എഫ് ചെയ്തത്. അതുകൊണ്ടുതന്നെ പത്താം പദ്ധതിയുടെ ലക്ഷ്യസാക്ഷാത്കാരം ഒമ്പതാം പദ്ധതിയിലേതിനെ അപേക്ഷിച്ച് പിന്നോക്കം പോയി. മാത്രമല്ല, ജനങ്ങളുടെ സജീവ പങ്കാളിത്തം ജനകീയാസൂത്രണത്തിന് ഉറപ്പിക്കുക എന്നത് ഈ തലതിരിഞ്ഞ ഇടപെടലിനു ശേഷം അത്ര എളുപ്പമൊന്നും കൈവരിക്കാനാകാത്ത ഒരു നടപടിയായി മാറി.

പഞ്ചവത്സര പദ്ധതി പ്രവർത്തനത്തിനു പ്രധാനമായി രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ഉൽപാദന–പശ്ചാത്തല സേവനമേഖലകളിൽ മൂലധന നിക്ഷേപം ചെയ്ത് കൂടുതൽ സമ്പത്ത് സമൂഹത്തിനായി സൃഷ്ടിക്കുക. അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. അതേ സമയം ദുർബല ജനവിഭാഗങ്ങൾക്ക് പല ആനുകൂല്യങ്ങളും നൽകി അവരുടെ ജീവിത പരിതഃസ്ഥിതി കാര്യമായി മെച്ചപ്പെടുത്തുക. എൽ.ഡി.എഫ് അധികാരത്തിൽ വരുമ്പോൾ ഈ രണ്ടു ലക്ഷ്യങ്ങളും സമന്വയിപ്പിച്ചാണ് നടപ്പാക്കാറുള്ളത്. ദുർബലർക്ക് പല പുതിയ ആനുകൂല്യങ്ങളും നൽകുന്നതും മിനിമം ആവശ്യങ്ങൾ എല്ലാവർക്കും ഉറപ്പാക്കുന്നതുമാണ് ആ വികസനതന്ത്രം. എന്നാൽ, യു.ഡി.എഫ് ചെയ്യാറുള്ളത് ദുർബലർക്കുള്ള സേവനം മരവിപ്പിച്ച് സമ്പന്നരുടെ വികസനം മെച്ചപ്പെടുത്തുകയാണ്. ദരിദ്ര ജനവിഭാഗങ്ങൾക്ക് വീട്, കുടിവെള്ളം, വിദ്യാഭ്യാസം ആരോഗ്യരക്ഷ മുതലായ മിനിമം ജീവിതാവശ്യങ്ങളെ മരീചികയായി മാറ്റാനാണ് ഇത് ഇടയാക്കുന്നത്. ഇത്തരമൊരു സമീപനം അധികാരവികേന്ദ്രീകരണം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അവകാ



പഞ്ചവത്സര പദ്ധതി പ്രവർത്തനത്തിനു പ്രധാനമായി
രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ഉൽപാദന–പശ്ചാത്തല സേവനമേഖലകളിൽ
മൂലധന നിക്ഷേപം ചെയ്ത് കൂടുതൽ സമ്പത്ത്
സമൂഹത്തിനായി സൃഷ്ടിക്കുക.
അതുവഴി തൊഴിലവസങ്ങൾ സൃഷ്ടിക്കുക.
അതേ സമയം ദുർബല ജനവിഭാഗങ്ങൾക്ക്
പല ആനുകൂല്യങ്ങളും നൽകി
അവരുടെ ജീവിത പരിതഃസ്ഥിതി കാര്യമായി
മെച്ചപ്പെടുത്തുക.

ശത്തെ, നിരർത്ഥകമാക്കുന്നു. കേരളത്തിൽ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയാണിത്.

കേന്ദ്രഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനഗവൺമെന്റ് നൽകുന്നതിനേക്കാൾ കൂടുതൽ പണം നൽകുന്നുണ്ട് ഇപ്പോൾ. സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചോ അവയുടെ കൂടി അഭിപ്രായം കണക്കിലെടുത്തോ അല്ല ഇത്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ചില ഉപാധികൾ വെച്ചാണ്. വികസനത്തിനായി കേന്ദ്രം പണം നൽകുന്നത്. കേന്ദ്രം നിശ്ചയിക്കുന്ന ആവശ്യങ്ങൾ, അവർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ഇവർ അനുസരിക്കണം. സംസ്ഥാന, പ്രാദേശിക ഗവൺമെന്റുകൾ അടങ്കലിന്റെ ഓരോ ഓഹരി സ്വയം വഹിക്കണം. എന്നാൽ മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. ഇങ്ങനെയുള്ള വികസന സഹായം വ്യത്യസ്ത വികസന നിലവാരങ്ങളിലുള്ള വിവിധ പ്രദേശങ്ങൾക്ക് ഒരുപോലെ പ്രയോജനം ചെയ്യില്ല. പ്രയോജനം ചെയ്യണമെങ്കിൽ അതത് മേഖലയിൽ ചെലവഴിക്കണമെന്ന ഏക നിബന്ധനയോടെ സ്വന്തം മുൻഗണന അനുസരിച്ച് വിനിയോഗിക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കേന്ദ്രം പണം കൈമാറുന്നതായിരിക്കും നല്ലത്. കേന്ദ്രം മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് വടക്കൻ സംസ്ഥാനങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ്. വികസനത്തിൽ മുന്നിട്ടു നിൽക്കുന്ന കേരളത്തിന് ഇത് പ്രയാസമുണ്ടാക്കുന്നു. ഇത്തരം അപ്രായോഗികവ്യവസ്ഥകൾ മാറിയാൽ മാത്രമേ കേരളത്തിൽ അധികാരവികേന്ദ്രീകരണം ശക്തിയാർജ്ജിക്കുകയുള്ളൂ.

കേന്ദ്രം സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ തുക തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇപ്പോൾ നൽകുന്നുണ്ട്. വിവിധ ഇനങ്ങൾക്കായാണ് അത് നൽകുന്നത്. അത് നല്ല കാര്യം തന്നെ. പക്ഷെ ആ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനോ അവ ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നതിനോ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനോ കേന്ദ്രം സഹായം നൽകുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിനു ആളുകളില്ല. ഇത് വിഭവ വിനിയോഗത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നു. ഇത്തരം പദ്ധതികളും അതിനാവശ്യമായ വിഭവവും ഗവൺമെന്റിതര സംഘടനകളെ (എൻ.ജി.ഒ) ഏൽപ്പിക്കാനാണ് കേന്ദ്രം നിർദ്ദേശിക്കുന്നത്. എൻ.ജി.ഒ.കളായി ചിലേടങ്ങളിൽ രംഗപ്രവേശം ചെയ്യുന്നത് റിലയൻസിനെ പോലുള്ള കുത്തകകളാണ്. പ്രത്യക്ഷമായിട്ടാകാം, അല്ലെങ്കിൽ പരോക്ഷമായി.

കേരളത്തിൽ പ്രാദേശിക ഗവൺമെന്റുകൾ ചെയ്യുന്ന പലകാര്യങ്ങളും പല സംസ്ഥാനങ്ങളിലും ഇത്തരം ഏജൻസികളെയാണ് ഏൽപിക്കുന്നത്. അവയിൽ ചിലവയ്ക്കു നല്ല നിർവഹണ കഴിവുണ്ടാകാം. അത് കുറവായ പ്രാദേശിക ഗവൺമെന്റുകൾ നൽകുന്ന സേവനത്തേക്കാൾ മെച്ചപ്പെട്ടതായിരിക്കും അവ നൽകുന്നത്. കേന്ദ്ര സർക്കാരിനു ഒരു വിധത്തിൽ തൃപ്തി അടയുകയും ചെയ്യാം. എന്നാൽ, ജനങ്ങളുടെ, വിശേഷിച്ച് ദുർബല ജനവിഭാഗങ്ങളുടെ ആഗ്രഹങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനു അവയ്ക്കു എത്രമാത്രം കഴിയും എന്ന പ്രധാന പ്രശ്നത്തെ കേന്ദ്രഗവൺമെന്റ് അവഗണിക്കുകയാണ്. എന്തിനാണോ 73, 74 ഭരണഘടനാഭേദഗതികൾ ചെയ്തത്, അതിന്റെ ലക്ഷ്യത്തെ തന്നെ നിഷേധിക്കുന്നതാണ് ഇത്തരം നടപടികൾ.

മേൽ വിവരിച്ച പലതരം നടപടികളും സമീപനങ്ങളും കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നു. അവയുടെ സാരാംശം, അധികാരവികേന്ദ്രീകരണത്തിന്റെ സത്തയെ, കേന്ദ്ര–സംസ്ഥാന സർക്കാരുകളെ പൊതുവിൽ നയിക്കുന്ന മുതലാളിത്തവർഗതൽപരരും ഉദ്യോഗസ്ഥ മേധാവിത്വവും സ്വകാര്യതാൽപര്യങ്ങളും കൂടി ഇല്ലായ്മചെയ്യുന്നു എന്നതാണ്. ഇതാണ് അധികാരവികേന്ദ്രീകരണം, അതിന്റെ ചാലക ശക്തിയായ ജനാധിപത്യം, ഇന്ത്യയിൽ നേരിടുന്ന പ്രധാന വെല്ലുവിളി. ആഗോളവൽക്കരണം ഈ വെല്ലുവിളിയുടെ ആക്കം കൂട്ടുന്നു. അതിനെതിരെ കേവല വിമർശനം ഉന്നയിച്ചതുകൊണ്ടായില്ല. അധികാരവികേന്ദ്രീകരണത്തിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെയും ആനുകൂല്യങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിയണം അത്തരത്തിൽ അതിനെ കാര്യക്ഷമമാക്കണം. ഈ വെല്ലുവിളി ജനാധിപത്യ പുരോഗമനവാദികൾ ഏറ്റെടുക്കേണ്ടതുണ്ട്.

*(ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡ് അംഗമാണ്)*



# പ്രാദേശിക സർക്കാരുകൾക്ക് അധികാരത്തോടൊപ്പം ധനവും

## ധനവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ അനുഭവങ്ങൾ



**എസ്.എം. വിജയാനന്ദ്** ഐ.എ.എസ്

വികേന്ദ്രീകൃതാസൂത്രണത്തിൽ കേരളം കൈവരിച്ച നേട്ടങ്ങളും മുന്നേറ്റവും ദേശീയ തലത്തിൽ അംഗീകാരം നേടുകയും പരക്കെ ചർച്ച ചെയ്യപ്പെടുകയും ചെയ്തു വരുന്നു. അധികാര വികേന്ദ്രീകരണം പ്രദാനം ചെയ്ത അവസരങ്ങളും സമ്പത്തും ഉപയോഗിച്ച് സൃഷ്ടിച്ച പദ്ധതികളും നടത്തിയ പരീക്ഷങ്ങളും അനുകരണീയ മാതൃകക ളായി കേന്ദ്രസർക്കാരും ഇതര സംസ്ഥാനങ്ങളും സ്വീകരിച്ചു കഴിഞ്ഞു. അതിനൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് മുഖ്യ കാരണമായ ധനവികേന്ദ്രീകരണ ത്തിൽ കേരളം നടത്തിയ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ. അതാണ് ശരിക്കും അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ നാം സൃഷ്ടിച്ച മികച്ച അനുകരണീയ മാതൃക.

### നേട്ടങ്ങളുടെ ചരിത്രം

പ്രാദേശിക സർക്കാരുകൾക്ക് സമ്പത്ത് കൈമാറുന്നതിനുള്ള പരിശ്രമങ്ങൾ സജീവമായി നടക്കുന്ന ഈ സന്ദർഭത്തിൽ, കേരളം ഇക്കാര്യത്തിൽ ഇതിനകം കൈവരിച്ച ചരിത്രനേട്ടങ്ങൾ തിരിഞ്ഞു നോക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു.

1. എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിക്കും വളരെ മുമ്പ് തന്നെ ഗ്രാമ പഞ്ചായത്തുകൾക്ക് ഗണ്യമായ തോതിൽ തനതു വരുമാനം ആർജ്ജിക്കുന്നതിനുള്ള അവസരങ്ങൾ കേരളത്തിൽ ഏർപ്പെടുത്തുകയുണ്ടായി. കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവ നിർണ്ണയിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തിന് നൽകിയിരുന്നു. അതിനുള്ള നിരക്കുകൾ സംസ്ഥാന സർക്കാർ അതതു സമയം നിശ്ചയിച്ച് നൽകുകയും ചെയ്തു. കെട്ടിട നികുതിയുടെ കാര്യത്തിൽ ഏറ്റവും കുറഞ്ഞ നികുതിയും കൂടിയ നികുതിയും നിർണ്ണയിക്കുകയാണ് ചെയ്തത്. നികുതി മുഴുവനായി പിരിച്ചെടുക്കുന്ന ജീവനക്കാർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകിയിരുന്നതിനാൽ നികുതി ശേഖരണം വളരെ കാര്യക്ഷമമായി തന്നെ നടന്നിരുന്നു. തനതു വരുമാനം വികസിപ്പിച്ചെടുക്കുന്ന ഒരു സംസ്കാരം തന്നെ ഗ്രാമ പഞ്ചായത്തുകൾ രൂപപ്പെടുത്തിയെടുത്തു.
2. സംസ്ഥാന സർക്കാരിൽ നിന്ന് പ്രാദേശിക സർക്കാരുകളിലേയ്ക്ക് പണം കൈമാറിയിരുന്നതും വളരെ വ്യവസ്ഥാപിതമായ രീതിയിലായിരുന്നു. അടിസ്ഥാന നികുതി (ഭൂനികുതി)യും സ്റ്റാമ്പ് ഡ്യൂട്ടിയിന്മേലുള്ള സർചാർജ്ജുകളും മുഴുവനായി തന്നെ പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയിരുന്നു. അതിനു പുറമെ വാഹന നികുതിയിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ 20 ശതമാനം റോഡുകളുടെ നീളത്തെ അടിസ്ഥാനമാക്കി പ്രാദേശിക സർക്കാരുകൾക്ക് നൽകി വന്നു.



**പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ചർച്ചകൾ നടന്നുവരുന്ന ഈ ഘട്ടത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള ധനവികേന്ദ്രീകരണ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പങ്ക് അടിയന്തരമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. ഭരണഘടനാപരമായ ബാധ്യത എന്ന നിലയിൽ കേന്ദ്ര ധനകാര്യ കമ്മീഷനും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടുതൽ പൊതുചെലവുകൾ പ്രാദേശിക സർക്കാരുകൾ വഴി നിർവഹിക്കുന്നതിനും കൂടുതൽ ധനവികേന്ദ്രീകരണത്തിന് സംസ്ഥാന സർക്കാരുകളെ പ്രേരിപ്പിക്കുന്നതിനും ഊന്നൽ നൽകണം.**

3. ഇതിനു പുറമെ ജലവിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ, ഭരണചെലവുകൾ, ലവൽ ക്രോസിംഗ് തുടങ്ങി പതിനേഴ് നിശ്ചിത ആവശ്യങ്ങൾക്കായി ഗ്രാന്റ് നല്കുന്ന സംവിധാനവും നിലവിലുണ്ടായിരുന്നു.
4. ഇന്ത്യയിൽ മുനിസിപ്പൽ ബോണ്ട് പുറത്തിറക്കുന്ന ആദ്യത്തെ പ്രാദേശിക സർക്കാർ എന്ന ബഹുമതി 1969 -ൽ നേടിയെടുത്തത് കേരളത്തിലെ കോഴിക്കോട് ആണെന്ന കാര്യം വളരെ കുറച്ചു പേർക്ക് മാത്രമേ അറിയൂ. ഇക്കാര്യത്തിൽ കീഴ്‌വഴക്കമോ നിശ്ചിതമായ നടപടിക്രമങ്ങളോ ഇല്ലാതിരുന്ന സാഹചര്യത്തിൽ അന്നത്തെ കോഴിക്കോട് മേയറും കമ്മീഷണറും ഇന്ത്യൻ ധനകാര്യ മന്ത്രിയായിരുന്ന മൊറാർജി ദേശായിയെ നേരിൽ കണ്ട് തങ്ങളുടെ പദ്ധതി അവതരിപ്പി ക്കുകയായിരുന്നു. അതിന്റെ ലക്ഷ്യവും സാധ്യതകളും മനസ്സിലാക്കി ധനകാര്യ മന്ത്രി കീഴ്‌വഴക്കങ്ങൾ കണക്കിലെടുക്കാതെ അനുമതി നൽകുകയും ചെയ്തു. അങ്ങനെ പൊതുജനങ്ങളിൽ നിന്ന് നഗരസഭ 30,00,000 രൂപ പിരിച്ചെടുത്തു; കാര്യക്ഷമമായി വിനിയോഗിച്ചു; കൃത്യമായി തിരിച്ചടയ്ക്കു കയും ചെയ്തു.
5. വാണിജ്യപരമായി പ്രയോഗ സാധ്യതകളുള്ള പ്രോജക്ടുകൾക്ക് പണം കണ്ടെത്താൻ ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്നതിന് കമ്പോളത്തിൽ നിന്ന് ധനം സ്വരൂപിക്കുന്നതിനായി രാജ്യത്ത് ആദ്യമായി ഒരു ഗ്രാമവികസന ബോർഡിന് രൂപം നൽകിയ സംസ്ഥാനവും കേരളമാണ്. ഇതിനായി 1971-ൽ ദി റൂറൽ ഡെവലപ്പ്മെന്റ് റോഡ് ആക്ട് സംസ്ഥാനം പാസ്സാക്കി. (ആനുഷംഗികമായി പറയട്ടേ നഗര പ്രദേശങ്ങളുടെ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ഒരു അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രാജ്യത്ത് ആദ്യമായി സ്ഥാപിച്ചതും കേരളമാണ്-1970 ജനുവരി 24ന്)
6. പ്രാദേശിക വികസനത്തിന് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ അനിവാര്യമാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് 1963-ൽ കേരളം 'ലോക്കൽ അതോറിറ്റീസ് ആക്ട്' പാസ്സാക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകൾക്ക് പണം കടമെടുക്കുന്നതിനുള്ള നിയമപരമായ ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നതാണ് ഈ ആക്ട്.
7. സാമ്പത്തിക ഉത്തരവാദിത്തം (Fiscal responsibility)എന്ന പ്രയോഗം നിലവിൽ വരുന്നതിനും വളരെ മുൻപ് തന്നെ സംസ്ഥാന സർക്കാർ ഒരു കാര്യം ഉറപ്പാക്കിയിരുന്നു. 5 ശതമാനം മിച്ചം കാണിക്കുന്ന ബജറ്റ് മാത്രമേ തദ്ദേശ ഭരണസ്ഥാപനത്തിന് പാസ്സാക്കാനാകൂ.
8. പ്രാദേശിക സർക്കാരുകളുടെ ശരിയായ വികസനത്തിന് നഗര-ഗ്രാമ വിഭജനം പ്രതികൂല ഘടകമാകുമെന്ന് തുടക്കത്തിൽ തന്നെ കേരളം തിരിച്ചറിയുകയും തദ്ദേശഭരണത്തിന് ഒരു പൊതുമന്ത്രാലയം രൂപവൽക്കരിക്കുകയും ചെയ്തു. (ഇപ്പോഴത് തദ്ദേശ സ്വയംഭരണവകുപ്പാണ്) നഗര-ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുവായുള്ള ഈ ഭരണ സംവിധാനം കേരളത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടു ത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു.

### സമീപകാല പരിശ്രമങ്ങൾ

ഭരണഘടനാ ഭേദഗതി നിലവിൽ വന്നശേഷം ഗ്രാമ, നഗര, തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് കേരളം ഒരു മുൻഗണനാ സമീപനം തന്നെ സ്വീകരിക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണം മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള ആദ്യപടിയായി സംസ്ഥാനം തിരഞ്ഞെടുത്തത് പങ്കാളിത്ത ആസൂത്രണവും പങ്കാളിത്ത ബജറ്റിംഗുമായിരുന്നു. ജനങ്ങളുടെ ആവശ്യങ്ങളും അവയുടെ മുൻഗണനകളും പ്രതിഫലിക്കുന്ന രീതിയിൽ പ്രാദേശിക സമൂഹങ്ങളുടെയും വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയവർ, സാമൂഹിക പ്രവർത്തകർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെയും പങ്കാളിത്തത്തോടെ വികസന പദ്ധതികൾക്ക് രൂപം നല്കി. വികസന പ്രക്രിയയിൽ പങ്കാളിത്തത്തിന് പുറമെ സന്ദർഭോചിതമായ ഇടപെടൽ നടത്തുന്നതിനും പൗരന്മാർക്ക് അവസരം അനുവദിച്ചു.വിഭവങ്ങളുടെ വിഭജനം നിശ്ചയിക്കുന്നതിലും വിനിയോഗം നിരീക്ഷിക്കുന്നതിലും വരവ് ചെലവുകൾ പരിശോധിക്കുന്നതിലും സാധാരണ ജനങ്ങൾക്കുള്ള അധികാരം വ്യക്തമായി നിർവചിച്ചു കൊണ്ട് ധനവികേന്ദ്രീകരണം അർത്ഥപൂർണ്ണവും ക്രമപ്രവൃദ്ധവുമാക്കാൻ സംസ്ഥാനത്തിന് സാധിച്ചു.

**പ്രാദേശിക സർക്കാരുകളുടെ നികുതി മേഖലകൾ നിർണയിക്കുക എന്നതാണ് ധനവികേന്ദ്രീകരണത്തിൽ ഇന്നു നേരിടുന്ന ഒരു പ്രധാന പ്രശ്നം. നികുതി ഈടാക്കാവുന്ന പ്രധാന മേഖലകൾ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. മറ്റുള്ളവ സംസ്ഥാന സർക്കാരിന്റെ അധീനതയിലും. ഏറ്റവും ശുഷ്ക്കമായ മേഖലകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ളത്.**

## ധനവികേന്ദ്രീകരണം

മൂന്ന് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കുകയും അവയുടെ ശുപാർശകളെല്ലാം തന്നെ അതേപടി സ്വീകരിക്കുകയും ചെയ്ത ഏകസംസ്ഥാനം കേരളമാണ്. ഓരോ ധനകാര്യ കമ്മീഷനും അധികാരവികേന്ദ്രീകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവുകൾക്ക് പാതയൊരുക്കി. ആദ്യത്തെ ധനകാര്യ കമ്മീഷൻ പതിനേഴ് ചെറിയ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ സംയോജിപ്പിച്ച് വിപുലമായ ഒരു ജനറൽ പർപ്പസ് ഗ്രാന്റിന് രൂപം നല്കി. അതുപോലെ സംസ്ഥാന നികുതിയുടെ വീഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് കൃത്യമായ വ്യവസ്ഥകൾ നിർണയിച്ചുകൊണ്ട് വിവേചനാധികാരം അസാധ്യമാക്കി. രണ്ടാം ധനകാര്യ കമ്മീഷനാകട്ടെ അതിൽ നിന്ന് ഒരു പടി കൂടി മുന്നോട്ടു പോയി. സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനത്തിൽ നിന്ന് 3.5 ശതമാനം ജനറൽ പർപ്പസ് ഗ്രാന്റായും 5.5 ശതമാനം മെയിന്റനൻസ് ഗ്രാന്റായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത ഗ്രാന്റ് അനുവദിക്കുന്നതിന് നിർദ്ദേശം നല്കി. രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഗ്രാന്റിന് തുല്യമായ തുക ആദ്യ വർഷ ഗ്രാന്റായി നൽകുന്നതിനും അടുത്ത അഞ്ച് വർഷങ്ങളിൽ പ്രതിവർഷം അതിന്റെ 10 ശതമാനം വർദ്ധന ലഭ്യമാക്കുന്നതിനും ശുപാർശ ചെയ്യുന്നതായിരുന്നു മൂന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങൾ. അഞ്ചു വർഷ കാലയളവിൽ ഓരോ വർഷവും ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട് എന്നീ ഇനങ്ങളിൽ പ്രാദേശിക സർക്കാരുകൾക്ക് തുക അനുവദിക്കുന്നതിൽ ഏർപ്പെടുത്തിയ ഈ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആത്മവിശ്വാസവും പ്രത്യാശയും വർദ്ധിപ്പിച്ചു.

പ്രാദേശികമായി മുൻഗണന അർഹിക്കുന്ന പ്രവർത്തനങ്ങൾക്ക് വർദ്ധിച്ച തോതിൽ ഉപാധിരഹിത ഫണ്ടുകൾ അനുവദിക്കുന്നതിനും മുൻഗണനാ മേഖലകൾക്കായി പ്രാദേശിക ഫണ്ടുകൾ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനമാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ മികച്ച നേട്ടങ്ങളിൽ പ്രധാനം. ഇത് ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയല്ല. മറിച്ച് ഒൻപതാം പദ്ധതിയുടെ തുടക്കത്തിൽ തന്നെ കൈകൊണ്ട നയപരമായ തീരുമാനമാണ്.

## ധനവികേന്ദ്രീകരണത്തിന്റെ മുഖ്യ സവിശേഷതകൾ

കേരളത്തിൽ നടന്ന ധനവികേന്ദ്രീകരണത്തിന്റെ മുഖ്യ സവിശേഷതകൾ ഇനി പറയുന്നവയാണ്.

### 1. സ്വന്തം വരുമാന സ്രോതസ്സുകൾ

ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി തുടങ്ങിയ സ്വന്തം വരുമാന സ്രോതസ്സുകളുള്ളത്. ജനങ്ങൾക്ക് ചില നിശ്ചിത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള വരുമാന സ്രോതസ്സുകൾ എന്ന നിലയിൽ ഒരു പുതിയ നികുതി – സേവന നികുതി കൂടി രണ്ടാം ധനകാര്യ കമ്മീഷൻ ഏർപ്പെടുത്തിയെങ്കിലും അത് ഇതു വരെ നടപ്പാക്കി തുടങ്ങിയിട്ടില്ല. കെട്ടിട വാടക, ലൈസൻസ് ഫീസ് തുടങ്ങിയ നികുതിയേതര വരുമാനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നുണ്ട്.

നികുതി, നികുതിയേതര വിഭാഗങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ പ്രതിശീർഷം ശരാശരി 100 രൂപ വീതം (ആകെ 200 രൂപ) ഓരോ ഗ്രാമപഞ്ചായത്തും ഇപ്പോൾ സ്വരൂപിക്കുന്നുണ്ട്. നികുതി നിർണയം, ശേഖരണം എന്നിവയിൽ കാര്യക്ഷമത ഉയർത്തുക വഴി ഈ വരുമാനം ഇരട്ടിയാക്കാൻ കഴിയുമെന്നാണ് വിദഗ്ദ്ധർ ചൂണ്ടികാട്ടുന്നത്. എങ്കിൽ പോലും ഇന്ത്യയിൽ ഈ ഇനങ്ങളിൽ ഏറ്റവും ഉയർന്ന വരുമാനം ആർജ്ജിക്കുന്ന പഞ്ചായത്തുകൾ കേരളത്തിലേതാണ്.

### 2. കൈമാറുന്ന തുക

ചെലവുകൾക്കനുസൃതമായി തുക ലഭ്യമാക്കുന്ന കാര്യത്തിലും കേരളം മുമ്പിൽ തന്നെയാണ്. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നീ മൂന്നിനങ്ങളിലായി ത്രിതല പഞ്ചായത്തുകൾക്ക് 2007–08 ൽ ലഭിച്ചത് 1893.41 കോടി രൂപയാണ്.

### 3. ഗുണനിലവാരം

ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയുമായി ബന്ധിപ്പിക്കാതെ പൂർണമായും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് ഫണ്ട് കൈമാറുന്നത്.

ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഏതാണ്ട് പൂർണമായും പ്രാദേശിക സർക്കാരുകളുടെ മുൻഗണനകൾക്ക് അനുസരിച്ച് സ്വതന്ത്രമായി ഉപയോഗിക്കുന്നതിന് സാധിക്കും വിധമാണ് സംവിധാനം ചെയ്തിരിക്കുന്നത്. വികസന ഫണ്ടിന്റെ കാര്യത്തിലും പരിമിതമായ തോതിലുള്ള നിയന്ത്രണങ്ങൾ മാത്രമേ നിലവിലുള്ളു. ചെലവിന്റെ 40 ശതമാനം ഉല്പാദന മേഖലയിലായിരിക്കണമെന്നും അടിസ്ഥാന സൗകര്യ വികസനത്തിന് 20 ശതമാനത്തിലധികം ചെലവഴിക്കരുതെന്നും സ്ത്രീകളുടെ ക്ഷേമത്തിനായി കുറഞ്ഞത് 10 ശതമാനവും കുട്ടികൾ, വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി 5 ശതമാനവും ചെലവഴിക്കണമെന്ന വിശാലമായ ഒരു ചട്ടക്കൂടു മാത്രമേ നിലവിലുള്ളു.

### 4. സുതാര്യത

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നത് സുതാര്യമായ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് എന്നതത്രെ കേരളത്തിലെ ധനവികേന്ദ്രീകരണത്തിന്റെ മറ്റൊരു പ്രത്യേകത. വികസന ഫണ്ടിന്റെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം പട്ടിക I ൽ ചേർക്കുന്നു.



**പട്ടിക I**

| | സൂചകങ്ങൾ | വെയിറ്റേജ് (ശതമാനം) | | |
|---|---|---|---|---|
| ക്രമ നമ്പർ | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| 1 | ജനസംഖ്യ (പട്ടികജാതി/ പട്ടികവർഗ്ഗം ഒഴികെ) | 60 | 60 | 50 |
| 2 | പട്ടികവർഗത്തിൽപ്പെട്ടവരുടെ ജനസംഖ്യ | 5 | 5 | 5 |
| 3 | വനം ഒഴികെയുള്ള ഭൂമി ശാസ്ത്രപരമായ ഘടകങ്ങൾ | 5 | 10 | 15 |
| 4 | നെൽപ്പാടങ്ങൾ | 5 | – | – |
| 5 | ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം | 10 | – | – |
| 6 | കർഷക തൊഴിലാളികൾ, കാലിവളർത്തൽ, ഫിഷറീസ് മേഖലകളിൽ പ്രവൃത്തിയെടുക്കുന്നവർ, നാമമാത്ര തൊഴിലാളികൾ തുടങ്ങിയവരുടെ ബാഹുല്യം | 15 | 25 | 20 |
| 7 | പിന്നോക്കാവസ്ഥ, കക്കൂസില്ലാത്ത വീടുകൾ, വൈദ്യുതിയില്ലാത്ത വീടുകൾ എന്നിവയുടെ എണ്ണം | – | – | 10 |
| | **ആകെ** | **100** | **100** | **100** |

മെയിന്റനൻസ് ഫണ്ടിനും ഒരു ഇടക്കാല സംവിധാനം എന്ന നിലയിൽ അതേ ഫോർമുല തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രാദേശിക സർക്കാരുകളുടെ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്ന പ്രക്രിയ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. അതു നിർണയിച്ചു കഴിയുന്നതോടെ ആസ്തികൾക്കനുസൃതമായ തോതിൽ മെയിന്റനൻസ് ഫണ്ട് കൈമാറുന്നതിന് കഴിയും. ജനറൽ പർപ്പസ് ഫണ്ടും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് നൽകി വരുന്നത്.

ഇങ്ങനെ രാഷ്ട്രീയ പരിഗണനകളോ പ്രാദേശിക വിവേചനങ്ങളോ ഇല്ലാതെ വിലപേശൽ തന്ത്രങ്ങൾക്കു വഴങ്ങാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹിക്കുന്ന ധനവിഹിതം ലക്ഷ്യമാക്കുന്നതിനുള്ള സംവിധാനം ഇന്ന് കേരളത്തിൽ നിലവിലുണ്ട്. കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തിനിടയിൽ ഇങ്ങനെയൊരു നേട്ടം രാജ്യത്ത് മറ്റൊരു സംസ്ഥാനത്തിനും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് നിസ്സംശയം പറയാനാകും.

### 5. മാന്യമായ സമീപനം

ധന വികേന്ദ്രീകരണത്തിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് മാത്രമല്ല, എല്ലാ പ്രാദേശിക സർക്കാരുകൾക്കും തുല്യമായ പരിഗണന ലഭിക്കുന്നു എന്നു കൂടി ഉറപ്പാക്കുന്നതാണ് മേൽ സൂചിപ്പിച്ച വെയിറ്റേജ് സംവിധാനം വഴി നാം ചെയ്തിരിക്കുന്നത്.

### 6. മുൻകൂട്ടി ഉറപ്പു വരുത്തൽ

ധനവിഹിതം മുൻകൂട്ടി ഉറപ്പു വരുത്തുന്നതിന് 2006–07 മുതൽ 5 വർഷം മൂന്ന് ഇനങ്ങളിലുമായി ഓരോ പ്രാദേശിക സർക്കാരിനും ലഭിക്കുന്ന വിഹിതം മുൻകൂട്ടി പ്രഖ്യാപിച്ചിട്ടുണ്ട്.

### 7 സുനിശ്ചിതത്വം

പ്രാദേശിക സർക്കാരുകൾക്ക് മാറ്റി വച്ച തുക സംബന്ധിച്ച സുനിശ്ചിതത്വം വ്യക്തമാക്കുന്നതിനായി സംസ്ഥാന ബജറ്റിനൊപ്പം മൂന്നിനങ്ങളിലും പ്രാദേശിക സർക്കാരുകളുടെ വിഹിതം വ്യക്തമാക്കുന്ന ഒരു പ്രത്യേക ബജറ്റ് രേഖയും അവതരിപ്പിക്കാറുണ്ട്. വകമാറ്റി ചെലവു ചെയ്യുന്നതും ഭേദഗതി വരുത്തു ന്നതും തടയുന്നതിനായി നിശ്ചിത അക്കൗണ്ട് ഹെഡും നിർണയിച്ചിട്ടുണ്ട്.

### 8. സുഗമമായ കൈമാറ്റം

ഓരോ മാസത്തിന്റെയും ആദ്യം തന്നെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള വിഹിതം ട്രഷറിയിൽ അതതു സ്ഥാപനത്തിന്റെ അക്കൗണ്ടിലേ യ്ക്ക് മാറ്റുന്നു. വികസന ഫണ്ട് പത്തു തുല്യ ഗഡുക്കളായും മെയിന്റനൻസ്, ജനറൽ ഫണ്ടുകൾ പന്ത്രണ്ടു തുല്യ ഗഡുക്കളായുമാണ് കൈമാറുന്നത്.

പണം ട്രഷറിയിൽ തന്നെ നിക്ഷേപിക്കുന്നതിനാൽ സർക്കാരിന്റെ കൃത്യമായ മേൽനോട്ടം അതിനുണ്ടാവുന്നു. അതേ സമയം സഞ്ചിത നിധിയിൽ നിന്ന് ആ തുക ലോക്കൽ ഗവൺമെന്റ് ഫണ്ടിലേയ്ക്ക് മാറ്റുന്നതിനാൽ പ്രാദേശിക സർക്കാരുകൾക്ക് തുക കിട്ടാതെ വരികയുമില്ല. ജനറൽ പർപ്പസ് ഫണ്ട് സാമ്പത്തിക വർഷത്തിന്റെ അവസാനം ചെലവഴിച്ചില്ലെങ്കിൽ നഷ്ടമാകുന്നതല്ല. മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട് എന്നിവയിൽ 80 ശതമാനമെങ്കിലും ചെലവഴിക്കണമെന്നാണ് നിബന്ധന. അതിനു കഴിഞ്ഞില്ലെങ്കിൽ അടുത്ത വർഷത്തെ വിഹിതത്തിൽ അത്രയും തുക കുറയും.

### 9. അക്കൗണ്ടബിലിറ്റി

വൻതോതിലുള്ള ധനകൈമാറ്റം നടപ്പിലായതോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയും ഉത്തരവാദിത്വവും ഏറെ വർദ്ധിച്ചു. ആ ഉത്തരവാദിത്വം കൃത്യമായി നിറവേറ്റുന്നു എന്ന് ഉറപ്പു വരുത്താൻ മൂന്നു സംവിധാനങ്ങൾ (Accountability Mechanisms) ഇന്ന് നിലവിലുണ്ട്.

#### (i) വിവരങ്ങൾ അറിയുന്നതിനുള്ള അവകാശം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതു രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ അറിയുന്നതിനുമുള്ള അവകാശം 1999 മുതൽ നിലവിലുണ്ട്. ആരോഗ്യ സംബന്ധമായ രേഖകളും കരാറുകൾ അംഗീകരിക്കുന്നതിനു മുമ്പുള്ള രേഖകളും ഒഴികെ എല്ലാ രേഖകളും പൊതുജനങ്ങളുടെ അറിവിനും പരിശോധനയ്ക്കും ലഭ്യമാണ്.

#### (ii)സോഷ്യൽ ഓഡിറ്റ്

വരവ് ചെലവ് കണക്കുകൾ അച്ചടിച്ച് ഗ്രാമസഭയിൽ സോഷ്യൽ ഓഡിറ്റിനായി അവതരിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

#### (iii) പ്രാദേശിക വികസന പദ്ധതികൾ

സുതാര്യമായും പൗരപങ്കാളിത്തത്തോടെയും തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്നു.

*ആവശ്യങ്ങൾ തിരിച്ചറിയൽ*

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും വാർഡ് അടിസ്ഥാനത്തിൽ ഗ്രാമസഭകളിലൂടെ കണ്ടെത്തുന്നു. പരമാവധി ജനങ്ങളെ ഈ പ്രക്രിയയിൽ പങ്കാളിയാക്കാൻ ശ്രമിക്കുന്നു. ഗ്രാമജനസംഖ്യയുടെ 10 മുതൽ 12 വരെ ശതമാനം പങ്കാളിത്തം ഈ ഗ്രാമസഭാ യോഗങ്ങളിൽ ഉണ്ടാകുന്നുവെന്നാണ് രേഖകൾ വെളിപ്പെടുത്തുന്നത്. അതത് പ്രദേശങ്ങളുടെ വികസന പ്രശ്നങ്ങൾ വിശദമായും സമഗ്രമായും യോഗങ്ങളിൽ ചർച്ച ചെയ്യുന്നു.ഗ്രാമസഭയുടെ അദ്ധ്യ

**ജനങ്ങളുമായി നിരന്തര സമ്പർക്കമുള്ളതിനാൽ യൂസർചാർജ് അടക്കമുള്ള നികുതികൾ പിരിച്ചെടുക്കാൻ ഏറ്റവും അനുയോജ്യമായ ഏജൻസി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തന്നെയാണ്. സേവനത്തിന്റെ ഗുണനിലവാരം, സാമൂഹിക നീതി എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗം ജനങ്ങളുമായി വിപുലമായ ചർച്ചകൾ നടത്തി ഇക്കാര്യത്തിൽ സമവായത്തിലെത്തേണ്ടത് അനിവാര്യമാണ്. അതില്ലാതെ യാന്ത്രികമായി ഏർപ്പെടുത്തുന്ന നികുതികളും മറ്റും പാവപ്പെട്ടവർക്ക് സേവനം നിഷേധിക്കുന്നതിന് ഇടയാക്കിയേക്കും.**

ക്ഷൻ വാർഡ് മെമ്പറും കോർഡിനേറ്റർ ഒരു ഉദ്യോഗസ്ഥനുമായിക്കും. യോഗ നടപടി ക്രമങ്ങളും തീരുമാനങ്ങളും രേഖപ്പെ ടുത്തി ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുന്നു.

*സാഹചര്യവിശകലനം*

ആദ്യത്തെ പ്രത്യേക ഗ്രാമസഭാ യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെയും അതു സംബന്ധിച്ച് ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെയും അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും സമഗ്രമായ വികസന രേഖ തയ്യാറാക്കുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയിലെയും പ്രശ്നങ്ങൾ വിശകലനം ചെയ്ത് തുടർന്നുള്ള വികസന സാദ്ധ്യതകൾ റിപ്പോർട്ടിൽ അവതരിപ്പിക്കുന്നു. ഒരു പദ്ധതി കാലയളവിൽ ഒറ്റത്തവണ മാത്രം നടക്കുന്ന പ്രക്രിയയാണിത്. ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഈ റിപ്പോർട്ട് പരിഷ്ക്കരിക്കുന്നു

*തന്ത്രാവിഷ്ക്കരണം*

ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെയും വികസന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിവിധ വികസന മേഖലകളിലെ വിദഗ്ദ്ധർ, ജനപ്രതിനിധികൾ, ഗ്രാമസഭാ പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഏകദിന സെമിനാർ നടത്തുന്നു. ഒരു വർഷത്തേക്ക് വികസന പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നൽകേണ്ട മുൻഗണനകൾ, പൊതുതന്ത്രങ്ങൾ എന്നിവ സെമിനാറിലൂടെ ഉരുത്തിരിയുന്നു.

*പ്രോജക്ട് തയ്യാറാക്കൽ*

മേൽപ്പറഞ്ഞ മൂന്നു ഘട്ടങ്ങളിലൂടെയും ഉയർന്നു വന്ന ആശയങ്ങളെ പ്രാദേശികസർക്കാർ തലത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് രൂപത്തിലാക്കുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും വിവിധ വികസന മേഖലകളിലായി 8 മുതൽ 12 വരെ വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടായിരിക്കും. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും ചെയർമാൻ ഒരു ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമായിരിക്കും. അതതു മേഖലകളിലെ വിദഗ്ദ്ധരായ അനുദ്യോഗസ്ഥരിലൊരാളായിരിക്കും സാധാരണ നിലയിൽ വർക്കിംഗ് ഗ്രൂപ്പ് വൈസ്ചെയർമാൻ. സാമൂഹിക പ്രവർത്തകർ, വിദഗ്ദ്ധർ, അക്കാദമിക മേഖലയിലുള്ളവർ, വികസന പദ്ധതി പങ്കാളികൾ തുടങ്ങിയ വർ അംഗങ്ങളായിരിക്കും. നിശ്ചിത ഫോർമാറ്റിൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ, ധനവിശകലനം, നടപ്പാക്കുന്ന രീതി, നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.

*പദ്ധതിക്ക് അന്തിമരൂപം നൽകൽ*

ഓരോ മേഖലയ്ക്കും വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രക്രിയയിലൂടെ രൂപം നല്കിയ പ്രോജക്ടുകൾ തിരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് അതിന്റെ വാർഷിക പദ്ധതിക്ക് അന്തിമരൂപം നല്കുന്നു. ഈ പദ്ധതി വിവിധ വിഭാഗം വിദഗ്ദ്ധരുൾപ്പെട്ട സാങ്കേതിക ഉപദേശക ഗ്രൂപ്പ് വഴി ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് (DPC) സമർപ്പിക്കുന്നു.

മേഖലാ പരിധിക്കുള്ളിൽ ലഭ്യമായ വിഭവങ്ങളുപയോഗപ്പെടുത്തി ഏതു പ്രോജക്ടും ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന് സ്വാതന്ത്ര്യമുണ്ട്.

*പദ്ധതി പരിശോധന*


ബ്ലോക്ക്/ജില്ലാ തലത്തിൽ ഔദ്യോഗിക - അനൗദ്യോഗിക വിദഗ്ദ്ധർ ഉൾപ്പെട്ട സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ ഓരോ പദ്ധതിയുടെയും സാങ്കേതിക വശങ്ങളും സർക്കാർ മാർഗ്ഗരേഖകൾ പാലിച്ചാണോ പദ്ധതി തയ്യാറാക്കിയിരിക്കുന്നത് എന്ന കാര്യവും പരിശോധിച്ച് റിപ്പോർട്ടോടെ ജില്ലാ ആസൂത്രണസമിതിക്ക് (DPC) കൈമാറുന്നു. പ്രോജക്ടുകളുടെ മുൻഗണന മാറ്റാൻ സാങ്കേതിക ഉപദേശകഗ്രൂപ്പിന് അധികാരമില്ല. വിശദീകരണങ്ങൾ ആവശ്യപ്പെടാൻ മാത്രമേ കഴിയൂ.

*പദ്ധതി അംഗീകാരം*

ഡി.പി.സിയുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നു. ഒരു പഞ്ചായത്ത് സമർപ്പിച്ച പ്രോജക്ടിന്റെ മുൻഗണനാ മാറ്റാൻ ഡി.പി.സിക്കു പോലും അധികാരമില്ലെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. സർക്കാരിന്റെ മാർഗരേഖകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ മാത്രമേ അധികാരമുള്ളൂ. ഡി.പി.സിയുടെ അംഗീകാരത്തിനുശേഷം ഓരോ പ്രോജക്ടിനും പഞ്ചായത്ത് ഭരണാനുമതി (Administrative approval) നൽകുന്നു. സാമ്പത്തിക വിഭവലഭ്യതക്കുള്ളിൽ നിന്നുകൊണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ പഞ്ചായത്തുകൾക്ക് അപരിമിതമായ അധികാരമാണുള്ളത്.

*(ശേഷം പേജ് 74-ൽ)*





**എം.വി. ബാലകൃഷ്ണൻ മാസ്റ്റർ**

# ജില്ലാ ആസൂത്രണ സമിതി

# പരിമിതികളും പ്രതീക്ഷകളും



അധികാരവികേന്ദ്രീകരണത്തിനു വേണ്ടിയുള്ള 73, 74 പഞ്ചായത്തീരാജ് നഗരപാലിക ഭരണഘടന ഭേദഗതികളിലെ സുപ്രധാന നാഴികകല്ലുകളാണ് ഗ്രാമസഭയും ജില്ലാ ആസൂത്രണ കമ്മിറ്റി രൂപീകരണവും. ഓരോ പൗരനും തന്റെ ആവശ്യങ്ങൾ ഉന്നയിക്കാനും വികസന കാര്യങ്ങളിൽ നേരിട്ടു പങ്കെടുക്കാനുമുള്ള ഭരണഘടനാപരമായ അധികാരമാണ് ഗ്രാമസഭയിൽ പങ്കെടുക്കുന്നതിലൂടെ ലഭിക്കുന്നത്. എന്നാൽ വികസന രംഗത്ത് ആസൂത്രണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഭരണഘടനപരിരക്ഷ ഉറപ്പാക്കിയെന്നതാണ് നഗരപാലിക ഭരണഘടന ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ ആസൂത്രണ കമ്മിറ്റികൾ, മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റികൾ, സംസ്ഥാന വികസന കൗൺസിൽ രൂപീകരണം എന്നിവ. ഇൻ ഡ്യൻ ഭരണഘടനയുടെ 243 അനുഛേദനമനുസരിച്ചാണ് ജില്ലാ ആസൂത്രണകമ്മിറ്റിയുള്ളത്.

വികേന്ദ്രീകരണം സ്ഥായിയാക്കുന്നതിൽ ജില്ല ആസൂത്രണ സമിതികൾ കേരളത്തിൽ വഹിച്ച പങ്ക് നിർണായകമാണ്. 1994 ലെ കേരള മുനിസിപ്പൽ നിയമത്തിലും 1999 ലെ ഭേദഗതികളിലുമായി ജില്ലാ ആസൂത്രണ സമിതികൾക്ക് വർദ്ധിച്ച പ്രാധാന്യമാണ് ലഭിച്ചിട്ടുള്ളത്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 53 പ്രകാരം സർക്കാർ ഓരോ ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനുമായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനും വേണ്ടി ജില്ലാതലത്തിൽ ഓരോ ജില്ലയ്ക്ക് പതിനഞ്ച് അംഗങ്ങളിൽ അധികരിക്കാതെയുള്ള ഒരു ആസൂത്രണ കമ്മിറ്റി രൂപീകരിക്കണമെന്ന് പ്രതിപാദിക്കുന്നു.

ജില്ലാ ആസൂത്രണ കമ്മിറ്റികൾ ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ സംയോജിപ്പിക്കേണ്ടതും ജില്ലയ്ക്ക് മുഴുവനുമായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കേണ്ടതും തദ്ദേശവികസനത്തിനും മേഖലാ വികസനത്തിനുമുള്ള നയം രൂപീകരിച്ച് ജില്ലാ പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതുമാണ്.

സോഷ്യൽ പ്ലാനിംഗ്, ജലത്തിന്റെയും മറ്റ് ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെയും പങ്കുവെയ്ക്കൽ, അടിസ്ഥാന സൗകര്യത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും സംയോജിത വികസനം, വിനിയോഗം, ധനവിഭവ സ്രോതസ്സുകളുടെ ലഭ്യത എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ജില്ലാ പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ട ഉത്തരവാദിത്വം

നിയമപ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. താഴെപറയുന്ന കാര്യങ്ങൾ ജില്ലാ വികസന പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കണം.

- ബന്ധപ്പെട്ട പഞ്ചായത്ത് നഗര പ്രദേശത്തെ ജനങ്ങളുടെ പൊതു താൽപ്പര്യം, ജലവും മണ്ണും ഉൾപ്പെടുന്ന പ്രകൃതി വിഭവ വിനിമയം.
- ഉദ്ഗ്രദിത വികസന ആസൂത്രണവും പരിസ്ഥിതി പരിരക്ഷയും
- ധനകാര്യ, ഭൗതിക, മാനുഷിക വിഭവങ്ങളുടെ ലഭ്യത.
- സ്ഥലമാനഘടകങ്ങൾ, ദീർഘകാല-ഹ്രസ്വകാല സാധ്യതകൾ

ആസൂത്രണ കാര്യസ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ ഇവയുടെ നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുത്ത് തയ്യാറാക്കുന്ന പദ്ധതിയാണ് ചെയർമാൻ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടത്. ഈ കാര്യങ്ങളെല്ലാം സംസ്ഥാന പദ്ധതി തയ്യാറാക്കുമ്പോൾ സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതാണ്. അംഗീകരിച്ച ജില്ലാ ആസൂത്രണ പദ്ധതികളുടെയും ജില്ലയെ സംബന്ധിക്കുന്ന സംസ്ഥാന പദ്ധതികളുടെയും നടത്തിപ്പിന്റെ അളവിലും ഗുണനിലവാരത്തിലുമുള്ള പുരോഗതിയേയും പ്രത്യേകിച്ച് അതിന്റെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ കൈവരിച്ചതിനേയും ജില്ലാ ആസൂത്രണ സമിതി മോണിറ്റർ ചെയ്യേണ്ടതും, പൂർത്തീകരിച്ച കർമ്മ പരിപാടികൾ കൃത്യമായി വിലയിരുത്തേണ്ടതുമാണെന്ന് നിയമം അനുശാസിക്കുന്നു. ഓരോ തദ്ദേശസ്ഥാപനവും ഒരു നിശ്ചിത കാലയളവ് മുന്നിൽ കണ്ടുകൊണ്ട് അതിന്റെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതുമാണ്. ചട്ടം 15 പ്രകാരം ജില്ല ആസൂത്രണ കമ്മിറ്റി ഓരോ വർഷവും സെപ്തംബർ മാസം 30-ാം തീയതിക്കുമുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള കരട് വികസന പദ്ധതി തയ്യാറാക്കി അംഗീകാരത്തിന് സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കണമെന്ന് നിഷ്കർഷിക്കുന്നു.

ഒരു ജില്ലാ ആസൂത്രണകമ്മിറ്റിക്ക് ആ ജില്ലയിലെ വികസന ആവശ്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളും കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന അതതു രംഗത്തെ വിദഗ്ദ്ധരുമടങ്ങുന്ന സബ്കമ്മിറ്റി രൂപീകരിച്ച് ചുമതലകൾ വികേന്ദ്രീകരിച്ച് നിശ്ചയിച്ച് നൽകണമെന്നാണ് ചട്ടം 16 ൽ സൂചിപ്പിച്ചിട്ടുള്ളത്.

ജില്ലയുടെ സാധ്യതകളും പരിമിതികളും പരിശോധിച്ച് കൊണ്ടുവേണം ആസൂത്രണകമ്മിറ്റിയുടെ പ്രവർത്തനത്തെ വിലയിരുത്താൻ. ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിൽ ഗ്രാമസഭകളിൽ നിന്നുയർന്നുവരുന്ന നിർദ്ദേശങ്ങളെ പദ്ധതികളാക്കി സമർപ്പിക്കുകയും ജില്ലാ ആസൂത്രണ സമിതിക്കുവേണ്ടി വിദഗ്ദ്ധ സമിതികൾ സൂക്ഷ്മമായി പരിശോധിക്കുകയും തുടർന്ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾ അംഗീകരിക്കുകയുമാണ് ചെയ്തത്. തുടർന്നുള്ള വർഷങ്ങളിൽ ഇടക്കാലവിലയിരുത്തൽ നടത്താനും പദ്ധതികൾക്ക് ആവശ്യമായ ഭേദഗതികൾക്ക് അംഗീകാരം നൽകാനും സമിതികൾ ശ്രദ്ധിക്കുകയുണ്ടായി. എന്നാൽ ജില്ലയുടെ മൊത്തത്തിലുള്ള വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിൽ ആസൂത്രണസമിതിക്ക് കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞില്ല. പദ്ധതി പ്രവർത്തനങ്ങളുടെ കൃത്യാന്തരബാഹുല്യം വലിയ തോതിൽ ഈ പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കാനോ ജില്ലാ പദ്ധതി നിർദേശങ്ങൾ ഫലപ്രദമാക്കാനോ ആസൂത്രണ സമിതികൾക്ക് കഴിയുന്നില്ല. ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടില്ല. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ കുറവ് പ്രധാന കാരണമാണ്. സെക്രട്ടറിയേറ്റിൽ ഉൾപ്പെടുന്ന മുഴുവൻ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരേണ്ടതാണ്. അത്യാവശ്യമാണെങ്കിലും ഒരു ജില്ലയിലും ഡിപിസികൾക്ക് സ്വന്തമായി കെട്ടിട സൗകര്യമുണ്ടായിട്ടില്ല.

> ഇന്ന് സംസ്ഥാന സർക്കാർ പദ്ധതി വിഹിതം നിശ്ചയിക്കുന്നതിനു പകരം ജില്ലാ ആസൂത്രണ സമിതിയുമായി സംസ്ഥാന വികസന കൗൺസിൽ ചർച്ച ചെയ്ത് ഓരോ ജില്ലയ്ക്കും വിഹിതം തീരുമാനിക്കുകയും വേണം. വികസന പിന്നോക്ക മാനദണ്ഡങ്ങൾക്കനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കാൻ ജില്ലാ ആസൂത്രണ സമിതിക്ക് അധികാരം നൽകണം.

സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന സാമ്പത്തിക സ്രോതസ്സുകളും മുൻഗണനകൾക്കുമനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നുണ്ടോയെന്ന് പരിശോധിക്കുക മാത്രമാണ് നിലവിൽ ആസൂത്രണ സമിതികൾ ചെയ്യുന്നത്. മറിച്ച് വിഭവങ്ങളുടെ മേൽ യാതൊരു നിയന്ത്രണവും ആസുത്രണ സമിതികൾക്കില്ല. പ്രാദേശിക പ്രശ്നങ്ങൾക്കനുസരിച്ച് പ്രത്യേക പരിപാടികൾ തയ്യാറാക്കാൻ നിലവിൽ വിഭവ പരിമിതികളുമുണ്ട്.

ജില്ലയ്ക്കാവശ്യമായ വിവരാടിത്തറയുണ്ടാക്കിയെടുക്കാൻ കഴിയുന്നില്ല. ആസൂത്രണ സമിതികളിൽ പങ്കെടുക്കുന്ന ജില്ലാതല ഉദ്യോഗസ്ഥന്മാർ, ജോയിന്റ് സെക്രട്ടറിമാരാണെങ്കിലും അവരുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുന്നില്ല. പദ്ധതി അംഗീകാരത്തിന് മുമ്പ് പരിശോധിക്കുന്നതിന് ബ്ലോക്ക്, മുനിസിപ്പൽ, ജില്ല, സംസ്ഥാന തലത്തിൽ ഉപദേശക ഗ്രൂപ്പുകളുണ്ടെങ്കിലും സേവനം ഫലപ്രദമാകുന്നില്ല. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടിയ എണ്ണം പ്രോജക്ടുകൾ പരിശോധിക്കേണ്ടി വരുന്നത് ഇതിന് പ്രധാന തടസ്സമാണ്.

ഈ പരിമിതികൾക്കെല്ലാമിടയിൽ ആസൂത്രണ കമ്മിറ്റികൾ നിരവധി ശ്രദ്ധേയമായ കാൽവെയ്പ്പുകൾ നടത്തിയിട്ടുണ്ട്. മിക്ക ജില്ലകളിലും ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒമ്പതാം പദ്ധതിയുടെ അവസാന വർഷം തയ്യാറാക്കിയ പദ്ധതി പത്താം പദ്ധതിയിൽ മെച്ചപ്പെടുത്താൻ ശ്രമമായിട്ടുണ്ട്. എന്നാൽ മാറുന്ന കേരളത്തിന്റെ സവിശേഷതകളെ ഉൾക്കൊണ്ട് ദീർഘകാല പരിപ്രേഷ്യത്തോടെയാണിത് തയ്യാറാക്കിയതെന്ന് ഉദ്ദേശിക്കുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള റിവ്യൂകളും മോണിറ്ററിംഗും വളരെ ഗുണപ്രദമായിട്ടുണ്ട്.

ത്രിതലപഞ്ചായത്തും മുനിസിപ്പാലിറ്റികളുമായി സംയോജിത പരിപാടികൾ ഒട്ടനവധി മാതൃകാപരമായി നടന്നുവരുന്നു. സമഗ്രതയിലൂന്നിയ ഇടപെടലുകളിൽ ശ്രദ്ധേയമായവ നിരവധിയുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി കുന്നിടിക്കലിനും, നെൽവയൽ നികത്തലിനുമെതിരെ കർശന നടപടികളെടുക്കാൻ കാസർകോട് ജില്ലാ ആസൂത്രണ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന സുവർണ്ണ ജൂബിലി ആഘോഷങ്ങളെ വിജയപ്രദമാക്കാൻ ജില്ലാ ആസൂത്രണസമിതിക്ക് കഴിഞ്ഞുവെന്നത് സംയോജിത പദ്ധതികളെ ഏകോപിപ്പിക്കാനുള്ളതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്ന കാര്യത്തിലും പ്രശ്നം അധികൃതരുടെ ശ്രദ്ധയിലെത്തിക്കുന്നതിന് ജില്ലാ ആസൂത്രണസമിതിക്ക് ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞു. വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് പദ്ധതികൾക്ക് ഏകോപനം ഉണ്ടാക്കാൻ കാസറഗോഡ് ജില്ലാ ആസൂത്രണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്.



സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് മണ്ണും ജലവും ജൈവവൈവിധ്യവും ശാസ്ത്രീയമായി വിനിയോഗിച്ചു നീർത്തടാധിഷ്ഠിതമായും, പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പുവരുത്തിയും, സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും, സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി സദ്ഭരണം സാധ്യമാക്കുന്നതിനുള്ള പദ്ധതി ലക്ഷ്യം പൂർത്തിയാക്കാൻ ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വപരമായ ഇടപെടൽ അനിവാര്യമാണ്. ബഹുതല ആസൂത്രണ പ്രക്രിയയിൽ ജില്ലാ പദ്ധതിയും ജില്ലാതല വികസന മുൻഗണനകളും പ്രധാന സ്ഥാനത്താണ്. പദ്ധതി രേഖ അംഗീകാരത്തോടൊപ്പം പദ്ധതി നിർദ്ദേശങ്ങൾ ഏകോപിപ്പിക്കാനും മുൻഗണനകൾ നിർബന്ധമായും നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനും ജില്ലാ ആസൂത്രണസമിതികൾക്ക് അധികാരം നൽകണം. പദ്ധതി അംഗീകാര സമയത്ത് ആസൂത്രണ സമിതികൾക്ക് സൂക്ഷ്മ പരിശോധന നടത്തി സ്വേച്ഛാധികാരത്തോടെ അംഗീകരിക്കാൻ അനുമതി ലഭിച്ചിരുന്നുവെങ്കിലും ഇവ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ആസൂത്രണ പ്രവർത്തനങ്ങളെ സഹായിക്കാൻ ഗ്രാമപഞ്ചായത്തുതലംവരെ സാങ്കേതികാസൂത്രണ സഹായക സംവിധാനങ്ങൾ നിയമാനുസൃതം രൂപീകരിക്കണം. ആവശ്യമായ സാങ്കേതിക പിന്തുണ നൽകാൻ പ്രത്യേക സംവിധാനം ആസൂത്രണ സമിതിക്ക് കീഴിലുണ്ടാകണം.

ജില്ലാആസൂത്രണസമിതി സെക്രട്ടറിയേറ്റിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. വളരെക്കാലം മുമ്പ്തന്നെ നിലനിൽക്കുന്നതും ജില്ലാ ആസൂത്രണ സമിതിക്ക് സമാന്തരമായിട്ടുള്ളതുമായ ജില്ലാ വികസന സമിതികൾ പിരിച്ചുവിടണം. ജില്ലാ ആസൂത്രണ സമിതിക്ക് പ്രസ്തുത അധികാരം കൈമാറണം. ജില്ലാ ആസൂത്രണ സമിതികൾക്ക് ആവശ്യമായ റൂൾസ് അടിയന്തരമായി രൂപപ്പെടുത്തി.

ജില്ലാ ആസൂത്രണ സമിതിയിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രാതിനിധ്യം തിരഞ്ഞെടുപ്പിലൂടെ തന്നെയാകണം. പ്രത്യേക ക്ഷണിതാവെന്ന നില ഒഴിവാക്കണം.

ചട്ടത്തിൽ പരാമർശിക്കുന്നതുപോലുള്ള സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കണം. ലെജിസ്ലേറ്റീവ് കമ്മിറ്റികൾ പോലെ ഓരോ വിഷയത്തിലും പ്രത്യേകം പ്രത്യേകം കമ്മിറ്റികൾ ഉണ്ടാവണം. ബന്ധപ്പെട്ട ജോയിന്റ് സെക്രട്ടറിമാരും മറ്റു വിദഗ്ദ്ധരുമടങ്ങുന്നതാകണം ഓരോ കമ്മിറ്റികളും. അവയ്ക്ക് പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുകയും ശുപാർശകൾക്ക് പ്രധാന പരിഗണന നൽകുകയും വേണം.

ജില്ലാ പദ്ധതി, നഗര മാസ്റ്റർ പ്ലാൻ, ദീർഘകാല പരിപ്രേക്ഷ്യ പ്ലാൻ എന്നിവ സമയബന്ധിതമായി തയ്യാറാക്കാൻ കഴിയണം. ഇന്ന് സംസ്ഥാന സർക്കാർ പദ്ധതി വിഹിതം നിശ്ചയിക്കുന്നതിനു പകരം ജില്ലാ ആസൂത്രണ സമിതിയുമായി സംസ്ഥാന വികസന കൗൺസിൽ ചർച്ച ചെയ്ത് ഓരോ ജില്ലയ്ക്കും വിഹിതം തീരുമാനിക്കുകയും വേണം. വികസന പിന്നോക്ക മാനദണ്ഡങ്ങൾക്കനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കാൻ ജില്ലാ ആസൂത്രണ സമിതിക്ക് അധികാരം നൽകണം. ഉത്തരവാദിത്വങ്ങളും ചുമതലകളും വർദ്ധിപ്പിക്കാൻ ഇതു വഴിവെയ്ക്കും. മാത്രമല്ല, ജില്ലാ ആസൂത്രണ സമിതിയുടെ പദവി ഉയർത്തേണ്ടതുണ്ട്. ഒരു ജില്ലയുടെ ഏറ്റവും ഉയർന്ന സ്ഥാപനമെന്ന നിലയിലും, എല്ലാ വകുപ്പുകളുടെ ഏകോപനം സുസാദ്ധ്യമാക്കുന്ന ബോഡി എന്നതിനാലും ആസൂത്രണ സമിതി ചെയർമാന്റെ പദവി മറ്റ് ചില സംസ്ഥാനങ്ങളിലുള്ളതുപോലെ ക്യാബിനറ്റ് റാങ്കിന് സമാനമെങ്കിലും ആക്കണം. മാത്രമല്ല, ജില്ലാ ആസൂത്രണസമിതി ചെയർമാനെ അസംബ്ലിയിലെ എക്സ്- ഒഫിഷ്യാ അംഗമാക്കി മാറ്റണം. കേന്ദ്രസംസ്ഥാനാവിഷ്കൃത വികസന പദ്ധതികളടക്കം ചർച്ച ചെയ്ത്, ജില്ലയിൽ അവ എങ്ങനെ ഫലപ്രദമായി പ്രാവർത്തികമാക്കണം എന്ന കാര്യം ഡി.പി.സി.യിൽ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കണം. ഇത് നടപ്പിലാക്കാൻ എല്ലാ വകുപ്പുകളും ബാദ്ധ്യസ്ഥരാണ് എന്ന നിലവരണം. ഇത്തരുണത്തിൽ ജില്ലാ ആസൂത്രണ സമിതികളെ പ്രവർത്തിപ്പിച്ചാൽ വികസന രംഗത്ത് വലിയ കുതിച്ചുചാട്ടം നമ്മുടെ സംസ്ഥാനത്തുണ്ടാക്കാൻ സാധിക്കും എന്നത് നിസ്തർക്കമാണ്. അതിനാവശ്യമായ പ്രാധാന്യവും മുൻഗണനയും കേന്ദ്രസംസ്ഥാന സർക്കാരുകൾ ഡിപിസി ക്ക് നൽകേണ്ടിവരും.

*(ലേഖകൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബറിന്റെ ജനറൽ സെക്രട്ടറിയും കാസർകോട് ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷനുമാണ്)*



# പ്രാദേശിക സാമ്പത്തിക വികസനവും സദ്ഭരണവും ഉത്തരവാദിത്വ ടൂറിസത്തിന്റെ പശ്ചാത്തലത്തിൽ

**ശാരദാ മുരളീധരൻ ഐ.എ.എസ്**



അധികാരവികേന്ദ്രീകരണത്തിന് കേരളം സവിശേഷമായ മാതൃകയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇതിന് ഇന്ത്യയിൽ സമാനതകളില്ല. അധികാരം, ധനവിഭവം, മനുഷ്യവിഭവം എന്നിവയുടെ കൈമാറ്റത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി വളർത്തിക്കൊണ്ട് വരുന്നതിനാണ് കേരളത്തിൽ കഴിഞ്ഞ പത്തു വർഷമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണതലം എന്ന നിലയ്ക്ക് സദ്ഭരണ രീതിയും പ്രക്രിയയും വേഗം രൂപപ്പെടുത്താൻ കഴിയുക തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ്. ഇതിൽ ജനങ്ങൾക്ക് നേരിട്ടുള്ള പങ്കാളിത്തത്തിന് അവസരവുമുണ്ട്. എന്നാൽ പ്രാദേശിക സർക്കാരുകളെന്ന നിലയ്ക്ക് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിവർത്തനം ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഇതിനനുയോജ്യമായ രീതിയിൽ ഉദ്യോഗസ്ഥ മനോഭാവവും മാറേണ്ടതുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മുഖ്യ ചുമതലയാണ് പ്രാദേശിക സാമ്പത്തിക വികസനം. ഇതിനാവശ്യമായ വിഭവങ്ങൾ കണ്ടെത്തുവാനും അവ കൂട്ടി യോജിപ്പിക്കുവാനും നേതൃത്വം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഇതിനനുയോജ്യമായ വികസന തന്ത്രവും വികസന പരിപാടികളുടെ ആസൂത്രണവും നടക്കേണ്ടതുണ്ട്. എന്നാൽ ഈ രംഗത്ത് ഇനിയും വൈദഗ്ദ്ധ്യം ആർജ്ജിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്തേയ്ക്ക് പ്രവേശിക്കുമ്പോൾ ഒട്ടനവധി പ്രശ്നങ്ങൾ നേരിടേണ്ടതായി വരുന്നു. ഇവ ശാസ്ത്രീയമായി പരിഹരിക്കുന്നതിന് ആവശ്യമായ സാങ്കേതികശേഷി വളർത്തിക്കൊണ്ട് വരുന്നതിന് നേതൃത്വപരമായ പങ്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. പ്രാദേശിക വികസന സാധ്യതകളും, വിഭവ സാദ്ധ്യതകളും വിവിധ സ്കീമുകളും പ്രോജക്ടുകളും പരസ്പരം ബന്ധിപ്പിക്കുവാൻ കഴിയാതെ പോകുന്നത്.
2. ഉത്പാദന വർദ്ധനവിന് ആവശ്യമായ സേവന പിന്തുണയും സാങ്കേതിക സഹായവും നൽകുന്നതിനുള്ള സ്ഥാപനവൽകൃത വ്യവസ്ഥയുടെ അഭാവം.
3. സൂക്ഷ്മ സംരംഭങ്ങൾക്ക് അതിനാവശ്യമായ വിപണന സംവിധാനത്തിന്റെ അഭാവം.
4. ഉത്പാദനത്തെയും അതിന്റെ ഫല പ്രാപ്തിയെയും അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മ സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്താനുള്ള സംവിധാനത്തിന്റെ അഭാവം.
5. പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമ്പത്തിക ശാക്തീകരണത്തിനും സഹായകമായ രീതിയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട സേവനപ്രദാന സംവിധാനങ്ങളുടെ അഭാവവും കാര്യക്ഷമതയില്ലായ്മയും.

ഗ്രാമീണ ജനസംഖ്യയുടെ ഏതാണ്ട് പകുതിയും ദരിദ്രരോ ഭാഗിക ദരിദ്രരോ ആണ്. ഏതുതരം ഭരണ മാതൃകയും രൂപപ്പെടുമ്പോൾ ഇവരായിരിക്കണം കേന്ദ്രസ്ഥാനത്തുണ്ടാകേണ്ടത്. ബഹുമുഖമായ ദാരിദ്ര്യത്തിന്റെ മുഖ്യകാരണം സ്ഥിരമായ വരുമാനമില്ലായ്മയാണ്. ഇവരിൽ ബഹുഭൂരിപക്ഷം പേരുടേയും ഉപജീവനം കൃഷി അനുബന്ധ മേഖലകളും പരമ്പരാഗത തൊഴിൽ മേഖലകളുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ഭരണമാതൃക ഉപജീവനത്തിനായുള്ള തൊഴിലുകളിലും കൃഷിയിലും ശ്രദ്ധയൂന്നിയുള്ളതായിരിക്കണം. എന്നുമാത്രമല്ല തൊഴിലും വരുമാനവും ഉറപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ കണ്ടെത്തുതിനും പ്രയോഗത്തിൽ കൊണ്ട്വരുന്നതിനും നേതൃത്വപരമായ ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. അതുകൊണ്ട് പ്രാദേശിക സമൂഹത്തിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക ഉത്പാദന മേഖലയിൽ ഉണർവ്വുണ്ടാക്കുന്നതിനും സഹായകമായ പദ്ധതികളും വിവിധ വികസന പരിപാടികളും തേടിപ്പിടിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പരിപാടിയുമായി ബന്ധിപ്പിക്കാൻ തദ്ദേശഭരണ നേതൃത്വം സവിശേഷ ശ്രദ്ധ നൽകേണ്ടതുണ്ട്. ചുരുക്കത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങളേയും സംരംഭങ്ങളേയും തങ്ങളുടെ പഞ്ചായത്തിലേയ്ക്ക് ആകർഷിക്കുവാൻ പ്രാദേശിക ഭരണ നേതൃത്വത്തിന് കഴിയണം. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്ന ഉത്തരവാദിത്വ ടൂറിസം പരിപാടിയെ സമീപിക്കേണ്ടത്.

കേരള വിനോദ സഞ്ചാര വകുപ്പ് ടൂറിസം വികസനത്തിൽ തികച്ചും വ്യത്യസ്തമായൊരു സമീപനം സ്വീകരിച്ചിരിക്കുകയാണ്. കേരളത്തിന്റെ പരിസ്ഥിതിയേയും സംസ്ക്കാരത്തേയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന തരത്തിൽ ടൂറിസം വികസനം സാമൂഹ്യ ഉത്തരവാദിത്വത്തിൽ അധിഷ്ഠിതമായി നവീകരിക്കുകയാണ്. പ്രാദേശിക സമൂഹത്തോട് ഉത്തരവാദിത്വം പുലർത്തുന്ന വിനോദ സഞ്ചാര വികസനമാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക ഘടകങ്ങളിൽ ഉത്തരവാദിത്വം പുലർത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കൈകോർത്ത് പിടിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ നൂതന പരീക്ഷണം ആദ്യമായി കുമരകം (കുമരകം പഞ്ചായത്ത്), തേക്കടി (കുമളി പഞ്ചായത്ത്), കോവളം (വിഴിഞ്ഞം പഞ്ചായത്ത്), വയനാട് ജില്ല എന്നീ നാലു പ്രദേശങ്ങളിലാണ് ആരംഭിച്ചിരിക്കുന്നത്. ഇതിൽ കുമരകം പഞ്ചായത്തിൽ സാമ്പത്തിക ഉത്തരവാദിത്വത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള കർമ്മപരിപാടിയിൽ ഏറ്റവും പ്രധാനം സംയോജനവും ഏകോപിത പ്രവർത്തനവുമാണ്. വിവിധ വകുപ്പുകളേയും ഏജൻസികളേയും ധനകാര്യ സ്ഥാപനങ്ങളേയും സ്വകാര്യ സംരംഭകരെയും പ്രാദേശിക ആവശ്യങ്ങൾക്ക് അധിഷ്ഠിതമായി വിവിധ വികസന പ്രശ്നങ്ങൾ പരിഹരിക്കുവാൻ, കൂട്ടിയോജിപ്പിക്കുവാൻ കഴിയണം. ഈ പ്രക്രിയയിൽ ക്രിയാത്മകമായ നേതൃത്വ സ്ഥാനമാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. ഇതിൽ പ്രധാനപ്പെട്ട ഒരു ഘടകം മനുഷ്യവിഭവമാണ്. ഇതിനു സഹായകമായ രീതിയിൽ പഞ്ചായത്തിന്റെ ഭാഗമായി കേരളത്തിൽ മാത്രം കാണുന്ന വിപുലമായ സാമൂഹ്യ സംഘടനാ സംവിധാനമാണ് കുടുംബശ്രീ. തൊഴിൽ സന്നദ്ധതയും താല്പര്യവുമുള്ള വ്യക്തികളെയും ഗ്രൂപ്പുകളേയും കണ്ടെത്തുന്നതിനും ധനസമാഹരണത്തിനും കഴിയുന്ന തരത്തിലുള്ള സൂക്ഷ്മ-സ്ഥൂല തല ബന്ധങ്ങളാണ് കുടുംബശ്രീക്കുള്ളത്. കേരളത്തിൽ 200000 ഓളം അയൽക്കൂട്ടങ്ങളും 16500 എ.ഡി.എസ്സുകളും 1058 സി.ഡി. എസ്സുകളും അടങ്ങുന്ന വിപുലമായ സംഘടനാ സംവിധാനമാണ് ഇന്ന് കുടുംബശ്രീ.

കുടുംബശ്രീ വ്യത്യസ്തമാകുന്നത് അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുനിൽക്കുതിലൂടെയാണ്. കുടുംബശ്രീയുടെ പ്രധാന പ്രവർത്തനം ലഘുസമ്പാദ്യ വായ്പാമേഖലയിലാണ് കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ സ്ഥായിയായ സാമ്പത്തിക ശാക്തീകരത്തിന് കേവലമായ സമ്പാദ്യ വായ്പാ പ്രവർത്തനം കൊണ്ട് മാത്രം സാധ്യമല്ല. അതുകൊണ്ട് തന്നെ തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന സംരംഭങ്ങളിലേയ്ക്ക് കുടുംബശ്രീ പ്രവർത്തനം വിപുലപ്പെടുത്തിക്കഴിഞ്ഞു. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവർ നേരിടുന്ന പ്രശ്നങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള സംരംഭ വികസന സമീപനമാണ് കുടുംബശ്രീ നിലവിൽ സ്വീകരിച്ചിരിക്കുന്നത്. ഇതിൽ പ്രധാനം തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെടുത്തി വിവിധ തട്ട് പഞ്ചായത്തുകളേയും വിവിധ വകുപ്പുകളേയും എജൻസികളേയും കൂട്ടിയോജിപ്പിച്ചുള്ള പ്രവർത്തനമാണ്. സംരംഭങ്ങൾ ആരംഭിക്കൽ, വിപണി ഉറപ്പാക്കൽ, ഗുണനിലവാരം ഉറപ്പാക്കൽ, അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കൽ തുടങ്ങി ഒരു സംരംഭത്തിന്റെ എല്ലാ ഘടകങ്ങളും ഘട്ടങ്ങളും കൃത്യമായി നിർണ്ണയിച്ച് നടപ്പിലാക്കുന്ന സമഗ്ര സമീപനമാണ് കുടുംബശ്രീ ഇന്ന് സ്വീകരിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും വിപണന സംവിധാനവും തദ്ദേശ ഭരണ സ്ഥാനങ്ങളും കുടുംബശ്രീ മിഷനും സംയുക്തമായി കണ്ടെത്തുന്നു. ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവാദിത്വ ടൂറിസം പരിപാടിയുമായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഇതിൽ കുമരകം പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രവർത്തനങ്ങളുടെ ഒരു ലഘു വിശകലനം മാത്രമാണ് ഇവിടെ ചെയ്യുവാൻ ശ്രമിക്കുന്നത്.

ടൂറിസം വകുപ്പ് നടത്തിയ സംസ്ഥാനതല ശില്പശാലയിൽ വച്ചാണ് ആദ്യമായി ഉത്തരവാദിത്വ ടൂറിസം എന്ന ആശയം ഉരുത്തിരിഞ്ഞുവന്നത്. ഹോട്ടൽ വ്യവസായത്തിന്റെ ആവശ്യങ്ങളും പ്രാദേശിക ഉത്പാദന വിതരണവും തമ്മിലുള്ള ബന്ധം ശില്പശാലയിൽ ചർച്ച ചെയ്തു. ഈ ചർച്ച ഊന്നൽ കൊടുത്ത പ്രധാന കാര്യങ്ങൾ താഴെ ചേർക്കുന്നു.

- ➢ ഹോട്ടലുകൾക്ക് ആവശ്യമായ വിഭവങ്ങളുടെ ആവശ്യം വർഷം മുഴുവൻ ഒരേ തോതിലല്ല. അതുകൊണ്ട് യഥാർത്ഥ ആവശ്യം ശരാശരിയിൽ നിന്നും കണ്ടെത്താനാവില്ല. ഇത്തരത്തിൽ ആവശ്യത്തിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് വിതരണം നടക്കണം..
- ➢ എല്ലാ പഴങ്ങളും പച്ചക്കറികളും പ്രാദേ ശികമായി ലഭ്യമല്ല.
- ➢ ചില സംസ്കരിച്ച ഭക്ഷ്യവസ് തുക്കൾ മാത്രമേ പ്രാദേശികമായി വിതരണം ചെയ്യാനാകൂ.
- ➢ പ്രാദേശികമായ സംഭരണം മൂലം ഹോട്ടലുകാർക്ക് കൂടുതൽ പണം മുടക്കേണ്ടി വന്നേക്കാം. അതിർത്തിക്കപ്പുറത്തു നിന്നും കൂടുതൽ മെച്ചപ്പെട്ട വിലയ്ക്ക് സാധനങ്ങൾ ലഭിക്കും.
- ➢ സാധനങ്ങളുടെ സംഭരണത്തിന് സ്ഥിരം സംവിധാനം ഉണ്ടാകണം. ഹോട്ടലുടമയ്ക്ക് ഓരോ ഉത്പാദകൻ/ ഉത്പാദകയുമായി ഇടപെടാനാവില്ലല്ലോ. എന്നാൽ ഈ സംഭരണ സംവിധാനം പ്രാദേശികമല്ലാത്ത സാധനങ്ങൾ പ്രോജക്ട് വിപണിയിലേയ്ക്ക് കൊണ്ടുവരരുത്.
- ➢ ഇരുകൂട്ടർക്കും അംഗീകൃതമായ ഒരു വില സംവിധാനം ഉണ്ടാകണം. അതിനായി പ്രാദേശിക ഭരണകൂടം മുൻകൈ എടുക്കേണ്ടിവരും.

➢ ഉത്പാദകയ്ക്ക് ഹോട്ടൽ വ്യവസായത്തെ മാത്രം ആശ്രയിക്കാനാവില്ല. ബാഹ്യസ്വാധീനം ഹോട്ടൽ വ്യവസായത്തിൽ വളരെ ശക്തമാണ് – രാജ്യത്തിലെവിടെയെങ്കിലും പകർച്ചവ്യാധി ഉണ്ടായാൽ വിനോദസഞ്ചാരികളുടെ വരവിനെ അത് കാര്യമായി ബാധിക്കും. അതിനാൽ ഉത്പാദകർക്ക് ഒരു ബദൽ വിപണന പരിപാടി ആവശ്യമാണ്.

ഈ ചർച്ചകളെത്തുടർന്ന് ചില സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. പ്രാദേശികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന പച്ചക്കറിയും പഴങ്ങളും മാത്രം വിതരണത്തിനായി തെരഞ്ഞെടുക്കുക എന്നതായിരുന്നു ഒന്നാമത്തെ തീരുമാനം. – രണ്ടാമത്തേത് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളുടെ വിതരണം പൂർണ്ണമായി ഏറ്റെടുക്കുക എന്നതാണ്. ആവശ്യമനുസരിച്ചും മാറുന്ന സീസൺ അനുസരിച്ചും ഉത്പാദനം വർദ്ധിച്ച തോതിൽ ആകേണ്ടതുണ്ട്. ഈ ഉത്പ്പന്നങ്ങളുടെ വിപണി ഹോട്ടലുകൾ മാത്രമായിരിക്കുകയില്ല. പ്രാദേശിക വിപണി കൂടിയാകണം. ഇതിനാവശ്യമായ സംവിധാനം ഗ്രാമപഞ്ചായത്തുകൾ വഴി സജ്ജമാക്കേണ്ടതുണ്ട്. ഉത്പ്പന്നങ്ങൾ ശേഖരിക്കുന്ന സംരംഭകർ സേവന സംരംഭ സംഘങ്ങൾ ആയി കണക്കാക്കേണ്ടതാണ്. ഗുണമേന്മ ഉറപ്പുവരുത്തേണ്ട ചുമതലയും ഇവർക്കായിരിക്കും. ഗുണമേന്മ ഉറപ്പാക്കുമ്പോൾ വിലയും അതിനനുസരിച്ച് നിശ്ചയിക്കാവുന്നതാണ്. ഓരോ സീസൺ അനുസരിച്ച് ഒരു പ്രാദേശിക സമിതി ഉത്പാദന ചെലവും പൊതുവിപണിയിലെ വിലയും കണക്കാക്കി വില നിശ്ചയിക്കും. ഈ സമിതിയിൽ ഉത്പാദകരുടേയും കുടുംബശ്രീ മിഷന്റേയും ഹോട്ടലുകളുടേയും പ്രതിനിധികൾ ഉൾപ്പെടും. പഞ്ചായത്ത് നേതൃത്വത്തിലായിരിക്കും വിലനിർണ്ണയ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കുക. പരസ്പരധാരണയ്ക്കു വിരുദ്ധമായി ആരും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട കക്ഷികൾ ഒരു ധാരണാപത്രത്തിൽ ഒപ്പുവയ്ക്കേണ്ടതാണ്. ഈ പൊതുധാരണയുടെ അടിസ്ഥാനത്തിലാണ് നാല് വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ തുടക്കം കുറിച്ചത്.

ഹോട്ടലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും സംസ്കരിച്ച ഭക്ഷണപദാർത്ഥങ്ങളും ആവശ്യത്തിന് ലഭ്യമാക്കുക എന്ന ഉത്തരവാദിത്വമാണ് പഞ്ചായത്ത് കുടുംബശ്രീ സംരംഭകരിലൂടെ ഏറ്റെടുക്കുന്നത്. അതോടൊപ്പം ഹോട്ടലുകൾ ഈ സംരംഭകരിൽ നിന്നും സ്ഥിരമായി വിഭവങ്ങൾ വാങ്ങുന്ന വ്യവസ്ഥയാണ് ഹോട്ടലുകൾ പഞ്ചായത്തിനോട് പുലർത്തുന്ന ഉത്തരവാദിത്വം.

**ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ പങ്ക് ചേർന്ന കുമരകത്തെ ഹോട്ടലുകൾക്ക് ആവശ്യമായ ഉല്പന്നങ്ങളുടെ വിവരം.**

| ക്രമ നം. | ഇനം | ദിവസേന വേണ്ടി വരുന്നവ (കിലോ) |
|---|---|---|
| | **പച്ചക്കറികൾ** | |
| 1. | ബീൻസ് | 73 |
| 2. | കത്തിരിക്ക | 40 |
| 3. | ചീര | 34 |
| 4. | തേങ്ങ (എണ്ണം) | 236 |
| 5. | മല്ലിയില | 27 |
| 6. | കറിവേപ്പില | 20 |
| 7. | മുരിങ്ങിക്ക | 23 |
| 8. | ഇഞ്ചി | 24 |
| 9. | പച്ചമുളക് | 26 |
| 10. | വെണ്ടക്ക | 43 |
| 11. | പച്ചപയർ | 27 |
| 12. | വഴുതന | 28 |
| 13. | പപ്പായ | 150 |
| 14. | വാഴയില (എണ്ണം) | 156 |
| 15. | മത്തൻ | 15 |
| 16. | സലാഡ് വെള്ളരി | 35 |
| 17. | തക്കാളി | 299 |
| 18. | ചേന | 20 |
| 19. | മരച്ചീനി | 33.5 |
| | **പഴവർഗ്ഗങ്ങൾ** | |
| 20. | നേന്ത്രൻ | 106 |
| 21. | രസകദളി | 18 |
| 22. | റോബസ്റ്റിൻ | 24 |
| | **മത്സ്യ മാംസാദികൾ** | |
| 23. | ചിക്കൻ | 233.5 |
| 24. | മുട്ട (എണ്ണം) | 2538 |
| 25. | മട്ടൻ | 60 |
| 26. | ബീഫ് | 72 |
| 27. | മത്സ്യം | 270 |
| | **പാലും പാൽ ഉല്പന്നങ്ങളും** | |
| 28. | പാൽ (ലിറ്റർ) | 446 |
| 29. | വെണ്ണ | 14.08 |
| 30. | ചീസ് | 5.2 |
| 31. | നെയ്യ് | 20.5 |
| | **മറ്റിനങ്ങൾ** | |
| 32. | വെളിച്ചണ്ണ (ലിറ്റർ) | 147 |
| 33. | പപ്പടം | 163 |
| 34. | തേൻ | 13.5 |

*(വിവര സ്രോതസ്സ് : കിറ്റ്സ്)*

ഈ ഉത്തരവാദിത്വങ്ങൾ ഉറപ്പാക്കുന്നതിലെ ഭരണപരമായ നേതൃത്വമാണ് പഞ്ചായത്ത് ഏറ്റെടുക്കുന്നത്. ഉദാഹരണമായി പഞ്ചായത്തിന്റെ കാർഷികമേഖലയിലെ ഇടപെടൽ ലക്ഷ്യങ്ങൾ ഗുണഭോക്താക്കളെ മുൻനിർത്തിയല്ല മറിച്ച് പ്രാദേശികമായ ആവശ്യം കണക്കിലെടുത്തായിരിക്കും. ദരിദ്രരുടെ ഭാഗത്തുനിന്നും നോക്കിയാൽ, ഗുണഭോക്താക്കൾ എന്ന അവസ്ഥയിൽ നിന്നും സ്വയം ഉത്പാദകരായി അവർ ഉയരുന്നു. പ്രാദേശിക സമ്പദ്വ്യവസ്ഥയ്ക്ക് അവർ നൽകുന്ന സംഭാവന ഇനിയും അദൃശ്യമായിരിക്കുകയുമില്ല.

2007 മെയിലാണ് കുമരകത്തെ ഉത്തരവാദിത്വ ടൂറിസം സംബന്ധിച്ച് ആദ്യത്തെ കൂടിയാലോചന നടന്നത്. ഹോട്ടൽ വ്യവസായത്തിന്റെ ആവശ്യം കണക്കിലെടുത്തുകൊണ്ട് സ്ഥിരമായ വിതരണം ഉറപ്പാക്കത്തക്കവിധത്തിൽ ഉത്പാദന സംരംഭ സംഘങ്ങളെ പഞ്ചായത്ത് രൂപീകരിച്ചു.



ഒരു സൂക്ഷ്മ സംരംഭം പോലും ഇല്ലാതിരുന്ന കുമരകം പഞ്ചായത്തിൽ മൂന്ന് മത്സ്യവിതരണ യൂണിറ്റുകളും ഒരു പപ്പടം യൂണിറ്റും ഒരു നാളികേര വിതരണ യൂണിറ്റും നിലവിൽ വന്നു. പാൽ മേഖലയിൽ 32 സ്ത്രീകൾക്ക് പരിശീലനം നൽകി. 10 പേർ വീതമുള്ള 25 യൂണിറ്റുകൾ മുട്ട ഉത്പാദനം ആരംഭിച്ചു. ഉത്തരവാദിത്വ ടൂറിസം പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് ഉണർവേകി. നേരത്തെ കാർഷിക മേഖലയിൽ പ്രവർത്തിച്ചിട്ടില്ലാത്ത സ്ത്രീകളാണ് കുമരകത്ത് കാർഷിക വൈവിധ്യവത്ക്കരണത്തിന് തയ്യാറായിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. ഇതിനൊക്കെ പുറമേ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്ന ഒരു സംഭരണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

സംരംഭകർക്ക് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ ഉറപ്പാക്കൽ, വില നിശ്ചയിക്കൽ, സംഭരണ വിപണന സൗകര്യം സൃഷ്ടിക്കൽ തുടങ്ങിയ സേവനങ്ങൾ സംരംഭകർക്ക് യഥാസമയം മികച്ച നിലവാരത്തിൽ ലഭിക്കത്തക്കരീതിയിൽ കൃഷി ഓഫീസ്, മൃഗാശുപത്രി, പഞ്ചായത്ത് ഓഫീസ് മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും സാങ്കേതികവും ഭരണപരവുമായ സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിനനുസൃതമായ രീതിയിൽ പഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും സേവന പ്രദാനത്തിൽ സ്വാഭാവികമായ മാറ്റം അനിവാര്യമായി തീരും. ഉത്പാദന രംഗത്തേയ്ക്ക് കടന്നുവന്ന 748 ഓളം സ്ത്രീകൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കുക എന്നത് പഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും ഉത്തരവാദിത്വമായി മാറുന്നു. പ്രത്യേകിച്ച് കൃഷി, വെറ്റിനറി ഓഫീസുകളുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം ഉണ്ടായേ മതിയാവൂ. മാത്രമല്ല, ഹോട്ടലുകൾക്ക് ആവശ്യമായ ഉത്പന്നങ്ങളും പ്രാദേശിക വിപണിക്ക് ആവശ്യമായ ഉത്പന്നങ്ങളും നിശ്ചിത അളവിൽ ഉത്പാദിപ്പിക്കുവാനുള്ള ഉത്തരവാദിത്വവും പഞ്ചായത്തിൽ അർപ്പിതമായി തീരുന്നു. ഉത്പാദകന് ഉത്പ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുവാൻ കഴിയുന്ന പൊതു വിപണിയെക്കുറിച്ച് പഞ്ചായത്ത് നേതൃത്വം ആലോചിക്കുന്നുണ്ട്. ഇടനിലക്കാരില്ലാത്തിനാൽ ഇത് ഉപഭോക്താവിനും ഉത്പാദകർക്കും ഒരുപോലെ പ്രയോജനകരമാണ്. ഈ രൂപത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഭരണപ്രക്രിയയിലും പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടേയും ദൈനംദിന പ്രവർത്തനങ്ങൾ സാമൂഹ്യാവശ്യത്തിനധിഷ്ഠിതമായി നവീകരിക്കേണ്ടി വരുന്നു. വിലനിർണ്ണയം, ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ, കൃത്യസമയത്ത് ലഭ്യമാക്കൽ എന്നിവയ്ക്കായി ഉത്പാദന യൂണിറ്റുകളുടേയും ഹോട്ടലുകളുടേയും ഒരുമിച്ചുള്ള പ്രവർത്തനം സുഗമമാക്കുക എന്നതും ഒരു ഭരണചുമതലയായി പഞ്ചായത്തിൽ അർപ്പിതമാണ്. ഇത് പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന തരത്തിലുള്ള ഭരണപ്രക്രിയയും സേവനപ്രദാനത്തെയും മികവുറ്റതാക്കാൻ പഞ്ചായത്ത് നിർബന്ധിതമായി തീരുന്നു. സദ്ഭരണത്തിന്റെ പ്രധാന ഘടകങ്ങളായ പങ്കാളിത്തം, സുതാര്യത, സമത്വം, കാര്യക്ഷമത, സംയോജിത പ്രവർത്തനം എന്നിവ ഉത്തരവാദിത്വടൂറിസം പരിപാടിയുടെ അനിവാര്യതകൾ ആയി മാറിയിട്ടുണ്ട്.

**ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട് കുമരകത്ത് പുതുതായി ആരംഭിച്ച സംരംഭങ്ങളുടേയും യൂണിറ്റുകളുടേയും വിവരങ്ങൾ**

| ക്രമ നം. | സംരംഭം / ഉല്പന്നം | യൂണിറ്റുകളുടെ എണ്ണം | വനിതകളുടെ എണ്ണം |
|---|---|---|---|
| 1. | അരി | 6 | 60 |
| 2. | ചീര | 21 | 160 |
| 3. | കത്തിരിക്ക | 4 | 32 |
| 4. | പയറ് | 4 | 24 |
| 5. | പാവൽ | 5 | 25 |
| 6. | കോവക്ക | 2 | 10 |
| 7. | വെണ്ട | 4 | 14 |
| 8. | പടവലം | 2 | 6 |
| 9. | പച്ചമുളക് | 3 | 12 |
| 10. | നേന്ത്രൻ | 6 | 80 |
| 11. | പൂവൻ | 1 | 8 |
| 12. | പശുവളർത്തൽ | 7 | 32 |
| 13. | മുട്ട | 25 | 250 |
| 14. | പപ്പടം | 1 | 5 |
| 15. | മത്സ്യ സംസ്കരണം | 3 | 15 |
| 16. | കോഴി ഇറച്ചി സംസ്കരണം | 2 | 10 |
| 17. | തേങ്ങ ശേഖരണം | 1 | 5 |
| 18. | യുവശ്രീ | 2 | 10 |
| | **ആകെ** | **99** | **758** |

*(വിവര സ്രോതസ്സ് : കുമരകം ഗ്രാമപഞ്ചായത്ത്)*

ഇനി അവശേഷിക്കുന്നത് സുസ്ഥിരതയാണ്. ഇന്ന് ആരംഭിച്ചിരിക്കുന്ന പ്രവർത്തനം വ്യവസ്ഥാപിതമാക്കുവാനും അനുദിനം വികസിപ്പിക്കുവാനും പഞ്ചായത്തിന് എത്രമാത്രം കഴിയുന്നു എന്നതാണ് ശ്രദ്ധേയമായ ഘടകം. സംരംഭകരുടെ താല്പര്യം നിലനിർത്തുവാനും വർദ്ധിപ്പിക്കുവാനും കൂടുതൽ പേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും പഞ്ചായത്തിന് കഴിയണം. മാത്രമല്ല, കുമരകത്തെ മുഴുവൻ ഹോട്ടലുകളും മറ്റ് സ്ഥാപനങ്ങളും തദ്ദേശവാസികളും അവർക്ക് ആവശ്യമായ ഉത്പന്നങ്ങളിൽ പ്രാദേശികമായി ലഭ്യമായവയിൽ പരമാവധി പ്രാദേശിക ഉത്പാദകരിൽ നിന്നും വാങ്ങുന്നതിനുള്ള ഒരു സാംസ്ക്കാരിക അന്തരീക്ഷം വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. സംരംഭകർക്ക് ആവശ്യമായ പിന്തുണയും ഊർജ്ജവും സ്ഥിരമായി ലഭ്യമാക്കാനും പഞ്ചായത്തിന് കഴിയണം. ഈ ഉത്പാദക-ഉപഭോഗ ബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ഇന്ന് വളർത്തിക്കൊണ്ട് വരുന്ന പ്രാദേശിക സാമ്പത്തിക വികസനത്തിലധിഷ്ഠിതമായ ഉത്പാദന സംവിധാനത്തെ സുസ്ഥിരമാക്കാൻ കഴിയൂ. ഉത്തരവാദിത്വ ടൂറിസം നടപ്പാക്കുന്നതിനേക്കാളും വിപുലവും പ്രയാസമേറിയതുമാണ് പ്രാദേശിക സാമ്പത്തിക വികസനം. പക്ഷെ, വിനോദ സഞ്ചാര മേഖലയിലെ പഞ്ചായത്തുകളിൽ ഉത്തരവാദിത്വ ടൂറിസം പ്രാദേശിക സാമ്പത്തിക വികസനത്തെ സാക്ഷാത്ക്കരിക്കേണ്ടതിന്റെ പ്രധാനകണ്ണിയായി പ്രവർത്തിക്കേണ്ടതാണ്. ഇത്തരം പരിപാടികളിലൂടെയും പദ്ധതികളിലൂടെയുമാണ് സദ്ഭരണം എത് പഞ്ചായത്തിന്റെ ഭരണപ്രക്രിയയയുടെ ഭാഗമാക്കുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങളുടെ ഘടകമാകുന്നത്. സദ്ഭരണ പ്രക്രിയ വ്യവസ്ഥാപിതമാകണമെങ്കിൽ അത് ഒരു പദ്ധതിയിൽ മാത്രം ഒതുങ്ങി നിൽക്കാതെ പഞ്ചായത്തിന്റെ മൊത്തം വികസന പരിപ്രേക്ഷ്യത്തിന്റെ ഭാഗമായി മാറണം. ഇതുപോലുള്ള വികസന പ്രവർത്തനങ്ങളിലൂടെ ഒരു സദ്ഭരണ സംവിധാനം വികസിപ്പിച്ചുകൊണ്ടു വരുന്നതായിരിക്കണം പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട അടുത്ത ഉത്തരവാദിത്വം.

*(ലേഖിക കുടുംബശ്രീ മിഷൻ എക്സിക്ക്യൂട്ടീവ് ഡയറക്ടറാണ്)*



# അധികാരവികേന്ദ്രീകരണവും കാര്യശേഷിയും

ഡോ. ജോയ് ഇളമൺ



അധികാരവികേന്ദ്രീകരണത്തിന്റെ മൂന്നുപാധികളിൽ ഏറ്റവും പ്രധാനപ്പെട്ടതായി പരിഗണിക്കപ്പെടുന്നതാണ് കാര്യശേഷി. പലപ്പോഴും അധികാരവികേന്ദ്രീകരണ പ്രക്രിയയെ തടസ്സപ്പെടുത്താനും ദുർബലപ്പെടുത്താനും ഏറെ ഉപയോഗിച്ച പദവും ഈ 'കാര്യശേഷി ഇല്ലായ്മ' തന്നെ.

കേരളത്തിൽ അധികാരവികേന്ദ്രീകരണ പ്രക്രിയ ശക്തമാക്കാൻ തീരുമാനിച്ച ഘട്ടങ്ങളിലും ചർച്ചാ വിഷയങ്ങളിൽ ഒന്ന് ഇതായിരുന്നു-കാര്യശേഷി വികസനത്തിനുശേഷം പ്രവർത്തനങ്ങളോ പ്രവർത്തനങ്ങളിലൂടെ കാര്യശേഷി വികസനമോ? കേരളം കൈക്കൊണ്ടതു രണ്ടാമത്തെ നിലപാടായിരുന്നു. പ്രാദേശിക ആസൂത്രണം ജനകീയാസൂത്രണമെന്ന മഹാപ്രസ്ഥാനമായി നടപ്പാക്കിയതും ഇക്കാരണത്താൽ തന്നെ.

അടിസ്ഥാനപരമായ ചില ചോദ്യങ്ങൾക്കുള്ള മറുപടിയിലൂടെയേ അധികാരവികേന്ദ്രീകരണത്തിനാവശ്യമായ കാര്യശേഷി വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാനാവൂ. കാര്യശേഷി എന്നാൽ എന്താണ്? ആരുടെ കാര്യശേഷിയെക്കുറിച്ചാണ് ചർച്ച? കാര്യശേഷിയുടെ ഘടകങ്ങളെന്ത്? പ്രക്രിയയെന്ത്? ആരാണ് കാര്യശേഷി വികസനത്തിന്റെ ചുമതലക്കാർ? കാര്യശേഷിയുടെ അളവുകോലെന്ത്?

## നിർവ്വചനമെന്ന കടമ്പ

കാര്യശേഷി എന്ന പദത്തിന് പലരീതിയിലുള്ള നിർവ്വചനങ്ങൾ ലഭ്യമാണ്. വികസനപ്രക്രിയയെ തങ്ങളുടെ പ്രശ്നപരിഹാരത്തിനും അഭിലാഷപൂർത്തീകരണത്തിനും അനുകൂലവും സഹായകരവുമാക്കി മാറ്റുന്നതിന് വ്യക്തികൾക്കും സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും സമൂഹത്തിനുമുള്ള കഴിവ് വികസിപ്പിക്കുന്ന പ്രക്രിയയാണ് കാര്യശേഷി എന്നാണ് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള നിർവ്വചനം.

കേരളത്തിലെ പഞ്ചായത്തീരാജ് പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ കാര്യശേഷിയെ പുനർനിർവചനം നടത്തേണ്ടതുണ്ട്. വികസനത്തിനു വേണ്ടി മാത്രമാണോ കാര്യശേഷി ആവശ്യം? പഞ്ചായത്തീരാജ് എന്നാൽ വികസനപ്രവർത്തനങ്ങൾ മാത്രമോ? പഞ്ചായത്തെന്നാൽ വികസന ഏജൻസി മാത്രമാണോ? വികസനാസൂത്രണ നിർവ്വഹണത്തിനായുള്ള കാര്യശേഷി മാത്രം മതിയോ? പ്രാദേശിക സാമ്പത്തിക വികസനത്തിനൊപ്പം സാമൂഹ്യനീതിയും 73 ഭരണഘടന ഭേദഗതിയുടെ ലക്ഷ്യമല്ലേ? പഞ്ചായത്തെന്നാൽ തദ്ദേശസ്വയംഭരണ സർക്കാർ എന്നാണ് വിവക്ഷയെങ്കിൽ അതിനാവശ്യമായ കഴിവുകളെക്കുറിച്ച് ചർച്ച ചെയ്യേണ്ടേ?

## ആരുടെ കാര്യശേഷി?

തദ്ദേശ സ്വയംഭരണസർക്കാരിലെ പങ്കാളികൾ ആരെന്നതനുസരിച്ചിരിക്കും ഈ ചോദ്യത്തിന്റെ ഉത്തരം. പഞ്ചായത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പഞ്ചായത്തിനു കൈമാറിയ ഉദ്യോഗസ്ഥർ എന്നിവർക്കൊപ്പം തദ്ദേശവാസികളായ മുഴുവൻ ജനങ്ങളും തദ്ദേശസ്വയംഭരണ സർക്കാരിലെ പങ്കാളികളാണ്. പ്രത്യേകിച്ചും ഗ്രാമസഭ ഈ സർക്കാരിന്റെ 'അസംബ്ലി' ആയ സാഹചര്യത്തിൽ.

സമ്പൂർണമായും വികേന്ദ്രീകരിച്ച ഒരു ഫെഡറൽ സംവിധാനമല്ല നമ്മുടേത്. പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്ന വിവിധ തട്ടുകളുടെ ഭരണസംവിധാനമാണ് ഇന്ത്യയിൽ നിലവിലുള്ളത്. പ്രസ്തുത സാഹചര്യത്തിൽ, ഭരണസംവിധാനത്തിലെ മറ്റു തട്ടുകളിലുള്ളവരും പഞ്ചായത്തീരാജിന്റെയും പൊതുവെ അധികാരവികേന്ദ്രീകരണ പ്രക്രിയയുടെയും സാഹചര്യത്തിൽ പ്രവർത്തിക്കേണ്ടവരാണ്. ഇതിന്റെ അർത്ഥം വളരെ ലളിതമാണ്. അധികാരവികേന്ദ്രീകരണ പ്രക്രിയ ശക്തമാക്കുന്നതിനുള്ള കാര്യശേഷി വർധിപ്പിക്കുന്നതിൽ പഞ്ചായത്തീരാജുമായി പ്രത്യക്ഷബന്ധമുള്ളവർ മാത്രം ഭാഗഭാക്കായാൽ പോരാ.

## ഘടകങ്ങൾ

കാര്യശേഷി വികസനത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് പരിശീലനം എന്നാണ് പൊതുവെ കരുതപ്പെടുന്നത്. പഞ്ചായത്തീരാജിന്റെ പശ്ചാത്തലത്തിൽ ഇത് പരിശോധിക്കപ്പെടേണ്ടതാണ്. ഒരു പഞ്ചായത്തിന്റെ പ്രവർത്തനം/ഭരണം കാര്യക്ഷമമാകണമെങ്കിൽ അതിനനുകൂലമായ ഒട്ടേറെ സാഹചര്യങ്ങളും ഘടകങ്ങളും ഒരുക്കേണ്ടതുണ്ട്. വിവിധ നിയമങ്ങളും ചട്ടങ്ങളും ഇതിനനുസൃതമായി രൂപപ്പെടേണ്ടതാണ്. പഞ്ചായത്തീരാജിന്റെ വിവിധ തലങ്ങൾക്കാവശ്യമായ അധികാരങ്ങൾ വ്യക്തമാക്കി കൈമാറേണ്ടതുണ്ട്. പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ (പണമടക്കം) കൈമാറുന്നതിനൊപ്പം സാമ്പത്തിക അധികാരങ്ങളും നല്കണം. ആവശ്യമായ ഉദ്യോഗസ്ഥരെയും പഞ്ചായത്തിനു ലഭ്യമാക്കണം. പഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് സഹായകമായ മറ്റു നിരവധി സംവിധാനങ്ങളൊരുക്കലും ഇതിന്റെ ഭാഗമാണ്. (ഉദാഹരണമായി അക്കൗണ്ടിംഗ് സംവിധാനം, വിവരസാങ്കേതിക വിദ്യ, ഡേറ്റ തുടങ്ങിയവ). അവയ്ക്കും പുറമെയാണ് കാലാകാലങ്ങളിൽ പഞ്ചായത്ത് ഭരണത്തിനും വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ അറിവുകളും സാങ്കേതിക വിദ്യകളും വിജ്ഞാനവും നല്കുവാനുള്ള സംവിധാനങ്ങൾ. മേല്പറഞ്ഞവയ്ക്കൊപ്പം അവയ്ക്കനുസൃതമായ പരിശീലനങ്ങളും ചേരുമ്പോഴാണ് കാര്യശേഷി വികസനം പൂർണമാവൂ. ഓർക്കുക, ഇതൊരു തുടർപ്രക്രിയയാണ്!

## കേരളത്തിലേക്കു മടങ്ങാം

അധികാരവികേന്ദ്രീകരണത്തിൽ, വിശിഷ്യാ പ്രാദേശികാസൂത്രണത്തിൽ കേരളം നടത്തിയ കുതിച്ചുചാട്ടം ലോകമെമ്പാടും അംഗീകരിക്കപ്പെട്ടതാണ്. ജനകീയാസൂത്രണ പ്രസ്ഥാനം മെച്ചപ്പെട്ട മാതൃകയായി വിവരിക്കപ്പെടാറുമുണ്ട്. ജനകീയാസൂത്രണത്തിന്റെ പുനർവായനയിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട് - ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലേറെയും കാര്യശേഷി വികസനം ലക്ഷ്യമിട്ടായിരുന്നു. പണം, അധികാരം, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥ സംവിധാനം എന്നിവയുടെ കൈമാറ്റം, വിവിധ സംവിധാനങ്ങൾ രൂപപ്പെടുത്തൽ, അനുകൂലപരിസ്ഥിതി സൃഷ്ടിക്കൽ, ഏറ്റവും വിപുലമായ പൗരവിദ്യാഭ്യാസപരിപാടികൾ എന്നിവയെല്ലാം അതിന്റെ ഭാഗമായിരുന്നു. അതോടൊപ്പം തന്നെ സെൻ കമ്മിറ്റി നിർദ്ദേശപ്രകാരം പുതുക്കിയെഴുതിയ നിയമങ്ങളും ഈ കാര്യശേഷി വികസന പ്രക്രിയയ്ക്കു ശക്തി പകർന്നു.

> അധികാരവികേന്ദ്രീകരണത്തിന്റെ
> മൂന്നുപാധികളിൽ ഏറ്റവും പ്രധാനപ്പെട്ടതായി
> പരിഗണിക്കപ്പെടുന്നതാണ് കാര്യശേഷി.
> പലപ്പോഴും അധികാരവികേന്ദ്രീകരണ പ്രക്രിയയെ
> തടസ്സപ്പെടുത്താനും ദുർബലപ്പെടുത്താനും
> ഏറെ ഉപയോഗിച്ച പദവും ഈ
> 'കാര്യശേഷി' ഇല്ലായ്മ തന്നെ.

ജനകീയാസൂത്രണ പ്രസ്ഥാനം 'ക്യാമ്പയിൻ' രൂപത്തിലായിരുന്നുവെങ്കിൽ അതിൽ നിന്നുയർന്ന അനുഭവങ്ങളുടെയും പാഠങ്ങളുടെയുമടിസ്ഥാനത്തിൽ പില്ക്കാലത്ത് പഞ്ചായത്തീരാജിനെ ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ സ്ഥാപനവത്കരിക്കേണ്ടത് അനിവാര്യമായിരുന്നു. അതിന്റെ ഭാഗമായാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) നോഡൽ ഏജൻസിയായി ഒരു കാര്യശേഷി വികസന തന്ത്രം രൂപീകരിക്കപ്പെട്ടത്. പരിശീലനപരിപാടികൾ വികേന്ദ്രീകരിക്കുക വഴി കൂടുതൽ പേർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ പരിശീലനം നല്കുവാൻ ഈ സംവിധാനം ഉപയോഗപ്രദമായി. കില-ക്യാപ്ഡെക്ക് പ്രോജക്ടിന്റെ ഭാഗമായാരംഭിച്ച മൊബൈൽ ടീമുകൾ പിന്നീട് എക്സ്റ്റൻഷൻ ഫാക്കൽടിയായും ഹെൽപ്ഡെസ്ക്കായും മറ്റും പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കു സഹായകവുമായി.

## മാറ്റുരയ്ക്കൽ

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ 'കഴിവിൽ' സംശയമുണ്ടായിരുന്ന കാലഘട്ടത്തിൽ നിന്നും വളരെ ഏറെ മുമ്പിലാണിന്ന് കേരളത്തിലെ പഞ്ചായത്തുകൾ. വാർഷിക പദ്ധതി തയ്യാറാക്കുവാനും നിർവഹിക്കുവാനും ആവശ്യമായ കാര്യശേഷി അവയ്ക്കുണ്ട് എന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. അതിനുമപ്പുറം തദ്ദേശസ്വയംഭരണ സർക്കാർ എന്ന നിലയിൽ പുത്തൻ മാതൃകകൾ പ്രാദേശിക ഭരണത്തിൽ സൃഷ്ടിക്കുവാൻ കഴിയുമെന്ന് തെളിയിച്ച നിരവധി പഞ്ചായത്തുകളിന്ന് കേരളത്തിലുണ്ട്. അതിനാവശ്യമായ പ്രാദേശിക സഹായങ്ങൾ എത്തിക്കുവാൻ കഴിഞ്ഞാൽ ഇനിയും മെച്ചപ്പെടാനാവുമെന്നതിന്റെ അനുഭവങ്ങളും ഏറെയുണ്ട്. സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്ന വെറും 'ഏജൻസി' ക്കു പകരം ഭരണപരിഷ്ക്കാരങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും സ്വയം ചിട്ടപ്പെടുത്തിയ കരകുളം പഞ്ചായത്തും എസ്. ഡി. സി. ക്യാപ്ഡെക്ക് സഹകരണത്തോടെ പഞ്ചായത്തിനെ സഹായിച്ച ഗ്രാമീണ പഠന കേന്ദ്രവും ഇതിനൊരുദാഹരണമാണ്. എസ്. ഡി. സി ക്യാപ്ഡെക്ക് പരിപാടിയുടെ ഭാഗമായുള്ള പഞ്ചായത്തീരാജ് ശാക്തീകരണ പരിപാടിയിൽ ഇത്തരം നിരവധി ഉദാഹരണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 'സഖി' എന്ന സംഘടനയുടെ സഹായത്തോടെ സ്ത്രീ പദവിപഠന മാതൃക സൃഷ്ടിച്ച വിളയൂർ, ഒളവണ്ണ, ആലപ്പാട്, കൊല്ലയിൽ, 'സേവ'യുമായി ചേർന്ന് ജാഗ്രത സമിതി പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കിയ പാണഞ്ചേരി, മീനങ്ങാടി (സൗഹൃദസംഘടന-സി.വൈ.ഡി), മടവൂർ (ശാന്തിഗ്രാം), വാരപ്പെട്ടി (ലിസ്-ഇന്ത്യ) മുക്കം, പയ്യോളി (AWH) എന്നിവ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച പഞ്ചായത്തുകളാണ്. സെന്റർ ഫോർ റൂറൽ മാനേജ്മെന്റിന്റെ സഹകരണത്തോടെ ജാഗ്രത സമിതി പ്രവർത്തനത്തിന് മാതൃക സൃഷ്ടിച്ച അഴുത ബ്ലോക്കിലെ പഞ്ചായത്തുകളും ഈ ശ്രേണിയിൽപ്പെടുന്നു.

കാർഷിക വികസന പരിപാടികളിൽ പഞ്ചായത്തുകൾക്കു ഇടപെടാനാകില്ലെന്നതിനു മറുപടിയായി വടകരപ്പതി, ഏരുത്തേമ്പതി പഞ്ചായത്തുകൾ 'മൈത്രി' എന്ന സംഘടനയുടെ സഹകരണത്തോടെ നടത്തിയ പ്രവർത്തനങ്ങൾ,

സേവയുടെ സഹകരണത്തോടെ വിളപ്പിൽ വികസനപരിപാടി, അജാനൂരിലെ സമഗ്രവികസന പരിപാടികൾ (ശാന്തിഗ്രാം സൗഹൃദസംഘടന), കരകുളത്തെ ഹരിതഗ്രാമപരിപാടി, ശ്രീകാര്യത്ത് ലൊയോളയുടെ സഹകരണത്തോടെയുള്ള കാർഷിക വികസനപരിപാടികൾ, കണിയാമ്പറയിൽ 'രാസ്ത'യുടെ സഹകരണത്തോടെയുള്ള മാസ്റ്റർ പ്ലാൻ രൂപീകരണം എന്നിവയെല്ലാം കാര്യശേഷിയുടെ പ്രാദേശിക മാതൃകകളാണ്. തദ്ദേശസ്വയംഭരണ സർക്കാരുകൾക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കാൻ മുള്ളൻകൊല്ലി, കോടഞ്ചേരി, ചുങ്കത്തറ എന്നീ പഞ്ചായത്തുകളിൽ 'ശ്രേയസ്' എന്ന സംഘടനയും അഴുത, ഏറ്റുമാനൂർ, തെക്കാട്ടുശ്ശേരി ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് നടത്തിയ ശ്രമങ്ങളും പരിശീലനങ്ങൾക്കപ്പുറമുള്ള കാര്യശേഷി വികസന പരിപാടികളാണ്. പഞ്ചായത്തീരാജ് സംവിധാനത്തിൽ സ്ത്രീ സ്വാധീനവും പങ്കാളിത്തവും ഉറപ്പാക്കുന്നതിന് മംഗലപുരം പഞ്ചായത്തിൽ കിഴക്കുംകര മഹിളാസമാജത്തിന്റെ സഹകരണത്തിൽ നടന്ന പ്രവർത്തനങ്ങളും ദളിത് ശാക്തീകരണത്തിന്റെ വേദിയായി പഞ്ചായത്തുകളെ മാറ്റാൻ സോഷ്യോ ഇക്കണോമിക് ഡെവലപ്പ്മെന്റ് സർവീസ് നടത്തിയ പ്രവർത്തനങ്ങളും പൗരസമൂഹത്തിന്റെ കാര്യശേഷി വികസനമാതൃകകളായി പരിഗണിക്കാനാവും.



**ഇനിയുമേറെ വെല്ലുവിളികൾ**

മുൻപു സൂചിപ്പിച്ചതു പോലെ അധികാര വികേന്ദ്രീകരണത്തിനായുള്ള കാര്യശേഷി വികസനം ഒരു തുടർപ്രക്രിയയാണ്. കേരളത്തിൽ ഈ പ്രക്രിയ ഒരു ഘട്ടം പിന്നിട്ടുവെങ്കിലും ഇനിയുമേറെ മുമ്പോട്ടു പോകേണ്ടതുണ്ട്. ഒട്ടേറെ ന്യൂനതകളും വെല്ലുവിളികളും അവശേഷിക്കുന്നു.

1. ഇത്രയും നാൾ ആസൂത്രണപ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചായിരുന്നു കാര്യശേഷി വികസനം. തദ്ദേശസ്വയംഭരണ സർക്കാരെന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.
2. ഏക വാർഡിലുള്ള പരിപാടികൾക്കായിരുന്നു മുൻതൂക്കം. അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ആശയങ്ങൾക്ക് വിരുദ്ധമായിത്തീരാം ഇത്. ഓരോ പ്രദേശത്തിനുമനുസരിച്ചുള്ള കാര്യശേഷി വികസന പരിപാടികൾ ആസൂത്രണം ചെയ്യപ്പെടണം. പ്രാദേശിക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിക്കേണ്ടതുണ്ട്.
3. ജനകീയാസൂത്രണ പ്രസ്ഥാനത്തിനു ശേഷം പൗരശാക്തീകരണ പരിപാടികൾ ഏതാണ്ട് ഇല്ലാതായിരിക്കുന്നു. ഗ്രാമസഭയുടെ കാര്യശേഷി ഇതിൽ തട്ടി നില്ക്കുന്നു.
4. പരിശീലന പരിപാടികളിലേറെയും ആസൂത്രണനടപടിക്രമങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലധിഷ്ഠിതമാണിന്ന്. എന്നാൽ പ്രാദേശിക വികസനത്തിന്റെയും തദ്ദേശഭരണത്തിന്റെയും സാമൂഹിക-രാഷ്ട്രീയ പരിപ്രേക്ഷ്യത്തെ കണ്ടില്ലെന്നു നടിച്ചുള്ള കാര്യശേഷി വികസന പരിപാടി അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃകയെ പിന്നോട്ടടിക്കും.
5. തദ്ദേശസ്വയംഭരണ സർക്കാരുകൾക്കാവശ്യമായ സാങ്കേതിക വിജ്ഞാനവും വൈദഗ്ധ്യവും ലഭ്യമാക്കാനാവും വിധം വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സംവിധാനവും കാര്യശേഷിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.
6. കേരളത്തിലെ പഞ്ചായത്തീരാജിന് ശക്തി പകരാൻ കഴിയുന്ന അനുകൂല സാഹചര്യം സൃഷ്ടിക്കുവാനുതകുന്ന ചട്ടങ്ങളും സംവിധാനങ്ങളും ഇനിയും തയ്യാറാക്കേണ്ടതുണ്ട്.
7. മൊഡ്യൂളുകൾ, പരിശീലകരുടെ പരിശീലനം, കൈപ്പുസ്തകങ്ങൾ എന്നിവയുടെ ഗുണമേന്മ ഇനിയുമേറെ ഉയരേണ്ടതുണ്ട്.
8. ആസൂത്രണനടപടികൾക്കപ്പുറം പുത്തൻ പ്രാദേശിക ആസൂത്രണ സങ്കേതങ്ങൾ കണ്ടെത്താനും ഉപയോഗിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കണം.
9. കേരളത്തിലെയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും അനുഭവപാഠങ്ങൾ നേരിട്ടു മനസിലാക്കാൻ ജനപ്രതിനിധികൾക്കവസരം നൽകണം.
10. കാര്യശേഷി വികസനത്തിൽ വിവിധ സ്ഥാപനങ്ങൾ, ഡിപ്പാർട്ടുമെന്റുകൾ എന്നിവ സമാന്തരമായി പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കി അവയുടെ ഏകോപന സാധ്യത കണ്ടെത്തണം.
11. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയിൽ നിന്നെല്ലാം പഞ്ചായത്തുകൾക്കു സാങ്കേതിക സഹായം ലഭ്യമാക്കാനുള്ള സംവിധാനമൊരുക്കണം.
12. സംസ്ഥാനത്തു രൂപപ്പെടുന്ന കാര്യശേഷി വികസന തന്ത്രങ്ങൾക്കൊപ്പം തന്നെ പ്രാദേശിക കാര്യശേഷി വികസന പരിപാടികളും ആവിഷ്ക്കരിക്കണം-കാരണം ഓരോ പ്രദേശവും വ്യത്യസ്തമാണ്. കഴിവുകളുടെ, വിഭവങ്ങളുടെ കാര്യത്തിലെല്ലാം.

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ട വേളയിൽ, ഒരു പുതിയ കാര്യശേഷി വികസനതന്ത്രവും പരിപാടിയും രൂപീകരിക്കുവാൻ സംസ്ഥാനം തയ്യാറാവുമെന്നു പ്രതീക്ഷിക്കാം.

*(ലേഖകൻ എസ്. ഡി. സി. ക്യാപ്ഡെക്കിന്റെ ചീഫ് പ്രോഗ്രാം കോർഡിനേറ്ററാണ്)*





73, 74 ഭരണഘടനാഭേദഗതി പ്രാബല്ല്യത്തിൽ വന്നിട്ട് 15 വർഷം തികയുന്ന ഈ വേളയിൽ ഭരണരംഗത്ത് സ്ത്രീ പങ്കാളിത്തത്തിന് ഘടനാപരമായ ഒരു ചട്ടക്കൂട് ഉറപ്പുവരുത്തികൊണ്ടുള്ള ഈ അനുകൂല പ്രവർത്തനം (affirmative action) ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നത് പ്രസക്തമാണ്.

# പഞ്ചായത്ത് രാജ് സംവിധാനവും സ്ത്രീ ശാക്തീകരണവും

ഏലിയാമ്മ വിജയൻ



ഭരണഘടനാപരമായി സ്ത്രീകൾക്ക് അവകാശപ്പെട്ട തുല്യപദവി എന്നത് ഫലത്തിൽ അവർക്ക് അനുഭവവേദ്യമല്ല എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്, ഭരണപരമായ തീരുമാനമെടുക്കുന്ന ഘടനകളിലെ വളരെ താഴ്ന്ന സ്ത്രീ പങ്കാളിത്തം. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തമില്ലാതെ ജനാധിപത്യം എന്ന സങ്കല്പം തന്നെ നിരർത്ഥകമാണ്.

ഈ അവസ്ഥയിൽ, ഗണ്യമായ ഒരു മാറ്റം കൊണ്ടുവരാൻ നിമിത്തമായ ഒരു അനുകൂല നടപടിയാണ് 73, 74 ഭരണഘടനാ ഭേദഗതി. പ്രാദേശിക ഭരണകൂടങ്ങൾക്ക് ഭരണഘടനാപരമായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകൾ എന്ന പോലെയുള്ള പദവിയും സ്വയം ഭരണാവകാശവും ഇതുവഴി ലഭിച്ചു എന്നു മാത്രമല്ല, പ്രാദേശിക ഭരണക്രമത്തിൽ സ്ത്രീകൾക്ക് 33.33% സംവരണം ഉറപ്പാക്കുകയും ചെയ്തു. മാത്രവുമല്ല, മൂന്നിലൊന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ സ്ഥാനവും സ്ത്രീകൾക്കായി നീക്കിവച്ചു. 73, 74 ഭരണഘടനാഭേദഗതി പ്രാബല്ല്യത്തിൽ വന്നിട്ട് 15 വർഷം തികയുന്ന ഈ വേളയിൽ ഭരണരംഗത്ത് സ്ത്രീ പങ്കാളിത്തത്തിന് ഘടനാപരമായ ഒരു ചട്ടക്കൂട് ഉറപ്പുവരുത്തികൊണ്ടുള്ള ഈ അനുകൂല പ്രവർത്തനം (affirmative action) ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നത് പ്രസക്തമാണ്.

ഭരണരംഗത്ത് കടന്നുവന്ന സ്ത്രീകളുടെ എണ്ണം നോക്കുമ്പോൾ, തീർച്ചയായും വമ്പിച്ച ഒരു മുന്നേറ്റമാണ് നമുക്ക് കാണാൻ കഴിയുന്നത്. രാജ്യത്തെ 475 ജില്ലാ പഞ്ചായത്തുകളിൽ, 158ലും സ്ത്രീകളാണ് മുഖ്യഭരണാധികാരി. ബ്ലോക്ക് തലത്തിലുള്ള 51,000 അംഗങ്ങളിൽ 17,000 സ്ത്രീകളാണ്. മൂന്നിലൊന്ന് മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും സ്ത്രീകൾ ചെയർപേഴ്സൺസാണ്. ഭരണഘടനാ ഭേദഗതിക്ക് ശേഷം വന്ന തെരഞ്ഞെടുപ്പിൽ സംവരണം ചെയ്യപ്പെട്ട 33 ശതമാനത്തിലുമധികം സ്ത്രീകൾ കർണ്ണാടക (43.45%), കേരളം (36.4%), പശ്ചിമ ബംഗാൾ (35.4%) തുടങ്ങിയ സംസ്ഥാനങ്ങളിൽ ഭരണരംഗത്ത് എത്തിയതായി കാണാം.

1993ൽ ഈ ഭരണഘടനാഭേദഗതി വരുന്നതിന് മുമ്പ് സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തെക്കുറിച്ച് നിരവധി മിഥ്യാധാരണകൾ നിലവിലിരുന്നു. (ചിലത് ഇപ്പോഴുമുണ്ട്) സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ താല്പര്യമില്ല, യോഗങ്ങളിലും മറ്റും പങ്കെടുക്കാൻ അവർക്ക് സമയമുണ്ടാവില്ല, രാഷ്ട്രീയ പ്രവർത്തനത്തിന്റെ



**പലപ്പോഴും വീണ്ടും ഒരു അവസരം ലഭിക്കാത്തതുകൊണ്ട്, 5 വർഷം കൊണ്ട് ആർജ്ജിച്ചെടുത്ത കഴിവുകളും സാമൂഹ്യ ഇടപെടലുകളും എല്ലാം അവസാനിപ്പിച്ച് കുടുംബമെന്ന സ്വകാര്യമണ്ഡലത്തിലേയ്ക്ക് തിരിച്ചു പോകേണ്ട അവസ്ഥ ധാരാളം സ്ത്രീകൾ അനുഭവിക്കുന്നുണ്ട്.**

**സംവരണം ഒരേ സ്ഥലത്ത് തന്നെ, രണ്ട് ടേമിലേക്ക് (10 വർഷം) നൽകണമെന്നതാണ് ഇതിന് പരിഹാരമായി ഉന്നയിക്കപ്പെടുന്ന ഒരാവശ്യം. 10 വർഷം കൊണ്ട്, വേണ്ടത്ര അനുഭവ സമ്പത്തും നേതൃത്വപാടവും ആർജ്ജിക്കാൻ കഴിയും. തമിഴ്നാട്ടിൽ 10 വർഷം മുമ്പ് തന്നെ ഈ ഭേദഗതി നടപ്പിൽ വരുത്തിക്കഴിഞ്ഞു.**



സങ്കീർണ്ണതകൾ സ്ത്രീകൾക്ക് അന്യമാണ് തുടങ്ങിയ എല്ലാ തരം മുൻവിധികളെയും മിഥ്യാധാരണകളെയും തിരുത്തിക്കുറിച്ചുകൊണ്ടാണ്, സംവരണം ചെയ്തതിലുമധികം സ്ത്രീകൾ ഈ രംഗത്ത് വരുകയും പലവിധ പ്രചരണ പരിപാടികളിലും സാമൂഹ്യപ്രശ്നങ്ങളിലും ഇടപെടുകയും മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തത്. അധികാരം ആരും സ്വമേധയാ വിട്ടുതരില്ല, അത് വാങ്ങിച്ചെടുക്കേണ്ടതാണ് എന്നത് സത്യമാണെന്ന് കൂടി ഇത് തെളിയിക്കുന്നു.

സംവരണം പ്രഖ്യാപിച്ച ആദ്യവർഷങ്ങളിൽ ഉണ്ടായിരുന്ന മറ്റൊരു ആശങ്കയായിരുന്നു സ്ത്രീകൾ ഭർത്താക്കന്മാരുടെ റബ്ബർ സ്റ്റാമ്പുകളായിരിക്കും എന്നത്. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെയും കർശന പിതൃമേധാവിത്വ രീതികളും സംസ്കാരിക ആചാരങ്ങളും കുറെയൊക്കെ ഈ ആശങ്കയെ ബലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇപ്പോൾ ഇത്തരം ആശങ്കകളെക്കുറിച്ച് നാം അധികമൊന്നും കേൾക്കുന്നില്ല. മറിച്ച് തങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയെയും പരിമിതമായ സാമൂഹ്യഇടപെടലിന്റെ പ്രതികൂല ഘടകങ്ങളെയും തരണം ചെയ്ത്, ഒട്ടേറെ ഗുണപരമായ കാര്യങ്ങൾ ചെയ്യുന്ന വിജയകഥകൾ ഇന്ത്യയുടെ എല്ലാഭാഗത്ത് നിന്നും നാം കേൾക്കുന്നുണ്ട് താനും. കുടിവെള്ളം, മദ്യപാനം മുലമുണ്ടാകുന്ന പ്രശ്നങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ഗാർഹിക പീഡനങ്ങൾ തുടങ്ങി മുമ്പ് വേണ്ടത്ര മുൻഗണന കിട്ടാതിരുന്ന വിഷയങ്ങളെ സജീവമാക്കാൻ തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകളുടെ സാന്നിദ്ധ്യം സഹായിക്കുന്നുണ്ട്. തങ്ങളുടെയും തങ്ങളുടെ കുട്ടികളുടെയും ജീവിത സാഹചര്യങ്ങളിൽ മാറ്റം കൊണ്ടുവരാനും യഥാർത്ഥത്തിൽ പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കാനും ഉള്ള ഒരു നല്ല അവസരമായിട്ടാണ് ധാരാളം സ്ത്രീകൾ ഈ വെല്ലുവിളി ഏറ്റെടുക്കുന്നത്.

ഭരണക്രമത്തിൽ പങ്കാളികളാക്കുന്നതിലൂടെ, സ്ത്രീകളുടെ ജീവിതത്തിൽ തന്നെ ഏറെ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു, അവർ രാഷ്ട്രീയവൽക്കരിക്കപ്പെടുന്നു, സാമൂഹികമായ ഇടപെടലുകൾ വഴി സ്വന്തം സ്വത്വബോധം തിരിച്ചറിയുന്നു. ഇങ്ങനെ വീടുകളിൽ, ഒറ്റപ്പെട്ട് ആരുമറിയാതെ കഴിഞ്ഞിരുന്ന ലക്ഷകണക്കിന് സ്ത്രീകളാണ് ഇന്ന് പൊതുമണ്ഡലത്തിലേക്ക് കടന്ന് വന്നിരിക്കുന്നതും തങ്ങളുടെ പ്രദേശത്തിന്റെ വികസനത്തിൽ പങ്കാളികളാകുന്നതും നേതൃത്വം വഹിക്കുന്നതും. സ്ത്രീകൾ തങ്ങളുടെ ഈ പുതിയ ചുമതലകൾ കാര്യക്ഷമതയോടെ നിർവ്വഹിക്കുന്നു എന്നതിന്റെ തെളിവാണ് പല സംസ്ഥാനങ്ങളും ഇപ്പോൾ പ്രാദേശികതലത്തിൽ സ്ത്രീ സംവരണം 50% ആക്കിയിരിക്കുന്നത്. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങൾ ഇതിനകം തന്നെ, തങ്ങളുടെ പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തി സ്ത്രീ സംവരണം 50% ആക്കി കഴിഞ്ഞിരിക്കുന്നു.

ഭരണ-പൊതു രംഗത്തുള്ള സ്ത്രീകളുടെ ഈ സാന്നിദ്ധ്യം, ദൃശ്യത എന്നിവ സാധിച്ചതും നിലനിൽക്കുന്നതും പ്രശ്നങ്ങളും ചോദ്യങ്ങളും ഉയർത്തിക്കൊണ്ട് തന്നെയാണ്. ആൺമേൽക്കോയ്മ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ, സ്ത്രീകളുടെ ചുമതല, ഉത്തരവാദിത്വങ്ങൾ എന്നിവയെ സംബന്ധിച്ച പരമ്പരാഗത സങ്കല്പങ്ങളിൽ ഒരു മാറ്റവും വന്നിട്ടില്ല. തന്മൂലം രാഷ്ട്രീയ പൊതുപ്രവർത്തനം സ്ത്രീകൾക്ക് ഒരു അധികചുമതല കൂടിയാകുന്നു. കുടുംബത്തിലെ ഇരട്ട ജോലിഭാരത്തിന്റെ കൂടെ ചുമക്കേണ്ട മറ്റൊരു ഭാരം കൂടി! ഭർത്താവിന്റെയോ മറ്റ് കുടുംബാംഗങ്ങളുടെയോ പിന്തുണയില്ലാത്ത സ്ത്രീകൾക്ക് ഇത് ദുസ്സഹമായ ഭാരം ആയി മാറുന്നു. പതുക്കെ അവർ രംഗം വിടാൻ നിർബന്ധിതമാകുന്നു.


കുടുംബത്തിൽ നിന്നുണ്ടാകുന്ന സമ്മർദ്ദം പോലെ ശക്തമാണ് രാഷ്ട്രീയമുണ്ടാക്കുന്ന സമ്മർദ്ദങ്ങൾ. സ്ത്രീകളുടെയും പുരുഷന്റെയും സാമൂഹികവൽക്കരണം വ്യത്യസ്തമാണ്. ശക്തി, മത്സരം, അക്രമോത്സുകത തുടങ്ങിയ ഗുണങ്ങളാണ് ആണത്തത്തിന്റെ വിശേഷണങ്ങൾ. പരാശ്രിതരും, നിഷ്ക്രിയരുമായി സ്വകാര്യതലമായ കുടുംബത്തിന്റെ കാര്യങ്ങൾ മാത്രം നോക്കി ജീവിക്കുന്നവളായിട്ടാണ് സ്ത്രീകൾ പരുവപ്പെടുത്തപ്പെടുന്നത്. രാഷ്ട്രീയപ്രക്രിയ അധികാരത്തിന്റെ പ്രയോഗമാണ്. സജീവതയോടെ, സ്വതന്ത്രമായി, മറ്റുള്ളവരെകൊണ്ട് കാര്യങ്ങൾ നടത്തിയെടുക്കുന്ന പ്രക്രിയയാണിത്. ഇപ്രകാരമൊരു അധികാരപ്രയോഗത്തിന്റെ ഘടനയിൽ, സ്ത്രീകൾ പലപ്പോഴും തങ്ങളുടെ സാമൂഹ്യവൽക്കരണത്തിന്റെ ഫലമായുണ്ടാകുന്ന സംഘർഷങ്ങൾ അനുഭവിക്കേണ്ടിവരുന്നു. തികച്ചും പൗരുഷഭാവമുള്ള രാഷ്ട്രീയ പ്രക്രിയയിലേക്കും ഘടനയിലേക്കും എത്തിപ്പെടുന്ന സ്ത്രീകളുടെ കർത്തൃത്വം (agency) ഫലപ്രദമാകണമെങ്കിൽ, ആ ഘടനയ്ക്ക് മാറ്റമുണ്ടാകണം, ഇപ്പോൾ അതിന്റെ ആനുകൂല്യം മാത്രം നേടുന്ന പുരുഷന്മാരിൽ മാറ്റമുണ്ടാകണം, സ്ത്രീകളുടെ ചിന്തയിലും ശൈലിയിലും മാറ്റമുണ്ടാകണം. നിലനിൽക്കുന്ന അധികാരഘടനയുമായി പൊരുത്തപ്പെട്ട ആണത്തഭാവങ്ങൾ സ്വായത്തമാക്കാതെ, സ്വന്തമായ ശൈലിയും പ്രവർത്തനരീതികളും രൂപപ്പെടുത്തി രാഷ്ട്രീയരംഗം തന്നെ കുറെക്കൂടി മാനുഷികമാക്കാൻ സ്ത്രീകളുടെ നിർണ്ണായക സാന്നിദ്ധ്യം വഴി തെളിക്കണം. അതുവഴി പിതൃമേധാവിത്വ സാമൂഹിക, സാമ്പത്തിക ഘടനകൾക്കും മാറ്റമുണ്ടാക്കാൻ കഴിയും.

സംവരണമില്ലെങ്കിൽ ഇത്രയധികം സ്ത്രീകൾ രാഷ്ട്രീയത്തിലേക്കോ അധികാരസ്ഥാനങ്ങളിലേക്കോ കടന്നുവരില്ലായിരുന്നു എന്നുള്ളത് പകൽ പോലെ വ്യക്തമാണ്. എന്നാൽ സംവരണം ഒരു ടേമിലേക്ക് (5 വർഷത്തേക്ക്) മാത്രമാണ് എന്നുള്ളത്, സ്ത്രീകൾക്ക് തങ്ങളുടെ കഴിവുകൾ ബലപ്പെടുത്തുന്നതിന് വിഘാതമാകുന്നുണ്ട്. സംവരണം ഇല്ലാതെ തന്നെ, കഴിവ് തെളിയിച്ച സ്ത്രീകൾക്ക് പൊതു സീറ്റുകളിൽ സ്ഥാനം നൽകിയാൽ, ഈ പ്രശ്നം ഉയർന്നു വരുമായിരുന്നില്ല. എന്നാൽ പലപ്പോഴും വീണ്ടും ഒരു അവസരം ലഭിക്കാത്തതുകൊണ്ട്, 5 വർഷം കൊണ്ട് ആർജ്ജിച്ചെടുത്ത കഴിവുകളും സാമൂഹ്യ ഇടപെടലുകളും എല്ലാം അവസാനിപ്പിച്ച് കുടുംബമെന്ന സ്വകാര്യമണ്ഡലത്തിലേക്ക് തിരിച്ചു പോകേണ്ട അവസ്ഥ ധാരാളം സ്ത്രീകൾ അനുഭവിക്കുന്നുണ്ട്. സംവരണം ഒരേ സ്ഥലത്ത് തന്നെ, രണ്ട് ടേമിലേക്ക് (10 വർഷം) നൽകണമെന്നതാണ് ഇതിന് പരിഹാരമായി ഉന്നയിക്കപ്പെടുന്ന ഒരാവശ്യം. 10 വർഷം കൊണ്ട്, വേണ്ടത്ര അനുഭവ സമ്പത്തും നേതൃത്വപാടവും ആർജ്ജിക്കാൻ കഴിയും. തമിഴ്നാട്ടിൽ 10 വർഷം മുമ്പ് തന്നെ ഈ ഭേദഗതി നടപ്പിൽ വരുത്തികഴിഞ്ഞു.


പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള സ്ത്രീസംവരണം ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. എങ്കിലും പ്രാദേശിക ഭരണക്രമമെന്ന പഠനകളരിയിലൂടെ അധികാര രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ പഠിക്കാനും കഴിവുനേടാനും, സാമൂഹ്യമാറ്റങ്ങൾക്ക് ചാലക ശക്തിയായി പ്രവർത്തിക്കാനുമുള്ള അവസരം സ്ത്രീകൾക്ക് ലഭിച്ചത് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെയാണ്. വ്യക്തിപരമായ ശാക്തീകരണവും കൂട്ടായ്മയുടെ ശക്തിയും സ്ത്രീ-പുരുഷ തുല്യതയിലൂന്നിയ ഒരു സാമൂഹികക്രമം സൃഷ്ടിക്കുന്നതിന് നേതൃത്വം നൽകാൻ സ്ത്രീകൾക്ക് സാധിക്കട്ടെ.

*(ലേഖിക തിരുവനന്തപുരം സഖി - റിസോഴ്സ് സെന്റർ ഫോർ വുമന്റെ ഡയറക്ടറാണ്)*

# അധികാരവികേന്ദ്രീകരണവും സാക്ഷരതാപ്രസ്ഥാനവും കേരളത്തിൽ



**പ്രൊഫ. കെ ശ്രീധരൻ**



**73,74** ഭരണഘടനാ ഭേദഗതിയും അതിന്റെ പശ്ചാത്തലത്തിൽ നടപ്പാക്കിവരുന്ന ജനകീയാസൂത്രണപരിപാടികളും കേരളത്തിൽ ഏറ്റവും കൂടുതൽ ഫലസിദ്ധി നൽകിയ ഒരു മേഖലയാണ് വിദ്യാഭ്യാസവും സാക്ഷരതാ രംഗവും. ഒരു വേള ജനകീയാസൂത്രണ പദ്ധതികൾ മനുഷ്യവിഭവ വികസനങ്ങളിൽ കേന്ദ്രീകരിക്കുന്നില്ല. മറിച്ച് മറ്റ് സേവന-ഉല്പാദന മേഖലകളിലാണ് ഊന്നുന്നത് എന്ന വിമർശനം ഇവിടെ ഉയർന്നിരുന്നു. എന്നാൽ രണ്ട് പഞ്ചവത്സര പദ്ധതികളും തുടർന്നുള്ള വർഷങ്ങളും കടന്നുപോകുമ്പോൾ പൊതു വിദ്യാഭ്യാസത്തിലും സാക്ഷരതയിലും തുടർ വിദ്യാഭ്യാസത്തിലും നിരവധി വെള്ളിരേഖകൾ നമുക്ക് കാണാൻ കഴിയുന്നു. എല്ലാവരാലും അവഗണിക്കപ്പെട്ടിരുന്ന പൊതുവിദ്യാഭ്യാസത്തെ തിരിച്ച് മുഖ്യധാര വിദ്യാഭ്യാസത്തിലേയ്ക്കു കൊണ്ടു വരാനും ആ രംഗത്ത് ശുഭപ്രതീക്ഷ വളർത്തുവാനും വിവിധതരത്തിലുള്ള പഞ്ചായത്തുതല ഇടപെടലുകൾക്ക് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് സാക്ഷരതയുടേയും പ്രാഥമിക വിദ്യാഭ്യാസത്തിന്റേയും ചുമതലകളും ജില്ലാ പഞ്ചായത്തുകൾക്ക് സാക്ഷരതയുടേയും പ്രാഥമിക വിദ്യാഭ്യാസത്തിന്റേയും ചുമതലകളും ജില്ലാ പഞ്ചായത്തുകൾക്ക് ഹൈസ്കൂൾ-ഹയർസെക്കണ്ടറി മേഖലയുടേയും ചുമതലകളാണല്ലോ നൽകപ്പെട്ടത്. താന്താങ്ങളുടെ പ്രവർത്തനമേഖലകളിൽ നിരവധി വെല്ലുവിളികൾ ഉണ്ടെങ്കിലും അതിലുപരിയായി ധാരാളം സാധ്യതകളും അവസരങ്ങളും പുതിയ സാഹചര്യം ഉയർത്തി വിട്ടിട്ടുണ്ട്. സാക്ഷരതയിൽ മുൻപന്തിയിലെത്തിയ കേരളത്തിൽ സമ്പൂർണ്ണ സാക്ഷരതയ്ക്ക് ശേഷം ഇനിയൊന്നും ചെയ്യാനില്ല എന്ന ചിന്തയാണ് പൊതുവെ ഉണ്ടായിരുന്നത്. എന്നാൽ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോക സാഹചര്യങ്ങളിൽ ചലനാത്മകമായ ഒരു സമൂഹത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ ഈ രംഗത്ത് വളരെ കൂടുതൽ ചെയ്യാനുണ്ടെന്നും ചെയ്യാൻ കഴിയുമെന്നും കഴിഞ്ഞ പത്ത് വർഷത്തെ അനുഭവം കാണിക്കുന്നു.

കേരളം ഇന്ന് ഒരു കാർഷിക സമൂഹമല്ല. ഒരു വ്യാവസായിക സമൂഹവുമല്ല. ഇത് രണ്ടിലും കേരളം പിന്നിലാണ്. അതേ സമയം കേരളം ഒരറിവ് സമൂഹമാണ് (Knowledge Society). അതിവേഗം ലോകം മുഴുവൻ പരക്കുന്ന ഒരു പുത്തൻ ആശയമാണ് അറിവു സമൂഹമെന്നത്. ഇന്നത്തെ അറിവുവിപ്ലവത്തിന്റെ അടിത്തറയും ഈ അറിവ് സമൂഹം തന്നെ. അറിവ് സൃഷ്ടിക്കുക, അറിവു കൈമാറുകയും പങ്കുവയ്ക്കുകയും ചെയ്യുക, അറിവിനെ സാമ്പത്തിക അഭിവൃദ്ധിയുടെ കേന്ദ്രബിന്ദുവാക്കി മാറ്റുക തുടങ്ങിയ അതിപ്രധാന സാമൂഹ്യ ധർമ്മങ്ങളെ വേണ്ട വിധം ഉൾക്കൊള്ളാൻ കേരള സമൂഹത്തിന് വലിയ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. അറിഞ്ഞോ അറിയാതെയോ ഈ മഹത്തായ സാക്ഷാത്കാരത്തിന് കേരള സമൂഹം വിധേയമായതിന് ഇവിടെ നടന്ന സാക്ഷരതാ വിപ്ലവത്തിനും ജനകീയാസൂത്രണത്തിനും വളരെ വലിയ പങ്കുണ്ട്. 1990 ൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുമ്പോൾ 73,74 ഭരണഘടന ഭേദഗതി വന്നിട്ടില്ല. പഞ്ചായത്തുകൾ ഇന്നത്തെപ്പോലെ അധികാരത്തിന്റേയും പ്രാദേശിക ആസൂത്രണത്തിന്റേയും ശക്തികേന്ദ്രങ്ങളുമായിരുന്നില്ല. സാക്ഷരത ഇവിടെ നടപ്പാക്കിയത് സംസ്ഥാന തലത്തിലുള്ള ഒരിടപെടൽ വഴിയാണ്. വിവിധ സർക്കാർ ഏജൻസികളുടേയും ജനകീയ-സാമൂഹ്യ പ്രസ്ഥാനങ്ങളുടേയും അഭൂതപൂർവ്വമായ ഒത്തുചേരലും സർഗീയമായ സന്നദ്ധ പ്രവർത്തനത്തിന്റെ ഉത്തേജനവും വഴിയാണ് അന്നത് നടപ്പായത്. എന്നാൽ കൈവരിച്ച ആ സാക്ഷരതാ ശേഷിയെ സംരക്ഷിച്ചു നിർത്തുന്നതിൽ തുടർന്നുള്ള ആദ്യവർഷങ്ങളിൽ നാം അമ്പേ പരാജയപ്പെട്ടു പോയിരുന്നു. തുടർച്ചയായി നിലനിൽക്കുന്നതും കാമ്പെയിൻ രീതിയിലുള്ളതുമായ പ്രവർത്തനം സംസ്ഥാനാടിസ്ഥാനത്തിൽ നിലനിർത്താൻ കഴിയാത്തതായിരുന്നു പരാജയത്തിന്റെ മുഖ്യ കാരണം. എന്നാൽ 1996 ന് ശേഷം സ്ഥിതിഗതികളാകെ മാറി. ഓരോ പ്രദേശത്തിനും ആവശ്യമായതും അനുയോജ്യമായതുമായ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനം ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം അതത് ഗ്രാമ പഞ്ചായത്തുകൾക്കായി. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിൽ കുറേയേറെ പഞ്ചായത്തുകൾ വിജയിച്ചിട്ടുണ്ട്. വേണ്ടത്ര വിജയിക്കാത്ത പഞ്ചായത്തുകളും ഉണ്ട് എന്ന യാഥാർത്ഥ്യം ഇവിടെ മറച്ചുവയ്ക്കുന്നില്ല.

സാക്ഷരതയുടെ പുതിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുകയും തുടർവിദ്യാഭ്യാസം, ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന വിദ്യാഭ്യാസം തുടങ്ങിയ പുത്തൻ ആശയങ്ങൾ സ്വാംശീകരിക്കുകയും ചെയ്ത പഞ്ചായത്തുകൾ ഈ രംഗത്ത് വലിയ മാറ്റം സൃഷ്ടിച്ചിട്ടുണ്ട്. ജനകീയാസൂത്രണം മുന്നോട്ടുകൊണ്ടു പോകുന്നതും അതത് പ്രദേശത്തെ സാക്ഷരത അഥവാ ജനതയുടെ ബോധനിലവാരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ജനങ്ങൾ പൂർണമായി ആസൂത്രണത്തിൽ പങ്കാളിത്തം വഹിച്ച പഞ്ചായത്തുകളിലാണല്ലോ ജനകീയാസൂത്രണം വിജയിച്ചത്. തങ്ങളുടെ വികസനപ്രശ്നങ്ങളെക്കുറിച്ച് ത്യാജ്യഗ്രാഹ്യബോധത്തോടെയും കാര്യകാരണബന്ധത്തോടെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ജനതയ്ക്ക് മാത്രമേ ജനകീയാസൂത്രണം വിജയിപ്പിക്കാൻ കഴിയൂ. ഈ ബോധനിലവാര വളർച്ചയ്ക്ക് സാക്ഷരതാ പ്രവർത്തനം വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. ജനകീയാസൂത്രണം വിജയിക്കണമെങ്കിൽ തങ്ങളെക്കുറിച്ചും തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചും തങ്ങളുടെ വിഭവങ്ങളെക്കുറിച്ചും വ്യക്തവും ശാസ്ത്രീയവുമായ അറിവ് ജനതക്കുണ്ടായിരിക്കണം. അക്ഷരം പോലും അറിയാത്ത ജനലക്ഷങ്ങളെ മുൻനിർത്തിക്കൊണ്ട് ജനകീയാസൂത്രണം വിജയിപ്പിക്കാൻ കഴിയില്ല. യഥാർത്ഥത്തിൽ ഈ മൂന്നുപാധിയാണ് 1991 ൽ നാം നേടിയ സമ്പൂർണ്ണ സാക്ഷരത.



പുതിയ സാക്ഷരതയെന്നത് അക്ഷരവും കണക്കുകൂട്ടലും പഠിപ്പിക്കുന്ന അടിസ്ഥാന സാക്ഷരത മാത്രമല്ല. ഈ ശേഷികൾ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള തുടർച്ചയായ ഇടപെടൽ വേണം. മാറിവരുന്ന ജീവിത ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുരൂപമായ മറ്റ് ശേഷികൾ വികസിപ്പിക്കണം. പുത്തൻ സാങ്കേതിക വിദ്യകൾ പ്രയോഗിക്കാനും ജീവിതത്തിന്റെ ഗതിവിഗതികളിലവയെ വിവേചനപൂർവ്വം ഉപയോഗപ്പെടുത്താനും കഴിയണം. ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തുന്നതിനുള്ള ഘടകങ്ങൾ വേണം. നാടിന്റെ വികസന പ്രക്രിയയിൽ പങ്കുചേരുന്നതിനും തങ്ങളുടെ ജീവിതാവശ്യങ്ങൾ നിർവഹിക്കുന്നതിന് സഹായിക്കും വിധമുള്ള തൊഴിലുകളിൽ ഏർപ്പെടാനുമുള്ള നൈപുണികൾ വികസിപ്പിക്കുകയും വേണം. ഓരോരുത്തരുടെയും അഭിരുചിക്കും വാസനകൾക്കും അനുയോജ്യമായിരിക്കണം ഈ വിദ്യാഭ്യാസം. ഓരോ സമൂഹത്തിനും ഓരോ പ്രദേശത്തിനും വിഭിന്നമായിരിക്കും ഇതിനുള്ള പരിപാടികൾ. ഇത്തരമൊരു സാമൂഹ്യ വിദ്യാഭ്യാസപദ്ധതി സംസ്ഥാനത്തിന് മൊത്തമായി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ സാധിക്കുകയില്ല. ഓരോ പ്രദേശത്തിനും വേണ്ട വിധത്തിലുള്ളത് ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള പദ്ധതികൾ അതത് ഗ്രാമപഞ്ചായത്തിലാണ് രൂപപ്പെടേണ്ടത്. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും ബാധകമായ ഒരു ഏകസമാന തുടർവിദ്യാഭ്യാസ പരിപാടി ആവിഷ്ക്കരിക്കാനാവില്ല. പൊതുവായ ചില കാഴ്ചപ്പാടിന്റേയും തത്വങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ തുടർവിദ്യാഭ്യാസ പരിപാടി ആവിഷ്ക്കരിക്കുകയാണ് വേണ്ടത്. നഗരങ്ങൾ അർദ്ധനഗരങ്ങൾ, ഗ്രാമങ്ങൾ, മലയോരങ്ങൾ, തീരപ്രദേശങ്ങൾ, ആദിവാസി മേഖലകൾ, ഭാഷാന്യൂനപക്ഷങ്ങൾ, ചേരിവാസികൾ എന്നിങ്ങനെയുള്ള ഓരോ വിഭാഗത്തിനും ഓരോ തരത്തിലുള്ള പരിപാടികൾ വേണം. തൊഴിലില്ലാത്തവർക്ക് തൊഴിൽ പരിശീലനം, തൊഴിലുള്ളവർക്ക് അതത് മേഖലയിൽ കൂടുതൽ വൈദഗ്ദ്ധ്യ പോഷണം, സർഗവാസനകൾ പരിപോഷിക്കൽ, നാടൻ കലകളും സാംസ്കാരികത്തനിമകളും പരിപോഷിപ്പിച്ച് ജീവി

### പട്ടിക I

**ഓരോ ജില്ലയിലെയും വിവിധതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷരതയ്ക്കും അനുബന്ധ പരിപാടികൾക്കും വേണ്ടി കഴിഞ്ഞ നാലുവർഷങ്ങളിൽ തങ്ങളുടെ വാർഷിക ബഡ്ജറ്റിൽ മാറ്റി വച്ച തുക.**

| ജില്ല | 2004-05 | 2005-06 | 2006-07 | 2007-08 |
|---|---|---|---|---|
| തിരുവനന്തപുരം | 12,00000/- | 2139200/- | 1979200/- | 3500000/- |
| കൊല്ലം | 2080000/- | 3891200/- | 2682500/- | 2150000/- |
| പത്തനംതിട്ട | 700000/- | 1392500/- | 648000/- | 1375000/- |
| ആലപ്പുഴ | 800000/- | 806500/- | 600000/- | 1389000/- |
| കോട്ടയം | 600000/- | 120000/- | 288383/- | 2600000/- |
| ഇടുക്കി | 400000/- | 1000000/- | 380000/- | 3700000/- |
| എറണാകുളം | 6000000/- | 1892500/- | 7652750/- | 1867000/- |
| തൃശ്ശൂർ | 900000/- | 1766000/- | 495500/- | 1129000/- |
| പാലക്കാട് | 3000000/- | 6544000/- | 3227500/- | 4868000/- |
| മലപ്പുറം | 1230000/- | 1850000/- | 1434500/- | 3500000/- |
| കോഴിക്കോട് | 500000/- | 1206100/- | 357500/- | 4422200/- |
| വയനാട് | 2500000/- | 3141500/- | 2786850/- | 3805000/- |
| കണ്ണൂർ | 1500000/- | 5400000/- | 1759240/- | 16210000/- |
| കാസർഗോഡ് | 900000/- | 846000/- | 1181000/- | 2787000/- |
| **ആകെ** | **22,310,000/** | **32,229,500/-** | **25,472,923/-** | **53,302,200/-** |

തത്തെ കൂടുതൽ അർത്ഥപൂർണവും ശ്രേഷ്ഠവുമാക്കൽ തുടങ്ങിയ നിരവധി കാര്യങ്ങളിൽ ഉള്ള ബഹുലത്വം അംഗീകരിച്ചുകൊണ്ട് അവയിൽ ക്രിയാത്മകമായി ഇടപെടാനുള്ള പരിപാടികൾ നമ്മുടെ തദ്ദേശഭരണ സംവിധാനങ്ങൾക്ക് മാത്രമേ കഴിയൂ. ഇത്തരം ഇടപെടലുകൾ പല പഞ്ചായത്തുകളിലും പോയ വർഷങ്ങളിൽ ധാരാളം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലായി വിവിധ പഞ്ചായത്തുകൾ ഓരോ ജില്ലയിലും തുടർ വിദ്യാഭ്യാസത്തിന് വേണ്ടി മാറ്റിവച്ച തുകയുടെ കണക്കാണ് പട്ടിക 1 ൽ. ഈ ഇടപെടൽ നാടിന്റെ വികസനത്തിലെ സുപ്രധാനമായൊരു കണ്ണിയാക്കി വളർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന ചുറ്റുപാട് ഇന്ന് കേരളത്തിലുണ്ട്. അതിനുള്ള ബോധപൂർവമായ ഏകോപനമാണ് ഉണ്ടാവേണ്ടത്.


**കേരളം ഇന്ന് ഒരു**
**കാർഷിക സമൂഹമല്ല.**
**ഒരു വ്യവസായിക സമൂഹവുമല്ല.**
**ഇത് രണ്ടിലും കേരളം പിന്നിലാണ്.**
**അതേയവസരം കേരളം**
**ഒരറിവ് സമൂഹമാണ്.**
**അതിവേഗം ലോകം മുഴുവൻ**
**പരക്കുന്ന ഒരു പുത്തൻ**
**ആശയമാണ് അറിവു സമൂഹമെന്നത്.**
**ഇന്നത്തെ അറിവുവിപ്ലവത്തിന്റെ**
**അടിത്തറയും ഈ അറിവ്**
**സമൂഹം തന്നെ.**

പുതിയ തൊഴിലുകൾ കണ്ടെത്തുന്നതിലും അവയിൽ പരിശീലനം നൽകുന്നതിലും, അന്യം വന്നു കൊണ്ടിരിക്കുന്ന പഴയ തൊഴിലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നതിലും നവസാക്ഷരത ഔപചാരിക വിദ്യാഭ്യാസത്തിന്റെ വിവിധ ശ്രേണികളിലേക്കുള്ള തുല്യത കൈവരിക്കാൻ പ്രാപ്തമാക്കുന്നതിലും, ജനങ്ങളുടെ ആരോഗ്യശീലങ്ങളും പരിസരാവബോധവും വളർത്തുന്ന കാര്യത്തിലും ഒക്കെ ധാരാളം പുത്തൻ നാമ്പുകൾ പഞ്ചായത്തുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പേരുകൾ എടുത്തു പറയാൻ കഴിയാത്തവിധം വിപുലമാണ് ഈ രംഗത്തെ ഇടപെടൽ മാതൃകകൾ.

ഇത്തരമൊരു വലിയ സാമൂഹ്യ വിദ്യാഭ്യാസ പദ്ധതി ഏറ്റെടുക്കാനുള്ള പൂർണമായ ഘടനാ സംവിധാനം ഇനിയും ഉണ്ടായിട്ടില്ലെങ്കിലും അത്തരമൊരു സമാന്തരവിദ്യാഭ്യാസപദ്ധതിയിലേക്കു നയിക്കുന്ന അടിസ്ഥാന സംവിധാനങ്ങൾ ഇന്ന് ഓരോ പഞ്ചായത്തിലും ഉണ്ട്. ഓരോ പഞ്ചായത്തിലും പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായുള്ള സാക്ഷരതാ സമിതി പ്രവർത്തിക്കുന്നുണ്ട്. ഈ ജനകീയ സമിതിക്ക് അതത് പ്രദേശത്തെ സാമൂഹ്യവിദ്യാഭ്യാസ ആവശ്യങ്ങൾ



**ഒരു ഗ്രാമപഞ്ചായത്തിലെ സാമൂഹ്യവിദ്യാഭ്യാസ കേന്ദ്രവും അവിടെയുണ്ടാകേണ്ട പ്രവർത്തന സംവിധാനങ്ങളും**




ആസൂത്രണം ചെയ്യാൻ കഴിയേണ്ടതാണ്. പക്ഷേ അത്തരമൊരു ഗൗരവതരമായ ചർച്ചകളും തീരുമാനങ്ങളും പ്രവർത്തനപരിപാടികളും വേണ്ടത്ര രൂപപ്പെടുന്നില്ല എന്ന പരിമിതിയുണ്ട്. തങ്ങളുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് കൃത്യമായ ധാരണകൾ നേടാത്തതിന്റെ പ്രശ്നവുമുണ്ട്. ഇത്തരമൊരു ബൃഹദ്പദ്ധതിയുടെ സാമ്പത്തിക സമാഹരണം സംബന്ധിച്ചുള്ള പ്രശ്നവുമുണ്ട്. ഇന്ന് പഞ്ചായത്തുകളിൽ മൂന്ന് വീതമുള്ള തുടർവിദ്യാകേന്ദ്രങ്ങളിലും ബ്ലോക്കുതലത്തിലുള്ള വികസന വിദ്യാകേന്ദ്രങ്ങളിലും ആവശ്യമായത്ര സൗകര്യങ്ങളോ സംവിധാനങ്ങളോ ഇല്ല. ഓരോ പഞ്ചായത്തിലും അവിടുത്തെ സാമാന്യ ജനത്തിന്റെ (കുട്ടികളുടെയല്ല) വിദ്യാഭ്യാസപരമായ വളർച്ചയ്ക്ക് നേതൃത്വം നൽകാൻ കഴിയുന്ന ഒരു സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രം പടുത്തുയർത്തുകയെന്നതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഇതിനെ

**തങ്ങളുടെ നാനാവിധത്തിലുള്ള**
**അദ്ധ്വാനശേഷിയും സർഗശേഷിയും**
**സാംസ്കാരിക അവബോധവും**
**പരിപോഷിപ്പിക്കാനും**
**ഉപയോഗപ്പെടുത്താനുമുള്ള പരിശീലനം**
**നൽകുക എന്ന ഭാരിച്ചതും**
**സങ്കീർണവുമായ ഉത്തരവാദിത്വം**
**ഏറ്റെടുക്കാൻ നമ്മുടെ**
**പഞ്ചായത്തുകൾക്ക് ഇന്ന് കരുത്തുണ്ട്**
**എന്നത് 73,74 ഭേദഗതിയുടെ 15-ാം വാർഷികം**
**ആഘോഷിക്കുന്ന ഈ വേളയിൽ**
**ഏറ്റവും ആവേശകരമായ**
**സംഗതിയാണ്.**

വികസന വിദ്യാകേന്ദ്രം എന്നു വിളിക്കാം. ഇവിടെ ഉണ്ടായിരിക്കേണ്ട ബഹുമുഖമായ സാമൂഹ്യവിദ്യാഭ്യാസ പരിപാടികളുടെ ഒരു രത്നച്ചുരുക്കമാണ് മുകളിൽ കൊടുത്തിരിക്കുന്ന ചിത്രത്തിൽ.

ഇത്തരമൊരു വിദ്യാഭ്യാസ പദ്ധതിക്ക് നാടിന്റെ വികസനത്തിലും മുഖ്യചാലകശക്തിയായി മാറാൻ കഴിയും. ഒരു ജനതയുടെ മോചനം ആ ജനത സ്വന്തം നാട്ടിലെ ഏറ്റവും വിലപ്പെട്ട സമ്പത്തായി മാറുമ്പോഴാണ്. തങ്ങളുടെ നാനാവിധത്തിലുള്ള അദ്ധ്വാനശേഷിയും സർഗശേഷിയും സാംസ്കാരിക അവബോധവും പരിപോഷിപ്പിക്കാനും ഉപയോഗപ്പെടുത്താനുമുള്ള പരിശീലനം നൽകുക എന്ന ഭാരിച്ചതും സങ്കീർണവുമായ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നമ്മുടെ പഞ്ചായത്തുകൾക്ക് ഇന്ന് കരുത്തുണ്ട് എന്നത് 73,74 ഭേദഗതിയുടെ 15-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഏറ്റവും ആവേശകരമായ സംഗതിയാണ്.

*(ലേഖകൻ*
*സംസ്ഥാന സാക്ഷരതാ മിഷനിൽ*
*എക്സിക്ക്യൂട്ടീവ് അംഗമാണ്.)*

# തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ

* വി.എൻ. ജിതേന്ദ്രൻ
** എൻ. ജഗജീവൻ

വിപുലമായ ജനകീയ ചർച്ചകളിലൂടെയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പുനിയമം രൂപം കൊണ്ടത്. ആ അർത്ഥത്തിൽ ഇതൊരു ജനകീയ നിയമമാണ്. ഒരു പക്ഷേ ഭൂപരിഷ്ക്കരണ നിയമത്തിനുശേഷം ദാരിദ്ര്യനിർമ്മാർജ്ജനത്തിനു സഹായകമായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നിയമനിർമ്മാണമാണ് തൊഴിലുറപ്പു നിയമത്തിലൂടെ നടന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ പ്രാബല്യത്തിൽ വന്ന രണ്ടുവർഷങ്ങൾക്കുശേഷവും തൊഴിലുറപ്പു നിയമത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമായി നടന്നുവരികയാണ്.

**1. ചരിത്രം**

മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് ഒരു പുതിയ ആശയമല്ല. ഇന്ത്യയിൽ അറുപതുകൾ മുതൽതന്നെ പൈലറ്റ് അടിസ്ഥാനത്തിൽ തൊഴിൽ പരിപാടികൾ നടപ്പിലാക്കിയിരുന്നു. പഞ്ഞമാസങ്ങളിൽ തൊഴിൽ നൽകുന്നതിലൂടെ തൊഴിലില്ലായ്മയുടേയും ദാരിദ്ര്യത്തിന്റേയും കാഠിന്യം കുറയ്ക്കുക എന്നതായിരുന്നു ഈ പദ്ധതികളുടെ ലക്ഷ്യം. തൊഴിൽ പരിപാടിയിലൂടെ നിർമ്മിക്കുന്ന സാമൂഹ്യ ആസ്തികൾ പിൽക്കാലത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകും എന്നും പ്രതീക്ഷിച്ചിരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ആദ്യകാല തൊഴിൽ പരിപാടികളുടെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 1977 ൽ കേന്ദ്രസർക്കാർ ഫുഡ് ഫോർ വർക്ക് എന്ന പരിപാടി ആവിഷ്ക്കരിച്ചു. തുടർന്നുള്ള മൂന്നു പതിറ്റാണ്ടുകളിൽ ദേശീയ ഗ്രാമീണ തൊഴിൽ പരിപാടി (1980) യിൽ തുടങ്ങി സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (2001) വരെ പല പേരുകളോടെ കേന്ദ്രാവിഷ്കൃത തൊഴിൽ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇത്തരം പരമ്പരാഗത തൊഴിൽ പദ്ധതികളുടെ ചട്ടക്കൂട്ടിൽ നിന്നും പാടെ വ്യതിചലിച്ചുകൊണ്ടാണ് ദേശീയ തൊഴിലുറപ്പു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. തൊഴിലുറപ്പു നിയമം ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പാക്കുകയും സ്വന്തം പ്രദേശത്ത് തൊഴിലെടുക്കാനുള്ള അവകാശം സംരക്ഷിക്കുകയും ചെയ്യുന്നു. 125 രൂപ ദിവസക്കൂലിക്ക് കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും വർഷം 100 ദിവസം





തൊഴിൽ നൽകാനുള്ള ഉത്തരവാദിത്തം സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്.

മുൻകാല തൊഴിൽ പരിപാടികൾ സാമൂഹ്യ ആസ്തികൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിയെങ്കിൽ തൊഴിലുറപ്പു പദ്ധതി തൊഴിൽ നൽകുന്നതിനാണ് ഊന്നൽ നൽകുന്നത്. തൊഴിലാളികളുടെ ഭാഗത്തുനിന്നുകൊണ്ട് വികസിപ്പിച്ചെടുത്ത ആശയങ്ങളാണ് തൊഴിലുറപ്പു നിയമത്തിനുള്ളത്. ഇവിടെ തൊഴിൽ നിയമസാധുതയുള്ള ഒരു അവകാശമായിമാറുകയാണ്. തൊഴിൽ നൽകാനുള്ള ബാധ്യത സർക്കാർ സംവിധാനം ഏറ്റെടുക്കുകയാണ്. എന്ന്, എവിടെ, എത്രനാൾ തൊഴിൽ വേണം എന്ന് തൊഴിലാളിയാണ് തീരുമാനിക്കുന്നത്. തൊഴിൽ നൽകാനായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകാൻ പഞ്ചായത്തുകൾ ബാധ്യസ്ഥരാണ്. പണിയിടങ്ങളിൽ കുടിവെള്ളം, വിശ്രമിക്കാനുള്ള തണൽ, കുട്ടികളെ പരിചരിക്കാനുള്ള ആയ, പണിക്കിടയിൽ പരുക്കേറ്റാൽ ചികിത്സാ സൗകര്യം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും പരാതിപരിഹാര സംവിധാനങ്ങളും തൊഴിലുറപ്പു പദ്ധതിയുടെ പ്രത്യേകതകളാണ്. മുൻകാല തൊഴിൽ പരിപാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ഊന്നൽ നൽകിയെങ്കിൽ തൊഴിലുറപ്പു പദ്ധതി പരിസ്ഥിതി പുനഃസ്ഥാപനത്തിന് പ്രാധാന്യം നൽകുന്നു.



**2. തൊഴിലുറപ്പു നിയമവും പരിസ്ഥിതി പുനഃസ്ഥാപനവും**

മണ്ണ്-ജല-ജൈവസമ്പത്തുകളുടെ പരിപോഷണത്തിനുതകുന്നതരം പ്രവർത്തികൾക്കാണ് തൊഴിലുറപ്പു പദ്ധതിയിൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്. ഇവയെ രണ്ടായി തിരിക്കാം.

i. **പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള ജനവിഭാഗങ്ങളുടെ ഭൂവികസനപ്രവർത്തികൾ:** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്ക്കരണത്തിലൂടെ ഭൂമി കിട്ടിയവർ, ഐ.എ.വൈ വീടു കിട്ടിയിട്ടുള്ളവർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, ഹോർട്ടികൾച്ചർ പ്ലാന്റേഷൻ, മറ്റു ഭൂവികസന പരിപാടികൾ

ii. **നീർത്തടാധിഷ്ഠിത വികസന പരിപാടികൾ:** ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂഭാഗം ചുറ്റുമായുണ്ടാകും. ഈ ഭൂവിഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നീർമറിത്തടപ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും ജൈവ സമ്പത്തും പരസ്പര ബന്ധിതമായി പ്രവർത്തിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് നീർത്തടത്തിന്റെ പ്രാധാന്യം. ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നീർത്തടം എന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ഒഴുകിപ്പോകുന്ന വെള്ളം കെട്ടിനിർത്തി ഭൂമിയിലേയ്ക്ക് ആഴ്ത്തുന്നതിനുള്ള മഴക്കുഴികൾ ഉണ്ടാക്കുക, വെള്ളത്തിന്റെ ശക്തമായ കുത്തൊഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കിയും, ചെടികൾ വച്ചുപിടിപ്പിച്ചും, പാഴ്ത്തടികൾ ഇട്ടും നിർമ്മിക്കുന്ന തടയണകൾ നിർമ്മിക്കുകയും വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാലകൾ കെട്ടുക, ധാരാളം വേര് പടലങ്ങളുള്ള രാമച്ചം പോലുള്ള പുല്ലുവർഗ്ഗങ്ങൾവച്ച് പിടിപ്പിക്കുക, നീർച്ചാലുകൾ വൃത്തിയാക്കുക, പരമ്പരാഗത ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുക, ജൈവവളമായി ഉപയോഗിക്കാവുന്ന വട്ട തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുക, നീർച്ചാലുകളുടെ വശങ്ങളിൽ തഴ, മുള, ഈറ, ചൂരൽ തുടങ്ങിയവ വച്ചുപിടിപ്പിക്കുക, വികേന്ദ്രീകൃത നഴ്സറികൾ ആരംഭിക്കുക തുടങ്ങി ഒട്ടേറെ പ്രവർത്തികൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കാം. വരൾച്ച, മണ്ണൊലിപ്പ്, വനശോഷണം എന്നിങ്ങനെ ദാരിദ്ര്യത്തെ രൂക്ഷമാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പ്രവർത്തികൾ ആയിരിക്കണം ഇവ.

**3. തൊഴിലുറപ്പു പദ്ധതി കേരളത്തിൽ**

തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ കേരളം നയപരമായ ചില നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- ❖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തം.
- ❖ കാർഷിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കാൻ തൊഴിലുറപ്പു പദ്ധതിയിലൂടെ ഇടപെടലുകൾ.
- ❖ ഒരു കുടുംബത്തിന് പ്രതിവർഷം 12500 രൂപ അധികവരുമാനം ഉറപ്പാക്കിക്കൊണ്ട് ദാരിദ്ര്യത്തിന്റെ കാഠിന്യം കുറയ്ക്കുക. പടിപടിയായി തൊഴിലുറപ്പു പദ്ധതിയെ ഒരു സാമൂഹ്യ സുരക്ഷാപദ്ധതിയായി വികസിപ്പിക്കുക.
- ❖ സ്ത്രീകൾക്ക് നൽകുന്ന ഉയർന്ന പരിഗണന.
- ❖ കരാറുകാരേയും ഇടനിലക്കാരേയും പൂർണ്ണമായും ഒഴിവാക്കുക, അഴിമതി ഇല്ലാതാക്കുക.
- ❖ റോഡുകളുടെ നിർമ്മാണം ആകെ പദ്ധതി ചെലവിന്റെ 10 ശതമാനത്തിൽ പരിമിതപ്പെടുത്തുക.
- ❖ പൊതുഭൂമി അഭിവൃദ്ധിപ്പെടുത്തുക

# തൊഴിലുറപ്പു പദ്ധതി - ചില വിജയകഥകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രണ്ടാംവർഷം പിന്നിടുമ്പോൾ സംസ്ഥാനത്ത് വികസന മേഖലകളുടെ സംയോജനത്തിന്റെ ഒരു പ്രായോഗിക മാതൃക കൂടിയാവുകയാണ്.സർക്കാരിന്റെ വിവിധ വികസനപദ്ധതികളുടെയും, ക്ഷേമപ്രവർത്തനങ്ങളുടെയും ഗുണഫലങ്ങളെയാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ സമന്വയിപ്പിക്കുന്നത്. ഇത് ഓരോ ഗുണഭോക്താവിനും ലഭ്യമാവുകയും, സമൂഹത്തിന്റെ അടിസ്ഥാന വളർച്ചയ്ക്ക് പ്രോത്സാഹനമാകുന്ന തരത്തിൽ നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ഇതിന് ഒട്ടനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ പാലക്കാട് ജില്ലയിൽ കഴിയും.

പാലക്കാട് ജില്ലയിലെ കൊടുമ്പിലെ അയ്യപ്പൻകാവിലെ തങ്കത്തിന് 100 ദിനത്തിന്റെ വേതനവും ഐ.എ.വൈ ഭവനവും ലഭിച്ചപ്പോൾ സമന്വയത്തിന്റെ ഒരു മാതൃകയായി അത് മാറി. താണിക്കുളം, കാടാംതോട് കിണർ, ചെമ്മട്ടിയകാവ് ക്ഷേത്രക്കുളം എന്നീ പദ്ധതികളിലാണ് 100 തൊഴിൽദിനം ലഭ്യമായത്. കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഭവനവും, ആശ്രയയിലൂടെ മറ്റുസഹായങ്ങളും, അദ്ധ്വാനത്തിന്റെ പ്രതിഫലമായി 12500 രൂപയും ലഭിക്കുമ്പോൾ പരമദരിദ്രയായ തങ്കത്തിന് ജീവിതത്തിലെ വെള്ളിവെളിച്ചം കാണാനായി. കേറി കിടക്കുന്നതിനുള്ള ഒരു കൂര രോഗം മൂലം മരണപ്പെട്ട ഭർത്താവിന്റെ സ്വപ്നമായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനും തങ്കത്തിന് സമാശ്വസമുണ്ട്. കൂടാതെ, തങ്കത്തിന് പെൻഷനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

കൊടുമ്പിൽതന്നെ വിവിധ സർക്കാർ പദ്ധതികളിലെ വിഹിതം ഉപയോഗിച്ച് നടത്തിയിരിക്കുന്ന വികസന പ്രവർത്തനത്തിന്റെ മറ്റൊരു മാതൃക കൂടി ചൂണ്ടികാണിക്കാം. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏക്കറോളം വിസ്തൃതി വരുന്ന താണിക്കുളത്തിന്റെ പണി ആരംഭിക്കുന്നത് കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ്. പിന്നീട് സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ പദ്ധതിയും, പദ്ധതി വിഹിതവും, എം. എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടും ഇവിടെ ഉപയോഗിക്കപ്പെട്ടു. ചെളി എടുത്ത് മാറ്റൽ, ആഴംകൂട്ടൽ, അരിക് കെട്ടൽ, കനാൽ നിർ മ്മാണം തുടങ്ങിയവ ഈ പദ്ധതിയിൽ ചെയ്യപ്പെട്ടിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ 17 ലക്ഷം രൂപയാണ് ചിലവഴിച്ചിട്ടുള്ളത്. 140 ഏക്കറോളംവരുന്ന നെൽപാടത്തേയ്ക്ക് ജലസേചനം നടത്തുന്നതിന് സൗകര്യമാകുമാറ് ചാലുകളും പൈപ്പുകളും നിർമ്മിച്ചിട്ടുണ്ട്. കുളത്തിന് സമീപം എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിച്ചു. ഇതിന് 7 ലക്ഷം രൂപ വേണ്ടി വന്നു. തൊഴിലുറപ്പ് പദ്ധതി, വികസന ഫണ്ട്, എം.എൽ.എ ഫണ്ട്, ഇറിഗേഷൻ വകുപ്പിന്റെ സാങ്കേതിക സഹായം എന്നിവയുടെ ഫലപ്രദമായ സമന്വയം ഇവിടെ ഉണ്ടായി.

★ ★ ★ ★

നെന്മാറ ഗ്രാമപഞ്ചായത്തിലെ പോത്തുണ്ടി പ്രദേശമാണ് സമന്വയത്തിന്റെ മറ്റൊരു മാതൃക. പോത്തുണ്ടി ഡാം പരിസരത്ത് കാലങ്ങളായി തരിശായി കിടക്കുന്ന മുന്നൂറോളം ഏക്കർ ഭൂമി ഇറിഗേഷൻ വകുപ്പിന്റെ പക്കൽ ഉണ്ട്. ഇതിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിച്ചു പരിസ്ഥിതി പുനഃസ്ഥാപനത്തിന് ഉള്ള ഒരു മാതൃകയാക്കി മാറ്റപ്പെടണമെന്നുള്ളത് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ആശയമായിരുന്നു. ആദ്യഘട്ടത്തിൽ 200 ഏക്കർ ഭൂമിയിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടന്നത്. ഈ സാമ്പത്തിക വർഷം ലഭ്യമായ 10 ഏക്കർ സ്ഥലത്ത് ഫലവൃക്ഷത്തൈകൾ നട്ട് പദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞു. 1,09,603 രൂപയാണ് ഇതിനകം ചിലവഴിച്ചിട്ടുള്ളത്. തുടർച്ചയായുള്ള സംരക്ഷണത്തിനുള്ള ക്രമീകരണവും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇവിടെ ഗ്രാമപഞ്ചായത്തും ജലസേചനവകുപ്പും തങ്ങളുടെ വിഹിതം പൊതുനേട്ടത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വിനിയോഗിക്കുകയും പാവപ്പെട്ട തൊഴിലാളിക്ക് വരുമാനം ലഭ്യമാക്കുകയും ചെയ്യുന്ന സമീപനമാണ് നടപ്പിലാക്കിയത്.

★ ★ ★ ★

ഒറ്റപ്പാലം ബ്ലോക്കിലെ വാണിയംകുളം കാർഷിക പ്രധാനമായ പഞ്ചായത്താണ്. ഇവിടെ തൊഴിലുറപ്പ് പദ്ധതിയും പശ്ചിമഘട്ട വികസന പദ്ധതിയും സമന്വയിപ്പിച്ചാണ് വലിയ ജലസേചനകുളം നിർമ്മിക്കപ്പെട്ടത്. 180 ഏക്കറിൽ അധികം വരുന്ന പ്രദേശത്തേയ്ക്ക് ജലസേചനം ലഭ്യമാക്കുന്ന പദ്ധതിക്ക് 1,38,794/- രൂപ തൊഴിലുറപ്പിലൂടെയും, 1,91846/- രൂപ പശ്ചിമഘട്ട വികസന പദ്ധതിയിലൂടെയും ലഭ്യമാക്കി. പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജലം കൃഷിയിടങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പണി പൂർത്തിയായാൽ മാത്രമേ മൂന്ന് ഏക്കർ വിസ്തൃതി വരുന്ന കുളത്തിന്റെ പണി പൂർണ്ണമാകൂ. ഇവിടെയും സമന്വയത്തിന്റെ ഒരു ഉദാത്ത മാതൃക നമുക്ക് കാണാം.

പാലക്കാട് ജില്ലയിൽ മറ്റ് വകുപ്പുകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഇതിനകം 6 കോടിയിലധികം രൂപയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. 6 പ്രധാനപ്പെട്ട വകുപ്പുകളെ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്.

★ ★ ★ ★

**സോഷ്യൽ ഓഡിറ്റ്**

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലാണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആദ്യമായി പൂർത്തിയാക്കുന്നത്. ഗ്രാമസഭ തിരഞ്ഞെടുത്ത പത്തു മുതൽ പതിമൂന്നുവരെയുള്ള അംഗങ്ങളാണ് സോഷ്യൽ ഓഡിറ്റ് നടത്തിയത്. ഗ്രാമസഭയിൽ അവതരിക്കപ്പെട്ട പാനലിനെ ഗ്രാമസഭ പൊതുവെ അംഗീകരിക്കുകയായിരുന്നു. മാതൃകാപരമായ രീതിയിലാണ് പാനലിന്റെ തിരഞ്ഞെടുപ്പ് നടന്നത്. ആ വാർഡിലെ മെമ്പറും, കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇദ്ദേഹം തോൽപ്പിച്ചവരിൽ ഏറ്റവും കൂടിയ വോട്ടു നേടിയ സ്ഥാനാർത്ഥിയും കൂടി തയ്യാറാക്കിയ പാനലാണ് അവതരിക്കപ്പെട്ടത്. മിക്ക വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ടീമിന്റെ അദ്ധ്യക്ഷൻ, ആ വാർഡു മെമ്പറുടെ എതിർരാഷ്ട്രീയ കക്ഷിയിൽപെട്ടയാളായിരുന്നു. രാഷ്ട്രീയ പ്രബുദ്ധരായ ഒരു ജനതയുടെ കക്ഷി രാഷ്ട്രീയത്തിനപ്പുറത്ത് കടന്നു ചിന്തിക്കാനും, പ്രവർത്തിക്കാനുമുള്ള ആർജ്ജവും, ആവേശവുമാണ് ഇതിലൂടെ വ്യക്തമാവുന്നത്.

★ ★ ★ ★

തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത പട്ടിക വർഗ്ഗക്കാരായ തൊഴിലാളികളുടെ ഇപ്പോഴത്തെ ആവശ്യം ഈ പണി 200 ദിവസം ആക്കണമെന്നാണ്. പണി തുടങ്ങിയപ്പോൾ മിക്കവർക്കും തൊഴിലുറപ്പിനിറങ്ങാൻ താല്പര്യമുണ്ടായിരുന്നില്ല. എന്നാൽ ഒരിക്കൽ പണിക്കിറങ്ങിയവർ പിന്നീട് ഇതുപേക്ഷിച്ച് പോയിട്ടില്ല. വീട്ടിലെ പട്ടിണി മാറിയെന്നാണ് കോറം കോളനിയിലെ മായിയുടെ അഭിപ്രായം. ഇപ്പോൾ കിട്ടുന്ന കൂലി മുഴുവൻ വീട്ടിലെ ചെലവിനെടുക്കും. കാരണം തുക ബാങ്കിലേക്കാണ് വരുന്നത്. തുടക്കത്തിൽ അന്നന്ന് കൂലി ലഭിക്കാത്ത പ്രശ്നം പട്ടികവർഗ്ഗക്കാരായ തൊഴിലാളികൾക്കുണ്ടായിരുന്നു. തൊണ്ടർനാട് കുടുംബശ്രീ ADS ഭാരവാഹികൾ, അരിയും സാധനങ്ങളും മേടിക്കുന്നതിനുള്ള അഡ്വാൻസ് തൊഴിലാളികൾക്ക് നൽകികൊണ്ടാണ് ഈ പ്രശ്നത്തിന് പരിഹാരം കണ്ടത്.

★ ★ ★ ★



തൊഴിലുറപ്പ് പദ്ധതിയിലൂടെ ജീവിതം തിരിച്ചു കിട്ടിയ ഒരു വ്യക്തിയാണ് പൂതാടി പഞ്ചായത്തിലെ കെ. പ്രസന്ന. 2005 ഓഗസ്റ്റിലാണ് പ്രസന്നയുടെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം സംഭവിച്ചത്. കൃഷിപണിയും, കൂലിപണിയുമെടുത്ത് കുടുംബം പുലർത്തിയിരുന്ന ഭർത്താവ് ഗോപി വിഷം കഴിച്ച് ജീവനൊടുക്കിയതോടെ പ്രസന്നയുടെയും കുടുംബത്തിന്റെയും ജീവിതം ഇരുട്ടിലായി. വയനാടിനെ ദുരിതത്തിലേക്ക് തള്ളിവിട്ട കാർഷികപ്രതിസന്ധിയുടെ രക്തസാക്ഷിയായിരുന്നു ഗോപി. ഭർത്താവ് മരിച്ചതോടെ രണ്ടു മക്കളുടെ പഠിപ്പിന്റെ വക കണ്ടെത്താനും, രണ്ടുനേരമെങ്കിലും മക്കൾക്ക് ഭക്ഷണം കൊടുക്കുവാനും വഴികാണാതെ പ്രസന്ന കടുത്ത നിരാശയിലായിരുന്നു. ജീവിക്കാനൊരു വഴികാണാതെ ആത്മഹത്യയുടെ വഴി തന്നെ തിരഞ്ഞെടുത്താലോ എന്ന് ആലോചിക്കുമ്പോഴാണ് പൂതാടി ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിക്കുന്നത്. പ്രസന്നക്കും കുടുംബത്തിനും അതൊരു പിടിവള്ളിയായി. ഇപ്പോൾ മകൻ പ്രജീഷും തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നുണ്ട്. രണ്ടു പേർക്കും 125 രൂപ പ്രകാരം കൂലി ലഭിക്കുന്നുണ്ട്. മുള്ളങ്കൊല്ലി, പൂതാടി ഗ്രാമപഞ്ചായത്തുകളിൽ കാർഷിക പ്രതിസന്ധി മൂലം ദുരിതത്തിലായ ഒട്ടേറെ കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി ഒരു ആശ്രയമായി മാറിയതിന്റെ ഒരു ഉദാഹരണം മാത്രമാണ് പ്രസന്നയുടെ ജീവിതാനുഭവങ്ങൾ.

തൊഴിലുറപ്പു പദ്ധതി കാർഷികമേഖലയിലെ പണികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടുന്ന ആവശ്യം കർഷക സംഘടനകൾ ഉന്നയിച്ചിരുന്നു. മലമ്പുഴ ബ്ലോക്കിലെ എലപ്പുള്ളി പഞ്ചായത്തിലും മാനന്തവാടി ബ്ലോക്കിലെ ഏടവക പഞ്ചായത്തിലും കർഷകരുമായി ആലോചിച്ച് ഞാറ്റുവേലയനുസരിച്ചുള്ള കാർഷികകലണ്ടർ മലയാള മാസത്തിൽ തയ്യാറാക്കുകയും കൃഷിപ്പണിയുള്ള കാലയളവ് ഒഴിവാക്കി തൊഴിലുറപ്പു പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**തയ്യാറാക്കിയത്:**

**കെ. മോഹനദാസൻ**
**സി.വി. ജോയി**

---

❖ പരിസ്ഥിതി പുന:സ്ഥാപനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

**4. തൊഴിലുറപ്പു പദ്ധതിയും ഗ്രാമപഞ്ചായത്തുകളും**

കേരളത്തിൽ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. എന്തുകൊണ്ടെന്നാൽ

❖ ദാരിദ്ര്യ നിർമ്മാർജ്ജനം, കാർഷിക മേഖലാ വികസനം, മണ്ണ് ജല സംരക്ഷണം എന്നിവ ഗ്രാമപഞ്ചായത്തുകളുടെ ഒരു പ്രധാന പ്രവർത്തന മേഖലയാണ്.

❖ ഈ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ ധനവിഭവവും മനുഷ്യവിഭവവും പഞ്ചായത്തുകളിൽ ലഭ്യമാണ്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ പ്രത്യേക സ്കീമുകൾ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്ക് നിർണ്ണായക സ്ഥാനം നൽകിയിട്ടുണ്ട്.

❖ അതുകൊണ്ട്, ഈ മേഖലകളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ലഭ്യമായ എല്ലാ വിഭവസ്രോതസ്സുകളെയും കൂട്ടിയോജിപ്പിച്ച് പ്രശ്നപരിഹാരം നടത്തുന്നതിന്റെ നേതൃത്വ സ്ഥാനം ഗ്രാമപഞ്ചായത്തുകൾക്കാണ്.

❖ ചുരുക്കത്തിൽ, ഓരോ പഞ്ചായത്ത് പ്രദേശത്തിന്റെയും സുസ്ഥിര വികസന പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം എന്നിവയുടെ സാമൂഹ്യ നേതൃത്വമാണ് ഗ്രാമ പഞ്ചായത്തുകൾക്കുള്ളത്.

❖ ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെ സമീപിക്കാം?

**(എ)ലക്ഷ്യം**

❖ ഓരോ പഞ്ചായത്തും തൊഴിലാവശ്യമുള്ള മുഴുവൻ പേർക്കും നൂറു ദിവസത്തെ (കുടുംബത്തിന്) തൊഴിൽ ലഭ്യമാക്കുന്നു. പഞ്ചായത്തിലെ കാർഷിക ജോലികൾ, നിർവ്വഹണ ജോലികൾ, മറ്റ് കൂലി വേലകൾ എന്നിവയുടെ ലഭ്യത, കാലഘട്ടം ഇവ കൂടി പരിഗണിച്ച് "തൊഴിലുറപ്പു കലണ്ടർ" നിർമ്മിക്കുക. ചുരുക്കത്തിൽ, വർഷത്തിൽ 25,000-30,000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങൾ ഇല്ലായെന്ന് ഉറപ്പാക്കണം-ഇതിലൂടെ ദാരിദ്ര്യ ലഘൂകരണത്തിന് ഒരു പുതിയ തലം ഉണ്ടാവുകയാണ്.

❖ പഞ്ചായത്തിന്റെ പരിസ്ഥിതി പുന:സ്ഥാപനത്തിന് ഒരു പുതിയ കർമ്മ പരിപാടിക്ക് രൂപം നൽകുക. ഇതിനാവശ്യമായ മനുഷ്യാദ്ധ്വാനത്തിന്റെ പണം തൊഴിലുറപ്പ് പദ്ധതിയിലൂടെ കണ്ടെത്തുക.

❖ നീർത്തടാധിഷ്ഠിത വികസനം, വികസനപ്രവർത്തനങ്ങളുടെ നിർവ്വഹണം തുടങ്ങി ആസൂത്രണ നിർവ്വഹണപ്രവർത്തനങ്ങളിൽ സാധാരണ ജനങ്ങൾക്ക് പങ്കെടുക്കാൻ ഒരു പ്രായോഗിക പ്രവർത്തനമെന്ന നിലയ്ക്ക് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുക-പങ്കാളിത്ത പ്രവർത്തനത്തിന് ഒരു പുതിയ രീതി വികസിപ്പിക്കുക.

❖ സാമൂഹ്യപരിശോധനയ്ക്കും സാമൂഹ്യമോണിറ്ററിംഗിനും ഒരു പങ്കാളിത്തപ്രയോഗരൂപം വികസിപ്പിക്കുക.

**ബി. ആസൂത്രണം**

❖ പഞ്ചായത്തിലെ തൊഴിൽ അർഹതപ്പെട്ട, തൊഴിൽ ആവശ്യമുള്ള മുഴുവൻ പേരുടെയും ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കൽ -ആനുകൂല്യത്തിനു അപേക്ഷ സമർപ്പിക്കുക എന്ന മനോഭാവത്തിൽ നിന്നു മാറ്റി അവകാശം ലഭ്യമാക്കുന്നു എന്ന ചുമതലാ നിർവ്വഹണത്തിലേയ്ക്ക് പഞ്ചായത്ത് പ്രവർത്തനത്തിൽ മാറ്റം വരുത്തുന്നു.

❖ ഇതിനനുയോജ്യമായ രീതിയിൽ സംഘടനാ രൂപങ്ങൾ ഉണ്ടാക്കുകയും തൊഴിലവകാശപ്പെട്ട മുഴുവൻ പേരുടെയും രജിസ്ട്രേഷന്, തൊഴിൽ കാർഡ് നൽകൽ (കുടുംബശ്രീ സംവിധാനത്തെ ഫലപ്രദ



മായി പ്രയോജനപ്പെടുത്തൽ), ബാങ്ക് അക്കൗണ്ട് തുടങ്ങൽ

- പഞ്ചായത്തിലെ മണ്ണ് ജലസംരക്ഷണത്തിനനുയോജ്യമായ രീതിയിൽ പ്രവർത്തികൾ കണ്ടെത്തി പ്രോജക്ടുകൾക്ക് രൂപം നൽകൽ.
- കാർഷികവികസനം, ജലസംരക്ഷണം എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ കാർഷികമേഖലയിലുള്ള വികസന പദ്ധതിക്ക് രൂപം നൽകുകയും അതിലെ മനുഷ്യാധ്വാനം വേണ്ടിവരുന്ന പ്രവർത്തികൾ തൊഴിലുറപ്പ് പദ്ധതിയിലും മറ്റുള്ളവ പഞ്ചായത്ത് പ്ലാനിലും ഉൾപ്പെടുത്തുകയും ചുരുക്കത്തിൽ പഞ്ചായത്തിന്റെ സമഗ്ര വികസന പദ്ധതിയിലെ ഒരു പ്രധാന ഘടകമായി തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണത്തെ രൂപാന്തരപ്പെടുത്തൽ. ഇത് കേവലം തൊഴിൽദാനപദ്ധതിയല്ല, മറിച്ച് കാർഷികമേഖലയ്ക്കുള്ള ഒരു നിക്ഷേപമാണ്. ഭാവിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ പരിസ്ഥിതിയുടെയും കാർഷികമേഖലയുടെയും പുന :സ്ഥാപന പദ്ധതിയാണിത്. ഇതിന് താഴെത്തലത്തിൽ നേതൃത്വം നൽകാൻ സാധിക്കുക ഗ്രാമപഞ്ചായത്തുകൾക്കാണ്.

**സി. നിർവ്വഹണം**

- ഒട്ടനവധി നിർവ്വഹണ രൂപങ്ങൾ പരീക്ഷിക്കാൻ ധൈര്യം കാണിച്ചിട്ടുള്ള ഭരണസംവിധാനങ്ങളാണ് ഗ്രാമപഞ്ചായത്തുകൾ.
- അവകാശത്തിലധിഷ്ഠിതമായ തൊഴിലുകൾ ചെയ്യുന്നവർക്ക് അവകാശം ലഭ്യമാക്കുന്നതോടൊപ്പം പ്രവർത്തിയിലേർപ്പെടുമ്പോൾ ഉള്ള ചുമതലയും ഉറപ്പ് വരുത്താൻ പങ്കാളിത്തം, പ്രചോദനം നൽകൽ, മേൽനോട്ടം എന്നിവ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൂടെ കൂട്ടായ്മയിലൂടെ പ്രയോഗതലത്തിൽ കൊണ്ടുവരൽ. വാർഡ്തല സമിതികൾ, തൊഴിലെടുക്കുന്നവരുടെ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും എ.ഡി. എസ്സുകളുടെയും പങ്കാളിത്തം എന്നിവ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ രു പുതിയ തലം നൽകുന്നു.
- തൊഴിലുപകരണങ്ങൾ, തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് എ.ഡി.എസ്സുകളെ പ്രാപ്തമാക്കുന്നതിനുള്ള ചുമതല.

**ഡി. ഭരണപ്രക്രിയ**

ഭരണപ്രക്രിയയെ കാര്യക്ഷമവും പങ്കാളിത്തപരവും സുതാര്യവും ആക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഒരു ചവിട്ടുപടി-അപേക്ഷ വിതരണം ചെയ്യൽ, തൊഴിൽ കാർഡ് നൽകൽ, പ്രോജക്ട് തയ്യാറാക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി എന്നിവയ്ക്കായി വേണ്ടിവരുന്ന പ്രവർത്തനത്തിന്റെ അളവും ലഭ്യമായ പരിമിതമായ സമയവും മനുഷ്യവിഭവവും കണക്കിലെടുത്തുകൊണ്ട് സമയബന്ധിത നേട്ടം കൈവരിക്കാൻ സാമൂഹ്യപ്രതിബദ്ധതയുള്ള സന്നദ്ധ പ്രവർത്തക സംവിധാനം രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രാദേശിക പരിസ്ഥിതിയുടെയും കൃഷിയുടെയും പുന:സ്ഥാപനത്തിൽ താത്പര്യമുള്ള മുഴുവൻപേരെയും സംഘടിപ്പിച്ച് വികസനപ്രവർത്തനത്തിൽ അണിനിരത്തുന്നതിനുള്ള സാമൂഹ്യനേതൃത്വം പഞ്ചായത്തുകൾക്കാണ്. ഈ പ്രക്രിയ ജനപക്ഷ സ്വഭാവമുള്ള ഒരു സദ്ഭരണ സംവിധാനത്തെ വികസിപ്പിച്ചുകൊണ്ട് വരാൻ സഹായിക്കും.

പ്രാദേശിക ഭരണത്തിന്റെ ജീവനാഡിയാണ് ഗ്രാമസഭകൾ. സമൂഹത്തിൽ ഭൂരിപക്ഷം വരുന്ന സാധാരാണക്കാർ പങ്കെടുക്കുന്ന തൊഴിലുറപ്പ് പദ്ധതി ഗ്രാമസഭകൾക്ക് പുതുജീവൻ നൽകും. ഇതിന് അനുയോജ്യമായ രീതിയിൽ ഗ്രാമസഭയെ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണ മേൽനോട്ടം, സോഷ്യൽ ഓഡിറ്റിംങ് എന്നീ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താം. ഒരു പടികൂടി മുമ്പോട്ടുപോയി ജോബ് കാർഡ് കിട്ടിയിട്ടുള്ള തൊഴിലാളികളുടെ മാത്രമായിട്ടുള്ള പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കാം.

ശ്രദ്ധിക്കുക ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അർപ്പിതമായ മുഖ്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് മണ്ണ് ജല സംരക്ഷണം, കാർഷിക വികസനം, പരിസ്ഥിതി സംരക്ഷണം-പണം ലഭ്യമാണ്, അധികാരവും അവസരവുമുണ്ട്. ഇതിന്റെ നേതൃത്വം ജനകീയ ഭരണ സമിതികൾ ഏറ്റെടുക്കണം.

---


**അഡീഷണൽ ഡെവലപ്മെന്റ് കമ്മിഷണർ, ഗ്രാമവികസന വകുപ്പ്*

** *പ്രോഗ്രാം ആഫീസർ, കുടുംബശ്രീ*



### വികേന്ദ്രീകരണ പ്രക്രിയ സുസ്ഥിരമാക്കുന്നതിൽ

# ജനപ്രതിനിധികളുടെ പങ്കും പ്രാധാന്യവും




**പ്രൊഫ. എൻ. രമാകാന്തൻ**



ഭരണഘടനാ പിൻബലത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകൃതമായിട്ട് ഒരു വ്യാഴവട്ടക്കാലം പിന്നിടുകയാണ്. ഇതിന് സഹായകമായ സംസ്ഥാന നിയമങ്ങൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നിലവിൽ വന്നുകഴിഞ്ഞു. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ നിയമം ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനുള്ള ശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കേരളം, പശ്ചിമ ബംഗാൾ, കർണ്ണാടക, സിക്കിം, മദ്ധ്യപ്രദേശ് തുടങ്ങി അപൂർവ്വം സംസ്ഥാനങ്ങളിൽ മാത്രമാണ്. ഇതിൽ കേരളത്തിന്റെ സ്ഥാനം ഒന്നാമതാണ് എന്ന് കേന്ദ്ര സർക്കാർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രാദേശികഭരണം ഒരു സംസ്ഥാന വിഷയമാകയാൽ അധികാരങ്ങൾ എത്രമാത്രം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കണം എന്നതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് സംസ്ഥാന ഗവൺമെന്റുകളാണ്. മിക്ക സംസ്ഥാനങ്ങളും ഭരണഘടനാ ഭേദഗതി നിയമത്തിന്റെ പതിനഞ്ചു വർഷങ്ങൾ പിന്നിട്ടിട്ടും അധികാരങ്ങൾ താഴെത്തട്ടിലേക്ക് കൈമാറുന്നതിനോ പ്രാദേശിക ഭരണം ശക്തിപ്പെടുത്തുന്നതിനാവശ്യമായ അധികാര വികേന്ദ്രീകരണത്തിനോ ഇതുവരേയും തയ്യാറായിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ ഇക്കാര്യത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ച സംസ്ഥാനം എന്ന നേട്ടത്തിന് കേരളം അർഹമായി എന്നത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും അഭിമാനകരമാണ്.

**കേരളം സാർവ്വദേശീയ ശ്രദ്ധയിലേക്ക്**

അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക ഇന്ന് ദേശീയ, സാർവ്വദേശീയ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. സ്വയംഭരണ സ്ഥാപനങ്ങളായും പ്രാദേശിക ഗവൺമെന്റുകളായും കേരളത്തിലെ പഞ്ചായത്തുകളേയും നഗരസഭകളേയും ഉയർത്തുന്നതിന് ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ കേന്ദ്രഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുന്നതിനുള്ള പരിശ്രമത്തിലാണ്. പതിനൊന്നാം പദ്ധതിയുടെ ഭാഗമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രാദേശിക പദ്ധതികൾക്ക് രൂപം നല്കുന്നതിനുള്ള പരിശ്രമത്തിലാണ് ദേശീയ ആസൂത്രണ കമ്മീഷനും കേന്ദ്ര ഗവൺമെന്റും. ഇതിനായുള്ള മാർഗ്ഗരേഖ ദേശീയ ആസൂത്രണ കമ്മീഷനും കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയവും, നഗര വികസന മന്ത്രാലയവും, ഇതിനകം പുറപ്പെടുവിച്ചു കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ ഗ്രാമ-നഗര വികസന പരിപാടികളുടേയും മാർഗ്ഗരേഖയിൽ കേരളത്തിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടായി വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രാദേശികാസൂത്രണത്തിന്റെ സ്വാധീനം കാണാൻ കഴിയും.

**ദേശീയ കാമ്പയിൻ**

അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തി പ്രാദേശിക ഭരണസ്ഥാപനങ്ങളെ യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനാവശ്യമായ രാജ്യവ്യാപകമായ പ്രചാരണം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദേശീയതലത്തിൽ ഒരു കോർകമ്മിറ്റിക്ക് രൂപം നല്കുകയുമുണ്ടായി. മാർച്ച് 13, 14 തീയതിക

ളിൽ കോർ കമ്മിറ്റി ന്യൂഡൽഹിയിൽ ചേർന്ന് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അവകാശപത്രികയുടെ കരട് തയ്യാറാക്കി. ഇതോടൊപ്പം തന്നെ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായുള്ള കർമ്മ പരിപാടികൾക്കും കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ഭരണഘടനാപരമായി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ലഭിച്ച അധികാരങ്ങളും ചുമതലകളും വിനിയോഗിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വികസനഭരണത്തിന്റെ കേന്ദ്രസ്ഥാനത്തേയ്ക്ക് ഉയരുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് അവകാശ പത്രികയുടെ ലക്ഷ്യം. കേരളത്തിൽ എന്നപോലെ അധികാരങ്ങളും ചുമതലകളും താഴേയ്ക്ക് നല്കുന്നതോടൊപ്പം ആവശ്യമായ ഉദ്യോഗസ്ഥരേയും വിഭവങ്ങളേയും വികേന്ദ്രീകരിക്കുന്നതിനാവശ്യമായ സമ്മർദ്ദം സംസ്ഥാന ഗവൺമെന്റുകളുടെ മേൽ ചെലുത്തുക എന്നതാണ് കോർ കമ്മിറ്റി പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. സുപ്രധാനമായ ഈ വിഷയം ദേശീയ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി വിപുലമായ പങ്കാളിത്തത്തോടെ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ദേശീയ കൺവെൻഷൻ 2008 ഏപ്രിൽ മാസം 24-ാം തീയതി ന്യൂഡൽഹിയിൽ ചേരുകയാണ്.

### വികേന്ദ്രീകരണ പ്രക്രിയ സുസ്ഥിരമാക്കാൻ

പ്രാദേശിക വികസനത്തിൽ വളർത്തിയെടുക്കാൻ കഴിഞ്ഞ ബഹുജന പങ്കാളിത്തവും ജനാധിപത്യപ്രക്രിയയും അതിന്റെ രീതിശാസ്ത്രവും സ്ഥായിയായി മാറ്റുക എന്നതാണ് നമ്മുടെ അടിയന്തര കടമ. സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനത്തിന്റെയും രാഷ്ട്രീയ ഇച്ഛാശക്തിയുടെയും ഫലമായി കൈവരിക്കാൻ കഴിഞ്ഞ അധികാരവികേന്ദ്രീകരണ നേട്ടങ്ങൾ സംരക്ഷിക്കുന്നതിന് തുടർന്നങ്ങോട്ട് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ ശക്തിയും സൗന്ദര്യവും സംരക്ഷിക്കാനുള്ള ബാദ്ധ്യത മറ്റാരേക്കാളും തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കാണ്.

ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്കിടയാക്കുന്ന ഒരു രാഷ്ട്രീയ പ്രക്രിയയാണ് അധികാര വികേന്ദ്രീകരണം. അതുകൊണ്ടുതന്നെ ജനപ്രതിനിധികളുടെ നേതൃപരമായ ഇടപെടൽ അധികാര വികേന്ദ്രീകരണത്തിലുണ്ടായേ മതിയാവൂ. നാടിന്റെ വികസനം സ്വപ്നം കാണുന്നതിനും ശാസ്ത്രീയമായ വികസന മുൻഗണനകൾ നിശ്ചയിക്കുന്നതിനും ചിട്ടയായി പ്രവർത്തന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും ദീർഘകാല നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ട് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കഴിയുന്ന കാര്യപ്രാപ്തിയുള്ള ജനപ്രതിനിധികളാണ് അധികാര വികേന്ദ്രീകരണത്തിന്റെ വിജയം. ഇതിനുള്ള പ്രാപ്തി തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ വളർത്തിയെടുക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പരിശ്രമം നടത്തിയത്. ഇക്കാര്യത്തിൽ വിജയിക്കാനും നമുക്ക് കഴിഞ്ഞു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട വിപുലമായ പരിശീലനങ്ങളുടെ ലക്ഷ്യം സാമൂഹിക ശാക്തീകരണമായിരുന്നു. ഇത്തരം പരിശീലനങ്ങളാണ് ജനപ്രതിനിധികളെ അധികാരവികേന്ദ്രീകരണം ഏല്പിച്ച പുതിയ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കിയത്. പരിശീലനത്തിലൂടെ ആർജ്ജിക്കാൻ കഴിഞ്ഞ ആവേശവും ആത്മവിശ്വാസവും ജനാധിപത്യപരമായ പുതിയൊരു ബന്ധം തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിൽ വളർത്തി എടുക്കുന്നതിന് സഹായകമായി. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ ദർശനത്തിനനുസൃതമായി മുന്നോട്ട് പോകുന്നതിനും ജനപ്രതിനിധികളോട് ഉത്തരവാദിത്വപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനം രൂപപ്പെടുത്തുന്നതിനും ഇത്തരം പരിശീലനങ്ങൾ സഹായിച്ചിട്ടുണ്ട്. ജനകേന്ദ്രീകൃതവും ജനാധിപത്യപരവുമായ വികസനഭരണത്തിനായി രൂപപ്പെട്ട ഈ പുതിയ കൂട്ടായ്മയിൽ മാതൃകാപരമായ പുതിയ വികസന പരീക്ഷണങ്ങൾ കഞ്ഞിക്കുഴിയിലും കുന്നത്തുകാലിലും കല്യാശ്ശേരിയിലും ചപ്പാരപ്പടവിലും ചോറ്റാനിക്കരയിലും ഒളവണ്ണയിലും വള്ളിക്കുന്നിലും മഞ്ചേരിയിലും എല്ലാം രൂപപ്പെട്ടു. ഇവയുടെയെല്ലാം വിജയത്തിനടിസ്ഥാനം ജനപ്രതിനിധികളുടെ ശാസ്ത്രീയമായ വികസന കാഴ്ചപ്പാടും നാടിന്റെ വികസനത്തിനായുള്ള അടിയുറച്ച നിലപാടും ഉദ്യോഗസ്ഥരെ ആവേശം കൊള്ളിച്ച് കർമ്മപഥത്തിൽ എത്തിക്കുന്നതിനുള്ള ശേഷിയുമായിരുന്നു. പൊതുവായ വികസന ലക്ഷ്യങ്ങളെ മുൻനിർത്തി രൂപപ്പെടുത്താൻ കഴിഞ്ഞ വികസന കൂട്ടായ്മകൾ എത്രയെത്ര നേട്ടങ്ങൾ പ്രാദേശികതലത്തിൽ വളർത്തിയെടുക്കാൻ സഹായിച്ചു എന്നത് കേരളത്തിന്റെ സമീപകാല അനുഭവമാണ്.

പ്രാദേശിക ജനാധിപത്യത്തിന്റെ ഗുണമേന്മയും ജനങ്ങളുടെ വിശ്വാസ്യതയും രൂപപ്പെടുന്നത് പ്രാദേശിക ഭരണ സംവിധാനവുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെ കാഴ്ചപ്പാടിനേയും കാര്യശേഷിയേയും അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടുതന്നെ അധികാര വികേന്ദ്രീകരണം സുസ്ഥിരവും ജനാധിപത്യപരവുമാക്കി മാറ്റുന്നതിനും വികസനഭരണത്തെ ബ്യൂറോക്രാറ്റിക് നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും ഉയർന്ന ജനാധിപത്യബോധം പുലർത്തുന്ന, ജനാധിപത്യശൈലി മുറുകെ പിടിക്കുന്ന നേതൃനിരയെ പ്രാദേശിക ഗവൺമെന്റുകളിലേക്ക് നിയോഗിക്കേണ്ടതുണ്ട്. ദീർഘകാല ലക്ഷ്യത്തോടെ വികസന ലക്ഷ്യങ്ങൾ നിർവ്വചിക്കുന്നതിനും സുസ്ഥിരമായ വികസന സങ്കല്പങ്ങൾ രൂപപ്പെടുത്താൻ കഴിയുന്നതും സാധാരണക്കാരും പാവപ്പെട്ടവരും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കഴിയുന്ന ജനപ്രതിനിധികളുടെ ശക്തമായ സാന്നിദ്ധ്യം പ്രാദേശിക ഭരണസ്ഥാപനങ്ങളിൽ ഉണ്ടായേ മതിയാവൂ. ഇത്തരമൊരു പുതിയ നേതൃത്വം വരും നാളുകളിൽ സംസ്ഥാനങ്ങൾക്കും രാജ്യത്തിനാകെയും നേട്ടങ്ങൾ സംഭാവന ചെയ്യും എന്നതിൽ സംശയമില്ല.

### വികസന നയരൂപീകരണത്തിൽ നേതൃത്വം

പ്രാദേശിക ഗവൺമെന്റുകൾക്ക് വികസന ഭരണത്തിൽ എത്രമാത്രം പങ്ക് വഹിക്കാൻ കഴിയുന്നു എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും അധികാരവികേന്ദ്രീകരണത്തിന്റെ വിജയം രൂപപ്പെടുന്നത്. അതുകൊണ്ടുതന്നെ പ്രാദേശിക വികസന പ്രശ്നങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനും പ്രശ്ന പരിഹാരത്തിന് സഹായകമായ വികസനനയം രൂപപെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് കഴിയണം. ഉയർന്ന വികസന കാഴ്ചപ്പാട് വളർത്തിയെടുത്ത് ബന്ധപ്പെട്ട വികസന മേഖലയിലെ ഉദ്യോഗസ്ഥർക്കടക്കം ദിശാബോധം നല്കുന്നതിനുള്ള കഴിവ് ജനപ്രതിനിധികൾ ആർജ്ജിക്കുമ്പോൾ മാത്രമാണ് ജനപ്രതിനിധികളിലുള്ള വിശ്വാസ്യതയും സാമൂഹ്യ അംഗീകാരവും വർദ്ധിക്കുന്നത്. വ്യത്യസ്ത വിഭാഗം ജനങ്ങളുടെ താല്പര്യങ്ങൾ കണക്കിലെടുത്തും നിരന്തരമായ കൂടിയാലോചനയിലൂടെയും വികസ്വരമാകുന്ന, കൂട്ടായ്മയിലൂന്നിയ വികസന നയരൂപീകരണത്തിനായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മുൻതൂക്കം നല്കേണ്ടത്. വികസന നയത്തിന്റെ ഉള്ളടക്കം പോലെ പ്രധാനമാണ് വികസന നയരൂപീകരണത്തിനായി സ്വീകരിക്കുന്ന പ്രക്രിയയും.

### ഉയർന്ന ജനാധിപത്യബോധവും ജനങ്ങളിലുള്ള വിശ്വാസവും

ഭരണനിർവ്വഹണത്തിലും വികസന പ്രക്രിയയിലും പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകമായ ഒട്ടേറെ സംഘടനാ സംവിധാനങ്ങൾ ഇതിനകം രൂപപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ ഉയർന്ന ജനാധിപത്യബോധത്തിലേക്കും ഇത്തരം സംഘടനകളുടെ പ്രാധാന്യവും പ്രസക്തിയും മനസ്സിലാക്കുന്നതിനും പ്രാദേശിക ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് കഴിയേണ്ടതുണ്ട്. ജനങ്ങളെ വികസന ഭരണ നിർവ്വഹണത്തിൽ പങ്കാളികളാക്കുന്നതിനുള്ള ഫലപ്രദമായ കണ്ണിയായി ഇത്തരം സ്ഥാപനങ്ങളേയും ജനകീയ സംഘടനാ സംവിധാനങ്ങളേയും അംഗീകരിക്കുകയും ഇവയുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് പ്രവർത്തിക്കുകയും ചെയ്യുന്നതിന് ജനപ്രതിനിധികൾക്ക് സാധ്യമാകണം.

### നിരന്തരമായ ഇടപെടൽ

ഭരണഘടനാപരമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് ജനപ്രതിനിധികളുടെ ഉയർന്ന തോതിലുള്ള ഇടപെടൽ അത്യന്താപേക്ഷിതമാണ്. ഇതിന് കഴിയണമെങ്കിൽ ബന്ധപ്പെട്ട വിഷയമേഖലകളിൽ വൈദഗ്ദ്ധ്യവും പരിജ്ഞാനവും ആർജ്ജിക്കുന്നതിന് ജനപ്രതിനിധികൾക്ക് കഴിയണം. വിവിധ വികസന മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നല്കുന്നതിനും അവരെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും ഇത്തരം വൈദഗ്ദ്ധ്യവും പ്രായോഗികമായ സമീപനവും ജനപ്രതിനിധികൾക്കുണ്ടാവേണ്ടതാണ്.

### വ്യക്തിപരമായ ശേഷിയും ഉയർന്ന വൈദഗ്ദ്ധ്യവും

രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തനത്തിനുമപ്പുറം ഭരണപരവും വികസനപരവുമായ ഒട്ടുവളരെ ചുമതലകളും ഉത്തരവാദിത്വങ്ങളും ജനപ്രതിനിധികൾ നിർവ്വഹിക്കേണ്ടതുണ്ട്. വിവിധ വിഭാഗത്തിൽപ്പെട്ടതും വ്യത്യസ്ത താല്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നവരുമായ നിരവധി പേരെ ഒന്നിച്ച് കൊണ്ടുപോകേണ്ടതായി വരും. ഇതിനാവശ്യമായ വൈദഗ്ദ്ധ്യവും നയചാതുരിയും നൈപുണിയും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുണ്ടാവേണ്ടതുണ്ട്. അതുപോലെ തന്നെ ഭരണപരമായ ഒട്ടേറെ കഴിവുകളും വൈദഗ്ദ്ധ്യവും ആർജ്ജിക്കുന്നതിനും ജനപ്രതിനിധികൾക്ക് കഴിയണം. സംഘടനാ പാടവത്തോടൊപ്പം വിവിധ വിഭാഗങ്ങളുടെ ഏകോപനം, യോജിച്ച പ്രവർത്തനത്തിനുള്ള മനോഭാവം, ജനങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനുള്ള കഴിവ്, ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും അവരിൽ ആവേശവും ആത്മവിശ്വാസവും വളർത്തുന്നതിനുള്ള കഴിവ്, യോഗങ്ങൾ നിയന്ത്രിക്കുന്നതിനും കാര്യങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ശേഷി എന്നിങ്ങനെ ഒട്ടേറെ കഴിവുകൾ ജനപ്രതിനിധികൾക്കുണ്ടെങ്കിൽ മാത്രമേ പ്രാദേശിക ഭരണ നിർവ്വഹണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കഴിയുകയുള്ളൂ.

### രാഷ്ട്രീയപാർട്ടികളുടെ സജീവ പരിഗണനയും പിന്തുണയും ഉറപ്പാക്കുക.

പ്രാദേശിക ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് രാഷ്ട്രീയ പാർട്ടികളുടെ പങ്കാളിത്തവും പിന്തുണയും സുപ്രധാനമാണ്. ഇതിന് കഴിയും വിധം തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉയരണം. പ്രാദേശിക ഭരണവും വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ സജീവമായ ചർച്ചയിലേയ്ക്കും പരിഗണനയിലേയ്ക്കും കൊണ്ടുവരണം. പ്രാദേശിക ഭരണ നിർവ്വഹണത്തിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകമാവും. പ്രാദേശിക വികസനം സംബന്ധിച്ച് ആരോഗ്യകരമായ ചർച്ചയും അതുവഴി രൂപപ്പെടുന്ന അഭിപ്രായ സമന്വയവും പ്രാദേശിക ജനാധിപത്യ പ്രക്രിയയെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റും എന്ന കാര്യത്തിൽ സംശയമില്ല. ഇതിന് കഴിയണമെങ്കിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച തികഞ്ഞ ധാരണ പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിനുണ്ടാവേണ്ടതുണ്ട്. ഇതിനാവശ്യമായ മുൻകൈ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടികളിൽ ഉൾപ്പെട്ട ജനപ്രതിനിധികൾ എടുക്കേണ്ടതാണ്. പ്രാദേശിക ഭരണ നിർവ്വഹണ പ്രക്രിയയെ രാഷ്ട്രീയവത്ക്കരിക്കുക എന്നതിലൂടെ ഉയർന്ന ജനാധിപത്യബോധത്തിലേയ്ക്കും വികസന രാഷ്ട്രീയ സംസ്ക്കാരത്തിലേയ്ക്കും രാഷ്ട്രീയ പാർട്ടികൾക്ക് എത്താൻ കഴിയും. ആരോഗ്യകരമായ പ്രാദേശിക ജനാധിപത്യത്തിന് ഇത് അത്യന്താപേക്ഷിതമാണ്.

### ആസൂത്രണത്തിന്റെ ഗുണമേന്മ ഉയർത്തുക

അധികാര വികേന്ദ്രീകരണം ഉയർത്തിപ്പിടിക്കുന്ന സുസ്ഥിര വികസനം ലക്ഷ്യം കൈവരിക്കുന്നതിന് പ്രാദേശികാസൂത്രണത്തിന്റെ ഗുണമേന്മ ഉയർത്തേണ്ടതുണ്ട്. ഇതിനുള്ള മുൻകൈ പ്രാദേശിക ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികളും അവരുടെ ജനാധിപത്യ വേദികളായ പഞ്ചായത്ത് അസോസിയേഷനുകളും മുനിസിപ്പൽ ചേമ്പറും എടുക്കേണ്ടതാണ്. ഭരണഘടനാ ലക്ഷ്യങ്ങളായ സാമ്പത്തികവികസനവും സാമൂഹ്യനീതിയും കൈവരിക്കുന്നതിന് ലക്ഷ്യാധിഷ്ഠിതമായ ആസൂത്രണം നടക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തേയും സമ്പത്തുല്പാദന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി സാമൂഹ്യസേവന സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കി ജനങ്ങളുടെ വിഭവ വിനിയോഗം ഉറപ്പാക്കണം. പ്രകൃതി വിഭവങ്ങൾ പരിരക്ഷിച്ചുകൊണ്ടും പാവപ്പെട്ട ജനങ്ങളുടെയും സ്ത്രീകളുടെയും വികസനം പ്രത്യേക ലക്ഷ്യമായി അംഗീകരിച്ചുകൊണ്ടുമുള്ള വികസന തന്ത്രത്തിന്

# ഒരുമയുണ്ടെങ്കിൽ

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖലയടക്കമുള്ള കുടിയേറ്റ വനമേഖലകളിൽ വികസനം കടന്നെത്തുന്നതു വളരെ മെല്ലെയാണ്. ഒരു വശത്തു തലങ്ങും വിലങ്ങുമുള്ള റോഡുവെട്ട്. വനം കൊള്ളയും പരിസ്ഥിതിനാശവും വിളിച്ചുവരുത്തുമ്പോൾത്തന്നെ, മറുവശത്തു വഴിയും വെള്ളവും വെളിച്ചവുമില്ലാതെ മോചനത്തിന്റെ കിളിവാതിലെങ്കിലും തുറന്നുകിട്ടാൻ കാത്തുകഴിയുന്ന പട്ടികവിഭാഗക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ദുരിതത്തുരുത്തുകളുടെ വിലാപവും യാഥാർത്ഥ്യമായി നില്ക്കുന്നു. അർദ്ധപട്ടിണിക്കാരായ ഇവർ സ്വന്തം വരുമാനത്തിന്റെ അംശം നല്കിയും അരിയും വിഭവവും പണവും പിരിച്ചും സദ്യയൊരുക്കിയും ഉത്സവമേളത്തോടെ റോഡും പാലവുമൊക്കെ നിർമ്മിക്കും. പത്തനംതിട്ട ജില്ലയിലെ റാന്നി-പെരുനാട് പഞ്ചായത്തിലെ അറയാഞ്ഞാലി മണ്ണിനെയും വെച്ചൂച്ചിറ പഞ്ചായത്തിനെയും കൂട്ടിയിണക്കുന്ന കോസ്‌വേ കരാറുകാരൻ ഒന്നേകാൽകോടിക്കും തീർക്കാത്തപണി വെറും കാൽകോടിക്ക് ഇവിടെ പൂർത്തിയാക്കി.

പത്തനംതിട്ട ജില്ലയിലെ റാന്നി-പെരുനാട് പഞ്ചായത്തിന്റെ ഒമ്പതാം വാർഡായ അറയാഞ്ഞിലിമണ്ണിനെയും വെച്ചൂച്ചിറപഞ്ചായത്തിനെയും ബന്ധിപ്പിച്ചു പമ്പാനദിക്കു കുറുകെ ജനപങ്കാളിത്തത്തോടെ നിർമ്മിച്ച കോസ്‌വേ വികസന പദ്ധതി ജനകീയതയുടെ പൊൻകണിയായി നിലകൊള്ളുന്നു.

മൂന്നുവശം വനവും ഒരു വശം പമ്പാനദിയുമായി ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് അറയാഞ്ഞിലിമണ്ണ്. ഗിരിജനങ്ങളടക്കം നാനൂറോളം കുടുംബങ്ങൾ അധിവസിക്കുന്നു. പാവപ്പെട്ട കർഷകരും കർഷകത്തൊഴിലാളികളും ആണ് ഇവിടെയുള്ളത്.

പെരുനാടു പഞ്ചായത്തിന്റെ 25,000 രൂപയും ജനങ്ങളുടെ പങ്കാളിത്തവും ഉപയോഗിച്ച് 1995ൽ നിർമ്മിച്ച തൂക്കുപാലം വെള്ളപ്പൊക്കത്തിൽ തകർന്നുപോയതു മുതൽ തുടങ്ങിയതാണ് കോസ്‌വേയ്ക്കു വേണ്ടിയുള്ള ശ്രമം. അന്തരിച്ച എം.എൽ.എ എം.സി. ചെറിയാനും കളക്ടറായിരുന്ന കെ.ബി. വത്സലകുമാരിയും മുൻ റാന്നി -പെരുനാട് പഞ്ചായത്തു പ്രസിഡന്റ് പി.കെ. സോമരാജനുമൊക്കെ നേതൃത്വം നൽകി അറയാഞ്ഞിലി മണ്ണിൽ കോസ്‌വേ നിർമിക്കാൻ തീരുമാനിച്ചത് അങ്ങനെയാണ്. ജനകീയാസൂത്രണപ്രസ്ഥാനം ഈ സംരംഭത്തിന് ഇന്നു പുത്തൻ മുഖവും ആവേശവും പകർന്നു.

നിർമാണസാമഗ്രികൾക്കു മാത്രമായി 17 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അന്ന് എടുത്തത്. 136 മീറ്റർ നീളവും 3.90 മീറ്റർ വീതിയും ബെഡ് ഉൾപ്പെടെ 3.40 മീറ്റർ ഉയരവുമുള്ള കോസ്‌വേയ്ക്ക് 21 തൂണുകളും രണ്ട് അബർട്ട്മെന്റും ഉണ്ട്. വിവിധ സർക്കാർ ഏജൻസികളുടെ സഹായം ഇതിനു ലഭിച്ചു. വെള്ളപൊക്കദുരിതാശ്വാസഫണ്ടിൽനിന്നു മൂന്നുലക്ഷം, വനംവകുപ്പിൽനിന്ന് അഞ്ചുലക്ഷം. പെരുനാടു പഞ്ചായത്തിൽനിന്ന് അമ്പതിനായിരം. പുനലൂർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽനിന്ന് എട്ടുലക്ഷം. മലനാടു ഡവലപ്മെന്റ് സൊസൈറ്റിയിൽ നിന്നു 30,000 വീതം രൂപയും മറ്റു സാങ്കേതികസഹായങ്ങളും പദ്ധതിക്കുണ്ടായി.

പത്തനംതിട്ട പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എൻജിനീയർ ആർ. മുരുകേശനും എരുമേലി ശബരിമല നാഷണൽ ഹൈവേയുടെ അസിസ്റ്റന്റ് എൻജിനീയർ നാരായണക്കുറുപ്പും അർപ്പണബോധത്തോടെ നൽകിയ വിദഗ്ദ്ധസാങ്കേതിക നേതൃത്വം തുടക്കംമുതൽ പിന്തുണയായി.

എസ്റ്റിമേറ്റ് എടുത്തശേഷം സാമഗ്രികളുടെ വിലയിൽ വർദ്ധന ഉണ്ടായതിനാൽ നിർമ്മാണക്കമ്മിറ്റി ഏറെ ബുദ്ധിമുട്ടിയാണ് നിർമ്മാണം പൂർത്തിയാക്കിയത്. കരാറുകാരനെ ഏല്പിച്ചു ചെയ്താൽ 124 ലക്ഷം രൂപയാവുന്ന പദ്ധതിയാണ് 25 ലക്ഷം രൂപയ്ക്കു ജനപങ്കാളിത്തത്തോടെ തീർന്നത്. കേരളത്തിലെ ഏറ്റവും നീളം കൂടിയ കോസ്‌വേ അറയാഞ്ഞിലി മണ്ണിൽ 98 ജൂൺ 27ന് കേരള മുഖ്യമന്ത്രി ഇ.കെ. നായനാർ ഉദ്ഘാടനം ചെയ്തു.

രൂപം നല്കാൻ ജനപ്രതിനിധികൾക്ക് കഴിയണം.


**വിഭവ സമാഹരണത്തിലും വിനിയോഗത്തിലും കാര്യക്ഷമത**

പ്രാദേശിക വികസനത്തിന്റെ കാര്യക്ഷമത വിഭവ സമാഹരണത്തേയും വിഭവ വിനിയോഗത്തേയും അടിസ്ഥാനമാക്കിയാണല്ലോ രൂപപ്പെടുന്നത്. ലഭ്യമായ വിഭവങ്ങൾ പരമാവധി സമാഹരിച്ച് വികസനം വിപുലീകരിക്കുന്നതിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലും ജനപ്രതിനിധികൾ ജാഗരൂകരാകണം. തദ്ദേശ ഭരണസ്ഥാപനങ്ങൾക്കർഹമായ വിഭവങ്ങൾ സമാഹരിക്കാതെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയില്ല എന്നും അത് ജനങ്ങളുടെ എതിർപ്പിന് ഇടയാക്കുമെന്നും ജനപ്രതിനിധികൾ തിരിച്ചറിയേണ്ടതുണ്ട്. തികച്ചും സുതാര്യമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണവും വിഭവ വിനിയോഗവും മാറുന്നതോടെ ജനങ്ങൾക്ക് തദ്ദേശ ഭരണസ്ഥാപനങ്ങളിലുള്ള വിശ്വാസ്യത വർദ്ധിക്കാനും ജനപ്രതിനിധികൾക്ക് ജനപിന്തുണ ആർജ്ജിക്കാനും കഴിയും. വിഭവങ്ങളുടെ ദുർവിനിയോഗവും അഴിമതിയും വികസനത്തിന്റെ ഫലക്ഷമതയെ തകർക്കുന്ന പ്രധാനഘടകങ്ങളാണ്. സംശുദ്ധമായതും അഴിമതിരഹിതവും നീതിപൂർവ്വവുമായ പ്രാദേശിക ഭരണം എന്നത് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ രൂപം കൊള്ളേണ്ടതാണ്. ഇതിനായിരിക്കണം തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ തുടർന്ന് ശ്രദ്ധ ചെലുത്തേണ്ടത്.

**സമൂഹത്തിന്റെ പരിച്ഛേദം**

അധികാരവികേന്ദ്രീകരണം എന്നത് ലക്ഷ്യത്തേക്കാളും അതൊരു സാധ്യതയാണ്. ജനാധിപത്യപരമായ ഒരു ഭരണക്രമവും പ്രക്രിയയും സംസ്കാരവും പ്രാദേശികതലത്തിൽ സൃഷ്ടിക്കുന്നതിനുള്ള സാധ്യതയാണ് അധികാരവികേന്ദ്രീകരണം നല്കുന്നത്. ഇത് എത്രമാത്രം പ്രയോജനപ്പെടുത്താൻ കഴിയുന്നുവെന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ കാഴ്ചപ്പാടിനെയും ജനാധിപത്യബോധത്തേയും പ്രവർത്തന രീതിയേയും അടിസ്ഥാനമാക്കിയായിരിക്കും. ജനപ്രതിനിധികൾ സമൂഹത്തിന്റെ പരിച്ഛേദമാണ് എന്ന് അംഗീകരിക്കുമ്പോഴും സമൂഹത്തെ നയിക്കുന്നതിനുള്ള രാഷ്ട്രീയമായ ബാധ്യത ജനപ്രതിനിധികളിൽ നിക്ഷിപ്തമാണ് എന്ന കാര്യം വിസ്മരിക്കാനാവില്ല. അധികാരവികേന്ദ്രീകരണത്തിന്റെ ദർശനത്തിനനുസൃതമായി ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ജീവിത മണ്ഡലങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ജനപ്രതിനിധികൾക്ക് കഴിയേണ്ടതുണ്ട്. ഇതിന് കഴിയും വിധം തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ രൂപപ്പെടുത്തുന്നതിന് മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും തദ്ദേശ ഭരണസ്ഥാപനങ്ങളിലെ വികസന പ്രക്രിയയെ സംബന്ധിച്ച തുറന്ന ചർച്ചയ്ക്ക് രാഷ്ട്രീയ പാർട്ടികളെ പ്രേരിപ്പിക്കാൻ ജനപ്രതിനിധികൾക്കും ബാധ്യതയുണ്ട്. ഈയൊരു തിരിച്ചറിവും ഇതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന പ്രവർത്തന പരിപാടിയും അധികാരവികേന്ദ്രീകരണം സ്ഥായിയാക്കാൻ സഹായിക്കും. പ്രാദേശികഭരണ നിർവ്വഹണവും വികസനവും സുസ്ഥാപിതമാക്കുന്നതിനുള്ള മാർഗ്ഗവും ഇതുതന്നെയാണ്.


*(ലേഖകൻ 'കില' ഡയറക്ടറാണ്)*



*ഒമ്പതാം പദ്ധതി ജനകീയാസൂത്രണം - മങ്കട ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച തൂക്കുപാലം*

# തദ്ദേശഭരണം

പ്രൊഫ.എം.കെ. പ്രസാദ്



# ഇ-ഗവേർണൻസിലേക്ക്



തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ ഇ-ഗവേർണൻസിനുള്ള ആരംഭം കുറിക്കുന്ന സ്ഥിതിയിലേക്ക് നീങ്ങുന്നു. ഇൻഫർമേഷൻ കേരള മിഷൻ ഇക്കഴിഞ്ഞ കാലയളവിൽ പ്രധാനമായും ഊന്നൽ നൽകിയത് ചുവടെ ചേർത്ത കാര്യങ്ങളിലായിരുന്നു.

1. പഞ്ചായത്ത്-മുനിസിപ്പൽ ഭരണത്തിന്റെ പ്രക്രിയാപഠനം.
2. ഉപയോക്താവിന്റെ ആവശ്യങ്ങൾ പരിഗണിച്ചുള്ള സോഫ്റ്റുവെയർ വികസനം.
3. ജീവനക്കാർക്ക് കമ്പ്യൂട്ടർ അടിസ്ഥാന വിവരങ്ങളിലും, ആപ്ലിക്കേഷൻ സോഫ്റ്റുവെയറിലും പരിശീലനം, ജനപ്രതിനിധികൾക്ക് കമ്പ്യൂട്ടറിൽ അടിസ്ഥാന പരിശീലനം.
4. പൈലറ്റ് പഞ്ചായത്തുകളിൽ സോഫ്റ്റുവെയർ ആപ്ലിക്കേഷനുകളുടെ വിന്യാസവും നിർവഹണവും.
5. നഗരസഭകളിലും, കോർപ്പറേഷനുകളിലും, പൈലറ്റ് പഞ്ചായത്തുകളിലും ജനസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
6. 227 ആശുപത്രികളിൽ ഹോസ്പിറ്റൽ കിയോസ്കുകൾ സ്ഥാപിച്ച് ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കി.
7. 9,10 പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന്റെയും ചെലവുകളുടെയും വിവരങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും നിർദ്ദേശാനുസരണം ക്രോഡീകരിച്ചു.
8. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെഡസ്ട്രൽ ഭൂപടങ്ങളുടെ ഡിജിറ്റൈസേഷൻ.

ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തന്നെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ ഹാർഡുവെയറുകൾ, സോഫ്റ്റു വെയറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഇലക്ട്രിക് വയറിംഗ്, എർത്തിംഗ് തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും സജീവമായി നടന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രീകൃതമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതിയിൽ മാറ്റം വരുത്തി. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.കെ.എം നൽകുന്ന സാങ്കേതിക വിശദാംശങ്ങൾ അനുസരിച്ച് വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് 2007 ജൂൺ മാസത്തിൽ തീരുമാനിച്ചു. അതനുസരിച്ച് മുഴുവൻ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ വാങ്ങുന്നതിന് തീരുമാനിച്ച് ഓർഡർ നൽകുകയുണ്ടായി. നിലവിൽ 716 ഗ്രാമ പഞ്ചായത്തുകളും 138 ബ്ലോക്ക് പഞ്ചായത്തുകളും എർത്തിംഗ് ടെസ്റ്റ് ചെയ്ത് പാസ്സാവുകയും ചെയ്തു. 131 ബ്ലോക്കു പഞ്ചായത്തുകളിൽ പുതുതായി വാങ്ങിയ സർവ്വർ കമ്പ്യൂട്ടർ സ്ഥാപിച്ച് ഓൺലൈനാക്കി കഴിഞ്ഞു. എല്ലാ ബ്ലോക്കു പഞ്ചായത്തുകളിൽ നിന്നും പദ്ധതി മോണിട്ടറിംഗ് വിവരങ്ങൾ 'സുലേഖ' ആപ്ലിക്കേഷൻ സോഫ്റ്റുവെയർ വഴി തദ്ദേശസ്വയംഭരണ വകുപ്പിലേക്കും, ജില്ലാ പ്ലാനിംഗ് ഓഫീസുകളിലേക്കും അയക്കുന്നതിന് സംവിധാനമുണ്ടാക്കി. 526 ഗ്രാമപഞ്ചായത്തുകളിൽ സർവ്വർ കമ്പ്യൂട്ടർ സ്ഥാപിച്ച് ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം, വയനാട്, കോട്ടയം എന്നിവിടങ്ങളിൽ സർവ്വർ കമ്പ്യൂട്ടർ സ്ഥാപിച്ചു. കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ പഞ്ചായത്തുകളിൽ ഓൺലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റിടങ്ങളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പുരോഗതിയിൽ പഞ്ചായത്ത് ഡയറക്ടറേറ്റും ഗ്രാമ വികസന കമ്മീഷണറേറ്റും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

ഇത്തരത്തിൽ സർവർ കമ്പ്യൂട്ടർ സ്ഥാപിച്ച് നെറ്റ് വർക്കിംഗ് നടത്തി ഓൺലൈനായി പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ആദ്യഘട്ടത്തിൽ 5 ആപ്ലിക്കേഷൻ സോഫ്റ്റുവെയറുകളാണ് സ്ഥാപിക്കുന്നത്. സേവന (സിവിൽ രജിസ്ട്രേഷൻ),സേവന (സാമൂഹ്യ പെൻഷനുകൾ), സുലേഖ (പദ്ധതി രൂപീകരണവും മോണിട്ടറിംഗും), സ്ഥാപന (ശമ്പളബിൽ തയ്യാറാക്കൽ), സാംഖ്യ (അക്കൗണ്ടിംഗ്) എന്നീ ആപ്ലിക്കേഷൻ സോഫ്റ്റുവെയറുകളാണവ. ഏപ്രിൽ 30 നകം 800 ഗ്രാമപഞ്ചായത്തുകളിൽ ഇവ വിന്യസിക്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതോടൊപ്പം, പഞ്ചായത്ത് രാജ്-നഗരപാലികാ നിയമങ്ങൾ, ചട്ടങ്ങൾ,സർക്കാർ ഉത്തരവുകൾ എന്നിവ അടങ്ങിയ 'സഞ്ചയ' എന്ന സി-ഡി അടിസ്ഥാനമായ ആപ്ലിക്കേഷനും ഇവിടങ്ങളിൽ വിന്യസിക്കും.



ബ്ലോക്കു-ജില്ലാ പഞ്ചായത്തുകളിൽ സ്ഥാപന, സുലേഖ, സഞ്ചിത എന്നീ ആപ്ലിക്കേഷനുകളാണ് ആദ്യഘട്ടത്തിൽ വിന്യസിക്കുന്നത്. രണ്ടാംഘട്ടത്തിൽ മെയ് മാസത്തോടെ അക്കൗണ്ടിംഗിനുള്ള സാംഖ്യ, ഫയൽ ട്രാക്കിംഗിനുള്ള സൂചിക എന്നീ ആപ്ലിക്കേഷൻ സോഫ്റ്റുവെയറുകളും വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഇത്തരത്തിൽ പ്രവർത്തനങ്ങൾ കൃത്യമായും ചിട്ടയോടെയും നടക്കുന്നതിന് ഐ.കെ.എം നിർവ്വഹിക്കേണ്ടതും, തദ്ദേശഭരണ സ്ഥാപനങ്ങൾനിർവഹിക്കേണ്ടതുമായി പ്രവർത്തനങ്ങൾ ഇനം തിരിച്ച് ലിസ്റ്റ് ചെയ്യുകയും അത് സമയാസമയം നടക്കുന്നുവെന്ന് മോണിട്ടർ ചെയ്യുകയും വേണം. ഇതിനായി തദ്ദേശ ഭരണസ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ അദ്ധ്യക്ഷനും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, കമ്പ്യൂട്ടർവൽക്കരണത്തിനായുള്ള നോഡൽ ഓഫീസർ, ഐ.കെ. എം പ്രതിനിധി എന്നിവരടങ്ങിയ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റിയുടെ കൺവീനറായി നോഡൽ ഓഫീസർ പ്രവർത്തിക്കണം.

ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തുക, കമ്പ്യൂട്ടർ ഹാർഡുവെയർ, സോഫ്റ്റു വെയർ, അനുബന്ധ ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ്, ഇലക്ട്രിക് വയറിംഗ്, എർത്തിംഗ് തുടങ്ങിയവ സജ്ജീകരിക്കുക, ഓരോ ആപ്ലിക്കേഷൻ സോഫ്റ്റുവെയറിനും ആവശ്യമായ മാസ്റ്റർ ടേബിളുകൾ തയ്യാറാക്കുക, പരിശീലനത്തിന് ജീവനക്കാരെ ഏർപ്പാടാക്കുക, മുൻകാല വിവരങ്ങളിലെ ഡാറ്റാബേസ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുക തുടങ്ങിയവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടത്തേണ്ട പ്രധാന പ്രവർത്തനങ്ങൾ. കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കും, സോഫ്റ്റുവെയർ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക, സോഫ്റ്റുവെയർ വിന്യസിക്കുക, പരിശീലനം നൽകുക, മാന്വലായി നടക്കുന്ന ഓഫീസ് പ്രവർത്തനങ്ങളെ അതത് സോഫ്റ്റുവെയറുകളുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർ വഴി നിർവഹിക്കുക തുടങ്ങിയവ ഐ.കെ.എംന്റെ ചുമതലയിൽ നടത്തേണ്ട കാര്യങ്ങളാണ്. ഈ കാര്യങ്ങളെ ഒന്നുകൂടി ചിട്ടപ്പെടുത്തി ഓരോ സോഫ്റ്റുവെയർ വിന്യാസത്തിനും ചെയ്യേണ്ടുന്ന കാര്യങ്ങളുടെ വിശദാംശങ്ങൾ ഐ.കെ.എം തയ്യാറാക്കുന്നുണ്ട്.

ഇത്തരത്തിൽ ഐ.കെ.എമ്മും അതത് തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് ഒരു കൂട്ടായ പ്രവർത്തനം നടത്തിയാൽ മാത്രമേ ഇ-ഗവേർണൻസ് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. അത്തരത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രവർത്തനങ്ങൾ സമയാസമയം വിലയിരുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളും നേതൃത്വവും സജീവമാകേണ്ടതുണ്ട്. അതോടൊപ്പം സോഫ്റ്റ് വെയർ വിന്യാസം സംബന്ധിച്ച് സംസ്ഥാനതല ഓഫീസുകളുമായി ചേർന്നു നടത്തുന്ന നടപടിക്രമങ്ങളുടെ പുനഃക്രമീകരണങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും ഈ പരിപാടിയുടെ വിജയത്തിന് അത്യാവശ്യമാണ്.

*(ലേഖകൻ ഇൻഫർമേഷൻ കേരള മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും ചെയർമാനുമാണ്.)*





ഡോ. ആർ. അജയകുമാർ വർമ്മ

# കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ചട്ടങ്ങളും പരിസ്ഥിതിസംരക്ഷണവും



**പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനും മലിനീകരണം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പ്രാദേശികസർക്കാരുകൾക്ക് വിമുഖതയുണ്ടെന്ന് പറയാതെ വയ്യ. നിയമബോധനത്തിന്റെ അപര്യാപ്തത, പരിസ്ഥിതി പരിപാലനവുമായി ബന്ധപ്പെട്ട വിവരവിദ്യാഭ്യാസ വിനിമയത്തിന്റെ കുറവ്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവം, സാങ്കേതിക വൈദഗ്ദ്ധ്യകുറവ്, സാമ്പത്തിക ലഭ്യതാ പ്രശ്നങ്ങൾ, ഏകോപനമില്ലായ്മ, സമയകാര്യക്ഷമതക്കുറവ്, രാഷ്ട്രീയ ഇച്ഛാശക്തികുറവ്, പൊതുജനപിന്തുണയുടെ അഭാവം തുടങ്ങിയ നിരവധികാരണങ്ങൾ അവലോകന പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.**

പരിസ്ഥിതിസംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി നടപടികളെടുക്കുന്നതിന് നമ്മുടെ ഭരണഘടന സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുന്നുണ്ട്. വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളുമടങ്ങുന്ന സ്വാഭാവിക പരിസ്ഥിതിയെ മെച്ചപ്പെടുത്തുന്നതും പരിരക്ഷിക്കുന്നതും ജീവികളോട് പാരിസ്ഥിതിക സഹാനുഭൂതി കാണിക്കുന്നതും ഓരോ പൗരന്റേയും മുഖ്യ ഉത്തരവാദിത്വമാണെന്നും ഇന്ത്യൻ ഭരണഘടനവ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ പരിസ്ഥിതി സംരക്ഷണ നിയമമുൾപ്പെടെ നിരവധി നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കിവരുന്നു. പ്രായോഗികമായി നോക്കുമ്പോൾ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അത് ശുചിത്വമായാലും മാലിന്യവർദ്ധനയായാലും മലിനീകരണമായാലും, വിഭവശോഷണമായാലും പ്രകൃതിദുരന്തങ്ങളായാലും ആദ്യം പ്രത്യക്ഷപ്പെടുക പ്രാദേശിക മേഖലകളിലാണ്. ആയതിനാൽ പ്രശ്നങ്ങളുടെ സ്രോതസ്സുകളിൽ തന്നെ അവയെ നേരിടുന്നതിന് സാധിക്കുക പ്രാദേശിക സർക്കാരുകൾക്കാണ്. അതുകൊണ്ട് 1994 ലെ കേരളപഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയങ്ങൾ ഈ ദിശയിൽ പരമപ്രധാനമാണെന്നു കാണാം.

**കേരള പഞ്ചായത്ത് രാജ് നിയമം 1994**

പരിസ്ഥിതിസംരക്ഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വിപുലമായ അധികാരങ്ങളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമ സർക്കാരുകളായ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും, ഖരമാലിന്യപരിപാലനം നടപ്പിലാക്കുന്നതിനും, വ്യാവസായിക മലിനീകരണം നിയന്ത്രിക്കുന്നതിനും കുടിവെള്ള വിതരണം, പാഴ് ജല സംസ്കരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഈ നിയമം പഞ്ചായത്തുകളെ അധികാരപ്പെടുത്തുന്നു. അതതു പ്രദേശങ്ങളിലെ നദികൾ, തടാകങ്ങൾ, തോടുകൾ, കനാലുകൾ, കിണറുകൾ, കുളങ്ങൾ തുടങ്ങിയവയും ഇവയുടെ തീരങ്ങളും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും പഞ്ചായത്തുകൾക്കാണ്. ഖരമാലിന്യ പരിപാലനത്തിന് മാത്രമായി അതിന്റെ സംഭരണം മുതൽ പരിസ്ഥിതിപരമായ പരിപാലനം വരെയുള്ള പ്രക്രിയ നടപ്പിലാക്കുന്നതിന് നിയമത്തിലെ സെക്ഷൻ 219 എ പ്രകാരം 27 ഓളം പ്രത്യേക വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലിനീകരണവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധാഭിപ്രായം സ്വരൂപിക്കുന്നതിനും അതിൻ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം വികസനത്തെ തടസ്സപ്പെടുത്താതെ ശരിയായ ദിശയിൽ കൊണ്ടുപോകുന്നതിന് സഹായകമാകുന്നു.

**കേരള മുനിസിപ്പാലിറ്റി നിയമം – 1994**

പഞ്ചായത്ത് രാജ് നിയമത്തിനു സമാനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മുനിസിപ്പാലിറ്റി നിയമത്തിനു രൂപം കൊടുത്തിട്ടുള്ളത്. ഇതനുസരിച്ച് കുടിവെള്ളവിതരണ സംവിധാനം ഒരുക്കുന്നതിനും മലിനജലനിർമാർജനം കാര്യക്ഷമമാക്കുന്നതിനും മുനിസിപ്പാലിറ്റികൾക്ക് ഉത്തരവാദിത്വമുണ്ട്. ഇതോടൊപ്പം ഖര-ദ്രവ്യമാലിന്യ നിർമാർജനം എങ്ങനെ വ്യവസ്ഥാപിതമാക്കണമെന്നുള്ള സൂചനയും നിയമത്തിലെ വ്യവസ്ഥകൾ നൽകുന്നു. വ്യാവസായികമോ, കാർഷികമോ മറ്റുതരത്തിലോ ഉണ്ടാകുന്ന മലിനീകരണം തടയുന്നതിനുള്ള നിർദ്ദേശങ്ങളും ഈ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ രൂപം കൊടുത്ത മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലാവട്ടെ തീരദേശ നിയന്ത്രണ ചട്ടങ്ങൾ പാലിക്കുന്നതിനും, ഗാർഹിക മലിനജലനിർമ്മാർജ്ജനം,മഴവെള്ള സംഭരണം, മാലിന്യ പരിപാലനം, അഭിലഷണീയമായ ഭൂവിനിയോഗക്രമം തുടങ്ങിയ കാര്യങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നു.

**നിയമനിർവ്വഹണവും പ്രശ്നങ്ങളും.**

പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങൾ പരിസ്ഥിതി പരിപാലനത്തിനായി നടപ്പിലാക്കുമ്പോൾ ഈ മേഖലയിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ രൂപം കൊടുത്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളുമായി ഏകോപിപ്പിക്കുന്നത് നിയമനിർവഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നു കാണാം. ജലമലിനീകരണ നിയന്ത്രണ നിയമം (1974)പരിസ്ഥിതി സംരക്ഷണ നിയമം (1986), തീരദേശ സംരക്ഷണചട്ടങ്ങൾ (1991), പരിസ്ഥിതി ആഘാതനിർണ്ണയവിജ്ഞാപനം (1994, 2006), ബയോമെഡിക്കൽ പരിപാലന ചട്ടങ്ങൾ (1998) പ്ലാസ്റ്റിക് ഉത്പാദന, വിപണ ന, വിനിയോഗ ചട്ടങ്ങൾ (1999), മുനിസിപ്പൽ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ (2000), ശബ്ദമലിനീകരണ നിയന്ത്രണചട്ടങ്ങൾ (2002)തുടങ്ങിയവ നടപ്പിലാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നേരിട്ടോ അല്ലാതെയോ ഉത്തരവാദിത്വമുണ്ട്. അതോടൊപ്പം കേരള നദീതീര സംരക്ഷണം- മണൽ വാരൽ നിയന്ത്രണ നിയമത്തിലെ (2001) വ്യവസ്ഥകളും, ജൈവവൈവിദ്ധ്യ ചട്ടങ്ങളും (2005) നടപ്പിലാക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ പങ്ക് വലുതാണ്.

എന്നാൽ, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനും മലിനീകരണം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പ്രാദേശികസർക്കാരുകൾക്ക് വിമുഖതയുണ്ടെന്ന് പറയാതെ വയ്യ. നിയമബോധനത്തിന്റെ അപര്യാപ്തത, പരിസ്ഥിതി പരിപാലനവുമായി ബന്ധപ്പെട്ട വിവരവിദ്യാഭ്യാസ വിനിമയത്തിന്റെ കുറവ്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവം, സാങ്കേതിക വൈദഗ്ദ്ധ്യകുറവ്, സാമ്പത്തിക ലഭ്യതാ പ്രശ്നങ്ങൾ, ഏകോപനമില്ലായ്മ, സമയകാര്യക്ഷമതക്കുറവ്, രാഷ്ട്രീയ ഇച്ഛാശക്തികുറവ്, പൊതുജനപിന്തുണയുടെ അഭാവം തുടങ്ങിയ നിരവധികാരണങ്ങൾ അവലോകന പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

**സാധ്യതകളും നിർദ്ദേശങ്ങളും**

മേൽപറഞ്ഞ് പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ തന്നെ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പ്രാദശിക സർക്കാരുകളെ പരമാവധി സഹായിക്കുന്നതിനുമുള്ള ശ്രമം കൂടുതൽ ശക്തമായിട്ടുണ്ട്. ശുചിത്വ മേഖലയിൽ പ്രത്യേകിച്ച് മാലിന്യ നിർമ്മാർജ്ജന മേഖലയിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക സാമ്പത്തികസഹായം എത്തിക്കുന്നതിനും കൂടുതൽ ശ്രദ്ധയോടെയുള്ള പ്രവർത്തനങ്ങൾക്ക് സമീപകാലത്ത് തുടക്കം കുറിച്ചിട്ടുണ്ട്. നീർത്തടാടിസ്ഥാനത്തിലുള്ള ഇടപെടൽ നിർദ്ദേശങ്ങൾ ശക്തിപ്പെടുത്തുന്നതു തന്നെ ഓരോ പ്രദേശത്തിന്റെയും പരിസ്ഥിതിവാഹകശേഷി (Environmental carrying capacity) വർദ്ധിപ്പിക്കാൻ വളരെയധികം സഹായിക്കുന്നു. അതോടൊപ്പം മലിനീകരണ സാധ്യതയേറിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാദേശിക പരിസ്ഥിതിക്കിണങ്ങുന്ന സാങ്കേതികവിദ്യകളെക്കുറിച്ച് നിർദ്ദേശവും സങ്കേതിക മേൽനോട്ടവും നൽകുന്നതിനുള്ള ശ്രമവും ശക്തമാക്കണമെന്ന ആവശ്യവും അംഗീകരിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും ലളിതമായ ഏകോപനരീതികളും ആവിഷ്കരിച്ചുകൊണ്ട് പഞ്ചായത്ത് രാജ്- മുനിസിപ്പാലിറ്റി നിയമങ്ങൾ പരിസ്ഥിതിസംരക്ഷണത്തിനായി ഫലപ്രദമായി ഉപയോഗപ്പെടുത്താം എന്ന് പല പ്രാദേശിക സർക്കാരുകളും നമുക്ക് കാണിച്ചു തരുന്നുണ്ട്. ഇവരെ മുൻനിർത്തി നമുക്ക് മുന്നേറാം!

*(ലേഖകൻ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിൽ ശാസ്ത്രജ്ഞനാണ്)*

# പഞ്ചായത്തീരാജ് പരിഷ്ക്കരണങ്ങൾ



# ത്വരിതപ്പെടുത്തിയ സുപ്രധാന റിപ്പോർട്ടുകൾ

കെ. രാജശേഖരൻ



പഞ്ചായത്തുകൾ ചരിത്രാതീത കാലം മുതൽ ഇന്ത്യയിൽ നിലനിന്നിരുന്നുവെന്ന് രേഖകൾ വ്യക്തമാക്കുന്നു. പക്ഷെ അവയെക്കുറിച്ചുള്ള ആശയങ്ങളും പഠനങ്ങളും വിലയിരുത്തലുകളും സജീവമായതും നിഷ്കർഷമായ ചർച്ചയ്ക്ക് വിധേയമായതും സ്വാതന്ത്ര്യാനന്തര ഇന്ത്യയിലാണ്. സ്വാതന്ത്ര്യം ഏറ്റവും അടിത്തട്ടിൽ നിന്നാരംഭിക്കണമെന്നും ഓരോ ഗ്രാമവും ഒരു സ്വയംസമ്പൂർണ്ണ റിപ്പബ്ലിക്കാകണമെന്നും അങ്ങനെയുള്ള നിരവധി ഗ്രാമങ്ങൾ മത്സരബുദ്ധിയില്ലാതെ സൗഹൃദത്തോടെ ഒരുമിച്ചു പ്രവർത്തിക്കുന്ന ഒരു ഭാരതമാണ് നമുക്കു വേണ്ടതെന്നുമുള്ള ഗാന്ധിജിയുടെ സങ്കല്പം അതിന്റെ ചില അംശങ്ങളൊഴികെ നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്താൻ അതിന്റെ ശില്പികൾ വിസമ്മതിച്ചു. അതിനാൽ സുസ്ഥിരവും സമാന സ്വഭാവമുള്ളതുമായ ഒരു വളർച്ച സ്വതന്ത്രഭാരതത്തിലെ പഞ്ചായത്തുകൾക്ക് ഉണ്ടായില്ല. പഞ്ചായത്തുകൾക്ക് അതുമൂലമുണ്ടായ വളർച്ചാ തകരാറുകൾ, പ്രവർത്തന വികലതകൾ, കാര്യക്ഷമതയില്ലായ്മ എന്നിവയെക്കുറിച്ച് ഒട്ടനവധി കമ്മിറ്റികൾ പഠിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും അവ തുടർന്ന് ചർച്ചകൾക്കും, നിയമഭേദഗതികൾക്കും, തുടർപരിഷ്കരണങ്ങൾക്കും ആധാരമാകുകയും ചെയ്തിട്ടുണ്ട്. അവയിലെ പ്രധാന പഠനറിപ്പോർട്ടുകളെക്കുറിച്ച് ഒരു വിഹഗ വീക്ഷണമാണ് ഇതിൽ ഉദ്ദേശിക്കുന്നത്.

### ബൽവന്ത്റായ് മേത്താ കമ്മിറ്റി റിപ്പോർട്ട്

ഇന്ത്യയിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ആദ്യത്തെ കമ്മിറ്റി ബൽവന്ത് റായ് ജി മേത്താ എന്ന പാർലമെന്റ് അംഗത്തിന്റെ നേതൃത്വത്തിലുള്ളതായിരുന്നു. ഡോ. ശങ്കർദയാൽശർമ്മ ഉൾപ്പെടെയുള്ള ആറംഗ കമ്മിറ്റി, 1957 ജനുവരി 17ന് നിയോഗിക്കപ്പെടുകയും ആ വർഷം നവംബർ 24 ന് 18 വിഭാഗങ്ങളിലായി 322 നിർദ്ദേശങ്ങളുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് സമിതി, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ മൂന്നു തലങ്ങളുള്ള പഞ്ചായത്ത് രാജ് സംവിധാനം ഗ്രാമപ്രദേശങ്ങളിൽ രൂപപ്പെടുത്തണമെന്നതായിരുന്നു സുപ്രധാന നിർദ്ദേശം. ഗ്രാമപഞ്ചായത്തുകൾക്കും പഞ്ചായത്ത് സമിതികൾക്കും ചുമതലകളും നികുതി വരുമാനങ്ങളും വിഭജിച്ചു നല്കണമെന്നും പരിശീലനം ലഭിച്ച ഒരു പ്രത്യേക ഉദ്യോഗസ്ഥ സംഘം പഞ്ചായത്ത് രാജ് സംവിധാനത്തിനു ലഭ്യമാക്കണമെന്നും പഞ്ചായത്ത് സമിതികൾ വികസന ബ്ലോക്കുകൾക്ക് സമമായിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

അധികാരവികേന്ദ്രീകരണമായിരുന്നു പഠനറിപ്പോർട്ടിന്റെ കാതൽ. ഇന്ത്യയിലെ ജനങ്ങളുടെ സ്വന്തം ക്ഷേമത്തിന് അവരിൽ കൂടുതൽ വിശ്വാസം സർക്കാർ അർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തലം ബ്ലോക്ക്/പഞ്ചായത്ത് സമിതിയായിരിക്കണമെന്ന് നിർദ്ദേശിച്ചു. എല്ലാ ഗ്രാമത്തിലും ജനങ്ങൾ നേരിട്ടു തെരഞ്ഞെടുക്കുന്ന പഞ്ചായത്ത് വേണമെന്നും ബ്ലോക്കുതലത്തിലുള്ള പഞ്ചായത്ത് സമിതികൾ നേരിട്ടു തെരഞ്ഞെടുക്കപ്പെടുന്നവരും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും ഉൾപ്പെടുന്ന ഒരു നിർവ്വഹണ സമിതിയാകണമെന്നും ജില്ലാതലത്തിൽ ഒരു ഉപദേശക സമിതി മതിയെന്നുമായിരുന്നു നിർദ്ദേശം. റിപ്പോർട്ട് പരിഗണിച്ചശേഷം ദേശീയ വികസനസമിതി ത്രിതല പഞ്ചായത്ത് സംവിധാനം എന്ന ആശയം സ്വീകരിക്കുകയും 1958 ൽ സംസ്ഥാനങ്ങൾക്കു നടപ്പിലാക്കലിനായി അത് അയച്ചുകൊടുക്കുകയും ചെയ്തു. അടിസ്ഥാന ഘടനയിൽ സമാനതയും പ്രവർത്തനത്തിൽ എന്തും സ്വീകരിക്കുവാനുള്ള സർവ്വ സ്വാതന്ത്ര്യവും സംസ്ഥാനങ്ങൾക്കുണ്ടായിരുന്നു. അതിനെതുടർന്ന് മേഘാലയ, മിസോറാം, നാഗാലാന്റ്, ലക്ഷദ്വീപ് എന്നിവയൊഴിച്ച് എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും പഞ്ചായത്ത് രാജ് നിയമം പാസ്സാക്കി. പന്ത്രണ്ട് സംസ്ഥാനങ്ങളും ഒരു കേന്ദ്രഭരണ പ്രദേശവും ത്രിതലസംവിധാനവും, നാലു സംസ്ഥാനങ്ങളും രണ്ടുകേന്ദ്രഭരണ പ്രദേശങ്ങളും ദ്വിതല സംവിധാനവും, നാല് സംസ്ഥാനങ്ങളും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളും ഏകതല ഗ്രാമപഞ്ചായത്ത് സംവിധാനവും രൂപപ്പെടുത്തി. രാഷ്ട്രീയവും ധനപരവും ഭരണപരവുമായ പല പ്രശ്നങ്ങളാൽ അധികാരം വികേന്ദ്രീകരിക്കാനുള്ള ഈ സുസ്ഥിരമായ ആദ്യകാല പരീക്ഷണം മിക്കവാറും പരാജയപ്പെട്ടു. സ്വയം ഭരണത്തിന്റെ അടിസ്ഥാന ഘടകങ്ങളെന്ന നിലയിലും വികസന പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളെന്ന നിലയിലും ഉള്ള പ്രാധാന്യം പഞ്ചായത്തുകൾക്കു ലഭിച്ചില്ല.

### മഹാരാഷ്ട്രയിലെ നായിക്ക് കമ്മിറ്റി റിപ്പോർട്ട്


ബൽവന്ത്റായ് മേത്താ കമ്മിറ്റി റിപ്പോർട്ടിനെതുടർന്ന് ഒരു സംസ്ഥാനത്ത് നടന്ന പഞ്ചായത്ത് പരിഷ്കരണത്തിന് ആധാരമായത് ബോംബെ (ഇന്നത്തെ മഹാരാഷ്ട്ര) സംസ്ഥാനത്തിലെ നായിക്ക് കമ്മിറ്റി റിപ്പോർട്ടാണ്.

ബൽവന്ത് റായ് മേത്താ കമ്മിറ്റിയുടെ ശുപാർശയുടെ മാതൃകയിൽ നിന്നും വിഭിന്നമായ ഒരു മാതൃകയാണ് നായിക്ക് കമ്മിറ്റി സുധീരമായി മുന്നോട്ടു വച്ചത്. ജില്ലയായിരിക്കണം അധികാരവികേന്ദ്രീകരണത്തിന്റെ സുപ്രധാന തലമെന്നും അവിടെ ജില്ലാകളക്ടറുടെ പദവിയിൽ ഉള്ള ഉദ്യോഗസ്ഥനായിരിക്കണം വികസനപ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നതെന്നും റിപ്പോർട്ട് നിർദ്ദേശിച്ചു. ജില്ലാതലത്തിൽ മാത്രമേ ആവശ്യമായ വിഭവങ്ങളുടെ ഭരണപരവും സാങ്കേതികവുമായ ഉദ്യോഗസ്ഥരും ഉപകരണങ്ങളും മറ്റും ലഭ്യമാകൂ എന്നും കമ്മിറ്റി വ്യക്തമാക്കി. ഏകോപനമാണ് വികസനപ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്ക് അനുപേക്ഷണീയമായതെന്നും അതിനുതകുന്ന ഉദ്യോഗസ്ഥ സംവിധാനവും ആ ഉദ്യോഗസ്ഥസംവിധാനത്തിന് ശക്തമായ രാഷ്ട്രീയപിന്തുണയും ലഭ്യമാക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. ജില്ലാകളക്ടർ എന്ന പദവി വഹിച്ചു പരിചയമുള്ളവരെ ജില്ലാ പരിഷത്തിന്റെ ഉന്നത ഉദ്യോഗസ്ഥനാക്കണമെന്നാണ് സമിതി അഭിപ്രായപ്പെട്ടത്. ജില്ലാ പരിഷത്തിന്റെ അദ്ധ്യക്ഷന് ആ ഉന്നത ഉദ്യോഗസ്ഥന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതാനുള്ള അധികാരവും നിർദ്ദേശിച്ചിരുന്നു. നായിക്ക് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചുകൊണ്ട് 1962 ൽ ജില്ലാപരിഷത്തുകൾ നിലവിൽ വരികയും ചെയ്തു. എന്നാൽ മിക്ക സ്ഥലങ്ങളിലും കളക്ടറായി ഉദ്യോഗക്കയറ്റം ലഭിച്ച ഭരണപാടവമില്ലാത്ത ഉന്നത ഉദ്യോഗസ്ഥരും ഒരു ജില്ലാതലവന്റെ അന്തസ്സും ആഭിജാത്യവും പക്വതയും ഇല്ലാതെ, ലഭിച്ച അധികാരങ്ങളിൽ അഭിരമിക്കുകയും ചെയ്ത രാഷ്ട്രീയ നേതൃത്വവും കൂടി ഈ പരിഷ്കരണത്തെ ദുർബലമാക്കി. മഹാരാഷ്ട്രയിൽ ഷേയ്ക്ക് കമ്മിറ്റി പോലെ പല കമ്മിറ്റികളെ പഞ്ചായത്ത് രാജ് പരിഷ്കരണങ്ങൾക്കു തുടർന്ന് നിയോഗിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് പരിഷ്കരണങ്ങളുടെ ആദ്യകാല മികവും നൂതനത്വവും സുസ്ഥിരമായി നിലനിർത്താൻ മഹാരാഷ്ട്ര സംസ്ഥാനത്തിനു പിന്നീട് കഴിഞ്ഞില്ല.

### അശോക് മേത്താ കമ്മിറ്റി റിപ്പോർട്ട്

തുടർന്ന് ജനതാ സർക്കാരിന്റെ ഭരണകാലത്ത് അശോക്മേത്ത അധ്യക്ഷനായി പഞ്ചായത്ത് ഭരണ നവീകരണത്തിന്റെ പുനഃപരിശോധനയ്ക്കായി ഒരു പഠനസംഘത്തെ നിയോഗിച്ചു.

1977 ഡിസംബർ 12 നാണ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും എസ്. കെ ഡേയും അംഗങ്ങളും അശോക് മേത്ത അധ്യക്ഷനുമായി 14 അംഗസമിതി രൂപീകരിച്ചത്. സർക്കാർ ഗ്രാമവികസനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതുകൊണ്ട് കാർഷിക ഉൽപാദനം വർദ്ധിപ്പിക്കാനും അതുവഴി തൊഴിലുകൾ സൃഷ്ടിക്കാനും ദാരിദ്ര്യം കുറയ്ക്കാനും ഗ്രാമസമ്പദ്വ്യവസ്ഥയിൽ മൊത്തമായ ഉണർവുണ്ടാക്കാനും ഉചിതമായ തരത്തിൽ അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നതിനുവേണ്ട നിർദ്ദേശം സമർപ്പിക്കുകയായിരുന്നു കമ്മിറ്റിയുടെ നിയോഗം. 1978 ആഗസ്റ്റ് 17 ന് സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു.



ഒരു ദ്വിതല പഞ്ചായത്ത് സംവിധാനമാണ് സമിതി അധികാരവികേന്ദ്രീകരണത്തിനായി നിർദ്ദേശിച്ചത്. ജില്ലാതലത്തിൽ ജില്ലാപരിഷത്തും പതിനയ്യായിരത്തിനും ഇരുപതിനായിരത്തിനും ഇടയിൽ ആളുകൾ ഉൾപ്പെടുന്ന അതിനുതാഴെയുള്ള മണ്ഡൽ പഞ്ചായത്തുമാണ് നിർദ്ദേശിക്കപ്പെട്ടത്. ജില്ലാപരിഷത്തിന് സുപ്രധാനമായ സ്ഥാനമാണ് നിർദ്ദേശിച്ചത്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് മറ്റുള്ളവരെക്കാൾ ഉയർന്നപദവി നൽകാനും പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പുകമ്മീഷണർ നടത്താനും ജില്ലയിലെ എല്ലാ വികസന പ്രവർത്തനങ്ങളും ജില്ലാ പരിഷത്തിനെ ഏല്പിക്കാനും മണ്ഡൽ പഞ്ചായത്ത് നിർവ്വഹണത്തിൽ പ്രധാന പങ്ക് വഹിക്കാനും ജില്ലാതല ആസൂത്രണത്തിന്റെ ചുമതല ജില്ലാ പരിഷത്തിൽ അർപ്പിതമാക്കാനും ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും ധനത്തിന്റെയും നികുതികളുടെയും വികേന്ദ്രീകരണത്തിനും പഞ്ചായത്തുകൾ മനുഷ്യശേഷി വികസിപ്പിക്കുന്നതിന് പ്രാധാന്യം നൽകാനും വേണ്ട നിർദ്ദേശങ്ങളായിരുന്നു സമിതി നൽകിയത്. ഏകാഭിപ്രായങ്ങളുള്ള നിർദ്ദേശങ്ങളായിരുന്നു മിക്കവയുമെങ്കിലും എം. ജി. രാമചന്ദ്രനും എസ്.കെ ഡേയും ഇ എം. എസ്സും വിയോജനക്കുറിപ്പുകൾ സമർപ്പിച്ചു.

ഇ എം എസ്സിന്റെ വിയോജനക്കുറിപ്പിൽ മൗലികമായ ചില നിർദ്ദേശങ്ങളുണ്ടായിരുന്നു. അധികാര വികേന്ദ്രീകരണം പഠിക്കുന്നവർ തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു മൗലിക രേഖയാണ് അത്. ഒരു പഞ്ചായത്തിലെ എല്ലാ സമ്മതിദായകരും ആ പഞ്ചായത്തിലെ എല്ലാ സ്ഥാനങ്ങളിലേക്കും മുൻഗണനാക്രമത്തിൽ വോട്ട് ചെയ്ത് സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് പോലെ പഞ്ചായത്ത് അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ലിസ്റ്റ് സമ്പ്രദായത്തെക്കുറിച്ച് അതിൽ നിർദ്ദേശിച്ചിട്ടുള്ളത് ഇനിയും ചർച്ചക്കെടുക്കാത്ത വിഷയമാണ്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാവ്യവസ്ഥകൾ വേണമെന്നും അതിനായി ഭരണഘടനാ ഭേദഗതി ആവശ്യമാണെന്നും ആദ്യമായി നിർദ്ദേശിച്ചത് അശോക്മേത്താ കമ്മിറ്റിയായിരുന്നു. പഞ്ചായത്തുകളുടെ ധനകാര്യങ്ങൾ മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷനെ നിയമിക്കണമെന്ന നിർദ്ദേശവും സമിതി മുന്നോട്ടുവെച്ചു.

കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കിടയിൽ 21 പ്രമുഖ വ്യക്തികൾ – അതിൽ കമ്മിറ്റി അംഗങ്ങളായ ഇ എം എസ്സും, എസ് കെ ഡേയും ഉണ്ടായിരുന്നു – ഭരണഘടനാ ഭേദഗതിയുടെ കരട് ഉൾപ്പെടെ ഗ്രാമസഭ മുതൽ ലോകസഭ വരെ ഒരു തുടർച്ചപോലെ നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനു വേണ്ട സുപ്രധാന നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ആ നിർദ്ദേശങ്ങൾ സമിതി റിപ്പോർട്ടിന്റെ രണ്ടാം അനുബന്ധമായി ഉൾപ്പെടുത്തിയിരുന്നു.

അശോക് മേത്താ കമ്മിറ്റിയെ നിയോഗിച്ച ജനതാ പാർട്ടിപോലും ഈ റിപ്പോർട്ടിന്മേൽ ഒരു നടപടിയും സ്വീകരിച്ചില്ല എന്നതായിരുന്നു അതിന്റെ ദുരന്തമെങ്കിലും തുടർന്നുള്ള എല്ലാ പഞ്ചായത്ത് രാജ് പരിഷ്കരണങ്ങളിലും ഇതിലെ നിർദ്ദേശങ്ങൾക്കു സ്വാധീനമുണ്ടായിരുന്നു.

### ജി. വി. കെ. റാവു കമ്മിറ്റി റിപ്പോർട്ട്

തുടർന്ന് 1985 ൽ നിയോഗിക്കപ്പെട്ട ജി. വി കെ റാവു കമ്മിറ്റിയാണ് പഞ്ചായത്ത് രാജ് പരിഷ്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിച്ച മറ്റൊരു സമിതി.

ജില്ലാ പരിഷത്തായിരിക്കണം ജില്ലാതലത്തിൽ അധികാരങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്നും അതിനു കൃത്യമായ കാലാവധി വേണമെന്നും എല്ലാ സംസ്ഥാനവികസന വകുപ്പുകളുടെയും ജില്ലയിലും അതിനുതാഴെയുമുള്ള ഘടകങ്ങൾ ജില്ലാപരിഷത്തിനു കീഴിൽ കൊണ്ടുവരേണ്ടതാണെന്നും അവയുടെ പദ്ധതിയേതര ബഡ്ജറ്റുകൾ എല്ലാം ജില്ലാ പരിഷത്തിലേക്ക് കൈമാറേണ്ടതാണെന്നും ഈ റിപ്പോർട്ട് നിർദ്ദേശിച്ചു. ജില്ലാ പരിഷത്തിന്റെ പ്രവർത്തനങ്ങൾ അതിന്റെ വിവിധ കമ്മിറ്റികളിലൂടെ ക്രമീകരിക്കണം. ജില്ലാ സർക്കാർ എന്ന ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടിയായി ഈ വികേന്ദ്രീകരണത്തെ പരിഗണിക്കണമെന്നായിരുന്നു നിർദ്ദേശം.

സംസ്ഥാന സർക്കാരിൽ നിന്നും ജില്ലാ പരിഷത്തിനു ധനം കൈമാറുന്നതു നിർദ്ദേശിക്കാൻ ഒരു സംസ്ഥാന ധനകാര്യ കമ്മീഷനെ നിയോഗിക്കണമെന്ന നിർദ്ദേശം ഈ കമ്മിറ്റിയും ഉയർത്തിപ്പിടിച്ചു. മുഖ്യമന്ത്രി അധ്യക്ഷനായി ഒരു സംസ്ഥാന വികസന കൗൺസിൽ രൂപീകരിക്കണമെന്ന മറ്റൊരു നിർദ്ദേശവും കമ്മിറ്റി ഇതിൽ മുന്നോട്ടു വെച്ചു. ജില്ലാ പദ്ധതികളും അവ സംയോജിപ്പിച്ച് രൂപപ്പെടുത്തുന്ന സംസ്ഥാന പദ്ധതിയും അംഗീകരിക്കേണ്ട ചുമതല സംസ്ഥാന വികസന കൗൺസിലിനാണ്.

ജില്ലകൾക്കു താഴെ ബ്ലോക്ക് തലത്തിൽ പഞ്ചായത്ത് സമിതിയും അതിനു താഴെ ഗ്രാമങ്ങളിൽ ഗ്രാമപഞ്ചായത്തും തുടർന്നു പ്രവർത്തിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചു. പട്ടികജാതി പട്ടികവർഗക്കാർക്കും വനിതകൾക്കും സംവരണം നൽകണമെന്ന് ഇതിൽ നിർദ്ദേശമുണ്ടായിരുന്നു.

സന്നദ്ധസംഘടനകളെയും പാവപ്പെട്ടവരുടെ സംഘങ്ങളെയും വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണമെന്ന നിർദ്ദേശവും കമ്മിറ്റി റിപ്പോർട്ടിലുണ്ടായിരുന്നു.


### എൽ. എം. സിങ്ങ്വി കമ്മിറ്റി റിപ്പോർട്ട്

1986 ൽ നിയോഗിക്കപ്പെട്ട എൽ എം സിങ്ങ്വി കമ്മിറ്റി റിപ്പോർട്ടാണ് മറ്റൊന്ന്.

പ്രാദേശിക സ്വയംഭരണത്തിന്റെ അടിസ്ഥാന ഘടകം പഞ്ചായത്തുകളാ കണമെന്നും ഭരണഘടനയിൽ ഒരു പ്രത്യേക അധ്യായമായി അതിനെ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നും അവയെ മൂന്നാംതല സർക്കാരായി പ്രഖ്യാപിക്കണമെന്നും ഈ റിപ്പോർട്ട് നിർദ്ദേശിച്ചു.

ക്രമമായതും സ്വതന്ത്രമായതും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പുകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വേണമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അതിന്റെ ചുമതല ഏല്പിക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിച്ചു.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്, പിരിച്ചുവിടൽ, സസ്പെൻഷൻ, മറ്റു പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും തർക്കപരിഹാരത്തിനായി ഒരു പഞ്ചായത്ത് രാജ് ട്രൈബ്യൂണൽ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപിക്കണമെന്ന് ഈ റിപ്പോർട്ട് നിർദ്ദേശിച്ചു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനവിഭവങ്ങൾ നല്കണമെന്നും കേന്ദ്ര ധനകാര്യ കമ്മീഷൻ അതിന്റെ നിർദ്ദേശങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിക്കപ്പെട്ടു. ന്യായപഞ്ചായത്തുകൾ സ്ഥാപിക്കണമെന്നും സംസ്ഥാന-ദേശീയ പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിച്ചു. കൂടാതെ സംസ്ഥാന പഞ്ചായത്ത് രാജ് നിയമങ്ങൾ നിർമ്മിക്കാൻ സഹായകരമായ ഒരു മോഡൽ നിയമവും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു.



### കേരളത്തിലെ വി. രാമചന്ദ്രൻ സമർപ്പിച്ച റിപ്പോർട്ട്

മിക്ക കമ്മിറ്റികളും നിർദ്ദേശിച്ച ജില്ലാകൗൺസിൽ സങ്കല്പം പ്രയോഗത്തിലെത്തിക്കാൻ ശ്രമിച്ച ആദ്യ സംസ്ഥാനമാണ് കേരളം. 1979 ൽ ജില്ലാ കൗൺസിൽ നിയമം പാസ്സാക്കിയെങ്കിലും അതു പരിഷ്കരിച്ച് നടപ്പിലാക്കാനാവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ 1989 ൽ നിയോഗിതനായ വി. രാമചന്ദ്രൻ സമർപ്പിച്ച റിപ്പോർട്ട് തത്വങ്ങളുടെ ധാരാളിത്തവും പ്രയോഗരീതികളുടെ സൂക്ഷ്മതയും കൊണ്ട് വളരെ ഉന്നതനിലവാരം പുലർത്തുന്നതും ഇന്നും സംസ്ഥാനങ്ങൾക്ക് മാതൃകയാകാവുന്ന ഒട്ടനവധി ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ജില്ലാതലത്തിലുള്ള വിവിധ വകുപ്പുകളെ സംയോജിപ്പിക്കേണ്ടതിന്റെയും വിരുദ്ധമായ വ്യവസ്ഥകളുമായി നിലനില്ക്കുന്ന വകുപ്പുകൾ പരസ്പര പൂരകമാക്കേണ്ടതിന്റെയും ആവശ്യകത കൃത്യമായി ചൂണ്ടിക്കാണിച്ച ഒരു റിപ്പോർട്ടാണ് ഇത്.

### കേരളത്തിലെ സെൻ കമ്മിറ്റി റിപ്പോർട്ട്

ഇന്ത്യയിലെ പഞ്ചായത്ത് രാജ് പരിഷ്കരണത്തിൽ സ്പർശിക്കാതെ കടന്നുപോകാനാകാത്ത മറ്റൊരു സംസ്ഥാനതല റിപ്പോർട്ടാണ് 1996 ലെ സെൻ കമ്മിറ്റി റിപ്പോർട്ട്. 1994 ലെ തികച്ചും യാഥാസ്ഥിതികമായ കേരള പഞ്ചായത്ത് രാജ് നിയമത്തെ ഇന്ത്യയിലെ ഏറ്റവും പുരോഗമന സ്വഭാവമുള്ള ഒട്ടനവധി സംവിധാനങ്ങളുള്ള നിയമഖണ്ഡമാക്കിയത് സെൻ കമ്മിറ്റി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരുന്നു.


പ്രിൻസിപ്പൽ ഓഫ് സബ്സീഡിയാരിറ്റി (principle of subsidiarity) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പഞ്ചായത്തുകൾക്ക് ചുമതലകൾ നിശ്ചയിച്ചതും അറിയാനുള്ള അവകാശം, ഓംബുഡ്സ്മാൻ, തർക്കപരിഹാര ട്രൈബ്യൂണൽ എന്നിവ സ്ഥാപിച്ചതും സെൻകമ്മിറ്റി നിർദ്ദേശത്തെ തുടർന്നാണ്. കേരളത്തിൽ നടന്നുവന്ന ജനകീയ ആസൂത്രണത്തിന്റെ നടപടിക്രമങ്ങൾ അതുപോലെ കമ്മിറ്റി അംഗീകരിക്കുകയും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമാക്കുകയും ചെയ്തു. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതി നിശ്ചയിക്കുന്നതിനും നികുതി വരുമാനങ്ങളിലും നികുതിയേതര വരുമാനങ്ങളിലും വർദ്ധനവ് വരുത്താനും വസ്തുനിഷ്ഠമാക്കാനും വേണ്ട ഒട്ടനവധി പരിഷ്കാരങ്ങളും കമ്മിറ്റി നിർദ്ദേശിച്ചു.

സെൻകമ്മിറ്റിയുടെ നിർദ്ദേശങ്ങളെത്തുടർന്നാണ് 1999 ൽ കേരള പഞ്ചായത്ത് രാജ് നിയമം സമൂലമായി പരിഷ്കരിച്ചത്. 2000 ത്തിൽ 34 അനുബന്ധ നിയമങ്ങൾ ഭേദഗതി ചെയ്തു പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനു പാതയൊരുക്കുകയും ചെയ്തു. സ്വതന്ത്രമായ ഓഡിറ്റ് കമ്മീഷൻ സ്ഥാപിക്കണമെന്നതുപോലെ ഒട്ടനവധി നിർദ്ദേശങ്ങൾ ഇനിയും നടപ്പാക്കാത്തതായും ഉണ്ട്. എന്നാൽ ജില്ലാ കളക്ടറെ പഞ്ചായത്ത് രാജ് സംവിധാനത്തിനു കീഴിൽ വരുത്തുക, ജീവനക്കാരെ താഴേക്കു വിന്യസിക്കുക തുടങ്ങിയ മേഖലകളിൽ സെൻകമ്മിറ്റിക്ക് വിപ്ലവകരമായ നിർദ്ദേശങ്ങൾ നല്കാൻ കഴിഞ്ഞിരുന്നില്ല എന്ന പരിമിതിയും ഉണ്ട്. ജനകീയ ആസൂത്രണ നടപടിക്രമങ്ങൾ ഇനിയും സർക്കാർ ഉത്തരവുകളായി ഇറക്കുന്നതു മാറ്റാനും നിയമവ്യവസ്ഥയുടെ ഭാഗമാക്കാനും കഴിയാത്തത് നമ്മുടെ പരിഷ്കരണ ശ്രമങ്ങളിലെ ഗതിവേഗത്തിന്റെ കുറവുകൊണ്ടുതന്നെയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും നമ്മുടെ തൊട്ടടുത്തുപോലും എത്താനാവാതെ നില്ക്കുന്ന ഈ സന്ദർഭത്തിൽ കൂടുതൽ ഉജ്ജ്വലമായ പരിഷ്കരണങ്ങളുമായി മുന്നോട്ടു പോകുകയാണ് ഏറ്റവും കരണീയമായിട്ടുള്ളത്. കേരളത്തിന് ഇപ്പോൾ ലഭിച്ച നേട്ടങ്ങളിൽ സംതൃപ്തരായിരിക്കലല്ല വളർച്ചയുടെ വഴി.

### രണ്ടാം ഭരണ പരിഷ്കരണ കമ്മീഷന്റെ ആറാമതു റിപ്പോർട്ട്

പഞ്ചായത്ത് രാജ് ഭരണ പരിഷ്കരണങ്ങളിൽ ഇന്ത്യയിൽ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും മൗലികമായതും പ്രായോഗികമായ നിർദ്ദശങ്ങൾ അതിന്റെ യുക്തിഭദ്രതയോടെ സമർത്ഥിച്ചിട്ടുള്ളതുമായ റിപ്പോർട്ടാണ് വീരപ്പമൊയ്‌ലി അധ്യക്ഷനായ രണ്ടാം ഭരണപരിഷ്കരണ കമ്മീഷന്റെ ആറാം റിപ്പോർട്ട്. പ്രാദേശിക ഭരണത്തെക്കുറിച്ചു മാത്രമുള്ളതാണ് 422 പേജുകളുള്ള റിപ്പോർട്ട്. കേരളത്തിലെ സെൻകമ്മിറ്റി ശുപാർശകളിൽ പലതും ഈ റിപ്പോർട്ടിൽ നിർദ്ദേശങ്ങളായി മാറിയിട്ടുണ്ട്.

ഇന്നത്തെ ഉദാരവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും അനുയോജ്യമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് പ്രാദേശിക ഭരണം ജനങ്ങളുടെ അഭിപ്രായങ്ങളുടെ നിർവ്വഹണ സംവിധാനമാക്കുക എന്ന ദുഷ്കര ദൗത്യമാണ് റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ പ്രതിഫലിക്കുന്നത്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അഞ്ചു ഭാഗങ്ങളായയാണ് ക്രമീകരിച്ചിട്ടുള്ളത്. ആമുഖത്തിൽ പ്രാദേശിക ഭരണത്തിന്റെ ചരിത്രപരമായ വികാസത്തെ സൂചിപ്പിക്കുന്നു. പിന്നീടുള്ള അടിസ്ഥാന തത്വങ്ങളുടെ അദ്ധ്യായത്തിൽ ഈ റിപ്പോർട്ട് ആധാരമാക്കിയ കാതലായ തത്വങ്ങൾ വിവരിച്ചിട്ടുണ്ട്. തുടർന്ന്, പൊതുകാര്യങ്ങളെക്കുറിച്ചുള്ള അദ്ധ്യായത്തിൽ ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും പൊതുവായി ബാധകമായ ഭരണഘടനാ ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിവരിക്കുന്നു. ഗ്രാമഭരണം എന്ന അടുത്ത അധ്യായത്തിൽ പഞ്ചായത്തുകളിൽ വരുത്തേണ്ട പരിഷ്കരണങ്ങളെക്കുറിച്ച് വിവരിക്കുന്നു. അവസാനത്തെ അധ്യായത്തിൽ നഗരഭരണ രംഗത്ത് വരുത്തേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. തുടർന്ന് ഈ റിപ്പോർട്ടിലെ എല്ലാ നിർദ്ദേശങ്ങളും ഒന്നായി ക്രോഡീകരിച്ച് പ്രത്യേകം നൽകിയിട്ടുമുണ്ട്. കൂടാതെ പ്രസംഗങ്ങളും മറ്റും ഉൾപ്പെടുന്ന ചില അനുബന്ധ രേഖകളും റിപ്പോർട്ടിലുണ്ട്.



പ്രാദേശിക ഭരണം ഊർജ്ജസ്വലമാക്കാനുതകുന്ന സ്ഥായിയായ ചില നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും നിയമസഭയുടെ ഉപരിസഭയായി തദ്ദേശഭരണ രംഗത്തെ പ്രതിനിധികൾ മാത്രമുൾക്കൊള്ളുന്ന ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കണമെന്നതാണ് അതിലെ സുപ്രധാന നിർദ്ദേശം. ഒരു കേന്ദ്രനിയമത്തിലൂടെ സംസ്ഥാന ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ഘടന നിശ്ചയിക്കാൻ കേന്ദ്രസർക്കാരിന് ഇന്ത്യൻ ഭരണഘടന അധികാരം നല്കുന്നുണ്ട്. അതുപയോഗപ്പെടുത്തി ഒരു കേന്ദ്രനിയമം നിർമ്മിച്ചാൽ തദ്ദേശഭരണ സാരഥികൾക്കു മാത്രമായുള്ള ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന സങ്കല്പം യാഥാർത്ഥ്യമാകും.

കേന്ദ്രസർക്കാർ സംസ്ഥാനങ്ങളിലെ അധികാരവികേന്ദ്രീകരണം ഏതു തത്വത്തിന്റെ അടിസ്ഥാനത്തിൽ നടത്തണമെന്നും നിർബന്ധമായും എത്രത്തോളം അധികാരങ്ങൾ നല്കണമെന്നും നിശ്ചയിക്കുന്ന ഒരു നിയമം (a framework law) പാസ്സാക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം.

ജില്ലാതലത്തിൽ നഗരങ്ങളെയും ഗ്രാമങ്ങളെയും സംയോജിപ്പിച്ചു കൊണ്ടും ജില്ലാകളക്ടറെ മുഖ്യഉദ്യോഗസ്ഥൻ ആക്കിക്കൊണ്ടും ഒരു ജില്ലാ കൗൺസിൽ രൂപീകരിക്കുകയും ജില്ലാ ആസൂത്രണത്തിന്റെ ചുമതല ഉൾപ്പെടെ ജില്ലാ ഭരണ പ്രക്രിയ ഈ ജില്ലാകൗൺസിലിനെ ഏല്പിക്കണമെന്നതുമാണ് വേറൊരു നിർദ്ദേശം.


ഗ്രാമപോലീസ് സംവിധാനം ഉൾപ്പെടെ ഒട്ടനവധി നിയന്ത്രണ അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നല്കണമെന്നും നികുതി-നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന വരുമാന സാധ്യതകൾ പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സെക്രട്ടറിയെയും ഉദ്യോഗസ്ഥരെയും നിയമിക്കാനും ശിക്ഷണ നടപടികൾ സ്വീകരിക്കാനും അധികാരം നൽകണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

ജില്ലയ്ക്കു കീഴിൽ ഏതു തലങ്ങളിൽ പഞ്ചായത്തുകൾ വേണമെന്ന് സംസ്ഥാനങ്ങൾക്കു തീരുമാനിക്കാം. അവയുടെ അധ്യക്ഷനെ ജനങ്ങൾ നേരിട്ടുതെരഞ്ഞെടുക്കുന്ന സംവിധാനവും സംസ്ഥാനങ്ങൾക്ക് സ്വീകരിക്കാം. മുനിസിപ്പൽ കോർപ്പറേഷനുകളിൽ നഗരസഭാ അധ്യക്ഷന്മാരെ നേരിട്ടു തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും അവർ നിശ്ചയിക്കുന്ന മുനിസിപ്പൽ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു മേയറുടെ ക്യാബിനറ്റ് രൂപീകരിക്കുന്നതിനെക്കുറിച്ചും ഉള്ള നിർദ്ദേശവും റിപ്പോർട്ടിലുണ്ട്. സ്ഥലപരിമിതി മൂലം വിവരിക്കാനാവാത്തത്ര നല്ല നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ കോപ്പി http://arc.gov.in എന്ന വെബ്ബ് സൈറ്റിൽ ലഭ്യമാണ്.

### ഉപസംഹാരം

ഇന്ത്യയിലെ പഞ്ചായത്ത് രാജിന്റെ വികാസത്തിൽ വിവിധ പഠനറിപ്പോർട്ടുകൾ നൽകിയ സംഭാവന അന്യൂനമാണ്. പരിഷ്കരണത്തിന്റെ പാതയിലെ നാഴികക്കല്ലുകളായ നൂതന ആശയങ്ങൾ ആദ്യമായി അവതരിപ്പിക്കപ്പെട്ടത് ഇത്തരം റിപ്പോർട്ടുകളിലായിരുന്നു. എന്നാൽ പല ആശയങ്ങളും അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞ് വർഷങ്ങൾക്കു ശേഷമാണ് അവ നടപ്പായിട്ടുള്ളത്. പല റിപ്പോർട്ടുകളിലുമുള്ള ചില നല്ല ആശയങ്ങൾ ഒരു ചർച്ചയ്ക്കുപോലും ഇതുവരെ വിധേയമായിട്ടില്ല. ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന പല ആശയങ്ങളും പ്രയോഗപഥത്തിലെത്താൻ ഇനിയും കാലമെടുക്കുമെങ്കിലും അവയുടെ വ്യാപകമായ ചർച്ച ചെയ്യലാണ് അവ പ്രയോഗത്തിലെത്തിയ്ക്കാനുള്ള ആദ്യ നടപടി.

*(ലേഖകൻ തൃശൂർ 'കില' യിൽ ലൈബ്രേറിയനാണ്)*



പ്രൊഫ. ടി.പി. ശ്രീധരൻ



# നെൽകൃഷിയിലൊരു ഉണർവ്വ്

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ (CDS) കീഴിലുള്ള "പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഗവേഷണ കേന്ദ്രം" (Research Unit on Local Self Governments) കാസറഗോഡ് ജില്ലയിൽ പ്രവർത്തനം ആരംഭിക്കുന്നത് 2006 ജൂലായ് മാസമാണ്. നാല് ബ്ലോക്കുകളിലായി പത്ത് പഞ്ചായത്തുകളെ തെരഞ്ഞെടുത്ത്, ഓരോ പഞ്ചായത്തിലും ഒരു വികസനമേഖലയിൽ പങ്കാളിത്ത പ്രവർത്തനത്തിലൂടെ സമഗ്രവും സാങ്കേതികത്തികവുമുള്ള പദ്ധതി തയ്യാറാക്കുക എന്നതായിരുന്നു ആദ്യപ്രവർത്തനം ഇതിന്റെ ഭാഗമായി കാഞ്ഞങ്ങാട് ബ്ലോക്കിലുള്ള മടിക്കൈ ഗ്രാമപഞ്ചായത്തിൽ രണ്ട് കാർഷിക പദ്ധതികൾക്ക് രൂപം നൽകാൻ സാധിച്ചു-നെൽകൃഷി വികസനത്തിനുള്ള "ഉണർവ്വ്" എന്ന പദ്ധതിയും, തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള "കല്പകം" പദ്ധതിയും. കാസറഗോഡുള്ള കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിലെയും (CPCRI), നീലേശ്വരം പടന്നാക്കട്ടെ കാർഷികകോളേജിലെയും ശാസ്ത്രജ്ഞന്മാർ, സംസ്ഥാന കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായ സഹകരണത്തോടെയാണ് ഈ പദ്ധതികൾക്ക് CDS ഉം പഞ്ചായത്തും രൂപം കൊടുത്തത്.

**നെൽകൃഷിക്കുള്ള 'ഉണർവ്വ്' പദ്ധതി**

51.81 ച.കി.മീ വിസ്തൃതിയുള്ള മടിക്കൈ പഞ്ചായത്തിന്റെ ഭൂപ്രകൃതി ഉയർന്ന കുന്നിൻ പ്രദേശം, ചെറിയ ചെരിവുകൾ, താഴ്ന്ന സമതലങ്ങൾ എന്നിവ ചേർന്നതാണ്. പഞ്ചായത്തിലൂടെ ആറ് തോടുകൾ ഒഴുകുന്നുണ്ട്. പരമ്പരാഗതമായി നെല്ല്, കവുങ്ങ്, കുരുമുളക്, കശുമാവ്, വാഴ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കൃഷികൾ. കുരുമുളക്, കവുങ്ങ്, കശുമാവ് എന്നിവയുടെ വിസ്തൃതി കഴിഞ്ഞ കുറേ വർഷങ്ങളിലായി കുറയുകയും, പകരം റബ്ബർ ഒരു പ്രധാന വിളയായി മാറുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ നെൽകൃഷിയുടെ വിവരങ്ങൾ പട്ടിക I ൽ കൊടുത്തിരിക്കുന്നു

സമഗ്രമായ കാർഷിക പദ്ധതി പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കാനാണ് പഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. ഇതിനായി അഞ്ച് മാസം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിലൂടെയാണ് "ഉണർവ്വ്" പദ്ധതിക്ക് പഞ്ചായത്ത് രൂപം നൽകിയത്. നെൽകൃഷിക്കാരുടെ ഇടയിലുള്ള സർവ്വെ, പാടശേഖരാടിസ്ഥാനത്തിൽ കൃഷിക്കാരും വിദഗ്ദ്ധരുമായുള്ള ഒത്തുചേരൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾക്കുശേഷം നെൽകൃഷിക്കാരുടെ ഗ്രാമസഭ 2006 ഡിസംബർ 16 ന് നടക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി പദ്ധതിരേഖ തയ്യാറാക്കി വികസനസെമിനാറിൽ അവതരിപ്പിക്കുകയും ചെയ്തു.

**പട്ടിക I**

| വിള | 1990-വിസ്തൃതി | 2005-വിസ്തൃതി | 2005-മൊത്തം ഉൽപ്പാദനം | 2005-ഉൽപ്പാദന ക്ഷമത |
|---|---|---|---|---|
| ഒന്നാംവിള | 112 ഹെക്ടർ | 100ഹെ. | 300 മെ. ടൺ | 2800 കി.ഗ്രാം |
| രണ്ടാംവിള | 152ഹെ. | 138 ഹെ. | 552 മെ.ടൺ | 4000 കി.ഗ്രാം |
| മൂന്നാം വിള | 40ഹെ. | 32 ഹെ. | 96 മെ.ടൺ | 3000 കി.ഗ്രാം |





ജലസേചന സൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ കുളം, VCB എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, കനാലുകളുടെ നവീകരണം, നീർവാർച്ചക്കുള്ള തോടുകളുടെ നിർമ്മാണം എന്നിവയ്ക്കു വേണ്ടി 159.85 ലക്ഷം രൂപയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. യന്ത്രവൽക്കരണത്തിനായി 13.33 ലക്ഷം രൂപയും, വളം, വിത്ത്, കീടനാശിനി എന്നിവയുടെ വിതരണത്തിനും, മണ്ണ് പരിശോധന, മാതൃകാ നെൽകൃഷി പ്ലോട്ട്, വിത്തുൽപാദനം, ജൈവ വളസമൃദ്ധി എന്നിവയ്ക്കും കൂടി 64.35 ലക്ഷം രൂപയുമാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. കൃഷി വിവരവിനിമയ കേന്ദ്രം, പൊതുയന്ത്രവൽക്കരണം തുടങ്ങിയവയ്ക്ക് 30.90 ലക്ഷം രൂപയും, കർഷകരുടെ പരിശീലനം, അടിസ്ഥാന വിവരശേഖരണം എന്നിവയ്ക്കായി 15 ലക്ഷം രൂപയുമാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. മൊത്തം 332.93 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സമഗ്രനെൽകൃഷി പരിപാടിയിൽ 13% ഗുണഭോക്തൃ വിഹിതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**2007-08 വാർഷിക പദ്ധതി**

ഈ പദ്ധതി തയ്യാറാക്കുമ്പോൾ മടിക്കൈ പഞ്ചായത്തിന് കാർഷികപദ്ധതികൾക്കു വേണ്ടി പ്രത്യേക മുന്നൊരുക്കങ്ങളൊന്നും ആവശ്യമില്ലായിരുന്നു. 'ഉണർവ്വ്' പദ്ധതിയിൽ നിന്ന് ഒരു വർഷത്തെ പ്രോജക്ടുകൾ വേർതിരിച്ചെടുത്തുകൊണ്ട് മേന്മയുള്ള കാർഷിക പ്രോജക്ടുകൾ സമർപ്പിക്കാനും, അംഗീകാരം നേടാനും പഞ്ചായത്തിന് സാധിച്ചു. ഈ മേഖലയിൽ 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ നിന്ന് സമാഹരിക്കാൻ സാധിച്ചു എന്നതും ശ്രദ്ധേയമാണ്.

പഞ്ചായത്തിൽ പതിമൂന്ന് പാടശേഖരങ്ങളാണുള്ളത്. 2007-08 സാമ്പത്തിക വർഷം കീക്കാംകോട്ട് പാടശേഖരത്തിൽ ഗ്രൂപ്പ് കൃഷി പരീക്ഷണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനും, തുടർന്നുള്ള വർഷങ്ങളിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മറ്റുപാടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുമാണ് പഞ്ചായത്ത് തീരുമാനിച്ചത്.

**കീക്കാംകോട്ട് പാടശേഖരം**

28 ഹെക്ടർ വിസ്തൃതിയുള്ള ഈ പാടശേഖരം കാലവർഷത്തിൽ മൂന്നടിയോളം വെള്ളത്തിലാണ്ടു കിടക്കുന്നു. ഉയർന്ന് കിടക്കുന്ന ആറ് ഹെക്ടർ ഒഴിച്ച് ബാക്കി ഭാഗങ്ങളിലൊന്നും ഒന്നാം വിള സാദ്ധ്യമല്ല. 22 ഹെക്ടറിൽ രണ്ടാം വിള മാത്രമാണ് കൃഷി. 67 കൃഷിക്കാരാണ് കൃഷിനിലത്തിന്റെ ഉടമകൾ.

മാർച്ച്-മെയ് മാസങ്ങളിൽ വ്യാപകമായി ഈ പാടത്ത് പച്ചക്കറി കൃഷി ചെയ്തു വരുന്നു. കേവലം 4 ഹെക്ടറിൽ മാത്രമാണ് മൂന്നാം വിളകൃഷി നടക്കുന്നത്.

രണ്ടാം വിളയിൽ ജ്യോതി, ആതിര, ഐശ്വര്യ എന്നീ വിത്തുകളാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഉഴവ് നടത്തുന്നത് കാളകളെ ഉപയോഗിച്ചാണ്. മറ്റു പാടശേഖരങ്ങൾക്ക് പഞ്ചായത്ത് അനുവദിച്ച ഒരു ടില്ലറും ഇതിനായി ഉപയോഗപ്പെടുത്തുന്നു. എന്നാൽ, ഉഴാനും മറ്റു കൃഷിപണികൾക്കുമായി വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതയ്ക്ക് ഇവിടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അശാസ്ത്രീയമായ വളം-കീടനാശിനി പ്രയോഗം, നീർവാർചയുടെ കുറവ്, യന്ത്രവൽക്കരണത്തിന്റെയും കൂട്ടായ്മയുടെയും അഭാവം എന്നിവയാണ് ഈ പാടശേഖരത്തിലെ പ്രധാന പ്രശ്നങ്ങൾ.

**പുതിയൊരു കാൽവെപ്പ്**

കഴിഞ്ഞ പത്ത് വർഷം പഞ്ചായത്ത് നടപ്പിലാക്കിയ കാർഷികപരിപാടികളെ അവലോകനം ചെയ്ത്, അവയുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് തയ്യാറാക്കിയ ഒരു പരിപാടിയാണ് കീക്കാംകോട്ട് പാടശേഖരത്തിൽ 2007-08 ൽ നടപ്പാക്കിയത്. ഒക്ടോബർമാസം പാടശേഖരത്തിലെ എല്ലാ കൃഷിക്കാരുടെയും യോഗം വിളിച്ചു ചേർത്ത് ശാസ്ത്രീയമായ രീതിയിൽ ഞാറ്റടി തയ്യാറാക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയുണ്ടായി. ആതിര വിത്ത് സൗജന്യമായി പഞ്ചായത്താണ് ലഭ്യമാക്കിയത്. പാടശേഖരത്തിനെ അഞ്ച് ബ്ലോക്കുകളായി തിരിച്ച് ഓരോ ബ്ലോക്കിലും ഉൾപ്പെടുന്ന വയലുകളുടെ മാപ്പ് തയ്യാറാക്കുകയുണ്ടായി. ഓരോ ഖണ്ഡത്തിലേയും കർഷിക പ്രവർത്തനങ്ങളുടെ കലണ്ടർ കർഷക പങ്കാളിത്തത്തോടെ തയ്യാറാക്കി. ടില്ലറിന്റെയും വിദഗ്ദ്ധതൊഴിലാളികളുടെയും ക്ഷാമം പരിഗണിച്ചുകൊണ്ട് കർഷകർക്കിടയിൽ പ്രവൃത്തി സംബന്ധമായ മത്സരം സൃഷ്ടിക്കാത്തവിധത്തിലാണ് സമയപട്ടിക രൂപ കല്പന ചെയ്തത്.

2007-08 ലെ പ്രോജക്ടിന്റെ ഭാഗമായി ഉഴവ് യന്ത്രം മുൻകൂറായി പഞ്ചായത്ത് വാങ്ങി കർഷകർക്ക് ലഭ്യമാക്കിയത് ഏറെ ആശ്വാസകരമായി. സ്ത്രീ-പുരുഷ സഹായ സംഘങ്ങളുടെ യോഗം വിളിച്ചുചേർത്ത് പാടത്ത് പണിയെടുക്കുവാൻ തയ്യാറുള്ളവരുടെ സന്നദ്ധസേന പഞ്ചായത്ത് രൂപീകരിക്കുകയുണ്ടായി.

ഞാറ് നടുന്നതിൽ SRI (System for Rice Intensification) സമ്പ്രദായം സ്വീകരിക്കാൻ കർഷകരിൽ ഒരു വിഭാഗം തയ്യാറായി. മറ്റുള്ളവർ ബെഡ് സമ്പ്രദായത്തി





ലാണ് ഞാറ് നട്ടത്. നടീലിനുള്ള തൊഴിലാളികളെ വിത്തുപാകിയ ക്രമമനുസരിച്ച് വിന്യസിക്കാൻ സാധിച്ചതിനാൽ, കുറഞ്ഞമൂപ്പിൽ തന്നെ നടീൽ പൂർത്തിയാക്കാൻ സാധിച്ചു. വരമ്പ് തയ്യാറാക്കുന്നതിലും, നടീൽ പ്രവർത്തികളിലും കുടുംബശ്രീ പ്രവർത്തകരും, യുവജനസംഘടനാ പ്രവർത്തകരും അണിനിരക്കുകയുണ്ടായി.

ആവശ്യമായ രാസവളങ്ങളും കീടനാശിനികളും സമയബന്ധിതമായി കർഷകർക്ക് എത്തിക്കുന്നതിന് പഞ്ചായത്തും കൃഷിവകുപ്പും ആത്മാർത്ഥമായി ശ്രമിച്ചു. വളം-കീടനാശിനി പ്രയോഗങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ ഏകോപിച്ചാണ് നടത്തിയത്. ഇവയുടെ ഉപയോഗം ശാസ്ത്രീയമാക്കുന്നതിൽ വേണ്ട നിർദ്ദേശങ്ങൾ ആവശ്യാനുസരണം നൽകാൻ കാർഷിക കോളേജിലെ ശാസ്ത്രജ്ഞന്മാർ സന്നദ്ധരായി. ഓരോ കൃഷിക്കാരന്റെയും പാടത്തിലെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി കൃഷിവകുപ്പിനെയും പഞ്ചായത്തിനെയും അറിയിച്ച് സത്വരനടപടികൾ സ്വീകരിപ്പിക്കുന്നതിന് പാടശേഖരസമിതി കൺവീനറും, CDS നിയമിച്ച ഗ്രൂപ്പ് ഫാം കോ-ഓർഡിനേറ്ററും ജാഗരൂകരായി പ്രവർത്തിച്ചു. കാർഷിക കോളേജിലെ വിദ്യാർത്ഥികളെ പാടങ്ങളിൽ പഠനം നടത്താൻ നിയോഗിച്ചത് കർഷകർക്കും, വിദ്യാർത്ഥികൾക്കും വിജ്ഞാനപ്രദമായൊരനുഭവമായി.

ഫെബ്രുവരി 28 ന് ഉത്സവാന്തരീക്ഷത്തിലാണ് കൊയ്ത്ത് ആരംഭിച്ചത്. കൊയ്ത്തിന് ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്തത് കാലവിളംബത്തിന് ഇടയാക്കിയിട്ടുണ്ട്. ഇതേവരെ കൊയ്ത്ത് പൂർത്തിയാക്കിയ പാടങ്ങളിൽ നിന്ന് ഉൽപാദനം സംബന്ധിച്ച് സന്തോഷപ്രദമായ വിവരങ്ങളാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ഉൽപാദനം സംബന്ധിച്ച താരതമ്യമാണ് പട്ടിക IIൽ കൊടുത്തിരിക്കുന്നത്.

കർഷകർക്ക് ചെറിയതോതിൽ സാമ്പത്തിക സഹായവും, അതിലുപരി വിദഗ്ദ്ധരുടെ ഉപദേശ നിർദ്ദേശങ്ങളും ആവശ്യാനുസരണം ലഭിച്ചാൽ കൃഷിമെച്ചപ്പെടുത്താമെന്നതിന് നല്ലൊരുദാഹരണമാണ് ഈ പാടശേഖരത്തിലെ പ്രവർത്തനങ്ങൾ.

*ലേഖകൻ തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ പ്രോഗ്രാം ആഫീസറാണ്*

**പട്ടിക II**

| | കർഷകന്റെ പേര് | 2007 ലെ ഉൽപാദനം | 2008 ലെ ഉൽപാദനം |
|---|---|---|---|
| 1. | തമ്പാൻ പാലങ്കി, കീക്കാംകോട് | 225 കി.ഗ്രാം | 495 കി.ഗ്രാം |
| 2. | അമ്മിണി മേലാളത്ത്, എച്ചിക്കാനം | 180കി.ഗ്രാം | 405 കി.ഗ്രാം |
| 3. | പത്മനാഭൻ തന്ത്രി കെ.യു, കാലിച്ചാംപൊതി | 1575 കി.ഗ്രാം | 3420 കി.ഗ്രാം |
| 4. | കൃഷ്ണൻ ചെമ്പിലക്കോട് | 1800കി.ഗ്രാം | 3150 കി.ഗ്രാം |
| 5 | രാജേന്ദ്രൻ നായർ, നൂഞ്ഞിയിൽ | 900 കി.ഗ്രാം | 1080 കി.ഗ്രാം |





**അജിത് വെണ്ണിയൂർ**

വളർച്ചയ്ക്കൊപ്പം സാമൂഹിക നീതി ഉറപ്പുവരുത്തുന്ന
വികസനമാണ് നമുക്ക് ആവശ്യം.
വളർച്ചയുടെ ഓരോ ചലനത്തിലും പൗരന് പങ്കാളിത്തമുണ്ടാവണം
എങ്കിൽ മാത്രമേ അത് ശാശ്വതമായി
മനുഷ്യപുരോഗതിക്ക് ഉപയുക്തമാവൂ.

# സ്വരാജിലേക്ക് ഇനി എത്ര ദൂരം?

ഭാരതത്തിന്റെ ദേശീയ പ്രസ്ഥാനത്തിൽ മഹാത്മഗാന്ധിയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന 'സ്വാതന്ത്ര്യം' എന്ന വാക്കിന് അദ്ദേഹം നല്കിയ പുനർനിർവചനമാണ്. 'സ്വരാജ്' എന്ന പദമായിരുന്നു അദ്ദേഹത്തിന് കൂടുതൽ സ്വീകാര്യം.

സ്വാതന്ത്ര്യ സമരത്തിന്റെ ഒരു ഘട്ടത്തിൽ ഗാന്ധി പറഞ്ഞു. "ബ്രിട്ടീഷ്കാരെ പുറത്താക്കുകയല്ല നമ്മുടെ മുഖ്യ ദൗത്യം; സമൂഹപുനർനിർമാണമാണ്. അതു സാധ്യമാകുമ്പോൾ സ്വരാജ് അനിവാര്യമായും കൈവരും'. പുതിയൊരു സാമൂഹികക്രമം കെട്ടിപ്പടുക്കുന്നതിൽ വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങളിലൊന്നു മാത്രമായാണ് അദ്ദേഹം ബ്രിട്ടീഷ് ഭരണത്തെ കണ്ടത്. ബ്രിട്ടീഷുകാർ ഇന്ത്യ വിടുമെന്ന് ഉറപ്പായ ഒരു ഘട്ടത്തിൽ ഒരു പത്രപ്രവർത്തകൻ ഗാന്ധിയോടു ചോദിച്ചു: "ഇതൊരു പൂർണസ്വാതന്ത്ര്യമാണോ, അങ്ങ് സംതൃപ്തനാണോ?" ഗാന്ധി പറഞ്ഞു: സ്വന്തം പ്രയത്നം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താൻ കഴിയുമെന്ന് ഇന്ത്യയിലെ ജനസാമാന്യത്തിന് എപ്പോൾ ബോധ്യമാകുന്നുവോ അപ്പോൾ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം കൈവന്നതായി കരുതാനാവൂ".



ജനങ്ങൾ പ്രാദേശികതലത്തിൽ സ്വയം കാര്യങ്ങൾ നിശ്ചയിക്കുകയും നടത്തുകയും ചെയ്യുന്ന സ്ഥിതി കൈവരിക്കാൻ ഗാന്ധി മുന്നോട്ടുവച്ച ആശയ സ്വരൂപമാണ് ഗ്രാമസ്വരാജ്. അതിന്റെ ഭരണപരമായ സംവിധാനമാണ് പഞ്ചായത്തീരാജ്. ഭരണഘടനയുടെ കരട് രൂപം തയ്യാറാക്കിയപ്പോൾ പഞ്ചായത്തീരാജിന് പ്രാമുഖ്യം നല്കാത്തതിൽ ഗാന്ധി നിരാശനായിരുന്നു. കനത്ത സമ്മർദ്ദത്തിനൊടുവിലാണ് അത് കൂട്ടിച്ചേർത്തത്. അത് നടപ്പാക്കുന്നതിനുള്ള വൈമുഖ്യം തുടർന്നുള്ള കാലഘട്ടത്തിൽ നാം കാണുകയും ചെയ്തു.

സ്വാതന്ത്ര്യം ലഭിച്ച് 45 വർഷങ്ങൾക്കുശേഷമുണ്ടായ 73, 74 ഭരണഘടനാ ഭേദഗതിയോടെയാണ് ആ അവസ്ഥയ്ക്ക് മാറ്റമുണ്ടായത്. ആ മാറ്റം അതിവേഗം ഉൾക്കൊണ്ട സംസ്ഥാനമാണ് കേരളം. ജനകീയാസൂത്രണത്തിലൂടെ ഗാന്ധിയുടെ സ്വരാജ് സങ്കല്പങ്ങൾക്ക് കേരളം പുതിയ കർമരൂപം അവതരിപ്പിച്ചു. അത് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി. വികസനരംഗത്ത് നൂതനങ്ങളായ ഒട്ടേറെ പരീക്ഷണങ്ങൾക്ക് അത് വഴിയൊരുക്കി. പാകപ്പിഴകൾ എത്രയുണ്ടെങ്കിലും വികേന്ദ്രീകൃതഭരണ സംവിധാനത്തിൽ ജനങ്ങളുടെ സർഗശേഷിയും പ്രാദേശിക നേതൃത്വത്തിന്റെ കർമശേഷിയും എത്രകണ്ട് വികസിക്കുമെന്ന് കേരളത്തിന്റെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ജനങ്ങളിൽ സ്വാശ്രയ ബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമ്മോന്മുഖരാക്കുകയാണ് ഭരണ നേതൃത്വത്തിന്റെ മുഖ്യകടമ എന്ന് ഗാന്ധി നിര

ന്തരം ഓർമ്മിപ്പിച്ചിരുന്നു. “ജനങ്ങളുടെ കഴിവും ശക്തിയും വളരണം. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗം ചെറുക്കാനും ജനങ്ങൾ ശക്തിയാർജ്ജിക്കണം”.

വികസനത്തെക്കുറിച്ചുള്ള ഗാന്ധിയുടെ കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമാണ്. ‘എന്ത്’ എന്നതിനപ്പുറം എങ്ങനെ, ആര്, ആർക്കുവേണ്ടി എന്നീ ഘടകങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നല്കി. ഗാന്ധിയുടെ ’ടാലിസ്മാൻ’ പ്രസിദ്ധമാണ്.

അദ്ദേഹം പറഞ്ഞു: “ നിങ്ങൾ കണ്ടിട്ടുള്ളതിൽ ഏറ്റവും ദരിദ്രനും ക്ഷീണിതനുമായ മനുഷ്യന്റെ മുഖം നിങ്ങൾ ഓർക്കുക എന്നിട്ട് സ്വയം ചോദിക്കുക: നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാളുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ അല്പമെങ്കിലും സഹായിക്കുമോ? സ്വന്തം ജീവിതഗതിയും വിധിയും നിയന്ത്രിക്കുന്നതിന് അത് സഹായകമാവുമോ? പട്ടിണിപ്പാവങ്ങളും ആത്മീയ ദാരിദ്ര്യവും അനുഭവിക്കുന്നവരുമായ ജനലക്ഷങ്ങളെ സ്വരാജിലേക്ക് നയിക്കാൻ അത് ഇടയാക്കുമോ? അതിനുത്തരം കിട്ടുമ്പോൾ നിങ്ങളുടെ ആശങ്കകളും അഹംഭാവവും അലിഞ്ഞില്ലാതാകും.”


വികസനം ആർക്കുവേണ്ടി എന്ന് വ്യക്തമാക്കുന്ന ഈ ഗാന്ധിയൻ പരിപ്രേക്ഷ്യം സ്വതന്ത്രഭാരതത്തിലെ ആസൂത്രണ വിദഗ്ദ്ധരും ഭരണാധികാരികളും അവഗണിച്ചു. സ്വരാജ് എന്ന ആപ്തവാക്യത്തിന്റെ അർത്ഥം മാറി മറിഞ്ഞു.

വികസന പ്രവർത്തനങ്ങളിൽ നാം വൻകിട രാഷ്ട്രങ്ങളെ അനുകരിക്കാൻ ശ്രമിച്ചു. വരേണ്യവർഗത്തിന്റെ സുഖസൗകര്യങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്ന വികസനമാതൃകകളുടെ പിന്നാലെ നാം പരക്കം പാഞ്ഞു. അതു നമ്മുടെ പ്രകൃതി വിഭവങ്ങളെ നശിപ്പിച്ചു. പാവപ്പെട്ടവന്റെ ആഹാരവും കുടിവെള്ളവും മുട്ടിക്കുന്ന തരത്തിലായി പല വികസന പ്രവർത്തനങ്ങളും.

ജനങ്ങളുടെ ഭൗതിക സുഖസൗകര്യങ്ങളും ജീവിതനിലവാരവും ഉയർത്തുകയാണ് വികസന പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യമായി നാം അംഗീകരിച്ചത്. അത് ഒരു പടികൂടി കടന്ന് പരമാവധി ആസ്വാദനം, പരമാവധി ആർജ്ജനം, പരമാവധി ആധിപത്യസ്ഥാപനം എന്നീ മൂന്ന് മുദ്രാവാക്യങ്ങളിൽ കേന്ദ്രീകരിച്ചു. ഭൗതിക സുഖസൗകര്യങ്ങളുടെ പരമാവധി ആസ്വാദനം മനുഷ്യന് സംതൃപ്തിയും ശാന്തിയും നൽകുമെന്ന മിഥ്യാധാരണയാണ് ഈ ചിന്താഗതിയുടെ അടിസ്ഥാനം. പരമാവധി ആസ്വാദനത്തിനു വേണ്ടതെല്ലാം പരമാവധി ആർജ്ജിക്കണമെന്നും അങ്ങനെ ആർജ്ജിക്കുന്നവരുടെ പ്രതിശീർഷ കണക്കുകളിലൂടെ വികസനത്തിന്റെ തോത് വായിച്ചെടുക്കാനാവുമെന്നും ജനങ്ങളെ ചിലർ വിശ്വസിപ്പിച്ചിരിക്കുന്നു. ഇങ്ങനെ പരമാവധി ആർജ്ജിക്കുന്നതിനായി പ്രകൃതി വിഭവങ്ങളുടെയും മറ്റ് ജന്തുജാലങ്ങളുടെയും എന്നുവേണ്ട മറ്റുമനുഷ്യരുടെമേൽ പോലും ആധിപത്യം സ്ഥാപിക്കുന്നതിനെ ഈ വികസന സമീപനം ന്യായീകരിക്കുന്നു. ഈ കാഴ്ചപ്പാടാണ് വികസനവും പരിസ്ഥിതി സംരക്ഷണവും ഭിന്നധ്രുവങ്ങളിലുള്ള കാര്യങ്ങളാണെന്ന ധാരണ പരത്തുന്നത്.

എന്നാൽ ഈ വികസന സമീപനം മാനവരാശിക്ക് സമ്മാനിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ലോകമെങ്ങും ചിന്തിക്കുന്നയാളുകളെ പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചിട്ടുണ്ട്. പരമാവധി ആസ്വാദനത്തിനും ആർജനത്തിനും ആധിപത്യസ്ഥാപനത്തിനും വേണ്ടി വ്യക്തികളും സമൂഹങ്ങളും രാഷ്ട്രങ്ങളും നടത്തുന്ന പ്രത്യക്ഷവും പരോക്ഷവുമായ മത്സരങ്ങൾ വ്യക്തിമനസ്സുകളിൽ നിന്നു തുടങ്ങി ലോകരാഷ്ട്രീയ രംഗത്തു വരെ അശാന്തിയും അസംതൃപ്തിയും പെരുപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണാം. ഈ പശ്ചാത്തലത്തിലാണ് വികസനം ആർക്കുവേണ്ടി, എന്തിനുവേണ്ടി എന്ന ആശങ്ക പൂർവ്വാധികം പ്രസക്തമാവുന്നത്.

സമൂഹത്തിന്റെ വളർച്ച ആകെക്കൂടിയുള്ള ദേശീയ ഉല്പാദനത്തിന്റെ (Gross Natural Production) വലിപ്പം മാത്രമല്ലെന്ന് ഗാന്ധി വളരെമുമ്പുതന്നെ മുന്നറിയിപ്പു നല്കിയിരുന്നു. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവന്റെ ഉയർത്തെഴുന്നേല്പാണ് വളർച്ചയുടെ മാനദണ്ഡം. അന്ത്യോദയത്തിലൂടെ മാത്രമേ സർവ്വോദയം സാധ്യമാവൂ.





ജനാഭിലാഷങ്ങളുടെ
സാക്ഷാത്കാരത്തിന് ചിന്തിക്കേണ്ടതും
പ്രവർത്തിക്കേണ്ടതും ജനങ്ങൾ തന്നെയാണ്.
ആസൂത്രണം ആ തലത്തിൽനിന്ന് ആരംഭിക്കണമെന്ന്
ഗാന്ധി നിർഷകർഷിച്ചതിനു
കാരണം മറ്റൊന്നല്ല.

വളർച്ചയ്ക്കൊപ്പം സാമൂഹിക നീതി ഉറപ്പുവരുത്തുന്ന വികസനമാണ് നമുക്ക് ആവശ്യം. വളർച്ചയുടെ ഓരോ ചലനത്തിലും പൗരന് പങ്കാളിത്തമുണ്ടാവണം എങ്കിൽ മാത്രമേ അത് ശാശ്വതമായി മനുഷ്യപുരോഗതിക്ക് ഉപയുക്തമാവൂ.

സാമ്പത്തികാസൂത്രണത്തിന്റെ വിജയത്തിന് ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണമാണ് നിദാനം എന്ന ‘വിശ്വേശ്വരയ്യ തിയറി’ യോട് ഗാന്ധി യോജിച്ചില്ല; യന്ത്രോപകരണങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ അധിഷ്ഠിതമായ വ്യവസായവൽക്കരണരീതിയോട് പ്രത്യേകിച്ചും.

പദ്ധതികളെല്ലാം ഗ്രാമാന്തരീക്ഷത്തിനു യോജിച്ച വിധം പുനഃസംവിധാനം ചെയ്യണമെന്ന് ഗാന്ധി നിഷ്കർഷിച്ചു. “ഗ്രാമീണ സമ്പദ്ഘടനയുടെ സംഘടിത വികസനമാണ് അടിയന്തരാവശ്യം. വൻ വ്യവസായങ്ങളുടെ കടന്നുകയറ്റം ചൂഷണാത്മകമായ ഒരു സാമൂഹ്യവ്യവസ്ഥയ്ക്ക് വഴിയൊരുക്കും. അത്തരമൊരു മാർഗ്ഗത്തിലൂടെ സാമൂഹിക വിപ്ലവം സൃഷ്ടിക്കാനുള്ള ഏതൊരു ശ്രമവും സ്വാതന്ത്ര്യവും, സാഹോദര്യം തുടങ്ങിയ സാമൂഹിക മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന ശക്തികളെ ഇളക്കിവിടും. ഇന്ത്യ അതാഗ്രഹിക്കുന്നില്ല” ഗാന്ധി പറഞ്ഞു.

‘‘ജനാധിപത്യത്തിനും ചൂഷണത്തിനും ഒരുമിച്ച് നിലനിൽക്കാനാവില്ല. ചൂഷണമുക്തമായ സമൂഹം കെട്ടിപ്പടുക്കണമെങ്കിൽ ജനാധിപത്യം ശക്തിപ്പെടണം. ജനാധിപത്യം കേന്ദ്രീകൃതരൂപത്തിലാവുന്നത് ചൂഷണത്തിന് വഴിയൊരുക്കും. അതുകൊണ്ട് ജനാധിപത്യപ്രക്രിയ ചെറിയ സമൂഹങ്ങളിൽ നിന്ന് ആരംഭിക്കണം.”

സർക്കാരിന്റേയോ ധനികരാജ്യങ്ങളുടെയോ ഔദാര്യത്തെ ആശ്രയിച്ചുള്ള സാമ്പത്തിക പുരോഗതി സാമൂഹിക വളർച്ചയാവില്ല. ജനങ്ങളുടെ ഇച്ഛാശക്തിയുടെയും അദ്ധ്വാനത്തിന്റെയും ഫലമാവണം അത്. വികസനത്തിന്റെ ഗുണഭോക്താക്കൾ അതിന്റെ വിധാതാക്കളുമാകണം.

തികച്ചും വികേന്ദ്രീകൃതരും ജനാധാരിതവുമായ ഒരു ഗ്രാമസമ്പദ്-സമൂഹ വ്യവസ്ഥയാണ് സ്വതന്ത്രഭാരതത്തിനായി ഗാന്ധി സമർപ്പിച്ചത്. പ്രശ്ന പരിഹാരങ്ങൾക്ക് കൃത്യമായ ഒരു ചട്ടക്കൂട് അടിച്ചേല്പിക്കുന്ന തത്ത്വസംഹിതയല്ല അത്. അപൂർണ്ണമെന്ന് തോന്നാമെങ്കിലും സുതാര്യവും ദിശാബോധമുള്ളതുമായ ഒരു മാർഗരേഖ.

ഉദ്ബുദ്ധരും അഹിംസാനിഷ്ഠരുമായ വ്യക്തികൾ ഉൾക്കൊള്ളുന്ന ഗ്രാമങ്ങളുടെ ഒരു ഫെഡറേഷനാണ് ഗാന്ധി വിഭാവനം ചെയ്ത ഭാരതം. അവിടെ സ്വയം ഭരണവും സ്വയം പര്യാപ്തയുമുണ്ടാകും. എന്നാൽ ഇവയ്ക്ക് ഒറ്റപ്പെട്ട നിലനില്പ്പുണ്ടാവില്ല. അദ്ദേഹം പറയുന്നു.

“അസംഖ്യം ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഈ സംവിധാനത്തിൽ ജീവിതം ഒരു പിരമിഡിന്റെ രൂപത്തിലായിരിക്കുകയില്ല. അതൊരു ‘സാമൂദ്രികവലയ’മായിരിക്കും. അതിന്റെ കേന്ദ്രബിന്ദുവാകട്ടെ, ഗ്രാമത്തിനു വേണ്ടി സ്വയം ത്യജിക്കാൻ തയ്യാറാകുന്ന വ്യക്തിയും. ഒരു ഗ്രാമം ഒരു ഗ്രാമ സമൂഹത്തിനു വേണ്ടി ത്യാഗസന്നദ്ധമാവും. ഇങ്ങനെ ഉപരിഘടകങ്ങളുടെ നന്മക്കുവേണ്ടി ഉള്ളിലെ ഘടകങ്ങൾ പ്രവർത്തിക്കും. എന്നാൽ ഉപരിവൃത്തം ഉള്ളിലുള്ള വൃത്തത്തെ ഞെരുക്കുകയില്ല. ഓരോന്നും മറ്റേതിൽ നിന്നു ശക്തിയാർജിക്കും.” ഗാന്ധിയുടെ ഈ ആദർശസമൂഹത്തിൽ വ്യക്തികളെയും സമൂഹങ്ങളെയും ഭരിക്കുന്നത് അധികാരമല്ല, മറിച്ച് ജനാഭിലാഷങ്ങളാണ്.


ജനാഭിലാഷങ്ങളുടെ സാക്ഷാത്കാരത്തിന് ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ജനങ്ങൾ തന്നെയാണ്. ആസൂത്രണം ആ തലത്തിൽനിന്ന് ആരംഭിക്കണമെന്ന് ഗാന്ധി നിർഷകർഷിച്ചതിനു കാരണം മറ്റൊന്നല്ല.

ഓരോ ഗ്രാമവും ഓരോ ചെറു സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ്. ഒരേ പ്രശ്നത്തിനു തന്നെ രണ്ടു ഗ്രാമങ്ങളിൽ ഒരേ പരിഹാരം പ്രായോഗികമാവില്ല. അത്രയ്ക്ക് വൈവിധ്യമുണ്ട് ഓരോകാര്യത്തിലും. സത്യം അതായിരിക്കെ കേന്ദ്രീകൃതമായ ആസൂത്രണവും പദ്ധതി നിർണ്ണയവും പാഴ് വേലയായി മാറുന്നു. ഗാന്ധിജിയുടെ ഈ ദീർഘദർശനം പഞ്ചായത്തീരാജ് ഭരണ പരിഷ്കാരത്തിൽ ജനകീയാസൂത്രണത്തിന് പ്രേരണയായി. ഗാന്ധിയുടെ ഗ്രാമസ്വരാജ് പഞ്ചായത്തീരാജിന്റെ ആദർശവാക്യമായി. വികേന്ദ്രീകൃത ഭരണവും വികേന്ദ്രീകൃത ആസൂത്രണവും നിലവിൽ വന്നു. രണ്ടിലും കേരളം ‘മാതൃക’യായി.

പക്ഷേ യഥാർത്ഥ സ്വരാജിലേക്ക് ഇനി എത്ര ദൂരം?

വ്യക്തമായ ദിശാബോധത്തോടെ കഴിഞ്ഞ ഒന്നര പതിറ്റാണ്ടിന്റെ അനുഭവങ്ങൾ നാം വിലയിരുത്തേണ്ടിയിരിക്കുന്നു.

*(ലേഖകൻ കേരള സംസ്ഥാന സുസ്ഥിര നഗരവികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്*



# നിർഭയം മുന്നോട്ട്

എസ്. നാസറുദ്ദീൻ



ഇന്ത്യയിലെ തദ്ദേശ സ്ഥാപനങ്ങളുടെ ചരിത്രത്തിൽ നിർണായകമായ ഒരു വ്യാഴവട്ടമാണ് കടന്നു പോയത്. നാട്ടുകൂട്ടങ്ങൾ, നഗരപരിഷത്തുകൾ, കോവിലകത്തിൻ പടികൾ, മണ്ഡപത്തിൽ വാതിലുകൾ എന്നു തുടങ്ങി വ്യത്യസ്ത തരത്തിലും, തലത്തിലും പ്രവർത്തിച്ച പ്രാദേശിക ജനാധിപത്യ വേദികൾ പാശ്ചാത്യ ഭരണകാലം വരെ പ്രസക്തമായിരുന്നു. ബ്രിട്ടീഷ് ആധിപത്യ ഘട്ടത്തിൽ പഞ്ചായത്തുകൾക്ക് നിയമപദവിയും ചുമതലയും അധികാരവും വ്യവസ്ഥ ചെയ്യപ്പെട്ടു. പിൽക്കാല തദ്ദേശ ഭരണ പ്രക്രിയയിൽ പ്രസ്തുത വ്യവസ്ഥകൾ ഏറ്റക്കുറവുകളോടെ തുടരുന്നതായും കാണാം.

സ്വാതന്ത്ര്യ പൂർവ്വഘട്ടത്തിൽ ഗാന്ധിയൻ ഗ്രാമസ്വരാജും വ്യവസ്ഥാപിത കേന്ദ്രഭരണകൂടവും തമ്മിൽ വൈരുധ്യ പൂർണ്ണമായ വ്യവച്ഛേദനം സംഭവിച്ചു. പ്രാദേശിക ജനാധിപത്യ സ്വയംഭരണ ഘടകങ്ങൾ എന്ന നിലയ്ക്കുള്ള പഞ്ചായത്തുകളുടെ വ്യവസ്ഥാപനം നിർദ്ദേശകപ്രമാണത്തിൽ ഒതുങ്ങി. പ്രവിശ്യ ഭരണകൂടങ്ങൾ ഇച്ഛാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകാനും പ്രവർത്തിപ്പിക്കാനും ഇടവന്നു. പരിമിത അധികാര ശേഷി മാത്രമുള്ള തദ്ദേശഭരണ സംവിധാനം മാത്രമായി വികേന്ദ്രീകരണ പ്രക്രിയ ചുരുങ്ങി.

ഒട്ടേറെ പഠനപരികൽപനകൾക്ക് ശേഷം വിവിധ സംസ്ഥാനങ്ങളിലെ അനുഭവ ക്രോഡീകരണം മുൻനിർത്തി 1989 ൽ 64-ാം ഭരണഘടനാ ഭേദഗതി നിർദ്ദേശിക്കപ്പെട്ടു. പ്രതീക്ഷയ്ക്ക് വിരുദ്ധമായി യഥാർത്ഥ കേന്ദ്രീകരണമാകും ഈ നിയമനിർമ്മാണം മൂലം സംഭവിക്കുമെന്നതിനാൽ അത് രാജ്യസഭയിൽ പരാജയപ്പെട്ടു. എന്നാൽ ഇതിനകം കേരളത്തിൽ ഉൾപ്പെടെ അധികാര വികേന്ദ്രീകരണം സാധ്യമാകും വിധം “ജില്ലാ കൗൺസിൽ” (ജില്ലാ ഭരണകൂടം) രൂപപ്പെടുന്ന സ്ഥിതി ഉണ്ടായിരുന്നു. പക്ഷെ ആവിധ പരിശ്രമങ്ങൾ പ്രായോഗികമാക്കപ്പെട്ടത് ഇക്കാലമത്രയും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ സ്വാധീനവും ഇടപെടലും മൂലമുള്ള നടപടികളിലൂടെയായിരുന്നു പലപ്പോഴും ജനായത്തത്തെപ്പറ്റി വാചാലമായി പ്രസംഗിച്ചിരുന്നവർ ജില്ലാ കൗൺസിലുകളെ ഉൾപ്പെടെ വികേന്ദ്രീകൃത ജനാധിപത്യ സംവിധാനങ്ങളെ തകർക്കാനും നിശ്ചലമാക്കാനുമാണ് മേൽതട്ട് അധികാര വർഗ്ഗം എന്ന നിലയ്ക്ക് പരിശ്രമിച്ചിട്ടുള്ളത്.

ഇതിന് വിരുദ്ധമായി ദേശീയതലത്തിൽ ഐകരൂപ്യത്തോടെ, ഭരണഘടനാപദവിയോടെ, നിർദ്ദിഷ്ട ഉത്തരവാദിത്വ നിർണയത്തോടെ ജനാധിപത്യ അധികാരവികേന്ദ്രീകരണ പ്രക്രിയ സുസാധ്യമായത് 1993 ലെ 73,74 ഭരണഘടനാ ഭേദഗതികളോടെയായിരുന്നു. ഇപ്പോഴും വിവിധ ദൗർബല്യങ്ങൾ തുടരുന്നുണ്ടെങ്കിലും, 15 വർഷം മുമ്പത്തെ ഭരണഘടനാ ഭേദഗതികളും അതിന് ചുവടു പിടിച്ചുണ്ടായ അധികാര വികേന്ദ്രീകരണ നിയമങ്ങളും തദ്ദേശ പ്രവർത്തിയിൽ ഏറെ ശക്തവും ശ്രദ്ധേയവുമായ മുന്നുപാധിയായി മാറുകയാണുണ്ടായത്.

## ശരിയും തെറ്റും

ദേശീയ പാർലമെന്റും സംസ്ഥാന നിയമസഭയും അംഗീകരിച്ച് നാട്ടിൽ പ്രാബല്യത്തിൽ വന്ന വ്യവസ്ഥാപിത ജനാധിപത്യ ഭരണ സംവിധാനമാണ് തദ്ദേശഭരണ സംവിധാനം. എന്ത് വിരുദ്ധ ദർശനങ്ങളുണ്ടായിരുന്നെങ്കിലും തദ്ദേശ ഭരണ പ്രക്രിയയ്ക്ക് ഭാരതത്തിൽ ചരിത്രപരമായ വേരുറപ്പുണ്ട്. എന്നാൽ ബോധപൂർവ്വമായ പ്രചാരണ-വിവാദ കോലാഹലങ്ങൾ ഇപ്പോഴിവിടെ തദ്ദേശഭരണ സ്ഥാപനങ്ങളെ മുൻനിർത്തി തുടരുന്നു. ഈ സ്ഥാപനങ്ങളുടെ ഭരണഘടനാ പദവിയോ ജനാധിപത്യ പ്രസക്തിയോ തിരിച്ചറിയാതെയാണ് ഈ ഭത്സനം എന്ന് കരുതാനാവില്ല. ലോകബാങ്കിന്റെ അജണ്ടയുടെ പിൻപറ്റ് എന്ന് തദ്ദേശഭരണ സ്ഥാപനങ്ങളെ അധിക്ഷേപിക്കുന്നവർ തന്നെ യഥാർത്ഥത്തിൽ വൈദേശിക-സാമ്രാജ്യത്വ-വിധ്വംസക-ജനവിരുദ്ധ താല്പര്യങ്ങളുടെയും സ്ഥാപനങ്ങളുടെയും പിന്തുണയും അവസരവും കൈപ്പറ്റി ഉപയോഗപ്പെടുത്തുന്നവരാണെന്ന് തെളിഞ്ഞു വരുന്നു. ജനകീയതയുടെ കുത്തകക്കാരായി അറിയപ്പെടുന്ന ഇക്കൂട്ടർക്ക് യഥാർത്ഥത്തിൽ ജനകീയവും ജനാധിപത്യപൂർണ്ണവും വ്യവസ്ഥാപിതവുമായ സാമൂഹ്യ നേതൃത്വത്തിന്റെ ഇടപെടലുകൾ ഭയമാണ്, വെറുപ്പാണ് എന്നും വെളിപ്പെടുന്നു. ദുരൂഹവും ദുർ ഗ്രഹവും ശൈലീകൃതവുമായ തങ്ങളുടെ ആശയവാദക്ഷണികമായ കൊക്കൂണുകളെ ഭേദിക്കാനോ വാത്മീകങ്ങളെ തകർക്കാനോ ഇക്കൂട്ടർക്ക് വിമുഖതയാണെന്നർത്ഥം.

## കേരളത്തിന്റെ സവിശേഷത

വികേന്ദ്രീകൃത ഭരണ-വികസന പ്രവർത്തികളെ വിശാലവും വിപുലവുമായ നിലയിൽ സാധൂകരിക്കാൻ കഴിഞ്ഞു എന്നതാണ് മലയാളി സമൂഹത്തിന്റെ ഇക്കാലയളവിലെ നേട്ടം. നയവും നിയമവും ആശ്രയിച്ച് വികേന്ദ്രീകരണ പ്രക്രിയയെ വലിയ അളവ് മുന്നോട്ട് നയിക്കാൻ ഒരു വ്യാഴവട്ടത്തിൽ കഴിഞ്ഞു. വിഭവവും ഉത്തരവാദിത്വവും വിവിധ നിർവ്വഹണ ഘടകവും ഇതിലേയ്ക്ക് നീക്കി വയ്ക്കപ്പെട്ടു. സംസ്ഥാന റവന്യൂവിന്റെ നിശ്ചിത ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വ്യവസ്ഥപ്പെടുത്തുവാനും ആയത് കുറവില്ലാത്തവിധം വിതരണം ചെയ്യുവാനും കഴിഞ്ഞു.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ സാധ്യമാണെന്നും അതിലെ ജനപങ്കാളിത്തവും ഉടമസ്ഥതയും ഉപയോഗവും എന്തെന്നും തെളിയിക്കപ്പെട്ടു. പദ്ധതി രൂപീകരണം, വിഭവസമാഹരണം, സേവന നടത്തിപ്പ് എന്നിവയിൽ മാത്രമല്ല ഭരണ നടത്തിപ്പിലും വികസന നിർവ്വഹണത്തിലും അവയുടെ സ്ഥാപന സേവന തലങ്ങളിലെ വിലയിരുത്തലും മേൽനോട്ടം ഉൾപ്പെടെയുള്ള ഘടകങ്ങൾ കേരളത്തിൽ സാർഥകമായി. ഉല്പാദന രംഗം, പശ്ചാത്തല മേഖല, സേവനതുറകൾ എന്നിവയെ കടുത്ത ഏറ്റക്കുറവുകൾക്ക് വിധേയമായെങ്കിലും തദ്ദേശഭരണ സാന്നിദ്ധ്യവും വിവേകപൂർണമായ പ്രവർത്തിയും ഏറെ ശ്രദ്ധിക്കപ്പെട്ടു.

ഉദ്യോഗസ്ഥ പുനർവിന്യാസവും ഘടകസ്ഥാപന കൈമാറ്റവും പ്രായോഗികമാക്കാൻ ഭാഗികമായെങ്കിലും കഴിഞ്ഞു. പ്രത്യക്ഷപരമായ ആസ്തികൾ, നേട്ടങ്ങൾ, അവയുടെ പരിപാലനം, ശാക്തീകരണം എന്നിവ ഗൗരവപൂർണ്ണമായി ഏറ്റെടുക്കപ്പെട്ടു.

## അസോസിയേഷന്റെ പങ്ക്

ഒരു വ്യാഴവട്ടക്കാലത്തെ നേട്ട-കോട്ട വിശേഷണത്തിൽ തികച്ചും അർഹമായ സ്ഥാനമാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനുള്ളത്. രാജ്യത്താകെ ശിഥിലമായ നിലയ്ക്കെത്തിയെങ്കിലും കേവലമായ പദവി സംഘടന, അലങ്കാര സ്ഥാനം എന്നതിനപ്പുറം ശക്തമായ പ്രതിരോധവും, ക്രിയാത്മക പ്രവൃത്തിയും ഇക്കാലമത്രയും അസോസിയേഷൻ നടത്തി വരുന്നു.

സംസ്ഥാന ധനകാര്യ കമ്മീഷന് മുമ്പാകെ ധനകാര്യ ശുപാർശകൾ സമർപ്പിക്കാനും വിലപേശാനും തദ്ദേശ സ്ഥാപനങ്ങളുടെ അർഹത തെളിയിക്കാനും കഴിഞ്ഞു. 11-ാം പഞ്ചവത്സര പദ്ധതി രൂപീകരണ ദിശാസൂചികൾ തയ്യാറാക്കുക, വിവര വിനിയമ ശാക്തീകരണാർത്ഥം, സംഘടിതമായ ഡോക്യുമെന്റേഷനും ആശയ പ്രചാരണ സംവിധാനവുമെന്ന നിലയ്ക്ക് ‘ഡോക് കോം’ സ്ഥാപിക്കുക, ജനപ്രതിനിധികൾ, ഭരണ സാരഥികൾ തുടങ്ങിയവർക്ക് പരിശീലനം ഏർപ്പെടുത്തുക വ്യത്യസ്ത മേഖലകളിൽ വിദഗ്ദ്ധവും സന്നദ്ധരുമായവരുടെ സേവനം ആവശ്യാനുസരണം ഉറപ്പു വരുത്തുക. തുടങ്ങിയവയ്ക്ക് സേവനാത്മക പിന്തുണയോടെ സ്ഥാപന ഗുണമേന്മയോടെ നടപ്പാക്കാനും തക്ക ബഹുമുഖ പ്രവർത്തനങ്ങൾ അസോസിയേഷൻ മുൻകൈയോടെ നടത്തപ്പെട്ടതായി കാണാം. സംസ്ഥാനത്തെ ഒട്ടേറെ പഞ്ചായത്തുകളെ വ്യത്യസ്ത നിലയിൽ, മേഖലകളിൽ സദ്ഭരണ നിർമ്മാണ സ്ഥാപനങ്ങളാക്കി മാറ്റാനും അസോസിയേഷൻ വലിയ അളവിൽ പിന്തുണച്ചു കൊണ്ടേയിരിക്കുന്നു. തദ്ദേശഭരണ നേട്ട-കോട്ട അവലോകത്തിനായി രൂപീകരിക്കപ്പെട്ട എം.എ. ഉമ്മൻ കമ്മിറ്റി മുമ്പാകെ വിശദവും പ്രസക്തവുമായ നിഗമനങ്ങൾ സമർപ്പിക്കുന്നതിലേയ്ക്കായി വിപുലമായ പരിശ്രമം നടത്താനും അസോസിയേഷനു കഴിഞ്ഞിട്ടുണ്ട്. കേരള വിദ്യാഭ്യാസ-ചട്ട അവലോകന സമിതിക്കു മുമ്പാകെ ഗൗരവപൂർണമായ നിവേദനം തയ്യാറാക്കി സമർപ്പിക്കാനും ഈ കാലയളവിൽ അസോസിയേഷൻ ശ്രദ്ധിച്ചിട്ടുണ്ട്.

ചില സന്ദർഭങ്ങളിലെങ്കിലും കക്ഷി രാഷ്ട്രീയ ഭേദമെന്യേ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും തലത്തിൽ പ്രവർത്തിക്കാനും ഈ കാലയളവ് ഇടയാക്കി. തദ്ദേശഭരണ സ്ഥാപന അധികാരങ്ങൾ കവർന്നെടുക്കുക, പ്രത്യക്ഷമായും പരോക്ഷമായും വിഭവങ്ങൾ കവർന്നെടുക്കുക, ദുർബ്ബലപ്പെടുത്താനും തമസ്ക്കരിക്കാനും ശ്രമിക്കുക, അനാവശ്യ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ച് നിർജീവമാക്കാൻ ശ്രമിക്കുക എന്നീ ഘട്ടങ്ങളിലെല്ലാം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പൊതുശബ്ദവും ശക്തിയുമായി പ്രവർത്തിക്കാനും ഈ പരിമിതികളെ അതിജീവിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും ഗണ്യമായ തരത്തിൽ സാധിക്കാനും ഇടയായതിൽ കേരളഗ്രാമ പഞ്ചായത്ത് അസോസിയേഷന് നിർണ്ണായക പങ്കുണ്ട്.

## നിർഭയം മുന്നോട്ട്

15 വർഷം ജനാധിപത്യ പ്രക്രിയയിൽ ചെറിയൊരു ഘട്ടം മാത്രം. എന്നാൽ ഇത് വ്യവസ്ഥാപന ഘട്ടമാണ്. ഇപ്പോൾ ഉറച്ചെങ്കിൽ മാത്രം തുടർന്ന് വിപുലപ്പെടാനും ശക്തിപ്പെടാനും കഴിയു. അതുകൊണ്ടു തന്നെ പ്രകടമായ ഏതൊരു ദൗർബല്യവും നിക്ഷിപ്തമായ ഏതൊരു നിരാകരണവും അതിജീവിച്ച് കേരളത്തിലെ തദ്ദേശഭരണ പ്രക്രിയ മുന്നേറും എന്ന് കരുതാനാകും. ദേശീയ ഭരണ പരിഷ്കരണ സമിതി (വീരപ്പമൊയ്‌ലി കമ്മിറ്റി) റിപ്പോർട്ട് ദേശീയ-സംസ്ഥാന-തദ്ദേശീയതലത്തിൽ പ്രാവർത്തികമാക്കാനും സ്വീകാര്യവും കാലികവും പ്രായോഗികവുമായ ഘടകങ്ങൾ നടപ്പാക്കി കരുത്താർജ്ജിക്കാനും വേണ്ടി ബഹുമുഖ കർത്തവ്യങ്ങൾ ഈ ഘട്ടത്തിൽ നമുക്ക് ഏറ്റെടുക്കാനുണ്ടെന്ന് അനുസ്മരിക്കുക കൂടി ചെയ്യട്ടെ, ഒപ്പം ദേശീയ സർക്കാരിന്റെയും പഞ്ചായത്ത് രാജ് മന്ത്രിയുടെ ഉൾപ്പെടെ നിർണായകമായ അംഗീകാരവും പ്രോത്സാഹനവും നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞതും ചൂണ്ടിക്കാട്ടട്ടെ. അതിലൂടെ ലഭിച്ച അവസരവും സാധ്യതയും കൂടുതൽ ബോധപൂർവ്വം ഉപയോഗപ്പെടുത്തി, മാറി വരുന്ന കേന്ദ്ര-സംസ്ഥാന-തദ്ദേശ ഭരണ പശ്ചാത്തലത്തിൽ കരുത്തുറ്റ പ്രവർത്തനങ്ങൾക്ക് വഴിതുറക്കാൻ നാം ശ്രമിക്കണമെന്നും ഓർമ്മപ്പെടുത്തട്ടെ. പ്രതീക്ഷിത തലത്തിലേയ്ക്ക് ഉയരാൻ തക്ക പിന്തുണയും നടപടികളും നേതൃത്വവും സംസ്ഥാന-കേന്ദ്രതലങ്ങളിൽ നിന്നും ഉണ്ടാകുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. അതിൽ അനിവാര്യമെന്നോണം ജീവനക്കാരുടെ പുനർവിന്യാസവും, വിഭവ ലഭ്യതാ ഉറപ്പും, ധനവിനിയോഗ നഷ്ടോത്തരവാദിത്വപാലനവും പ്രാവർത്തികമാക്കാനും കഴിയേണ്ടതുണ്ട്.

*ലേഖകൻ*
*കേരള ഗ്രാമപഞ്ചായത്ത്*
*അസോസിയേഷൻ ജനറൽ സെക്രട്ടറിയാണ്*

# വികേന്ദ്രീകരണത്തിന്റെ വിജയമുകുളങ്ങൾ

വിടരുംമുമ്പുതന്നെ മുരടിച്ചുപോകുന്ന മുകുളങ്ങൾ; ജീവിതത്തിന്റെ സൗന്ദര്യവും സുഗന്ധവും ആസ്വദിക്കാനാകാതെ വ്യർത്ഥമാകുന്ന മനുഷ്യജന്മം; മനസ്സിൽ താലോലിച്ച സ്വപ്നങ്ങൾക്ക് സാഫല്യം കൊതിച്ച് ജന്മം നൽകിയ കുരുന്ന്, കുടുംബത്തിനും സമൂഹത്തിനും ഒരു ബാദ്ധ്യതയായി മാറുന്നതുകണ്ട് പകച്ചു പോകുന്ന മാതാപിതാക്കൾ; നിസ്സഹായരായി, സഹതാപത്തോടെ അവരെ നോക്കി നിൽക്കുന്ന സമൂഹം-ഏതു ഗ്രാമത്തിലും ഏതു വിഭാഗത്തിലുമുണ്ട് ഇങ്ങനെയൊരവസ്ഥ.

വെങ്ങാനൂരും വിഭിന്നമല്ല. കഷ്ടിച്ച് ആറുകിലോമീറ്റർ മാത്രം ചുറ്റളവുള്ള ഈ ഗ്രാമത്തിലുമുണ്ട് ഇത്തരം 72 കുടുംബങ്ങൾ. നിത്യദുഃഖത്തിൽ കഴിയുന്ന ഈ ഗ്രാമീണരുടെ കണ്ണീരൊപ്പാൻ വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്താരംഭിച്ച വിദ്യാലയമാണ് മുകുളങ്ങൾ എന്നർത്ഥം വരുന്ന ബഡ്സ്.

തിരുവനന്തപുരം ജില്ലയിൽ തലസ്ഥാന നഗരത്തിൽ നിന്ന് 14 കിലോമീറ്റർ തെക്ക് വെള്ളായണി കായലിന്റെ വൃഷ്ടിപ്രദേശത്ത് സ്ഥിതി ചെയ്യുന്ന കർഷക ഗ്രാമമാണ് വെങ്ങാനൂർ. പാവങ്ങളുടെ പടത്തലവനായി രാജ്യം ആദരിക്കുന്ന അയ്യൻകാളിയുടെ ജന്മഭൂമി. വികസനരംഗത്ത് അടുത്തകാലം വരെ ഏറെ പിന്നോക്കം നിന്ന ഗ്രാമപഞ്ചായത്ത്.

അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമായതോടെ വികസനത്തിൽ സ്വന്തം മുൻഗണനകളും വഴികളും തിരിച്ചറിഞ്ഞ വെങ്ങാനൂർ പഞ്ചായത്ത് പത്താംപദ്ധതിയിൽ ദാരിദ്ര്യനിർമാർജന പരിപാടികൾക്ക് മുൻതൂക്കം നൽകി. 'സ്വാശ്രയ സ്വയം പര്യാപ്തത സുസ്ഥിര ഗ്രാമം ലക്ഷ്യമാക്കി 2003ൽ കുടുംബശ്രീ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് തയ്യാറാക്കിയ സമഗ്ര ദാരിദ്ര്യ നിർമ്മാർജന പരിപാടിയുടെ മുന്നൊരുക്കങ്ങൾക്കിടയിലാണ് അന്നോളം അവഗണിക്കപ്പെട്ടിരുന്ന ആ സാമൂഹിക യാഥാർത്ഥ്യം തിരിച്ചറിഞ്ഞത്.

പഞ്ചായത്തിലെ ദാരിദ്ര്യത്തിന്റെ ആഴം അളക്കുന്നതിനും ദരിദ്ര കുടുംബങ്ങളുടെ അവസ്ഥ പഠിക്കുന്നതിനുമുള്ള അടിസ്ഥാനവിവര സർവ്വെയിൽ കണ്ടെത്തിയ ഒരു സത്യം സമൂഹമനസ്സാക്ഷിയെ ഞെട്ടിച്ചു. ഈ കൊച്ചുപ്രദേശത്ത് മാനസിക, ശാരീരിക വെല്ലുവിളികൾ അനുഭവിക്കുന്ന 72 കുട്ടികൾ വേണ്ടത്ര പരിചരണവും പഠിത്തവുമില്ലാതെ ഇരുട്ടറകളിൽ കഴിയുന്നു. ഇവരുടെ പുനരധിവാസത്തിന് അനുയോജ്യമായ പരിപാടികൾ ആവശ്യമാണെന്ന ബോധം തുടർന്നുള്ള വിശകലനങ്ങളിലും ചർച്ചകളിലും ശക്തമായി.

കുടുംബശ്രീയുടെ വിവിധ വേദികളിൽ നടന്ന ചർച്ചകളിലൂടെ ഒരു നവീന സംരംഭത്തിന്റെ രേഖാചിത്രം തെളിഞ്ഞുവന്നു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി ഒരു പുനരധിവാസകേന്ദ്രം. പഞ്ചായത്ത് ഭാരവാഹികൾ ആവേശത്തോടെ ആ ആശയം സ്വാംശീകരിച്ചു. കൂട്ടായ പ്രവർത്തനത്തിലൂടെ ബഡ്സ് എന്ന പേരിൽ ഒരു സ്പെഷ്യൽ സ്ക്കൂൾ രൂപംകൊണ്ടു. 2004 ജൂലായ് 7ന് ബഡ്സ് പ്രവർത്തനമാരംഭിച്ചു. 2004 ആഗസ്റ്റ് 16 ന് അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണിയാണ് സ്ക്കൂളിന്റെ പ്രവർത്തനം ഔപചാരികമായി ഉദ്ഘാടനം ചെയ്തത്.

## ഇന്ത്യയിൽ ഇതാദ്യം

സമൂഹത്തിലെ അവസാനത്തെ മനുഷ്യനുപോലും അവസരവും നീതിയും







ലഭ്യമാകുമ്പോൾ മാത്രമേ സമൂഹത്തിന്റെ സമഗ്രവികസനം സാദ്ധ്യമാവൂ എന്ന രാഷ്ട്രപിതാവിന്റെ വാക്കുകളാണ് ദാരിദ്ര്യനിർമ്മാർജന പദ്ധതികളുടെ പ്രചോദകശക്തി. അത് ഉൾക്കൊണ്ട് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീമിഷന്റെ സഹകരണത്തോടെ ആരംഭിച്ച ഈ സംരംഭം ദാരിദ്ര്യനിർമാർജന പദ്ധതിയെ അതിന്റെ സമഗ്രതയിൽ കാണുകയും ഓരോ വിഭാഗവും അനുഭവിക്കുന്ന പ്രശ്നങ്ങളെ നേരിടാൻ സമൂഹത്തെ സജ്ജമാക്കുകയും ചെയ്യുന്നു. മാനസിക ശാരീരിക വൈകല്യങ്ങൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾ അനുഭവിക്കുന്ന സാമ്പത്തികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ലക്ഷ്യമിട്ടുള്ള ബഡ്സിന്റെ പ്രധാന പ്രത്യേകത ഒരു തദ്ദേശഭരണസ്ഥാപനം നേരിട്ട് ആരംഭിച്ച രാജ്യത്തെ ആദ്യത്തെ സ്പെഷ്യൽ സ്ക്കൂൾ എന്നതാണ്. ആവശ്യാധിഷ്ഠിത പദ്ധതികൾ ആവിഷ്കരിക്കാനും അതിനുള്ള സ്രോതസ്സുകൾ കണ്ടെത്താനുമുള്ള പ്രാദേശിക സർക്കാരുകളുടെ അവകാശാധികാരങ്ങളും അവസരങ്ങളും ഇച്ഛാശക്തിയുള്ള നേതൃത്വത്തിന് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്ന് തെളിയിക്കുന്ന സംരംഭം കൂടിയാണിത്.

രണ്ടുമുതൽ ഇരുപതുവരെ പ്രായമുള്ള 41 പേരുമായാണ് ബഡ്സ് പ്രവർത്തനമാരംഭിച്ചത്. ഇടയ്ക്ക് കുറച്ചുപേർ കൊഴിഞ്ഞു. പുതുതായി കുറേപ്പേർ ചേർന്നു. ഇപ്പോൾ 16 പെൺകുട്ടികളടക്കം 40 പേർ ബഡ്സിൽ പഠിക്കുന്നു.

ബുദ്ധിമാന്ദ്യം, സെറിബ്രൽ പൾസി, ഓട്ടിസം, കേൾവിക്കുറവ്, സംസാരശേഷിക്കുറവ്, കാഴ്ചക്കുറവ് എന്നിങ്ങനെ വിവിധ പ്രശ്നങ്ങൾ നേരിടുന്നവരാണ് ഇവരിൽ ഓരോരുത്തരും. പ്രശ്നങ്ങളുടെ ഈ വൈവിധ്യവും സൗകര്യങ്ങളുടെ പരിമിതികളും മുഖ്യപ്രശ്നങ്ങളായി അവശേഷിക്കുന്നുണ്ടെങ്കിലും ആത്മവിശ്വാസത്തോടെ മുന്നോട്ടുനീങ്ങുകയാണ് ബഡ്സ്. ഇതിന്റെ വിജയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കണ്ണൂരിലെ മാങ്ങാട്ടിടം, ആലപ്പുഴയിലെ തണ്ണീർമുക്കം, കൊല്ലം ജില്ലയിലെ ശൂരനാട് സൗത്ത്, പത്മന, കോഴിക്കോട്ടെ കാവിലമ്പാറ തുടങ്ങി ഒരു ഡസനോളം പഞ്ചായത്തുകൾ കുടുംബശ്രീമിഷന്റെ സഹായത്തോടെ ഇത്തരം സ്പെഷ്യൽ സ്ക്കൂളുകൾ ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്.

കുട്ടികളുടെ മാനസികവും കായികവുമായ വെല്ലുവിളികൾ കുടുംബത്തിലും സമൂഹത്തിലും ദാരിദ്ര്യത്തിന്റെ തീഷ്ണത വർദ്ധിപ്പിക്കുന്നു. കുട്ടികളുടെ ഈ അവസ്ഥ കുടുംബാംഗങ്ങളിൽ ജീവിത വിരക്തിയുണ്ടാക്കുന്നു. അവരുടെ ചിന്താശക്തിയും ക്രിയാശേഷിയും അതുമൂലം സമൂഹത്തിന് നഷ്ടമാകുന്നു. ദാരിദ്ര്യം കാരണം കുട്ടികളുടെ ചികിത്സയും പരിചരണവും വിദ്യാഭ്യാസവും തടസ്സപ്പെടുന്നു. പ്രശ്നങ്ങളുടെ ഈ പാരസ്പര്യം നേരിടുന്നതിന് ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ സമഗ്രസമീപനം അനിവാര്യമാണ്.

സമൂഹത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് ആവിഷ്കരിക്കുന്ന ആവശ്യാധിഷ്ഠിത പദ്ധതികൾക്ക് സ്വീകാര്യതയും പ്രോത്സാഹനവും സഹായങ്ങളും ലഭിക്കുമെന്ന് ബഡ്സിന്റെ വിജയം തെളിയിക്കുന്നു. ആത്മാർത്ഥതയും ഇച്ഛാശക്തിയും പ്രതിബദ്ധതയുമുണ്ടെങ്കിൽ ഒരു തദ്ദേശ ഭരണസ്ഥാപനത്തിന് നിലവിലുള്ള നയപരിമിതികളെയും നടപടിക്രമങ്ങളിലെ തടസ്സങ്ങളെയും അതിജീവിക്കാൻ കഴിയുമെന്നതാണ് മറ്റൊരു അനുഭവപാഠം. സുതാര്യമായ ജനക്ഷേമപദ്ധതികൾക്ക് തദ്ദേശീയമായി വിഭവം കണ്ടെത്താൻ സാധിക്കുമെന്നും സഹായിക്കാൻ സന്മനസുള്ള വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും സമൂഹത്തിൽ ധാരാളമുണ്ടെന്നും ബഡ്സ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ശ്രദ്ധാപൂർവ്വമുള്ള ശുശ്രൂഷയും സമീപനവും വഴി കുട്ടികളുടെ ആത്മവിശ്വാസവും കഴിവുകളും വലിയൊരളവുവരെ വളർത്തിയെടുക്കാം. കുടുംബാംഗങ്ങളുടെ മാനസികവും സാമ്പത്തികവും സാമൂഹികവുമായ ഉന്നതിക്ക് അത് സഹായകമാവും.

കുടുംബശ്രീ കൂട്ടായ്മയിലൂടെ പൊതുവായ പുരോഗതിക്കുള്ള വഴികൾ കണ്ടെത്താൻ കഴിയുമെന്നതാണ് ബഡ്സ് പദ്ധതിയുടെ മറ്റൊരു അനുഭവപാഠം.

മാതൃകാപരമായ ഒരു സംരംഭമാണിതെന്ന് നിസ്സംശയം പറയുമ്പോഴും ഈ പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുണ്ടായിട്ടുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും അവ തരണം ചെയ്ത രീതികളും പഠനവിധേയമാക്കേണ്ടതുണ്ട്.

കക്ഷിഭേദം മാറ്റിവച്ച് പഞ്ചായത്ത് ഭരണസമിതിയും പ്രതിബദ്ധതയോടെ കുടുംബശ്രീപ്രവർത്തകരും കൈകോർത്ത് മുന്നോട്ട് നീങ്ങിയതുകൊണ്ട് മാത്രമാണ് പ്രതിസന്ധികളെ അതിജീവിക്കാൻ കഴിഞ്ഞതെന്ന് പദ്ധതി കടന്നുവന്ന വഴികൾ പരിശോധിക്കുമ്പോൾ വ്യക്തമാകും.

ദരിദ്രകുടുംബങ്ങളുടെ ഉന്നമനത്തിന് വരുമാനവർധക പരിപാടികൾ മാത്രം പോരാ, അവരുടെ ക്രിയാശേഷിയെ തളർത്തുന്ന ഘടകങ്ങളെ ഉന്മൂലനം ചെയ്യാൻ ഉതകുന്ന ഇത്തരം സാമൂഹ്യക്ഷേമപദ്ധതികളും അനിവാര്യമാണെന്ന് ബഡ്സിനു ലഭിച്ച സ്വീകാര്യതയും പ്രസക്തിയും ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

## ധന്യതയോടെ ഒരമ്മ

വിഴിഞ്ഞം ആഴാകുളത്ത് ആർ. പെരുമാളിന്റെയും ഉഷയുടെയും ഏക മകളാണ് പത്തുവയസ്സുള്ള ധന്യ. ജനിച്ച് ആറാം മാസത്തിൽ പിടികൂടിയ ഒരു പനി ധന്യയെ എന്നെന്നേക്കുമായി കിടക്കയിലാക്കി. പിന്നെ കുട്ടി നടന്നിട്ടില്ല. സംസാരിക്കും. കേൾവിക്കും പ്രശ്നമില്ല. പഠിക്കാൻ താൽപര്യമുണ്ട്. അതുകൊണ്ട് മുട്ട

യ്ക്കാട് ഗവൺമെന്റ് സ്കൂളിൽ ചേർത്തു. ഇപ്പോൾ മൂന്നാം സ്റ്റാന്റേർഡിലാണ്. എന്നും എടുത്തുകൊണ്ടു ചെന്നാണ് സ്കൂളിലാക്കുന്നത്. 4 കിലോമീറ്റർ ദൂരം.

ബഡ്സ് തുടങ്ങിയതറിഞ്ഞ് കുട്ടിയെ അവിടെയും ചേർത്തു. ആഴ്ചയിൽ മൂന്നു ദിവസം സ്കൂളിൽ; രണ്ടു ദിവസം ബഡ്സിൽ. അമ്മ ഉഷ പറയുന്നു:

'അവൾക്ക് ഇപ്പോൾ ചലനശേഷി കൂടി വരുന്നു. 10 വയസ്സിനിടയിൽ ആദ്യമായി പിടിച്ചു നടന്നു. ആഹാരവും വെള്ളവും സ്വയം എടുത്തു കഴിച്ചു തുടങ്ങി. ഫിസിയോതെറാപ്പി ഏറെ ഗുണം ചെയ്തു. ഞങ്ങൾക്കും അവൾക്കും ഇപ്പോൾ ഏറെ പ്രതീക്ഷയുണ്ട്. ജീവിതത്തിൽ ഒരു പുതിയ പ്രകാശം കടന്നു വന്ന മാതിരി.”

അവർ കൂട്ടിച്ചേർത്തു: “എന്റെ കുട്ടിക്ക് സ്കൂളിൽ പോകുന്നതിനേക്കാൾ ഇപ്പോൾ ഇഷ്ടം ബഡ്സിൽ വരുന്നതാണ്. ഞങ്ങൾക്കും ആശ്വാസം. സാമ്പത്തിക ഭാരം കുറഞ്ഞു. അധ്യാപകരുടെയും ആയമാരുടെയും സ്നേഹപൂർണ്ണമായ സമീപനവും പെരുമാറ്റവുമാണ് അവളെ ബഡ്സിലേക്ക് ആകർഷിക്കുന്നത്.”

### “ഇനി എനിക്ക് ഒരു ജോലി അന്വേഷിക്കാം”

ഒരു സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനായ രാധാകൃഷ്ണമോഹന്റെയും ധന്യയുടെയും മകൾ നാലര വയസ്സുള്ള നന്മയുടെ പ്രശ്നം ശ്രദ്ധക്കുറവാണ്. ഒരു സെക്കന്റുപോലും അടങ്ങിയിരിക്കാൻ കഴിയില്ല. ഒന്നിലും ശ്രദ്ധകേന്ദ്രീകരിക്കാനുള്ള ക്ഷമയില്ല. സംസാരശേഷിയുണ്ടെങ്കിലും പറയുന്നതൊന്നും തിരിയില്ല. കണ്ണു തെറ്റിയാൽ പിടിവിട്ട് ഓട്ടം-എവിടേയ്ക്കെന്നില്ലാതെ. അതുകാരണം നാലു വർഷം വീട്ടിൽ അടച്ചിട്ടിരിക്കുകയായിരുന്നു.

ഒരു ടി.വി.പരിപാടിയിലൂടെയാണ് ധന്യ ആ വിവരം അറിഞ്ഞത്. സമാനമായ രോഗങ്ങളുള്ള ഒരു കുട്ടിയെ എറണാകുളം ആദർശ് വിദ്യാലയത്തിൽ ചികിത്സിച്ചു ഭേദമാക്കി. നന്മയെ അച്ഛനമ്മമാർ ആദർശിലേക്ക് കൊണ്ടുപോയി. അവിടെ പരിശോധനയ്ക്ക് ശേഷം 'ബഡ്സി'ലേക്ക് റഫർ ചെയ്യുകയായിരുന്നു. സ്വന്തം പഞ്ചായത്തിൽ ഇങ്ങനെയൊരു സ്ഥാപനമുണ്ടെന്ന് അറിയുന്നത് അപ്പോഴാണ്.

ധന്യ പറയുന്നു “നന്മ ആകെ മാറിയിരിക്കുന്നു. ചിട്ടയായ പരിശീലനവും പരിചരണവും വഴി അവൾ അടങ്ങിയിരിക്കാനും പറയുന്നതു ശ്രദ്ധിക്കാനും തുടങ്ങിയിരിക്കുന്നു. സ്പീച്ച് തെറാപ്പി ഗുണം ചെയ്തു. സംസാരത്തിന് ഇപ്പോൾ



വ്യക്തതയുണ്ട്. അവിശ്വസനീയമാണ് ഈ മാറ്റം. ബഡ്സ് ഞങ്ങളുടെ പ്രതീക്ഷ നശിച്ച ജീവിതത്തിന് പുതിയൊരർത്ഥം പകർന്നു തന്നു. നന്ദി.

ജേർണലിസത്തിൽ ബിരുദാനന്തരബിരുദമുള്ള ധന്യ കൈയിൽ കിട്ടിയ ജോലി കുട്ടിയുടെ പരിചരണത്തിനുവേണ്ടി ഒരിക്കൽ ഉപേക്ഷിച്ചതാണ്. “ഇനി എനിക്ക് ഒരു ജോലി അന്വേഷിക്കാം.” വർദ്ധിച്ച ആത്മവിശ്വാസത്തോടെ ആ അമ്മ കൂട്ടിച്ചേർത്തു.

### “എനിക്കിത് ദേവാലയം”

“എനിക്കിത് സ്കൂളല്ല, ദേവാലയമാണ്''. 14 വയസ്സുള്ള അജീനയുടെ അച്ഛൻ സുദർശനൻ 'ബഡ്സിൽ' വച്ച് 'കില' സംഘടിപ്പിച്ച ശില്പശാലയിൽ വികാരഭരിതനായി പറഞ്ഞു.

“എന്റെ കുട്ടി ജീവിതത്തിൽ ഒരിക്കലെങ്കിലും ചിരിച്ചുകാണാൻ കൊതിച്ചു കഴിയുകയായിരുന്നു ഞങ്ങൾ. അതുണ്ടായത് ഈ 14 വയസ്സിൽ അവൾ ബഡ്സിൽ ചേർന്നതിനു ശേഷമാണ്” അമ്മ തങ്കച്ചി കൂട്ടിച്ചേർത്തു.

14 കൊല്ലം വീടിന് പുറത്തൊരു ലോകം അവൾ കണ്ടിട്ടില്ല. എപ്പോഴും ഒറ്റയ്ക്കിരുന്ന് കരയും. ഒരു വയസ്സുള്ളപ്പോൾ കൈകാലുകൾ തളർന്ന അജീനയ്ക്ക് പഠിക്കാൻ അതിയായ മോഹം. ബുദ്ധിശക്തിക്ക് ഒരു കുഴപ്പവുമില്ല. പക്ഷേ എന്തിനും പരസഹായം വേണം.

മൂന്നു കിലോമീറ്റർ അകലെയാണ് സ്കൂൾ. എന്നും എടുത്ത് സ്കൂളിൽ കൊണ്ടാക്കാൻ കൂലിപ്പണിക്കാരായ അച്ഛനമ്മമാർക്ക് കഴിയാത്തതുകൊണ്ട് അജീനയുടെ ആഗ്രഹം നടന്നില്ല. അതിന്റെ വേദനയിൽ കരഞ്ഞു കഴിഞ്ഞ അവളുടെ ചുണ്ടിൽ ഇപ്പോൾ ചിരി പടരുന്നു. “ബഡ്സിന്റെ വാഹനം വീട്ടുപടിക്കലെത്തുമ്പോൾ അവളുടെ ഉത്സാഹവും ചിരിയും കാണേണ്ടതുതന്നെ. അതുമാത്രം മതി ഞങ്ങൾക്ക് ഈ ജീവിതത്തിൽ” അതുപറയുമ്പോൾ തങ്കച്ചിയുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു.

### “ഈ മാറ്റം അവിശ്വസനീയം”

തുന്നൽ തൊഴിലാളിയായ സുനിൽ കുമാറിന്റെയും ശാന്തകുമാരിയുടെയും ഏക മകനാണ് ഒൻപതു വയസ്സുകാരൻ വിഷ്ണുജിത്ത്. കേൾവിക്കുറവ്, അശ്രദ്ധ, അക്ഷമ ഇവയായിരുന്നു ജന്മനാലുള്ള പ്രശ്നങ്ങൾ. ഒന്നും സ്വന്തമായി ചെയ്യാനുള്ള അറിവോ പ്രാപ്തിയോ ഇല്ല. എന്തിനും പരസഹായം വേണം.

“ഒരു കൊല്ലം കൊണ്ട് എന്റെ കുട്ടി ആകെ മാറിപ്പോയി. എനിക്കിത് വിശ്വസിക്കാൻ പ്രയാസം. ഗ്ലാസ്സ് പിടിച്ച് വെള്ളം കുടിക്കുന്നു. സ്വന്തമായി ആഹാരം എടുത്തു കഴിക്കുന്നു. പറയുന്നത് ശ്രദ്ധിക്കുകയും അടങ്ങിയിരിക്കുകയും ചെയ്യുന്നു. ഇനി അവൻ ശരിയായിക്കൊള്ളും” സുനിലും ശാന്തയും ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശകൾ വീണ്ടെടുത്തിരിക്കുന്നു.

“ഇവിടെ ചേർക്കുമ്പോൾ ശാന്തകുമാരിയുടെ ആഗ്രഹം ഒന്നുമാത്രമായിരുന്നു: സ്വന്തം കാര്യങ്ങൾ ചെയ്യാനെങ്കിലും അവനു കഴിഞ്ഞെങ്കിൽ.... ഒരു കൊല്ലം കൊണ്ട് വിഷ്ണുജിത്തിൽ വന്ന മാറ്റം ഞങ്ങളെപ്പോലും അത്ഭുതപ്പെടുത്തുന്നു” ബഡ്സിലെ ആയ ഷീബ കൂട്ടിച്ചേർത്തു.

*(കടപ്പാട് : കില തൃശൂർ)*









# 'സ്വരുമ'യിലൂടെ ഒരു നിശബ്ദ വിപ്ലവം

അധികാരവികേന്ദ്രീകരണത്തിന്റെ ഒരു പ്രധാന നേട്ടം സ്ത്രീകളുടെ പദവിയിലും സ്ഥാനമാനങ്ങളിലുമുണ്ടായ ഉയർച്ചയാണ്. താഴെത്തട്ടിൽ ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകളുടെ നേതൃത്വം വളർന്നു വന്നു. ക്ഷേമ പദ്ധതികളിൽ സ്ത്രീകൾക്ക് പ്രാമുഖ്യവും പങ്കാളിത്തവും കിട്ടി. അവഗണിക്കപ്പെട്ട പല വിഭാഗങ്ങൾക്കും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു വരാൻ അതു വഴിയൊരുക്കി. എന്നാൽ ഇവയുടെ സദ്ഫലങ്ങളൊന്നും അനുഭവിക്കാനാകാതെ അവഗണനയുടെയും അപമാനത്തിന്റെയും കയ്പുനീരു കുടിച്ചു കഴിഞ്ഞ ഒരു വിഭാഗം സമൂഹത്തിൽ അവശേഷിച്ചു. വോട്ടവകാശംപോലും നിഷേധിക്കപ്പെട്ടവർ. സ്ത്രീ ലൈംഗിക തൊഴിലാളികൾ.

മൂവാറ്റുപുഴ നഗരസഭാതിർത്തിയിൽ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹായത്തോടെ ലൈംഗികാരോഗ്യ പദ്ധതി നടപ്പാക്കി വന്ന സെന്റർ ഫോർ ട്രെയിനിംഗ് ആന്റ് കൗൺസിലിംഗ് (ആർ.സി.റ്റി.സി) ലൈംഗികതൊഴിലാളികളെ കുടുംബശ്രീ സ്വയംസഹായ സംഘങ്ങളിലൂടെ സംഘടിപ്പിച്ച് ആരംഭിച്ച സ്വരുമ എന്ന സംരംഭം സംസ്ഥാനത്തിന്റെയാകെ ശ്രദ്ധപിടിച്ചുപറ്റിയത് ഈ പഞ്ചായത്തലത്തിലാണ്.



അധികാരവികേന്ദ്രീകരണം പ്രദാനം ചെയ്ത അവസരങ്ങളും അധികാരവും സന്നദ്ധസംഘടനയുടെ പ്രതിബദ്ധതയും സർക്കാർ പദ്ധതികളിലൂടെ ലഭ്യമായ വിഭവങ്ങളും സംയോജിപ്പിച്ച് നൂതനവും പ്രയോജനകരവുമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയുമെന്നതിന്റെ ഉദാഹരണം കൂടിയാണ് 'സ്വരുമ'യുടെ വിജയം.

ആർ.സി.റ്റി.സി.യുടെ വിവിധ പ്രവർത്തനങ്ങളിൽ ഒന്നാണ് കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പങ്കാളിത്ത ലൈംഗികാരോഗ്യ പദ്ധതി. കുത്താട്ടുകുളം, മൂവാറ്റുപുഴ, കോതമംഗലം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് അപകട സാധ്യതയുള്ള ലൈംഗിക സ്വഭാവമുള്ള ആളുകൾക്കിടയിലാണ് ഈ പദ്ധതി പ്രധാനമായും പ്രവർത്തിക്കുന്നത്. ഇതിൽ കൂടുതലും ലൈംഗിക തൊഴിലാളികളാണ്.

ലൈംഗിക തൊഴിലാളികളെന്നാണ് ഇവരെ വിശേഷിപ്പിക്കുന്നതെങ്കിലും മറ്റ് തൊഴിലുകളെപോലെ സമൂഹം ഇവരെ അംഗീകരിക്കുകയോ, അർഹമായ മാനുഷിക പരിഗണന നൽകുകയോ ചെയ്യുന്നില്ല.

പലർക്കും ഈ തൊഴിലിൽ നിന്നും വിമുക്തരാകണമെന്ന് ആഗ്രഹമുണ്ടെങ്കിലും സമൂഹം അവരെ അവജ്ഞയോടെ അവഗണിക്കുന്നതും ഒരു സഹായഹസ്തം നൽകാൻ ആരും തയ്യാറാകാത്തതും അവരെ ഈ തൊഴിൽ തുടരുന്നതിന് നിർബന്ധിതരാക്കി. ആർ.സി.റ്റി.സി.യുടെ പ്രവർത്തനം ഇവർക്കിടയിൽ വ്യാപിച്ചതോടെ പദ്ധതിയുമായി സഹകരിച്ച ഏതാനും ലൈംഗികത്തൊഴിലാളികൾക്ക് പെരുമാറ്റവ്യതിയാനം ഉണ്ടായി. ഇത്തരത്തിൽ മാറ്റത്തിന് തയ്യാറുള്ളവരുടെ ഒരു കൂട്ടായ്മ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്വരുമ സ്വാശ്രയസംഘം എന്ന കൂട്ടായ്മയ്ക്ക് ഏഴു പേർ ചേർന്ന് 2000 ൽ രൂപം കൊടുത്തു. 2001 ൽ ചാരിറ്റബിൾ ആന്റ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു.

പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി സ്വാശ്രയസംഘത്തിന്റെ കീഴിൽ വിവിധ തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് ആലോചനകളുണ്ടായി. എന്നാൽ ലൈംഗികത്തൊഴിലാളികളായതിനാൽ ഇവർക്ക് മറ്റ് തൊഴിലുകൾ നൽകാൻ സമൂഹം വിമുഖത കാട്ടി. അതുകൊണ്ട് സ്വയം തൊഴിൽ പദ്ധതിക്കാണ് തുടർന്നുള്ള ചർച്ചകളിൽ മുൻഗണന നൽകിയത്. വിവിധ സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും, അവയുടെ വരുമാനസാദ്ധ്യതകളെക്കുറിച്ചും കൂട്ടായ ചർച്ചകളും, സാധ്യതാപഠനങ്ങളും നടത്തി. ചർച്ചകൾക്കൊടുവിൽ നഗരസഭയുടെ കുടുംബശ്രീയുമായി ഇവരെ ബന്ധപ്പെടുത്തുന്നതിനെക്കുറിച്ച് ആർ.സി.റ്റി.സി. മുൻകൈയെടുത്തു.

അങ്ങനെ സ്വരുമ കുടുംബശ്രീ യൂണിറ്റ് നിലവിൽ വന്നു. തൊഴിൽ സംരംഭമായി താലൂക്കാശുപത്രിയിൽ അലക്ക് യൂണിറ്റ് തുടങ്ങുന്നതിന് സ്വരുമ പദ്ധതി ആവിഷ്ക്കരിച്ചു. നഗരസഭയുടേയും, താലൂക്കാശുപത്രിയുടേയും പ്രത്യേക താൽപര്യപ്രകാരം ആശുപത്രിയിലെ അലക്ക് യൂണിറ്റ് സ്വരുമ കുടുംബശ്രീക്ക് അനുവദിച്ചു. ഇതിനായി മൂവാറ്റുപുഴയിലെ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ലോൺ അനുവദിച്ചു. കുടുംബശ്രീ മിഷൻ സബ്സിഡിയും നൽകി.

### മാലിന്യനിർമാർജന യൂണിറ്റ്

അലക്കുയൂണിറ്റിന്റെ പ്രവർത്തനം തുടരവെതന്നെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മറ്റു തൊഴിൽ സംരംഭങ്ങളെക്കുറിച്ചും ആലോചന നടത്തി. ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് ആരംഭിച്ചത് അങ്ങനെയാണ്.

മാലിന്യ നിർമാർജന യൂണിറ്റാരംഭിച്ചതുവഴി പൊതുജനങ്ങൾക്കിടയിൽ ഇവർക്ക് പ്രവർത്തിക്കാൻ അവസരം ഒരുങ്ങി. ലൈംഗികതൊഴിലാളികൾക്കിടയിൽ വ്യക്തിത്വബോധം സൃഷ്ടിക്കാനും പൊതുജനങ്ങൾക്ക് ഇവരോടുള്ള അവജ്ഞാമനോഭാവം ഒരു പരിധിവരെ ദുരീകരിക്കാനും സാധിച്ചു.

ചെറുതെങ്കിലും സ്ഥിരമായ വരുമാനം ലഭിക്കാൻ തുടങ്ങിയതോടെ അവരുടെ ജീവിതത്തിൽ അടുക്കും ചിട്ടയുമുണ്ടായി. മിതവ്യയശീലവും, സമ്പാദ്യശീലവും വർദ്ധിച്ചു. കുടുംബാംഗങ്ങളുമായി അകന്നു കഴിഞ്ഞവർ ഇപ്പോൾ കുടുംബവുമായി നല്ല ബന്ധം പുലർത്തുന്നു.

ലൈംഗികതൊഴിലാളികളെ സമൂഹം അവജ്ഞയോടെയാണ് നോക്കി കണ്ടിരുന്നത്. എന്നാൽ കുടുംബശ്രീ പ്രവർത്തനം വഴി ഇവരും മനുഷ്യരാണെന്നുള്ള തിരിച്ചറിവ് സമൂഹത്തിന് പകർന്നു നൽകാൻ കഴിഞ്ഞു.

സമൂഹത്തിലെ അഴുക്കുചാലിൽ പെട്ട് ഉഴലുന്നവർക്ക് ഇത്തരത്തിൽ ആശ്രയം നൽകാൻ ആരെങ്കിലും മുന്നിട്ടിറങ്ങുകയാണെങ്കിൽ ആശാസ്യമായ സമൂഹത്തിന് അനന്ത സാധ്യതകളുണ്ടെന്ന് സ്വരുമയുടെ വിജയം നമ്മെ ആവർത്തിച്ചോർമ്മിപ്പിക്കുന്നു.

ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായിട്ടുള്ള മാലിന്യ നിർമാർജ്ജനയൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിച്ച് വിജയം കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിപുലീകരിക്കുന്നതിനും, സാമ്പത്തികഭദ്രത വർദ്ധിപ്പിക്കുന്നതിനുമുള്ള തൊഴിൽ പരിശീലനവും, മറ്റും നൽകാനുള്ള തയ്യാറെടുപ്പിലാണ് നഗരസഭയും, കുടുംബശ്രീ അധികൃതരും ഇപ്പോൾ.

*(കടപ്പാട് : കില, തൃശൂർ)*







# ഗ്രാമലക്ഷ്മിക്ക് ഒരു പുതിയ പ്ലാന്റ്

അച്ചടി മേഖലയിൽ വൻ വിപ്ലവത്തിന് തുടക്കം കുറിച്ചുകൊണ്ട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ പുതിയ പ്ലാന്റും, കുടുംബശ്രീ ബൈൻഡിംഗ് യൂണിറ്റും ഉദ്ഘാടനം ചെയ്തു. രണ്ട് ദശാബ്ദങ്ങൾക്കു ശേഷം നടക്കുന്ന രണ്ടാം ഘട്ട വികസന പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചത് കേരള മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനായിരുന്നു.

സംസ്ഥാനത്ത് ഊർജ്ജസ്വലമായ വികസനത്തിന് പശ്ചാത്തലമൊരുങ്ങിയിരിക്കുകയാണെന്ന് പുതിയ പ്ലാന്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കവെ മുഖ്യമന്ത്രി പറഞ്ഞു. 2008 മെയ് മാസത്തിൽ രണ്ടു വർഷം പൂർത്തിയാക്കുന്ന സംസ്ഥാന സർക്കാർ വികസന ക്ഷേമപ്രവർത്തനങ്ങളിൽ സർവ്വകാല റിക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണ്. കാർഷിക വ്യാവസായിക മേഖലയിൽ പുത്തനുണർവ്വ് ഉണ്ടായിരിക്കുകയാണ്. അടഞ്ഞുകിടക്കുന്ന വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയും, മറ്റുള്ളവയെ കൂടുതൽ ലാഭത്തിലാക്കുകയും ചെയ്യുക എന്നതാണ് സർക്കാർ നയം. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെൽടെക്, ആട്ടോകാസ്റ്റ്, സിൽക് തുടങ്ങിയ സ്ഥാപനങ്ങൾക്ക് പുനർജീവൻ നൽകിയത് ഇതിന് ഉദാഹരണങ്ങളാണ്, അദ്ദേഹം പറഞ്ഞു

അധികാര വികേന്ദ്രീകരണം അതിന്റെ അന്തഃസത്തക്കനുസൃതമായി നടപ്പാക്കിയപ്പോൾ പഞ്ചായത്തുകളുടെ അധികാരം വർദ്ധിച്ചു. അതോടൊപ്പം അച്ചടിയുടെ തോതും ഉയർന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്താണ് പുതിയ പ്ലാന്റിനു തുടക്കം കുറിക്കുന്നത്. കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി പ്രവർത്തനക്ഷമമാകുമ്പോൾ വ്യവസായ മേഖലയിൽ കേരളം വൻകുതിച്ചുചാട്ടം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

പുതിയ എച്ച്. എം. ടി. ഓഫ്സെറ്റ് മെഷീന്റെ ഉദ്ഘാടനം പാലക്കാട് എം. പി. എൻ. എൻ.കൃഷ്ണദാസും, കുടുംബശ്രീ ബൈന്റിംഗ് യൂണിറ്റ് ഉദ്ഘാടനം പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദാ ഇസ്ഹാക്കും നിർവഹിച്ചു.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ പ്രസിഡന്റ് ഡി. സദാശിവൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ക്രൂസ് മാനേജിംഗ് ഡയറക്ടർ ഡോ. വി. എം. ഗോപാലമേനോൻ IAS റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ, വിവിധതല പഞ്ചായത്തുകളെ പ്രതിനിധീകരിച്ച് എസ്. സുഭാഷ് ചന്ദ്രബോസ്, കെ.മണി, കെ.സുരേഷ്, എം.റഹ്മത്ത്, കെ.ജി. ജയന്തി, ക്രൂസ് സെക്രട്ടറി കെ.റ്റി.അയ്യപ്പൻ, ജീവനക്കാരുടെ പ്രതിനിധി വി. ഹരിദാസ് തുടങ്ങിയവർ ആശംസകളർപ്പിച്ചു. ക്രൂസ് വൈസ് പ്രസിഡന്റ് എസ്. നാസറുദ്ദീൻ ചടങ്ങിന് സ്വാഗതവും ഗ്രാമലക്ഷ്മി മുദ്രാലയം ജനറൽ മാനേജർ വി.വി.ജോസ് നന്ദിയും പറഞ്ഞു.

41.45 ലക്ഷം രൂപ മുടക്കി 11055 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടമാണ് പുതുതായി നിർമ്മിച്ചിരിക്കുന്നത്. 44 ലക്ഷം രൂപ മുടക്കി വാങ്ങിയ ആധുനിക സൗകര്യങ്ങളുള്ള രണ്ട് പുതിയ എച്ച്. എം. ടി. ഓഫ്സെറ്റ് മെഷീനും പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

**2008 ഫെബ്രുവരി 29 മുതൽ സംസ്ഥാനത് നടക്കുന്ന എല്ലാ വിവാഹങ്ങളും ജാതി മതഭേദമന്യേ രജിസ്റ്റർ ചെയ്യേണ്ടതാണ്.**

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

# 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

കേരള സംസ്ഥാനത്തു നടക്കുന്ന എല്ലാ വിവാഹങ്ങളും മതഭേദമന്യേ രജിസ്റ്റർ ചെയ്യുന്നതിനായി സു പ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാ നത്തിൽ 29.02.2008 മുതൽ പ്രാബ ല്യത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. 29.02.2008-ാം തീയതിയിലെ 423-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തിയ ജി.ഒ.(പി) നമ്പർ 1/2008/ തീയതി 29.02.2008 പ്രകാരമാണ് 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇതനുസരിച്ച് ചട്ടം പുറപ്പെടുവിച്ച തീയതി മുതൽ സംസ്ഥാനത്തു നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ അനുസരിച്ച് രജിസ്ട്രേഷൻ നിർബ്ബന്ധമാക്കിയിട്ടുള്ള വിവാഹങ്ങളും ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ അനുസരിച്ച് ഹിതാനുസരണം രജിസ്റ്റർ ചെയ്യാവുന്നവ അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അവയും ഈ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതില്ല (ചട്ടം 6).

ഈ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം നടന്ന വിവാഹങ്ങളെ സംബന്ധിച്ച് ഈ ചട്ടപ്രകാരമോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരമോ അധികാരപ്പെടുത്തിയ അധികാരസ്ഥാനങ്ങളിൽ നിന്നുള്ളതല്ലാത്ത വിവാഹ സർട്ടിഫിക്കറ്റുകൾ സർക്കാർ യാതൊരാവശ്യത്തിനും സ്വീകരിക്കുന്നതല്ലെന്ന് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (ചട്ടം 15).

## ചട്ടപ്രകാരമുള്ള പ്രധാന വ്യവസ്ഥകൾ

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരമുള്ള ജനന മരണ രജിസ്ട്രാർമാരാണ് വിവാഹ (പൊതു) ലോക്കൽ രജിസ്ട്രാർ. പഞ്ചായത്ത് ഡയറക്ടർ വിവാഹ(പൊതു)മുഖ്യ രജിസ്ട്രാർ ജനറലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടറും യഥാക്രമം പഞ്ചായത്ത് പ്രദേശത്തെയും നഗര പ്രദേശത്തെയും വിവാഹ (പൊതു) രജിസ്ട്രാർ ജനറൽമാരുമാണ്.

## മെമ്മോറാണ്ടം സമർപ്പിക്കൽ

വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾ ചട്ടപ്രകാരമുള്ള I-ാം നമ്പർ ഫാറത്തിലുള്ള മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയ്യാറാക്കി ഭാര്യാ ഭർത്താക്കൻമാരുടെ രണ്ട് സെറ്റ് ഫോട്ടോയോടൊപ്പം വിവാഹത്തീയതി മുതൽ 45 ദിവസത്തിനകം ലോക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. മെമ്മോറാണ്ടത്തിൽ വിവാഹത്തിലെ കക്ഷികളും രണ്ട് സാക്ഷികളും ഒപ്പുവയ്ക്കണം. വിവാഹം മാതാപിതാക്കളുടെ സമ്മതത്തോടെയാണെങ്കിൽ അവരും ഒപ്പുവയ്ക്കേണ്ടതാണ്. അതോടൊപ്പം രജിസ്ട്രേഷൻ ഫീസായി 10 രൂപ ഒടുക്കേണ്ടതുമാണ്. (ചട്ടം 9)

ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ അനുസരിച്ച് നിയമിക്കപ്പെട്ട മാര്യേജ് ആഫീസറുടെ മുമ്പാകെ നടത്തപ്പെടുന്ന വിവാഹങ്ങൾ സംബന്ധിച്ച് അദ്ദേഹം സൂക്ഷിച്ചുപോരുന്ന രജിസ്റ്ററിലെ ഉൾക്കുറിപ്പ് സംബന്ധിച്ച് നൽകുന്ന സർട്ടിഫിക്കറ്റും മതാചാരപ്രകാരം നടന്ന വിവാഹം സംബന്ധിച്ച് മതാധികാര സ്ഥാനം നൽകുന്ന വിവാഹസാക്ഷ്യപത്രത്തിന്റെ പകർപ്പും വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള ഒരു രേഖയാകാവുന്നതാണെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു.

## രജിസ്ട്രേഷൻ

ഫാറം നമ്പർ I-ലുള്ള മെമ്മോറാണ്ടവും രജിസ്ട്രേഷനുള്ള ഫീസും ലഭിച്ചുകഴിഞ്ഞാൽ രജിസ്ട്രാർ അതിലെ രേഖപ്പെടുത്തലുകളുടെ പൂർണ്ണതയും കൃത്യതയും പരിശോധിച്ച് അതിലെ വിവരങ്ങൾ ഫാറം നമ്പർ III-ൽ സൂക്ഷിച്ചിട്ടുള്ള വിവാഹ (പൊതു) രജിസ്റ്ററിൽ ഉടൻതന്നെ രേഖപ്പെടുത്തി രജിസ്ട്രേഷൻ നമ്പരും തീയതിയും നൽകി ഒപ്പും സീലും പതിക്കേണ്ടതാണ്. ഓരോ വർഷവും തുടർച്ചയായി രജിസ്ട്രേഷൻ നമ്പർ നൽകേണ്ടതും ഓരോ വർഷത്തേക്കും വെവ്വേറെ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. (ചട്ടം 11(1))

## നിരസിക്കൽ

മെമ്മോറാണ്ടം ശരിയായ ഫാറത്തിൽ അല്ലെങ്കിലോ നിർദ്ദിഷ്ട ഫീസ് ഒടുക്കിയിട്ടില്ലെങ്കിലോ അക്കാര്യം രേഖ പ്പെടുത്തി രജിസ്ട്രാർക്ക് അത് നിരസിക്കാവുന്നതും ഇപ്രകാരം നിരസിക്കുന്നതിനുള്ള കാരണം, നിരസിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്. (ചട്ടം 11(2))

## ഫയലിംഗ്

മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ തൊട്ടടുത്തമാസം 10-ാം തീയതിക്കകം ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതും ഇപ്രകാരം ലഭിക്കുന്ന ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ രജിസ്ട്രാർ ജനറലും അസ്സൽ ലോക്കൽ രജിസ്ട്രാറും സ്ഥിരരേഖയായി ഫയൽ ചെയ്യേണ്ടതുമാണ്. (ചട്ടം 11(3))

## സർട്ടിഫിക്കറ്റ്

രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞാൽ



അതിന്റെ തെളിവിലേക്കായി 5 പ്രവൃത്തി ദിവസത്തിനകം IV-ാം നമ്പർ ഫാറത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതാണ് (ചട്ടം 11(1)). ഇതിന് അഞ്ചു രൂപ ഫീസ് ഒടുക്കണം. ഇതു കൂടാതെ, ഏതൊരാൾക്കും 25 രൂപ ഫീസ് സഹിതം അപേക്ഷിച്ചാൽ രജിസ്റ്ററിലെ ഏതൊരു ഉൾക്കുറിപ്പിന്റെയും പ്രസക്തഭാഗം അടങ്ങുന്ന സർട്ടിഫിക്കറ്റ് ലോക്കൽ രജിസ്ട്രാർ നൽകേണ്ടതാണ് (ചട്ടം 14).


## താമസിച്ചുള്ള രജിസ്ട്രേഷൻ

വിവാഹം നടന്ന് 45 ദിവസത്തിനകം മെമ്മോറാണ്ടം ഫയൽ ചെയ്തില്ലെങ്കിൽ ഒരു ഗസറ്റഡ് ആഫീസറോ പാർലമെന്റംഗമോ നിയമസഭാംഗമോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗമോ II-ാം നമ്പർ ഫാറത്തിൽ നൽകിയ ഡിക്ലറേഷനോ, വിവാഹത്തിന്റെ തെളിവിലേക്കായി രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്ന മറ്റേതെങ്കിലും രേഖയോ സഹിതം സമർപ്പിക്കാവുന്നതും അത് നൂറു രൂപ പിഴ ഈടാക്കിക്കൊണ്ട് ലോക്കൽ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്നതുമാണ് (ചട്ടം 9(4)). രജിസ്ട്രേഷൻ ഫീസ് ഇത്തരം രജിസ്ട്രേഷനിലും ഒടുക്കേണ്ടതുണ്ട്.

ഒരു വർഷത്തിനകം മെമ്മോറാണ്ടം ഫയൽ ചെയ്തില്ലെങ്കിൽ രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ 250 രൂപ പിഴ ഈടാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ രീതിയിലുള്ള രജിസ്ട്രേഷന് മെമ്മോറാണ്ടത്തോടൊപ്പം മേൽപ്പറഞ്ഞ പ്രകാരം ഫാറം നമ്പർ II-ലുള്ള ഡിക്ലറേഷൻ അല്ലെങ്കിൽ രജിസ്ട്രാർ ജനറലിന് ബോദ്ധ്യമാകുന്ന മറ്റേതെങ്കിലും തെളിവ് നൽകേണ്ടതാണ്. രജിസ്ട്രാർ ജനറലിന് ആവശ്യമെങ്കിൽ തദ്ദേശ രജിസ്ട്രാർ മുഖേനയോ, മറ്റു വിധത്തിലോ അന്വേഷണം നടത്താവുന്നതും ലോക്കൽ രജിസ്ട്രാർക്ക് രജിസ്ട്രേഷൻ സംബന്ധിച്ച് നിർദ്ദേശം നൽകാവുന്നതുമാണ്(ചട്ടം 10). രജിസ്ട്രേഷൻ ഫീസ് ഇതിനും ബാധകമാണ്.

## തിരുത്തലും റദ്ദാക്കലും

ലോക്കൽ രജിസ്ട്രാർക്ക് സ്വമേധയായോ, ബന്ധപ്പെട്ട കക്ഷികളുടെ അപേക്ഷയിൻമേലോ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ വ്യാജമായി ചേർത്തതാണെന്നോ ബോദ്ധ്യപ്പെട്ടാൽ 13-ാം ചട്ട പ്രകാരം തിരുത്തു കയോ റദ്ദാക്കുകയോ ചെയ്യാവുന്ന താണ്. തിരുത്തൽ വരുത്തുന്നതു സംബന്ധിച്ച നിബന്ധനകൾ താഴെപ്പറയുന്നവയാണ്.



1. പേര്, വയസ്, തീയതി തുടങ്ങിയ സാരവത്തായ വിശദാംശങ്ങളിലെ എല്ലാ തിരുത്തലുകളും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ മാത്രം ചെയ്യേണ്ടതാണ്.
2. റദ്ദാക്കലുകൾക്ക് രജിസ്ട്രാർ ജനറലിന്റെ അനുമതി ആവശ്യമാണ്.
3. തിരുത്തലുകളും റദ്ദാക്കലും ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ള അവസരം നൽകാതെ നടത്താൻ പാടില്ല.
4. ഒരു ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന ഓരോ സംഗതിയിലും അതിന്റെ അറിയിപ്പ് ബന്ധപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കേണ്ടതും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് റിപ്പോർട്ട് നൽകേണ്ടതുമാണ്.
5. അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെ, അതിനുള്ള തെളിവ് രജിസ്റ്ററിന്റെ മാർജ്ജിനിൽ രേഖപ്പെടുത്തിക്കൊണ്ടും തീയതി സഹിതം രജിസ്ട്രാർ ഒപ്പുവയ്ക്കേണ്ടതാണ്.
6. ക്ലെറിക്കൽ പിശക് ഒഴികെയുള്ള തെറ്റു തിരുത്തലിന് 100 രൂപ ചാർജ്ജ് ചെയ്യേണ്ടതാണ്.

## ചട്ടം നിലവിൽ വരുന്നതിനു മുമ്പു നടന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ

ഈ ചട്ടങ്ങൾ അനുസരിച്ച് 29.02.2008 നു മുമ്പു നടന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ നിർബ്ബന്ധിതമല്ല. എന്നാൽ ഇവ രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഒരു വർഷത്തിനുള്ളിൽ ഫയൽ ചെയ്യാവുന്നതും അത് സാധാരണ രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ പാലിച്ച് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. അതിനു ശേഷം ചട്ടം 10 അനുസരിച്ച് ഇത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## അപ്പീലും റിവിഷനും

ലോക്കൽ രജിസ്ട്രാറുടെ തീരുമാനങ്ങളിന്മേൽ പ്രസ്തുത തീരുമാനം അറിയിച്ച തീയതി മുതൽ 3 മാസത്തിനുള്ളിൽ രജിസ്ട്രാർ ജനറലിന് അപ്പീൽ സമർപ്പിക്കുന്നതിനും രജിസ്ട്രാർ ജനറലിന്റെ തീരുമാനങ്ങളിൽമേൽ 3 മാസത്തിനുള്ളിൽ മുഖ്യ രജിസ്ട്രാർ ജനറൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കുന്നതിനും വ്യവസ്ഥയുണ്ട്. അപ്പീലും റിവിഷനും ബന്ധപ്പെട്ട അധികാരി പരിഗണിച്ച് 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

(ചട്ടം 16,17)

## ഫീസുകൾ

**ചട്ട പ്രകാരം ചുമത്തേണ്ട ഫീസു കൾ താഴെപ്പറയുന്നവയാണ്**

| ക്രമ നമ്പർ | ഇനം | ചട്ടം | ഫീസ് (രൂപ) |
|---|---|---|---|
| 1 | രജിസ്ട്രേഷൻ ഫീസ് | 9 (3) | 10 |
| 2 | 45 ദിവസത്തിനു ശേഷം ഒരു വർഷത്തിനകം നൽകുന്ന മെമ്മോറാണ്ടം അനുസരിച്ചുള്ള രജിസ്ട്രേഷന് പിഴ | 9 (4) | 100 |
| 3 | ഒരു വർഷത്തിനു ശേഷം സമർപ്പിക്കുന്ന മെമ്മോറാണ്ടം അനുസരിച്ചുള്ള രജിസ്ട്രേഷനുള്ള പിഴ | 10 | 250 |
| 4 | രജിസ്ട്രേഷൻ നടത്തിയാൽ 5 പ്രവൃത്തി ദിവസത്തിനകം നൽകേണ്ട സർട്ടിഫിക്കറ്റിനുള്ള ഫീസ് | 11 (1) | 5 |
| 5 | അപേക്ഷ പ്രകാരമുള്ള സർട്ടിഫിക്കറ്റിനുള്ള ഫീസ് | 14 | 25 |
| 6 | ക്ലെറിക്കൽ പിശക് ഒഴികെയുള്ള തെറ്റുകളുടെ തിരുത്തലിനുള്ള ചാർജ്ജ് | 13 (4) | 100 |

**1957 ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളുടെ പ്രസക്തി**

2008 ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വന്ന ശേഷവും ഹിന്ദുവിവാഹങ്ങൾ 1957ലെ കേരള ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരം രജിസ്റ്റർ ചെയ്യുന്നവ പൊതുചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലാത്തതുമാണ്.

## ധനവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ അനുഭവങ്ങൾ

*(23-ാം പേജിന്റെ തുടർച്ച)*

### (iv) ഓഡിറ്റ്

സംസ്ഥാനത്ത് മൂന്ന് വിധത്തിലുള്ള ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനകൾക്കു പുറമെ അക്കൗണ്ടന്റ് ജനറൽ ഓരോ വർഷവും ടെക്നിക്കൽ ഗൈഡൻസ് സ്കീമിന്റെ അടിസ്ഥാനത്തിൽ (TGS) 10 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ കണക്കുകൾ ഓഡിറ്റു ചെയ്യുന്നു. മൂന്നാമത്തേത്, പെർഫോർമൻസ് ഓഡിറ്റാണ്. അധികാരവികേന്ദ്രീകരണം മൂലം പഞ്ചായത്ത്, ഗ്രാമവികസന വകുപ്പുകളിലും സെക്രട്ടറിയേറ്റിലും മിച്ചം വന്ന ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണ് ഈ ഓഡിറ്റ് നടത്തുന്നത്. കൃത്യമായ കണക്കുകളും രജിസ്റ്ററുകളും പരിപാലിക്കുന്നതിൽ പ്രാദേശിക സർക്കാരുകളെ അപ്പപ്പോൾ തന്നെ സഹായിക്കുന്നതിനുള്ള സംവിധാനമാണിത്.

ഇതിനു പുറമെ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ "സാമ്പിൾ പരിശോധന"യുമുണ്ട്. മരാമത്ത് പണികളുടെ നിർവഹണത്തിലുണ്ടാകുന്ന പരാതികളും ആരോപണങ്ങളും പരിശോധിക്കാൻ പരിചയ സമ്പന്നരായ, സൽപ്പേരുള്ള മുതിർന്ന എഞ്ചിനീയർമാരുൾപ്പെട്ട സംസ്ഥാന തല സാങ്കേതിക ഓഡിറ്റ് ടീമിനെയും നിയോഗിക്കാറുണ്ട്.

### (v) സ്വതന്ത്രസ്ഥാപനങ്ങൾ

കേരളത്തിൽ മാത്രം നിലവിലുള്ള സ്വതന്ത്ര സ്ഥാപനങ്ങളാണ് അപ്പലേറ്റ് ട്രിബ്യൂണലും ഓംബുഡ്സ്മാനും. തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ചുള്ള അപ്പീൽ കേൾക്കുന്നതിനുള്ള നിലവിലുള്ള നീതിന്യായ (ജുഡീഷ്യറി) സംവിധാനമാണ് അപ്പലേറ്റ് അതോറിറ്റി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദുർഭരണം, അഴിമതി, അധികാര ദുർവിനിയോഗം തുടങ്ങിയവ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും ശിക്ഷാ നടപടികൾ വിധിക്കുന്നതിനും അധികാരമുള്ള, ഒരു ഹൈക്കോടതി ജഡ്ജിയുടെ (സർവീസിലുള്ളതോ വിരമിച്ചതോ ആകാം.) നേതൃത്വത്തിലുള്ള സ്ഥാപനമാണ് ഓംബുഡ്സ്മാൻ. കുറ്റക്കാരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനും ജനപ്രതിനിധികളെയും ഭരണത്തലവരെയും അയോഗ്യരാക്കുന്നതിനും അടുത്ത ആറു വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ നിൽക്കുന്നത് വിലക്കുന്നതിനും ഓംബുഡ്സ്മാന് അധികാരമുണ്ട്.

ചുരുക്കത്തിൽ, ഈ സംവിധാനങ്ങൾ നിലവിൽ വന്നതോടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ മേൽ സംസ്ഥാന സർക്കാരിന് നേരിട്ട് യാതൊരു നിയന്ത്രണവും ഇല്ലാതായി.

### പരിഷ്ക്കരണങ്ങൾ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ധനകാര്യ വിഷയങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പരിഷ്കരണശ്രമങ്ങൾ ചുവടെ പറയുന്നു.

**കെട്ടിടനികുതി പരിഷ്കരണം:** ഗ്രാമ നഗര പ്രദേശങ്ങളിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി ചുമത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. മേഖലകൾ നിർണയിച്ച് കെട്ടിടങ്ങൾക്ക് നമ്പർ നൽകി അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. നികുതി നിർണയത്തിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനും ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തൊഴിൽ നികുതി പരിഷ്ക്കരണം:** ചില തൊഴിൽ മേഖലകളിൽ നികുതി നൽകാതിരിക്കുന്നത് തടയുന്നതിന് 'പ്രിസംപ്റ്റീവ് ടാക്സ് (presumptive tax) സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

**വിനോദനികുതി പരിഷ്ക്കരണം:** തിയറ്ററുകളിൽ ഇരിപ്പിടങ്ങളുടെ ശേഷി കണക്കാക്കി വിനോദനികുതി നിശ്ചയിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. തിയേറ്ററുകളുടെ തരം തിരിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരികയാണ്.

**പരസ്യ നികുതി പരിഷ്കരണം:** വളരെ പഴക്കമേറിയതാണ് നിലവിലുള്ള പരസ്യ നികുതി സംവിധാനം. ആധുനിക പരസ്യ രൂപങ്ങൾ കണക്കിലെടുത്ത് അത് പുനർനിർണയിക്കുന്നതിനും പ്രാദേശിക സർക്കാരുകളുടെ ഒരു പ്രധാന വരുമാന മാർഗമായി അതിനെ വിപുലീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

**സേവന നികുതി:** പൗരന്മാർക്ക് പ്രത്യേക സേവനങ്ങൾ ലഭ്യമാക്കുന്നതിന്, അവയ്ക്കുവേണ്ടി വരുന്ന മുതൽമുടക്ക് - പരിപാലന ചെലവുകളുടെ ഒരു ഭാഗം സേവനനികുതിയായി ശേഖരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.

**തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം:** തനതുവരുമാനം മെച്ചപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വികസന ഫണ്ടിന്റെ പത്തു ശതമാനം നീക്കിവയ്ക്കാൻ തീരുമാനമായിട്ടുണ്ട്.

**ആസ്തി രജിസ്റ്റർ:** പ്രാദേശിക സർക്കാരുകളുടെ ആസ്തി പരിപാലനത്തിനാവശ്യമായ പണം തിട്ടപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കി കഴിഞ്ഞു. എഞ്ചിനീയറിംഗ് കോളേജുകളിലെ എൻ. എസ്. എസ്. വോളന്റിയർമാരുടെ സേവനമുപയോഗിച്ചാണ് ഈ ദൗത്യം നിർവഹിച്ചത്.

**നികുതിമാപ്പിംഗ്:** രണ്ട് ഗ്രാമപഞ്ചായത്തുകളിൽ പരീക്ഷണാർത്ഥം നികുതി മാപ്പിംഗ് നടത്തി വരികയാണ്. അടുത്ത രണ്ട്-മൂന്നു വർഷങ്ങൾക്കുള്ളിൽ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത് അനുകരിക്കുകയാണ് ലക്ഷ്യം.

**പണത്തിന്റെ മൂല്യത്തിനനുസരിച്ച് നികുതി നിർണയം:** പണത്തിന്റെ മൂല്യം കണക്കാക്കി കൺസ്യൂമർ പ്രൈസ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ നികുതികളും ഫീസുകളും പരിഷ്കരിക്കുന്നതിന് രണ്ടാം ധനകാര്യകമ്മിഷന്റെ ശുപാർശപ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

**പുതിയ മാന്വലുകൾ:** ധനപരിപാലനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ശേഷി ഉയർത്തുന്നതിന് സഹായകമായ ഡ്രാഫറ്റ് ബജറ്റ്, അക്കൗണ്ട്സ്, ഓഡിറ്റ് മാന്വലുകൾ തയ്യാറാക്കിയിട്ടുണ്ട്.

**പ്രാദേശിക സർക്കാർ ഫണ്ട്:** കേരള അർബൻ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനു പകരം ഒരു ലോക്കൽ ഗവൺമെന്റ് ഫണ്ട് ഏർപ്പെടുത്തി തദ്ദേ ശഭരണസ്ഥാപനങ്ങൾക്ക് അധികവിഭവം കണ്ടെത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഓഡിറ്റ് കമ്മിഷൻ:** തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റിന്റെ നിലവാരം ഉയർത്തുന്നതിന് ഒരു ഓഡിറ്റ് കമ്മീഷൻ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തു. വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്.

### ഫലങ്ങൾ

കേരളത്തിലെ ധനവികേന്ദ്രീകരണ പരിശ്രമങ്ങളുടെ പ്രധാന ഫലങ്ങൾ ചുവടെ ചേർക്കുന്നു.

(1) ദരിദ്ര വിഭാഗങ്ങൾക്ക് വേണ്ടി ചെലവാക്കുന്ന ധനവിഹിതത്തിൽ ശ്രദ്ധേയമായ വർധനവുണ്ടായി. പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ- വീട്, ശുചിത്വസംവിധാനം, കുടിവെള്ളം, വൈദ്യുതി, ഗതാഗതം - ലഭ്യമാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ മികച്ച നേട്ടം കൈവരിച്ചു.

(2) പൊതുധനവിനിയോഗത്തിൽ സുതാര്യത വർദ്ധിച്ചു.

(3) അടിസ്ഥാന സൗകര്യവികസനത്തിൽ സംസ്ഥാന സർക്കാരിനെ അപേക്ഷിച്ച് പ്രാദേശിക സർക്കാരുകൾ നടപ്പാക്കുന്ന പദ്ധതികളുടെ ധനവിനിയോഗകാര്യശേഷി ഏറെ മെച്ചപ്പെട്ടു.

(4) ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ, വിശേഷിച്ചും ദരിദ്രർ ഏറെയുള്ള മേഖലകളിൽ തുല്യമായ തോതിൽ ധനലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞു.

(5) കുടിവെള്ള വിതരണം, ജലസേചനം തുടങ്ങിയ രംഗങ്ങളിൽ സേവനം മെച്ചപ്പെടുത്തുന്നതിന് പൗരപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും വിഭവങ്ങൾ സ്വരൂപിക്കുന്നതിലും പരിപാലനചെലവുകൾ നിർവഹിക്കുന്നതിലും പല പ്രാദേശിക സർക്കാരുകളും മുൻകൈ എടുത്ത് വിജയം വരിച്ചു.

(6) എന്നിരുന്നാലും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ വേണ്ടത്ര വിജയിച്ചു എന്നു പറയാനാവില്ല. പക്ഷേ, ഒട്ടധികം ഗ്രാന്റുകൾ ലഭ്യമായിട്ടും ഒരിടത്തും തനതു വരുമാനം ശേഖരിക്കുന്നതിൽ കുറവു വന്നിട്ടില്ല.

### പ്രശ്നങ്ങൾ

ധനവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ ഇനിപ്പറയുന്നു.

(1) പ്രാദേശിക സർക്കാരുകളുടെ നികുതി മേഖലകൾ നിർണയിക്കുക എന്നതാണ് ധനവികേന്ദ്രീകരണത്തിൽ ഇന്നു നേരിടുന്ന ഒരു പ്രധാന പ്രശ്നം. നികുതി ഈടാക്കാവുന്ന പ്രധാന മേഖലകൾ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. മറ്റുള്ളവ സംസ്ഥാന സർക്കാരിന്റെ അധീനതയിലും. ഏറ്റവും ശുഷ്ക്കമായ മേഖലകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ളത്. 73,74 ഭരണഘടനാ ഭേദഗതിക്കുശേഷം ഒട്ടേറെ ധനകാര്യകമ്മീഷൻ റിപ്പോർട്ടുകളും അക്കാദമികതല ചർച്ചകളും ഉണ്ടായിട്ടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം ശക്തിപ്പെടുത്തുന്നതിന് കാര്യമായ ആശയനിർദ്ദേശങ്ങൾ രൂപപ്പെട്ടിട്ടില്ല. ഊർജ്ജിതമായ പഠനങ്ങളും ഗവേഷണങ്ങളും നയ ചർച്ചകളും രാഷ്ട്രീയ സമവായവും ആവശ്യമായ ഒരു കാര്യമാണിത്.

(2) വികസന, ഭരണ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിവരുന്ന ധനത്തിന്റെ തോത് സംബന്ധിച്ച ധാരണ (Concept of Standard Spending Needs) നമ്മുടെ രാജ്യത്ത് ഇനിയും വേണ്ടത്ര രൂപപ്പെട്ടിട്ടില്ല. പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്ന ഉത്തരവാദങ്ങളുടെ തോതിനെ അനുസരിച്ചിരിക്കുന്നു, അത്. എങ്കിലും ആകെയുള്ള സർക്കാർ ചെലവിന്റെ/ജി.ഡി.പി.യുടെ ഒരു നിശ്ചിതശതമാനം പ്രാദേശിക സർക്കാരിനായി നീക്കിവയ്ക്കുന്നതു സംബന്ധിച്ച സമവായം ഉണ്ടാക്കുന്നതിനുള്ള ശ്രമം ആവശ്യമായിരിക്കുന്നു. അങ്ങനെയൊരു ലക്ഷ്യബോധത്തിന്റെ അടിസ്ഥാനത്തിൽ ചുമതലകളും വിഭവങ്ങളും പ്രാദേശിക സർക്കാരുകൾക്ക് അഭിലഷണീയമായ തോതിൽ കൈമാറുന്നതിനുള്ള നാഴികക്കല്ലുകൾ നിർണയിക്കാനാകും.

(3) ചെലവ് ആവശ്യങ്ങളും വരുമാനശേഷി ഉയർത്താനുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ സ്രോതസ്സും തമ്മിലുള്ള വിടവു നികത്താൻ നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇവിടെയും ഒരു പ്രശ്നം, പ്രാദേശിക സർക്കാരുകളുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ശേഷി നിശ്ചയിക്കുന്നതിന് നിയതമായ രീതിശാസ്ത്രമൊന്നും നിലവിലില്ല എന്നുള്ളതാണ്. ഇക്കാര്യത്തിലും പ്രായോഗിക ഗവേഷണങ്ങൾ ആവശ്യമായിരിക്കുന്നു.

(4) ജനങ്ങളുമായി നിരന്തര സമ്പർക്കമുള്ളതിനാൽ യൂസർചാർജ് അടക്കമുള്ള നികുതികൾ പിരിച്ചെടുക്കാൻ ഏറ്റവും അനുയോജ്യമായ ഏജൻസി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തന്നെയാണ്. സേവനത്തിന്റെ ഗുണനിലവാരം, സാമൂഹിക നീതി എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗം ജനങ്ങളുമായി വിപുലമായ ചർച്ചകൾ നടത്തി ഇക്കാര്യത്തിൽ സമവായത്തിലെത്തേണ്ടത് അനിവാര്യമാണ്. അതില്ലാതെ യാന്ത്രികമായി ഏർപ്പെടുത്തുന്ന നികുതികളും മറ്റും പാവപ്പെട്ടവർക്ക് സേവനം നിഷേധിക്കുന്നതിന് ഇടയാക്കിയേക്കും.

ലഭ്യമാക്കുന്ന സേവനങ്ങൾക്കായി വേണ്ടിവരുന്ന ചെലവും മറ്റും സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിച്ചാൽ മാത്രമേ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട ചാർജുകൾ സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനാകൂ. അതിനുള്ള ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം കാലഹരണപ്പെട്ട സാങ്കേതികവിദ്യയും കാര്യശേഷിയില്ലാത്ത മാനേജുമെന്റും മൂലം വരുന്ന അനാവശ്യച്ചെലവുകൾ ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് പൊതുജനങ്ങളുടെ എതിർപ്പുകൾക്ക് ഇടയാക്കും.

(5) വരുമാനസ്രോതസ്സുകൾ തിട്ടപ്പെടുത്തുന്നതിനും ശേഖരിക്കുന്നതിനും വരവു ചെലവു കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കാര്യശേഷിയാണ് ധനവികേന്ദ്രീകരണ പ്രക്രിയ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. ഇത്തരം പ്രവർത്തികൾക്ക് പ്രതിബദ്ധതയുള്ള പ്രൊഫഷണൽസിന്റെ ഒരു നിര സൃഷ്ടിച്ചെടുക്കേണ്ടത് അനിവാര്യമാണ്.

(6) പ്രാദേശിക സർക്കാരുകളിൽ ധനപരമായ സ്ഥിതിവിവരശേഖരം (Database) വളരെ പരിതാപകരമാണ്. 11, 12 ധനകാര്യ കമ്മീഷനുകളുടെയും സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെയും പരിശ്രമങ്ങൾ ഏറെയുണ്ടായിട്ടും വരവുചെലവു കണക്കുകൾ സംബന്ധിച്ച സ്ഥിതി വിവരത്തിന്റെ കാര്യത്തിൽ ഇന്നും പ്രാദേശിക സർക്കാരുകൾ തീരെ പിന്നിലാണ്. ഇത് ഉടനെതന്നെ പരിഹരിക്കേണ്ടതുണ്ട്.

(7) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ചർച്ചകൾ നടന്നുവരുന്ന ഈ ഘട്ടത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള ധനവികേന്ദ്രീകരണ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പങ്ക് അടിയന്തരമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. ഭരണഘടനാപരമായ ബാധ്യത എന്ന നിലയിൽ കേന്ദ്ര ധനകാര്യ കമ്മീഷനും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടുതൽ പൊതുചെലവുകൾ പ്രാദേശിക സർക്കാരുകൾ വഴി നിർവഹിക്കുന്നതിനും കൂടുതൽ ധനവികേന്ദ്രീകരണത്തിന് സംസ്ഥാന സർക്കാരുകളെ പ്രേരിപ്പിക്കുന്നതിനും ഊന്നൽ നൽകണം. നിർഭാഗ്യകരമെന്നു പറയട്ടെ, കഴിഞ്ഞ മൂന്നു ധനകാര്യ കമ്മിഷനുകളും താരതമ്യേന ചെറു ധനസഹായങ്ങളിലൊതുക്കി, അവരുടെ ശുപാർശകൾ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പതിമൂന്നാം ധനകാര്യ കമ്മിഷൻ ഗൗരവമായി പരിഗണിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അധികാര വികേന്ദ്രീകരണം കാംക്ഷിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ പരിശ്രമം ആവശ്യമായിരിക്കുന്നു.

*(ലേഖകൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ്)*

**പഞ്ചായത്ത് രാജ് (മാസിക)**

പരസ്യ നിരക്ക്

**കവർ അവസാനപുറം** (കളർ) **- 10,000 രൂപ**

**കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) **- 6,000 രൂപ**

**മറ്റു പേജുകൾ - ഫുൾ - 4,000 രൂപ**

**അര പേജ് - 2,000 രൂപ**

★

വാർഷിക വരിസംഖ്യ - 90 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

★

**വിലാസം**

എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33



ഡോ. സുബ്രഹ്മണ്യ അയ്യർ

# ഒന്നാം കർഷക ശാസ്ത്ര കോൺഗ്രസ്

അനുഭവജ്ഞാനവും നിരീക്ഷണ പാടവവും കൈമുതലായുള്ള കർഷകർ പരീക്ഷിച്ചറിഞ്ഞ പല കണ്ടുപിടുത്തങ്ങളും കാലാകാലങ്ങളായി കാർഷിക മേഖലയ്ക്ക് മുതൽക്കൂട്ടായി തീർന്നിട്ടുണ്ട്. ലളിതവും കൃഷിയിടങ്ങൾക്കിണങ്ങുന്നതുമായ ഇത്തരം നാടൻ സാങ്കേതികവിദ്യകൾ പക്ഷേ അതതു പ്രദേശങ്ങളിൽ തന്നെ ഒതുങ്ങിനിൽക്കുന്നതിനാൽ കർഷകസമൂഹത്തിലെ വലിയൊരു വിഭാഗത്തിന് പ്രയോജനപ്പെടാതെ പോവുകയാണ് പതിവ്. ഇതു മുന്നിൽ കണ്ടുകൊണ്ട് കർഷകരുടെ നിരീക്ഷണ പരീക്ഷണഫലങ്ങൾ വിശദമായ ചർച്ചകൾക്ക് വിധേയമാകുന്നതിനും, മികച്ച കർഷക ശാസ്ത്രജ്ഞരെ കണ്ടെത്തുന്നതിനും കൂടുതൽ കൃഷിയിട പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ കൃഷി വിജ്ഞാനകേന്ദ്രം ഇദംപ്രഥമമായി കർഷക ശാസ്ത്ര കോൺഗ്രസ്സ് സംഘടിപ്പിച്ചു.

കർഷകരിലെ ഗവേഷകരെ കണ്ടെത്തുക, അനുഭവങ്ങളിലൂടെ കർഷകർ ആർജ്ജിച്ച വിജ്ഞാനത്തിന് പ്രോത്സാഹനവും അംഗീകാരവും നൽകുക, കണ്ടുപിടുത്തങ്ങളുടെ പ്രയോജനം മററു പ്രദേശങ്ങളിലെത്തിക്കുക, കർഷകരുടെ തനത് കണ്ടുപിടുത്തങ്ങളെ നാട്ടറിവുകളാക്കി ചുരുക്കാതെ കൂടുതൽ ഗവേഷണങ്ങൾക്ക് വിധേയമാക്കുക, കണ്ടുപിടുത്തങ്ങളുടെ ബൗദ്ധികാവകാശം ഉറപ്പാക്കുക, കൃഷിയിടങ്ങൾക്കിണങ്ങിയ സാങ്കേതികവിദ്യകളുടെ പുതിയ സ്രോതസ്സ് കണ്ടെത്തുക എന്നിവയായിരുന്നു കർഷക കോൺഗ്രസ് ലക്ഷ്യങ്ങളും പിന്നൊരുക്ക പ്രവർത്തനങ്ങളും കണ്ണൂർ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ആസ്ഥാനമായ പന്നിയൂരിൽ 2008 ഫെബ്രുവരി 4, 5 തീയതികളിലാണ് ഒന്നാം കർഷക ശാസ്ത്ര കോൺഗ്രസ്സ് സംഘടിപ്പിച്ചത്.

കർഷക ഗവേഷണ കണ്ടുപിടുത്തങ്ങളുടെ അവതരണം ഒരേ വേദിയിൽ കൃഷിരീതി/വിള പരിപാലനം, സസ്യ പ്രജനനം, സസ്യ സംരക്ഷണം, വിള സംസ്ക്കരണം, എഞ്ചിനീയറിംഗ്, മത്സ്യ/മൃഗ സംരക്ഷണം, പൊതുവിഭാഗം എന്നിങ്ങനെ 7 സെഷനുകളായാണ് സംഘടിപ്പിച്ചത്.

നാട്ടറിവുകൾ കർഷക കണ്ടുപിടുത്തങ്ങളായി പരിഗണിക്കുന്നതല്ല, കണ്ടുപിടുത്തത്തിന്റെ മൗലികതയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും നൽകാൻ കർഷകശാസ്ത്രജ്ഞർ ബാദ്ധ്യസ്ഥരാണ്, കണ്ടുപിടുത്തങ്ങളുടെ തുടർവിലയിരുത്തലിന് കർഷക ശാസ്ത്രജ്ഞർ പൂർണ്ണസഹകരണം നൽകേണ്ടതാണ്, കണ്ടുപിടുത്തത്തിന്റെ ആധികാരികതയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പിന്നീടുണ്ടാവുകയാണെങ്കിൽ അത് പരിഹരിക്കേണ്ടത് കർഷക ശാസ്ത്രജ്ഞന്റെ ബാദ്ധ്യതയായിരിക്കും, കണ്ടുപിടുത്തത്തിന്റെ തെരഞ്ഞെടുപ്പിലും മൂല്യനിർണ്ണയത്തിലും ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും എന്നീ നിബന്ധനകൾ ഈ കോൺഗ്രസ് സംഘാടനത്തിലെ നിബന്ധനകളായി കർഷകരെ മുൻകൂട്ടി അറിയിച്ചിരുന്നു.

കണ്ടുപിടുത്തങ്ങളുടെ മൗലികതയും യോഗ്യതയും വിലയിരുത്തി പ്രബന്ധങ്ങൾ തരംതിരിച്ചു. അതോടൊപ്പം കൂടുതൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കേണ്ടവ, കർഷകർക്ക് കൈമാറാൻ പററുന്നവ, നാഷണൽ ഇന്നവേഷൻ ഫൗണ്ടേഷനിൽ രജിസ്ററർ ചെയ്യേണ്ടവ, തൊഴിലധിഷ്ഠിത സംരംഭങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നവ എന്നിവയെ കണ്ടെത്തുകയും ചെയ്യുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തി.

വ്യക്തിഗത അവതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട മികച്ച പ്രബന്ധങ്ങൾ Computer അവതരണമായി പവർപോയിന്റ് ഉപയോഗിച്ച് 20 മിനുട്ട് വീതം (ചർച്ച ഉൾപ്പെടെ) അവതരിപ്പിക്കാൻ അവസരമുണ്ടായിരിക്കുമെന്ന് മുൻകൂട്ടി അറിയിച്ചിരുന്നു. അതിനുള്ള സൗകര്യം കേന്ദ്രം ലഭ്യമാക്കി. കർഷക ശാസ്ത്രജ്ഞർക്ക് സംഘമായും പ്രബന്ധം അവതരിപ്പിക്കാൻ അവസരം നൽകി. ഇതിനായുള്ള പരിശീലനം കേന്ദ്രം മുൻകൂട്ടി നൽകി. പ്രബന്ധാവതരണങ്ങൾക്കായി ആദ്യ ദിവസം 5 മണിക്കൂറും രണ്ടാം ദിവസം 4 മണിക്കൂറും നീക്കിവെച്ചു.

ഈ കർഷക ശാസ്ത്ര കോൺഗ്രസിൽ കർഷകർ, വിജ്ഞാനവ്യാപന പ്രവർത്തകർ, കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ, മാധ്യമപ്രവർത്തകർ, കർഷക ക്ളബ്ബ് പ്രതിനിധികൾ എന്നിവരുൾപ്പെട്ട ജൂറിയാണ് അവാർഡിനർഹമായ കണ്ടുപിടുത്തങ്ങൾ തിരഞ്ഞെടുത്തത്.

തിരഞ്ഞെടുക്കപ്പെട്ട കണ്ടുപിടുത്തങ്ങളുടെ പ്രബന്ധങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചു. കണ്ടുപിടുത്തങ്ങൾ നാഷണൽ ഇന്നവേഷൻ ഫൗണ്ടേഷനിൽ രജിസ്ററർ ചെയ്യാനുള്ള അവബോധവും ഉണ്ടാക്കികൊടുത്തു.

### പുരസ്കാരങ്ങൾ

ഏററവും മികച്ച കർഷക ശാസ്ത്രജ്ഞനെ തിരഞ്ഞെടുത്ത് (Distinguished Agricultural Researcher) DAR പട്ടം, സ്വർണ്ണപ്പതക്കം, ശിൽപ്പം, സർട്ടിഫിക്കററ് എന്നിവ നൽകി ആദരിച്ചു. വിവിധ വിഭാഗങ്ങളിലെ മികച്ച കണ്ടുപിടുത്തങ്ങൾക്ക് ശിൽപവും സർട്ടിഫിക്കററും നൽകുകയും ചെയ്തു. പങ്കെടുത്ത എല്ലാ കർഷകശാസ്ത്രജ്ഞർക്കും സർട്ടിഫിക്കററ് നൽകി.

ഏററവും മികച്ച കർഷക ശാസ്ത്രജ്ഞൻ, മികച്ച കർഷക ശാസ്ത്രജ്ഞൻ (കൃഷി രീതികൾ), മികച്ച കർഷക ശാസ്ത്രജ്ഞൻ (സസ്യ സംരക്ഷണം), മികച്ച കർഷക ശാസ്ത്രജ്ഞൻ (വിള സംസ്ക്കരണം), മികച്ച കർഷക ശാസ്ത്രജ്ഞൻ (എഞ്ചിനീയറിംഗ്), മികച്ച കർഷക ശാസ്ത്രജ്ഞൻ (സസ്യ പ്രജനനം), മികച്ച കർഷക ശാസ്ത്രജ്ഞൻ (മത്സ്യ/ മൃഗസംരക്ഷണം), മികച്ച കർഷക ശാസ്ത്രജ്ഞൻ (പൊതുവിഭാഗം) എന്നീ 9 വിഭാഗങ്ങളിലായാണ് കർ ഷക ശാസ്ത്രജ്ഞർക്ക് പുരസ്കാരം നൽകിയത്.

കർഷകശാസ്ത്ര കോൺഗ്രസ്സിനോടനുബന്ധിച്ച് കർഷകരുടെ കണ്ടുപിടുത്തങ്ങളുടെ പ്രദർശനവും കുരുമുളക് ഗവേഷണകേന്ദ്രം, കൃഷി വിജ്ഞാനകേന്ദ്രം, കെ.വി. കെ. കമ്മ്യൂൺ എന്നിവയുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.

കർഷക ശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരെ മുൻകൂട്ടി അറിയിച്ച് രജിസ്ററർ ചെയ്യിച്ചു. രജിസ്ട്രേഷൻ സൗജന്യമായിരുന്നു. മുൻകൂട്ടി രജിസ്ററർ ചെയ്ത് അനുമതി നേടിയ കർഷക ശാസ്ത്രജ്ഞർക്ക് ഭക്ഷണത്തിനും താമസത്തിനുമുള്ള സൗകര്യവും ഒരുക്കികൊടുത്തു.



പി. കരുണാകരൻ എം. പി., സി. കെ. പി. പത്മനാഭൻ എം. എൽ. എ. (മെമ്പർ ജനറൽ കൗൺസിൽ കാർഷിക സർവ്വകലാശാല), കെ. ആർ. വിശ്വംഭരൻ ഐ. എ. എസ് (വൈസ് ചാൻസലർ, കാർഷിക സർവ്വകലാശാല), കെ. കെ. നാരായണൻ, (പ്രസിഡന്റ് കണ്ണൂർ ജില്ലാ പഞ്ചായത്ത്), ചെയർമാൻ : ഡോ. എം. കെ. ഷീല (വിജ്ഞാന വ്യാപന വിഭാഗം മേധാവി, കേരള കാർഷിക സർവ്വകലാശാല), കൺവീനർ : ഡോ. കെ. അബ്ദുൽ കരീം (പ്രൊഫസ്സർ ആൻഡ് ഹെഡ്, കൃഷിവിജ്ഞാന കേന്ദ്രം, കണ്ണൂർ) എന്നിവരടങ്ങുന്ന സംഘാടക സമിതി രക്ഷാധികാരികൾ ഈ മഹത്തായ സംരംഭത്തിന് നേതൃത്വം നൽകി.



### കേരളത്തിലെ കർഷക ഗവേഷകർ അംഗീകാരത്തിന്റെ മികവിൽ

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം പന്നിയൂരിൽ നടത്തിയ ലോകത്തിലെ തന്നെ ആദ്യത്തെ ഈ കർഷക ശാസ്ത്ര കോൺഗ്രസ് കാർഷിക മേഖലയ്ക്കാകെ നവോന്മേഷം പകർന്നു നൽകി. അനുഭവജ്ഞാനവും നിരീക്ഷണ പാടവവും കൈമുതലാക്കി കർഷകർ പരീക്ഷിച്ചറിഞ്ഞ കണ്ടുപിടുത്തങ്ങളും ഗവേഷണഫലങ്ങളും വിശദമായ ചർച്ചകൾക്ക് വിധേയമാക്കാനും മികച്ച കർഷക ശാസ്ത്രജ്ഞരെ കണ്ടെത്താനുമായി നടത്തിയ കർഷക ശാസ്ത്ര കോൺഗ്രസ് 2008 ഫെബ്രുവരി 4 ന് കാർഷിക സർവകലാശാല വൈസ്ചാൻസലർ കെ. ആർ. വിശ്വംഭരൻ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

സമർപ്പിക്കപ്പെട്ട നൂററിമൂന്നോളം പ്രബന്ധങ്ങളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 64 കർഷക ശാസ്ത്രജ്ഞർ ഏഴു വിഭാഗങ്ങളിലായി 84 പ്രബന്ധങ്ങൾ രണ്ടു ദിവസത്തെ പരിപാടിയിൽ അവതരിപ്പിച്ചു. ഇവയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മികച്ച കർഷക ശാസ്ത്രജ്ഞർക്കാണ് ചടങ്ങിൽ അവാർഡുകൾ നല്കി ആദരിച്ചത്.

ശാസ്ത്ര കോൺഗ്രസ്സിൽ ഏററവും മികച്ച കർഷക ശാസ്ത്രജ്ഞനുള്ള പ്രഥമ 'കർഷകശാസ്ത്ര ദർശന പ്രതിഭാ'പട്ടത്തിന് (DAR) കണ്ണൂർ ചെമ്പേരി പുറഞ്ഞാൺ സ്വദേശി മുതുകുളത്തിൽ എം. ജെ. ജോസഫ് അർഹനായി. തെങ്ങു കയററ യന്ത്രം, കവുങ്ങു കയററ യന്ത്രം, കൊതുകു നിവാരണ ഉപകരണം എന്നിവയുടെ കണ്ടുപിടുത്തവും സ്വന്തമായ സമ്പ്രദായം അവലംബിച്ചുള്ള കൃഷിരീതിയുമാണ് ദർ പട്ടത്തിന് ജോസഫിനെ അർഹനാക്കിയത്. കണ്ടുപിടുത്തങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് കർഷകരിലെത്തിക്കുന്നതിൽ ശ്രദ്ധാലുവായ അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾക്ക് ഇന്ത്യാ ഗവൺമെന്റിന്റെ പേററന്റും ലഭിച്ചിട്ടുണ്ട്. ഇനി മുതൽ ദർ എം. ജെ. ജോസഫ് എന്നറിയപ്പെടുന്ന ഈ അതുല്യ പ്രതിഭയ്ക്ക് കർഷക ശാസ്ത്ര കോൺഗ്രസ്സിന്റെ പുരസ്കാരമായ കസവുകിരീടം, അംഗവസ്ത്രം, തങ്കപ്പതക്കം, ശില്പം, സർട്ടിഫിക്കററ് എന്നിവ സമ്മാനിച്ചു.

കാർഷിക എൻജിനീയറിംഗ് വിഭാഗത്തിൽ വയനാട് സുൽത്താൻബത്തേരി നെന്മേനിയിലെ അജി തോമസ് അർഹനായി. റബർ കർഷകർക്ക് ഏറെ പ്രയോജനപ്പെടുന്ന വെട്ടുപട്ടയുടെ ആഴം ക്രമീകരിച്ച് ടാപ്പിംഗ് നടത്താൻ സഹായിക്കുന്ന പാനൽ ഗാർഡ് എന്ന കത്തിയാണ് അദ്ദേഹത്തിന്റെ കണ്ടുപിടുത്തം. താഴെ നിന്നുകൊണ്ട് തെങ്ങിലും കവുങ്ങിലും മരുന്നു തളിക്കാൻ പററുന്ന രീതിയിൽ റോക്കർ സ്പ്രേയർ പരിഷ്കരിച്ച കണ്ണൂർ പെരുമ്പടവ് സ്വദേശി സൈമൺ ജോർജ്ജിനാണ് ഈ വിഭാഗത്തിലെ രണ്ടാം സ്ഥാനം.

മികച്ചയിനം കുരുമുളക്, ജാതി തൈകൾ വികസിപ്പിച്ചെടുത്ത കോഴിക്കോട് കല്ലാനോട് അബ്രഹാം മാത്യു സസ്യപ്രജനനത്തിൽ ഒന്നാം സ്ഥാനവും ആനക്കാന്താരിയെ അവതരിപ്പിച്ച ജോസ് ജോസഫ് രണ്ടാം സ്ഥാനവും നേടി.

ഉപ്പുരസമുള്ള മണ്ണിന് അനുയോജ്യമായ സങ്കരയിനം മണ്ണിരയേയും കൊമ്പൻ ചെല്ലിപ്പുഴുക്കളെ ഉപയോഗിച്ച് കമ്പോസ്ററ് നിർമ്മാണവും അവതരിപ്പിച്ചാണ് വിളപരിപാലന വിഭാഗത്തിൽ കാസറഗോഡ് തൈക്കടപ്പുറം പി. വി. ദിവാകരൻ ഒന്നാം സ്ഥാനം നേടിയത്. വൃക്ഷങ്ങളുടെ ചോലയ്ക്കുള്ളിലെ കപ്പ കൃഷി അവ തരിപ്പിച്ച സ്വദേശി പി. ജി. ജോർജ് രണ്ടാം സ്ഥാനം നേടി.

വിള സംസ്ക്കരണത്തിൽ കശുമാങ്ങാ സംസ്കരണത്തിന്റെ പുതിയ രീതി അവതരിപ്പിച്ച കണ്ണൂർ കരിവെള്ളൂർ പി. രാഘവൻ ഒന്നാം സ്ഥാനവും സപ്പോട്ടയിൽ നിന്ന് മികച്ച ജൈവ ഉത്പന്നം ഉണ്ടാക്കാമെന്ന് തെളിയിച്ച പാലക്കാട് തോമസ് മാത്യു രണ്ടാം സ്ഥാനവും നേടി.

സസ്യരോഗ കീടനിയന്ത്രണ വിഭാഗത്തിൽ കശുമാവിന്റെ തേയിലക്കൊതുകിനെതിരെ ചുവന്ന ഉറുമ്പിനെ ഉപയോഗിച്ച് സമ്പൂർണ്ണ ജൈവ നിയന്ത്രണം സാദ്ധ്യമാക്കിയ കണ്ണൂർ കോട്ടയം പൊയിൽ എൻ വാസവൻ ഒന്നാം സ്ഥാനവും കരി ഓയിൽ ഉപയോഗിച്ചുള്ള വെളിച്ചക്കെണി അവതരിപ്പിച്ച ആലക്കോട് കെ. എസ്. തോമസ് രണ്ടാം സ്ഥാനവും നേടി.

മുട്ട വിരിയിക്കാൻ ചെലവു കുറഞ്ഞ ഇൻക്യുബേററിന്റെ കണ്ടുപിടുത്തമാണ് കാസറഗോഡ് ബേക്കലിലെ പി. എ. ചന്ദ്രന് മത്സ്യ-മൃഗ സംരക്ഷണത്തിൽ പുരസ്കാരം നേടിക്കൊടുത്തത്. ഗൗരാമി മത്സ്യങ്ങളുടെ പ്രജനനത്തിന് ഉതകുന്ന മാർഗം വികസിപ്പിച്ചെടുത്ത ഇടുക്കിയിലെ ടി. ടി. തോമസ് രണ്ടാം സ്ഥാനവും നേടി.

പൊതുവിഭാഗത്തിൽ ഗാനോഡെർമ ഔഷധക്കൂണിന്റെ വിത്തുല്പാദനവും കൃഷിരീതിയും അവതരിപ്പിച്ച കോട്ടയം പൊൻകുന്നം സ്വദേശി ഫെലിക്സ് മാത്യു ഒന്നാം സ്ഥാനവും പാൽക്കൂൺ കൃഷിയ്ക്ക് റെഡിമെയ്ഡ് സംവിധാനം ഒരുക്കിയ എറണാകുളം വൈററിലയിലെ ഐസൽ പീററർ രണ്ടാം സ്ഥാനവും നേടി.

മികച്ച ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക പുരസ്കാരം ആളില്ലാ തെങ്ങുകയററ യന്ത്രത്തിന്റെ പ്രാഥമിക രൂപം കണ്ടുപിടിച്ച ആലപ്പുഴ ഒററമശ്ശേരി പി. എം. ക്ളീററ്സ് നേടി. പൂർണ്ണമായും നിലത്തുനിന്നും നിയന്ത്രിക്കാവുന്ന ദ്രാവക മർദ്ദത്തിൽ വൈദ്യുതി സഹായത്താൽ പ്രവർത്തിക്കുന്നതാണ് ഈ യന്ത്രം. മുയൽ വിസർജ്ജ്യങ്ങൾ ഉപയോഗിച്ച് തെങ്ങോല കമ്പോസ്ററ് നിർമ്മിക്കുന്ന രീതി അവതരിപ്പിച്ച പാലക്കാട് ഇരുമ്പുകച്ചോലയിലെ ജെയിംസ് പി. മാത്യു, യന്ത്രവൽക്കൃത എലിപ്പെട്ടികൾ അവതരിപ്പിച്ച കണ്ണൂർ കതിരൂർ കക്കാടൻ ഹൗസിൽ വി. കെ. സുരേഷ്, കുരുമുളകിൽ ശാസ്ത്രീയ പ്രജനനരീതികൾ അവതരിപ്പിച്ച വയനാട് സ്വദേശി എ. ബാലകൃഷ്ണൻ, കർഷകരിലെ ആത്മഹത്യാപ്രവണതയുടെ കാരണങ്ങളും പരിഹാരങ്ങളും അവതരിപ്പിച്ച കൊല്ലം മാടക്കത്തറയിലെ എസ്. സാഗരൻ എന്നിവർക്ക് പ്രോത്സാഹന സമ്മാനങ്ങളും ലഭിച്ചു. വിവിധ വിഭാഗങ്ങളിലെ മികച്ച കണ്ടുപിടുത്തങ്ങൾക്ക് ശില്പവും സർട്ടിഫിക്കററും, പങ്കെടുത്ത എല്ലാ കർഷക ശാസ്ത്രജ്ഞർക്കും സർട്ടിഫിക്കററും നൽകി. കോൺഗ്രസ്സിനോടനുബന്ധിച്ച് സംഘടിപ്പിച്ച 84 ഓളം കണ്ടുപിടുത്തങ്ങളുടെ പ്രദർശനം ഏറെ ശ്രദ്ധേയമായി.

*(ലേഖകൻവെള്ളായണി കാർഷിക കോളേജിൽ പ്രൊഫസറാണ്)*

**അറിയിപ്പ്**

പഞ്ചായത്ത് അക്കൗണ്ട്, നീർത്തട വികസനം, തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ എന്നീ പരമ്പരകൾ സ്ഥലപരിമിതിമൂലം ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.



# വാർത്തകളും വിശേഷങ്ങളും

## മെഡൽ തിളക്കവുമായി അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്



അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബേബി പൗലോസ് കായിക മികവിലൂടെ വീണ്ടും ശ്രദ്ധേയയാവുന്നു. കോഴിക്കോട് നടന്ന സംസ്ഥാന വെറ്ററൻസ് മീറ്റിൽ പങ്കെടുത്ത മൂന്നിനങ്ങളിലും സ്വർണ മെഡൽ ജേതാവാണ് പ്രസിഡന്റ്. 100 മീറ്റർ, 400 മീറ്റർ ഓട്ടത്തിലും ലോംങ്ജംമ്പിലുമാണ് സ്വർണം കരസ്ഥമാക്കിയിട്ടുള്ളത്. കേരളത്തിന്റെ ആദ്യകായിക പഞ്ചായത്തെന്ന ബഹുമതി സ്പോർട്സ് മന്ത്രിയിൽ നിന്നും കരസ്ഥമാക്കിയ അന്നമനടയ്ക്ക് അഞ്ചുലക്ഷം രൂപയുടെ പ്രത്യേക പുരസ്കാരം ലഭിച്ചിരുന്നു. കേരളസർക്കാർ പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾക്ക് തുടക്കം കുറിക്കും മുമ്പേ അന്നമനട പഞ്ചായത്ത് സ്പോർട്സ് അക്കാദമി പ്രവർത്തനമാരംഭിച്ചിരുന്നു. സ്പോർട്സ് അക്കാദമിയിൽ നിന്നും നാലുപേർക്ക് കഴിഞ്ഞവർഷം സംസ്ഥാന സ്പോർട്സ് കൗൺസിലിൽ സെലക്ഷൻ ലഭിച്ചിരുന്നു. ജില്ലയിലെ ആദ്യ കമ്പ്യൂട്ടർ സാക്ഷരതാ പഞ്ചായത്ത്, സംസ്ഥാനത്തെ ഏറ്റവും പ്രായംകൂടിയ കമ്പ്യൂട്ടർ പഠിതാവ് നൂറ്റിനാലു വയസ്സുകാരി പൊന്നാരയുടെ പഞ്ചായത്ത്, ഐഎസ്ആർഒ യുടെ വില്ലേജ് റിസോഴ്സ് സെന്ററായി തെരഞ്ഞെടുക്കപ്പെട്ട ഏക പഞ്ചായത്ത്, സംസ്ഥാന ശ്രദ്ധയാകർഷിച്ച വിജയഭേരി വിദ്യാഭ്യാസ പദ്ധതി, സ്വന്തമായി സൈക്കോളജിക്കൽ കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്ന പഞ്ചായത്ത് എന്നിങ്ങനെ ശ്രദ്ധേയമായ നേട്ടങ്ങളാണ് പഞ്ചായത്ത് കൈവരിച്ചിട്ടുള്ളത്.

## മഴക്കാലപൂർവ്വ ശുചീകരണം

ചിക്കുൻ ഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ ഈ വർഷവും ഉണ്ടാകാനിടയുണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കാൻ തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതലയോഗം തീരുമാനിച്ചു. മുൻ വർഷത്തെപ്പോലെ മഴക്കാലപൂർവ്വ ശുചീകരണം ഏപ്രിൽ മാസത്തിൽ നടത്താൻ യോഗത്തിൽ ധാരണയായി. മഴക്കാലം ആരംഭിക്കുന്നതിന് മുൻപ് റോഡുകളിലെ ഓടകൾ വൃത്തിയാക്കുകയും പാഴ് ചെടികൾ വെട്ടിമാറ്റുകയും ചെയ്യണമെന്ന് മന്ത്രി നിർദ്ദേശിച്ചു. ജലാശയങ്ങളിലും, ജലനിർഗമനങ്ങളിലും ശുചീകരണ പ്രവർത്തനം നടത്തുകയും അഴുക്കുചാലുകൾ വൃത്തിയാക്കുകയും വേണം. പ്രാഥമിക പ്രവൃത്തികൾക്കുശേഷം ഒരു തീവ്ര ശുചീകരണ പ്രവർത്തനം നടത്തണമെന്ന് ചീഫ് സെക്രട്ടറി പി.ജെ തോമസ് നിർദ്ദേശിച്ചു. മഴക്കാലപൂർവ്വ ശുചീകരണത്തിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനം ഉണ്ടാകണമെന്നും തുടർച്ചയായ മോണിറ്ററിങ് ആവശ്യമാണെന്നും ചീഫ് സെക്രട്ടറി പറഞ്ഞു. മഴക്കാലത്തിന് മുൻപ് എല്ലാ വീടുകളിലും ശുചീകരണ സന്ദേശം എത്തിക്കാനും തീരുമാനിച്ചു. ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു ഉന്നതതല മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കാനും തീരുമാനമായി. വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിൽ തുടർച്ചയായി അഞ്ചുദിവസം ഡ്രൈഡെ ആചരിക്കാനും തീരുമാനമായി. വിവിധ വകുപ്പ് സെക്രട്ടറിമാരും, വകുപ്പദ്ധ്യക്ഷന്മാരും, കുടുംബശ്രീ, സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷനിലെ ഉദ്യോഗസ്ഥരും സംബന്ധിച്ചു.

## തദ്ദേശസ്ഥാപനങ്ങളിൽ പോലീസ് പരാതിപ്പെട്ടി

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജില്ലാ പോലീസ് സൂപ്രണ്ടിനുള്ള പരാതിപ്പെട്ടി സ്ഥാപിക്കണമെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചു. കസ്റ്റഡി മരണങ്ങളെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ അനുസരിച്ചാണ് നിർദ്ദേശം. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിനായിരിക്കും പരാതിപ്പെട്ടിയുടെ ഉത്തരവാദിത്വം. സ്ഥലത്തെ കോളേജ്/ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ സാന്നിദ്ധ്യത്തിൽ എല്ലാ മാസവും പെട്ടി തുറന്ന് കഴമ്പുള്ള പരാതികൾ പോലീസ് സൂപ്രണ്ടിന് കൈമാറാനാണ് നിർദ്ദേശം.



## ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ ഓംബുഡ്സ്മാനായി ചുമതലയേറ്റു



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി എം.ആർ. ഹരിഹരൻ നായർ മാർച്ച് 17 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാവിലെ രാജ്ഭവനിലെ ഹാളിൽ ഗവർണർ ആർ.എൽ. ഭാട്യ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി, മന്ത്രിമാർ. ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു. ജസ്റ്റിസ് ടി.കെ.ചന്ദ്രശേഖരദാസ് കാലാവധി പൂർത്തിയാക്കിയതിനെ തുടർന്നാണ് എം.ആർ. ഹരിഹരൻ നായരെ ഓംബുഡ്സ്മാനായി നിയമിച്ചത്.

## കരുവാറ്റ ഗ്രാമപഞ്ചായത്തിൽ ജനകീയ മത്സ്യകൃഷി



കരുവാറ്റ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം 2007–08 ൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി ആരംഭിച്ചു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടുവൻകുളം, കലയൻ കുളം (ആശ്രമമകുളം) എന്നിവിടങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഉൾനാടൻ മത്സ്യതൊഴിലാളികളുടെ തൊഴിൽ പരിപോഷിപ്പിക്കുന്നതിനാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. കരുവാറ്റ ഗ്രാമപഞ്ചായത്തിലെ പൊതുജലാശയങ്ങളിൽ 6മാസം മുതൽ 10 മാസം വരെ സമയം കൊണ്ട് 10 കിലോയ്ക്കു മുകളിൽ തൂക്കം വെയ്ക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്.

## പ്രേരക്മാർക്കും സാക്ഷരതാ ജീവനക്കാർക്കും സൗജന്യ ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ

സംസ്ഥാനത്തെ എല്ലാ തലങ്ങളിലുമുള്ള പ്രേരക്മാർക്കും സാക്ഷരതാമിഷൻ ജീവനക്കാർക്കും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന തരത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി കുറഞ്ഞ പ്രീമിയത്തോടെ പുതുക്കി. 140 രൂപയാണ് പുതുക്കിയ പ്രീമിയം. യൂണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുക.

## കരട് ദാരിദ്ര്യരേഖ: അനർഹരെ ഒഴിവാക്കുന്നതിന് മാനദണ്ഡം

സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളുടെ കരട് മുൻഗണനാ പട്ടികയിൽ അപൂർവമായി അനർഹ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ളതായി പരാതി ഉയർന്നതിനെ തുടർന്ന് അത്തരം കുടുംബങ്ങളെ ഒഴിവാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. മാനദണ്ഡം ചുവടെ. ക്ലാസ്സ് I മുതൽ IV വരെയുള്ള സർക്കാർ/സ്വകാര്യ/അർദ്ധ സർക്കാർ/എയിഡഡ്/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ/സർക്കാർ/സർവ്വീസ് പെൻഷണർമാർ / അർദ്ധസർക്കാർ/എയിഡഡ്/സഹകരണ സ്ഥാപനങ്ങളിലെ പെൻഷണർമാർ എന്നിവരാരെങ്കിലും ഉൾപ്പെടുന്ന കുടുംബം പൊതുമേഖലാ/പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ആരെങ്കിലും (പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ) ഉൾപ്പെടുന്ന കുടുംബം. 1000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശമുള്ള കുടുംബം, സ്വകാര്യ ഉപയോഗത്തിനുള്ള നാല് ചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശമുള്ള കുടുംബം, വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആൾ ഉള്ള കുടുംബം, പ്രസിദ്ധീകരിച്ച കരട് ദരിദ്ര കുടുംബങ്ങളുടെ പട്ടികയിലോ ഗ്രാമസഭ അംഗീകരിച്ച ദരിദ്ര കുടുംബങ്ങളുടെ പട്ടികയിലോ മാനദണ്ഡങ്ങൾ പ്രകാരമുള്ള ഏതെങ്കിലും കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ പ്രാദേശിക അന്വേഷണത്തിലൂടെ കണ്ടെത്തണം. ഇതിന്റെ ചുമതല ബന്ധപ്പെട്ട വി.ഇ.ഒ./എൽ.വി.ഇ.ഒ. മാർക്കായിരിക്കും. ഇത്തരം കുടുംബങ്ങളുടെ പട്ടിക വി.ഇ. ഒ/എൽ.വി.ഒ.മാർ തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം. ഗ്രാമപഞ്ചായത്തുകൾ ഇത്തരം കുടുംബങ്ങളിലെ ബന്ധപ്പെട്ട കുടുംബനാഥന് ഒരാഴ്ച സമയം നൽകിക്കൊണ്ടുള്ള നോട്ടീസ് നൽകിയശേഷം ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ഇപ്രകാരം ഒഴിവാക്കുന്ന കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ അടുത്ത ഗ്രാമസഭയിൽ സമർപ്പിക്കണമെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

## 21 പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്

സംസ്ഥാനത്തെ 21 പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തിക അനുവദിച്ചു. ആകെയുള്ള 999 പഞ്ചായത്തുകളിൽ 21 എണ്ണത്തിൽ ഹെഡ് ക്ലാർക്കോ ജൂനിയർ സൂപ്രണ്ടോ തസ്തികകൾ ഉണ്ടായിരുന്നില്ല. ഇതുമൂലം പഞ്ചായത്തുകൾ വളരെയേറെ പ്രയാസം അനുഭവിക്കുന്നതായി വിവിധ സംഘടനകൾ ഗവൺമെന്റിനെ അറിയിച്ചിരുന്നു. ഇത് പരിഗണിച്ചാണ് 21 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ്ക്ലാർക്ക് തസ്തിക അനുവദിച്ചത്.

## സഞ്ചിത വെർഷൻ - 2

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ, അനുബന്ധ നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധ ചട്ടങ്ങൾ, മാനുവലുകൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, തുടങ്ങിയവ ഉൾപ്പെടുത്തി ഇൻ ഫർമേഷൻ കേരളാമിഷൻ തയ്യാറാക്കിയിട്ടുള്ള സി.ഡി. റോം ന്റെ പരിഷ്കരിച്ച പതിപ്പായ **സഞ്ചിത വെർഷൻ-2** എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ വെബ്സെറ്റായ **www.lsg.kerala. gov.in/Sanchitha Ver 2.0** ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

0471 2595832, 0471 2595833, 0471 2597543 (Fax)

## ലൈസൻസ് റദ്ദാക്കാൻ നിർദ്ദേശം

അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരവ്യവസായ സ്ഥാപനങ്ങളുടെയും ലൈസൻസ് ഉടനടി റദ്ദുചെയ്യാനും സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും എല്ലാ നഗരസഭകൾക്കും സർക്കുലറിൽ സർക്കാർ നിർദ്ദേശം നൽകി. അനധികൃതമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ അതിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചിരുന്നു. ഇത് അനധികൃത നിർമ്മാണങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകരമായിത്തീരുന്നു എന്ന് ബോധ്യപ്പെട്ടതിനാലാണ് പുതിയ നിർദ്ദേശം. എല്ലാ നഗരസഭകളും ഇക്കാര്യത്തിൽ അടയന്തര നടപടി സ്വീകരിച്ച് നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിന് റിപ്പോർട്ട് നൽകണ മെന്നും സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

## ഗ്രാമീണ റോഡുകളുടെ കോർ നെറ്റ്‌വർക്ക് പുതുക്കുന്നു

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) കോർനെറ്റ്‌വർക്ക് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഉത്തരവായി. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. നിലവിലുള്ള കോർനെറ്റ് വർക്ക് പരിശോധിക്കുക, ഏതെങ്കിലും റോഡുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ പി.എം.ജി.എസ്.വൈ. മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചേർക്കുക, 500-ൽ കൂടുതൽ ജനവാസമുള്ള ആവാസ കേന്ദ്രങ്ങൾ റോഡു ബന്ധമില്ലെങ്കിൽ ഉൾപ്പെടുത്തുക എന്നീ കാര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിലവിലുള്ള കോർനെറ്റ്‌വർക്കിൽ ആറ് മീറ്റർ വീതി ലഭ്യമല്ലാത്ത റോഡുകൾ ഒഴിവാക്കണം. ദൈനംദിന വാഹന ഗതാഗതം 100ൽ കുറവാണെങ്കിൽ ആറു മീറ്റർ റോഡുകളെയും ഉൾപ്പെടുത്താം. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഏപ്രിൽ 25നകം പൂർത്തീകരിക്കണം. ഇതിന്റെ ചെലവുകളിലേയ്ക്ക് 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## അനധികൃത യാത്രാബത്ത : പ്രസിഡന്റിനും വൈസ്പ്രസിഡന്റിനും അയോഗ്യത

അനധികൃത യാത്രാബത്ത കൈപ്പറ്റിയതിന് തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷണർ പി.കമാൽകുട്ടി അയോഗ്യരാക്കി. പഞ്ചായത്ത് അംഗമായ വി.ബി.അനിൽകുമാർ നൽകിയ ഹർജിയിലാണ് പ്രസിഡന്റ് എസ്.മണിയൻ, വൈസ് പ്രസിഡന്റ് വി.ഗോപാലകൃഷ്ണൻ എന്നിവരെ പഞ്ചായത്ത് രാജ് നിയമത്തിലെ 35(ഒ) വകുപ്പ് പ്രകാരം അയോഗ്യരാക്കിയത്. പഞ്ചായത്ത് യോഗത്തിൽ പങ്കെടുത്ത അതേ സമയത്തുതന്നെ തിരുവനന്തപുരത്ത് മറ്റൊരു യോഗത്തിൽ പങ്കെടുത്തതായി കാണിച്ച് ഇരുവരും യാത്രാബത്ത വാങ്ങിയെന്നായിരുന്നു പരാതി. പഞ്ചായത്ത് കമ്മിറ്റി നടന്നവേളകളിലും അവധി ദിവസങ്ങളിലും ഔദ്യോഗികാവശ്യത്തിന് യാത്ര നടത്തിയതായി കാണിച്ച് യാത്രാപ്പടി കൈപ്പറ്റിയതായും ഹർജിയിൽ ആരോപിച്ചിരുന്നു. തുക കൈപ്പറ്റിയത് തെറ്റാണെന്ന് ആഡിറ്റിംഗിൽ തെളിഞ്ഞാൽ, തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന് വിചാരണവേളയിൽ പഞ്ചായത്ത് പ്രസിഡന്റ് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ പരാതിക്കാരൻ നൽകിയ രേഖകളും പഞ്ചായത്ത് രേഖകളും മറ്റുതെളിവുകളും വിലയിരുത്തിയ കമ്മീഷൻ, രണ്ടുപേരും പഞ്ചായത്തിന് ധനനഷ്ടമുണ്ടാക്കി എന്ന് കണ്ടതിനെ തുടർന്ന് അവരെ അയോഗ്യരാക്കുകയായിരുന്നു.



## സ്ഥലനാമം എഴുതാത്തവർക്ക് ലൈസൻസ് നൽകരുത്

ബോർഡുകളിൽ സ്ഥലനാമം എഴുതാത്തവർക്ക് ഏപ്രിൽ മുതൽ ലൈസൻസ് പുതുക്കി നൽകരുതെന്നും അപ്രകാരം ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി കണ്ടെത്തിയാൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും ഗവൺമെന്റ് വ്യക്തമാക്കി. ബാങ്കുകളും ഗവൺമെന്റ് ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്രകാരം സ്ഥലനാമം എഴുതി വയ്ക്കേണ്ടതാണെന്നും ഗവൺമെന്റ് അറിയിച്ചു.

## ഹാജർ ബത്ത- സ്പഷ്ടീകരണം

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള പ്രതിമാസ ഹാജർ ബത്ത കൈപ്പറ്റുന്നതിനുള്ള പ്രതിമാസ പരിധി ബ്ലോക്ക് പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും ജില്ലാ പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും ഗ്രാമ/ ബ്ലോക്കു/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഹാജർ ബത്ത കൈപ്പറ്റുന്നതിന് വെവ്വേറെ ബാധകമായിരിക്കുമെന്ന് സ്പഷ്ടീകരണം നൽകി സർക്കാർ ഉത്തരവായി.

(സ.ഉ. (ആർ. റ്റി.) നം. 460/08/തസ്വഭവ, തിരുവനന്തപുരം, തീയതി 13/02/08)

## നഗരഗ്രാമാസൂത്രണ വകുപ്പിന്റെ 50-ാം വാർഷികാഘോഷം

നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ 50-ാം വാർഷികം ആഘോഷിച്ചു. ആഘോഷ പരിപാടികൾ തദ്ദേശ സ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഫെബ്രുവരി 28 ന് തിരുവനന്തപുരത്ത് വെള്ളയമ്പലത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയേഴ്സ് ഹാളിൽ നിർവ്വഹിച്ചു. വി. ശിവൻകുട്ടി എം.എൽ.എ അദ്ധ്യക്ഷം വഹിച്ചു. നഗരാസൂത്രണ പദ്ധതികൾ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുന്ന സംസ്ഥാനത്തെ ആദ്യ വെബ് ജി.ഐ.എസ്. സംവിധാനം കുട്ടി അഹമ്മദ്കുട്ടി എം.എൽ.എ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്തെ പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളെപ്പറ്റി വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് ശ്രീകുമാരൻ തമ്പി പ്രകാശനം ചെയ്തു. തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി ടി.കെ. ജോസ്, ഐ.ആന്റ് പി. ആർ.ഡി ഡയറക്ടർ പി. വേണുഗോപാൽ തുടങ്ങിയവർ സംബന്ധിച്ചു. തുടർന്ന് പൈതൃക സംരക്ഷണം വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ സെമിനാർ നടന്നു.

## കെട്ടിട നികുതി രേഖകൾ പുതുക്കാം

കെട്ടിട നികുതി സംബന്ധിച്ച് നഗരസഭയുടെ കൈവശമുള്ള രേഖകൾ പുതുക്കുന്നതിനും ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) ഉപയോഗിച്ച് രൂപപ്പെടുത്തുന്ന പുതിയ സംവിധാനത്തിൽ അവ ഉൾപ്പെടുത്തുന്നതിനുമായി കൃത്യമായ വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. കെട്ടിടം സംബന്ധിച്ച രേഖകളിൽ കൂടുതൽ സുതാര്യതയും വ്യക്തതയും നൽകുന്നതിനു പുറമെ ഉടമസ്ഥർക്ക് അത് കാണുന്നതിനും പരിഷ്ക്കരിക്കുന്നതിനുമുള്ള അവസരം നൽകുന്നതാണ് പുതിയ സംരംഭം. ഇതിനുള്ള പൈലറ്റ് മാപ്പിംങ് തിരുവനന്തപുരം നഗരസഭയിലെ മെഡിക്കൽകോളേജ് വാർഡിൽ നടന്നു. വാർഡിലെ കെട്ടിടങ്ങൾ സംബന്ധിച്ച് ഇതുവരെ ശേഖരിച്ച വിവരം കെ.എസ്.യു.ഡി.പി. യുടെയും (www.ksudp.org.) തിരുവനന്തപുരം നഗരസഭയുടെയും (www.corporationoftrivandrum.in) വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഭിച്ചിരിക്കുന്ന വിവരം പലതും അപൂർണമാണ്. ഉടമസ്ഥർക്ക് അവരുടെ പേര്, കെട്ടിട നമ്പർ തുടങ്ങിയവ സെർച്ച് കീ ഉപയോഗിച്ച് വെബ്സൈറ്റിൽ അവരുടെ വസ്തു വിവരം സംബന്ധിച്ച് ലഭ്യമായ രേഖകൾ കാണാം. രേഖകൾ പൂർണമാക്കുന്നതിന്, വെബ്സൈറ്റുകളിൽ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാക്കിയിട്ടുള്ള ചോദ്യാവലി ഡൗൺലോഡ് ചെയ്ത് കൃത്യമായ വിവരം രേഖപ്പെടുത്തി ഇ - മെയിലായോ (piutvmksudp@gmail.com;piuybmkdup@vsnl.net) ടെക്നിക്കൽ ആഫീസർ (പ്രൊക്യൂർമെന്റ്), പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 4-ാം നില, കോർപ്പറേഷൻ ന്യൂ ബിൽഡിംഗ്, പാളയം, തിരുവനന്തപുരം വിലാസത്തിലോ അയയ്ക്കാം. ചോദ്യാവലി പൂരിപ്പിക്കുന്നതിന് സഹായം ആവശ്യം ഉള്ളവർ 9995976953 നമ്പറിലോ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ പ്രോക്യുർമെന്റ് ടെക്നിക്കൽ ആഫീസറെയോ (9946487934, 2327012) ബന്ധപ്പെടണമെന്ന് കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ഇന്റർനെറ്റ് സംവിധാനം ഉപയോഗിക്കാൻ കഴിയാത്തവർക്ക് നഗരസഭയിലെ കെ.എസ്.യു.ഡി.പി. പ്രോജക്ട് ഇംപ്ലിമെന്റേഷൻ അഫീസിൽ നിന്ന് ഫോറം ലഭിക്കും. നഗരത്തിലെ മറ്റു വാർഡുകളിലും ഈ പദ്ധതി പ്രകാരം വിവിരശേഖരണം ആരംഭിച്ചിട്ടുണ്ട്.

## കെട്ടിട നമ്പർ നൽകുന്നത് സംബന്ധിച്ച്

### കേരളസർക്കാർ

നമ്പർ.19061/ആർ.ഡി.2/തസ്വഭവ — തിരുവനന്തപുരം,
തദ്ദേശസ്വയംഭരണ (ആർ.ഡി.)വകുപ്പ് — തീയതി 17-3-2008

### സർക്കുലർ

വിഷയം:- കെട്ടിട നിർമ്മാണം നമ്പർ നൽകുന്നത് സംബന്ധിച്ച്:

സൂചന:- 1. 20-6-2007-ലെ 24136/ആർ.എ.1/07/തസ്വഭവ നമ്പരായുള്ള സർക്കുലർ.
2. 25-7-2007 ലെ 24136 (1) ആർ.എ1/07/തസ്വഭവ.

പഞ്ചായത്തുകൾക്കുമാത്രമായി കെട്ടിട നിർമ്മാണ ചട്ടം രൂപീകരിച്ച് സർക്കാർ പുറത്തിറക്കുന്നതുവരെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കിക്കൊണ്ട് ജി.ഒ. (എം.എസ്) നം. 150/2007/തസ്വഭവ നമ്പരായി 6-6-2007 ൽ ഉത്തരവിറക്കുകയുണ്ടായി. ചട്ടം ബാധകമാക്കിയ സമയത്തു പൊതുജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ നിന്നും പല സർക്കുലറുകളും പുറപ്പെടുവിക്കുകയുണ്ടായി. സർക്കുലറുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്ക് ആവശ്യമായ ഗൗരവം നൽകാതെയും സർക്കുലറുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്നും വിഭിന്നമായും പല പഞ്ചായത്തുസെക്രട്ടറിമാരും പ്രവർത്തിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപെടുകയും ആയതിനാൽ പൊതുജനങ്ങൾക്ക് ധാരാളം പരാതിയും ബുദ്ധിമിട്ടുകളും ഉളവാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന പഞ്ചായത്തു സെക്രട്ടറിമാരുടെ നടപടിക്രമങ്ങൾ സർക്കാർ ഗൗരവമായി കാണുന്നു.

6-6-2007 ന് മുമ്പ് നിർമ്മാണം ആരംഭിച്ചതും, നിർമ്മാണം നടന്നുക്കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ കെട്ടിടങ്ങൾക്ക് നിയമം ബാധകമാക്കേണ്ടതില്ല എന്നും, പഞ്ചായത്തു സെക്രട്ടറി തന്നെ നിർമ്മാണം നടത്തുന്ന കെട്ടിടത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ശേഖരിക്കേണ്ടതാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നു സർക്കുലറുകളിൽ പ്രത്യേകം വ്യക്തമാക്കിയിരുന്നു. കൂടാതെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തെക്കുറിച്ചുള്ള വിവരങ്ങൾ 2007 ആഗസ്റ്റ് 31-ന് മുമ്പ് പഞ്ചായത്ത് സെക്രട്ടറിമാരെ രേഖാമൂലം അറിയിക്കണമെന്നും പ്രത്യേകം പ്രതിപാദിച്ചിരുന്നു. എന്നാൽ ചില പഞ്ചായത്തുകളിൽ 6-6-2007 ന് മുമ്പ് നിർമ്മാണം ആരംഭിച്ചതും, പൂർത്തീകരിച്ചതും നടന്നുക്കൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങളുടെ പൂർണ്ണമായ വിശദാംശങ്ങൾ സെക്രട്ടറിമാർക്ക് ശേഖരിക്കുവാൻ സാധിച്ചിട്ടില്ല എന്നും, കൂടാതെ 31-8-2007 ന് മുമ്പ് നിർമ്മാണം നടന്നുക്കൊണ്ടിരിക്കുന്ന കെട്ടിടത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ കെട്ടിട ഉടമസ്ഥർക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ രേഖാമൂലം അറിയിക്കുവാൻ സാധിച്ചിട്ടില്ല എന്നും, മേൽപറഞ്ഞ കാരണങ്ങളാൽ പല കെട്ടിടങ്ങളും അനധികൃതമായി കണക്കാക്കി, നമ്പർ നൽകാതെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് വരുത്തിത്തീർത്തിരിക്കുകയാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, 6-6-2007ന് മുമ്പ് നിർമ്മാണം ആരംഭിച്ചതോ, പൂർത്തീകരിച്ചതോ, നിർമ്മാണം നടന്നുക്കൊണ്ടിരിക്കുന്നതോ ആയ റസിഡൻഷ്യൽ കെട്ടിടത്തിനെക്കുറിച്ചുള്ള വിശദാംശങ്ങൾ തെളിവു സഹിതം പഞ്ചായത്തു സെക്രട്ടറിക്കു നൽകുന്ന പക്ഷം, 31-8-2007 ന് മുമ്പ് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തില്ലെങ്കിൽപ്പോലും അവ അനുഭാവപൂർവ്വം പരിഗണിച്ച് നമ്പർ നൽകേണ്ടതാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

## ഭവന നിർമ്മാണം - പ്രത്യേക അനുമതി

### കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ്- ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകളും, ചെറിയ വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### റവന്യൂ (പി) വകുപ്പ്

സ.ഉ (കയ്യെഴുത്ത്) നമ്പർ 36/2008/റവന്യൂ.
തീയതി, തിരുവനന്തപുരം, 20.2.2008

### ഉത്തരവ്

വീടില്ലാത്തവർക്കെല്ലാം വീടു നൽകാനുള്ള ബൃഹത്തായ നിരവധി പദ്ധതികൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായുണ്ട്. ഇന്ദിര ആവാസ് യോജന പ്രകാരം 41000 വീടുകൾ ഈ വർഷം നൽകുന്നുണ്ട്. ഈ വീടുകൾക്കായി തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള 3 മുതൽ 5 സെന്റു വരെയുള്ള ഭൂമിയിൽപ്പലതും റവന്യൂ രേഖകളിൽ കൃഷിഭൂമിയായാണ് നിലനിൽക്കുന്നത്. 30-35 വർഷങ്ങൾക്ക് മുമ്പ് കൃഷി ഭൂമിയായിരുന്നതു കൊണ്ട് വിലയാധാരങ്ങളിൽ ചിലതിൽ നിലംനികത്തിയ ഭൂമി എന്ന് രേഖപ്പെടുത്തി കാണുന്നുണ്ട്.

റവന്യൂ അധികാരികളുടെ അനുവാദമില്ലാതെ ഇത്തരം ഭൂമികളിലൊന്നും വീടു വയ്ക്കാൻ അനുമതി നൽകാൻ കഴിയാത്ത അവസ്ഥയുണ്ട്. സർക്കാർ സ്കീമുകളിൽപ്പെടുത്തിയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽപ്പെടുത്തിയോ നടപ്പാക്കുന്ന ഭവന പദ്ധതികൾ സ്തംഭിച്ചിരിക്കുകയാണെന്നും ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തെയും പാർപ്പിട പ്രശ്നം പരിഹരിക്കാനുള്ള സർക്കാർ ശ്രമങ്ങളേയും ദോഷകരമായി ബാധിക്കുന്നുവെന്നും റിപ്പോർട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വീടില്ലാത്തവർക്കെല്ലാം വീടു നൽകാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ 5 സെന്റ് വരെയുള്ള ഭൂമിയിൽ ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകളും ചെറിയ വാസഗൃഹങ്ങളും നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകൾക്കും, ചെറിയ വാസഗൃഹങ്ങൾക്കും ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ലഭിക്കുമ്പോൾ പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ കൃഷി ഭൂമി/ നിലം നികത്തിയ ഭൂമിയെന്ന് രേഖപ്പടുത്തിയിട്ടുണ്ടെങ്കിൽ കൂടി അവയ്ക്ക് പ്രത്യേക പരിഗണന നൽകി നിർമ്മാണ അനുമതി നൽകുന്ന കാര്യത്തിൽ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടു കൂടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് മേൽപ്പറഞ്ഞ പദ്ധതികളിൽപ്പെട്ട വീടുകൾക്കു മാത്രമേ ബാധകമാവുകയുള്ളു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**ഡോ. നിവേദിത പി. ഹരൻ,**
പ്രിൻസിപ്പൽ സെക്രട്ടറി.

### തിരുത്ത്

2008 ഫെബ്രുവരി മാസത്തെ പഞ്ചായത്ത് രാജ് മാസികയുടെ പേജ് 40 ലെ 'കൂറുമാറ്റം പഞ്ചായത്തംഗത്വം റദ്ദാക്കി' എന്ന വാർത്തയിൽ 'തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്' എന്ന് അച്ചടിച്ചിരിക്കുന്നത് 'തൃക്കടവൂർ ഗ്രാമപഞ്ചായത്ത്' എന്ന് തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു.

**എഡിറ്റർ**

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.